# ഇസ്‌ലാമിലെ സമ്പദ്‌വ്യവസ്ഥയും കമ്മ്യൂണിസവും

ഹ മിർസാ മഹ്മൂദ് അഹ്മദ്(റ)

M. F. IBRAHIM

# ഇസ്ലാമിലെ സാമ്പത്തിക വ്യവസ്ഥയും കമ്മ്യൂണിസവും

ഹസ്രത്ത് മിർസാ ബശീറുദ്ദീൻ
മഹ്മൂദ് അഹ്മദ് (റ)

വിവർത്തനം :
എൻ. അബ്ദുർറഹീം

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്
വാണിയമ്പലം

ISLAMILE SAMPATHIKA VYAVASTHAYUM
COMMUNISAVUM
(Economic Structure of Islam & Communism)

Author :
Hazrath Mirza Basheerudeen Mahmood Ahmad
(Khalifathul Masih)

Translation :
N. Abdurrahim,
Kannur - 670 003.

Published by :
Ahmadiya Muslim Jamaath
Vaniyambalam (Via. Wandur)

Printed at :
BRB Offset Printers and Publishers
Kannur - 6 Phone : 69995

Cover Design :
U. Abdul Gafoor
Kannur

Copies 1000
Price : 20/-
1994 January

KAMP/509/'94/1000



ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)
(ഖലീഫത്തുൽ മസീഹ് സാനി)

M. P. IBRAHIM

# പ്രസ്താവന

ഇന്നേയ്ക്ക് ഒരരനൂററാണ്ടുമുമ്പ്, കമ്യൂണിസം ലോകത്തെങ്ങും അലയടിച്ചുയരുകയായിരുന്ന കാലത്ത്, 1945_ൽ, ലാഹൗറിലെ ഒരഭിജ്ഞസദസ്സിനെ അഭിമുഖീകരിച്ച് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൻെറ ഇമാം ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ചെയ്ത ഒരു പ്രഭാഷണത്തിൻെറ വിവർത്തനമാണ് ഈ കൃതി.

ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തോടെ ലോകത്ത് രംഗപ്രവേശം ചെയ്തു ഭൂതലത്തിലെങ്ങും രക്തവിപ്ലവങ്ങൾ അഴിച്ചുവിടുകയും ഏതാണ്ട് പകുതി ലോകത്തിൻെറയും ചിന്താമണ്ഡലത്തെ കീഴടക്കുകയും ചെയ്ത കമ്യൂണിസ്ററ്പ്രസ്ഥാനം നൂററാണ്ടിൻെറ അവസാനത്തിൽ പരാജയത്തിൻെറ പാതാളത്തിൽ പതിഞ്ഞു കിടക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിച്ചത്. കമ്യൂണിസം എന്ന മോഹനലക്ഷ്യം മരുമരീചികപോലെ അകന്നകന്നു ഇല്ലാതാകയും തൽസ്ഥാനത്ത് ഇച്ഛാഭംഗത്തിൻെറയും നൈരാശ്യത്തിൻെറയും അന്ധകാരം വ്യാപിക്കുകയും ചെയ്തിരിക്കുന്നു, ഒരു വൻ വേലിയേററത്തിൻെറ രൂപത്തിലാണ് അതു ലോകത്ത് വളർന്നു വ്യാപിച്ചതെങ്കിലും പെട്ടെന്നതു പിൻവാങ്ങി തൽസ്ഥാനത്ത് ആശയാദർശങ്ങളുടെ മരുഭൂമി പ്രത്യക്ഷമായി.

ആശയസമരത്തിൽ മതങ്ങളുടെ അന്തകനായി പ്രത്യക്ഷപ്പെട്ട കമ്യൂണിസ്ററ് പ്രസ്ഥാനം എല്ലാ മതധാർമികസദാചാരങ്ങളെയും മറയത്തെറിഞ്ഞു. കമ്യൂണിസ്ററ്പ്രസ്ഥാനത്തിൻെറ നേതാക്കളായി അവത

രിപ്പിക്കപ്പെട്ട രാഷ്ട്രനായകൻമാരെ സ്വേച്ഛാധിപത്യപ്രമത്തതയുടെയും പൈശാചികമായ അധികാരദുരയുടെയും അവതാരങ്ങളായി ലോകത്തിന് കാണാൻ കഴിഞ്ഞു. സ്റ്റാലിൻെറയും മാവോവിൻെറയും കിം ഇൽസുങ്ങിൻെറയും ഷെഷസ്ക്യൂവിൻെറയും മററും മററും ജീവിതത്തിൻെറ ഉള്ളറകളിലേയ്ക്ക്, വെളിച്ചം കടന്നപ്പോൾ ലോകത്തിനു കാണാൻ കഴിഞ്ഞത് അധികാര ദുർഭൂതങ്ങളെയായിരുന്നു!

പതിനാലു നൂററാണ്ടുകൾക്ക് മുമ്പ് ലോകത്തെയാകമാനം ഇളക്കിമറിച്ചുകൊണ്ട് അതിശീഘ്രം മുന്നേറിയ ഇസ്ലാംമതത്തിൻെറ സാമൂഹ്യസാംസ്കാരിക പരിഷ്കരണപ്രസ്ഥാനത്തിന്നുശേഷം സാമൂഹ്യവിപ്ലത്തിൻെറ സന്ദേശവുമായി ലോകമെങ്ങും കുതിച്ചു മുന്നേറിയ ആദ്യത്തെ ഭൗതികപ്രസ്ഥാനമാണ് മാർക്സിസം. മഹാചിന്തകനും സാമൂഹ്യശാസ്ത്രജ്ഞനുമായിരുന്ന കാറൽ മാർക്സ് ആവിഷ്കരിച്ചതും അദ്ദേഹത്തിൻെറ പേരിൽതന്നെ അറിയപ്പെട്ടതുമായ മാർക്സിസ്ററ് തത്വശാസ്ത്രം മനുഷ്യവംശത്തിൽ സൃഷ്ടിച്ച ചലനങ്ങൾ സർവ്വാംഗീണവും സാർവ്വത്രികവുമാണ്. മനുഷ്യജീവിതത്തിൻെറ സകലവശങ്ങളിലും പ്രഭാവം ചെലുത്തിയ ഒരു ദർശനത്തിലൂടെ അദ്ദേഹം ജനകോടികളെ ആകർഷിച്ചു. ഇരുപതാം നൂററാണ്ടിലെ ഏററവും പ്രകടമായ ചരിത്രസംഭവമാണ് മാർക്സിസത്തിൻെറ മുന്നേററം. മാർക്സും എംഗൽസും കൂടി രചിച്ച കമ്യൂണിസ്ററ് മാനിഫെസ്റേറാവിന്ന് പ്രായോഗിക രൂപം നൽകിക്കൊണ്ട്. മഹാനായ ലെനിൻ റഷ്യയിൽ ഒരു പുതിയ രാഷ്ട്രം കെട്ടിപ്പടുത്തതോടെയാണ് കമ്യൂണിസ്ററ് തത്വശാസ്ത്രം ലോകത്തിൻെറ പഠനത്തിന്ന് വിഷയമായത്. 1917ലെ ഒക്ടോബർ വിപ്ലവത്തോടെ റഷ്യയിൽ ആദ്യത്തെ സോഷ്യലിസ്ററ് രാഷ്ട്രം കെട്ടിപ്പടുത്തതു മുതൽ

മാർക്സിസം ലോകത്ത് വിപ്ലവപരമ്പരകൾ സൃഷ്ടിച്ചുകൊണ്ടിരുന്നു.

വെബ്ബ് ദമ്പതികൾ എഴുതിയ Soviet Communisim A New Civilization എന്ന പുസ്തകത്തിലൂടെയാണ് റഷ്യയിൽ ഒരു പുതിയ വ്യവസ്ഥരൂപം കൊണ്ടതായും പുതിയ തത്വശാസ്ത്രം റഷ്യൻ ജീവിതരീതിയെ അടിമുടി മാററിമറിച്ചതായും ചിന്തക ലോകം മനസ്സിലാക്കിത്തുടങ്ങിയത്. കൃഷിയിലും വ്യവസായത്തിലും എന്നുവേണ്ട ജീവിതത്തിന്റെ സകല മണ്ഡലങ്ങളിലും നവീനമായ ഒരു സമീപനവും പ്രവർത്തനശൈലിയും അവലംബിച്ചുകൊണ്ട് റഷ്യ പെട്ടെന്നു പുരോഗതിയിലേക്ക് കുതിച്ചു നീങ്ങിയപ്പോഴാണ് കമ്യൂണിസത്തിന്റെ പ്രസക്തിയെപററി ലോകം ചിന്തിച്ചു തുടങ്ങിയത്. സൈനികശക്തിയിൽ അതു അമേരിക്കയുമായി മത്സരിക്കുകയും ആ നേതൃരാഷ്ട്രത്തെ വെല്ലുവിളിക്കാനുള്ള ശക്തിയാർജിക്കയും ചെയ്തു. രണ്ട രാഷ്ട്രങ്ങളുടെയും നേതൃത്വത്തിൽ രണ്ട ശാക്തികചേരികളായി ലോകം പിളർന്നു. അങ്ങനെ ഒരു വലിയ ലോകനാശത്തിന്റെ ഗർത്തത്തിന് മുമ്പിൽ മനുഷ്യവംശം എത്തിനിൽക്കെയാണ് റഷ്യയിൽ പെട്ടെന്ന മറെറാരു വമ്പിച്ച മാററം അലയടിച്ചുയർന്നത്. പുതിയ വ്യവസ്ഥയ്ക്കെതിരായി നീങ്ങിയ സോവ്യററ് ജനത തുറന്ന ചർച്ചയും (ഗ്ലാസ്സ്നസ്ററ്) പുനർരചനയും (പെരസ്ട്രോയിക്കി ആവശ്യപ്പെട്ടുകൊണ്ട് സോഷ്യലിസ്ററ് വ്യവസ്ഥയെ തകിടം മറിച്ചു. ഒരരനൂററാണ്ടിനുള്ളിൽ തന്നെ റഷ്യ കമ്യൂണിസ്ററ് ലക്ഷ്യം കൈയൊഴിക്കുകയും രണ്ടു ദശകങ്ങൾകൂടി കഴിഞ്ഞപ്പോൾ സോഷ്യലിസ്ററ് ആശയങ്ങൾക്കെതിരായി അതിതീവ്രമായ വിചാരതരംഗങ്ങൾ അലയടിച്ചുയരുകയും ചെയ്തു. ഇന്ന് സോഷ്യലിസ്ററ് വ്യവസ്ഥിതി റഷ്യയിൽ തകർന്നു തരിപ്പണമാകയും മുതലാളിത്തത്തി

ൻെറ മാർക്കററിങ്ങ് എക്കോണമിയിലേക്ക് ആ രാജ്യം തിരിച്ചോടുകയും ചെയ്തിരിക്കുകയാണ്. സകല രംഗങ്ങളിലും സോഷ്യലിസ്ററ് ശൈലികഠ റഷ്യയിൽ പരാജയത്തെയും തകർച്ചയെയും നേരിടേണ്ടി വന്നപ്പോഠ റഷ്യൻ ജനതയ്ക്ക് മറെറാരു മാർഗമില്ലാ യിരുന്നു.

ഈ പുസ്തകത്തിൽ ഇസ്ലാമിൻെറയും കമ്യൂ ണിസത്തിൻെറയും സാമ്പത്തികവ്യവസ്ഥകളെപററി ഒരു താരതമ്യ പഠനം നടത്തിയിരിക്കുകയാണ്. ലോകത്തിൻെറ സാമ്പത്തികരോഗങ്ങഠക്ക് പരിശാന്തി കണ്ടെത്തുന്നതിൽ രണ്ടു വ്യവസ്ഥകളിലെയും പാഠങ്ങളെ വിലയിരുത്തിക്കൊണ്ട് ഇസ്ലാം മതത്തിലെ സാമ്പത്തികവ്യവസ്ഥയുടെ മേൻമയെ ഉയർത്തിക്കാട്ടിയിരിക്കുകയാണീ കൃതിയിൽ.

വർഗരഹിതമായ സാമൂഹ്യവ്യവസ്ഥയും നീതിനിഷ്ഠവും സമത്വസുന്ദരവുമായ സാമ്പത്തികസംവിധാനവും വാഗ്ദത്തം ചെയ്ത കമ്യൂണിസം മുതലാളിത്തവ്യവസ്ഥയിലെ തിൻമകളെ ഇല്ലായ്മചെയ്യുന്നതിൽ പരാജയപ്പെട്ടു എന്നത് ഇന്ന് വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. വ്യക്തിസ്വാതന്ത്ര്യത്തെ ഹനിച്ചു കൊണ്ടുള്ള നീക്കങ്ങഠ മനുഷ്യാവകാശ നിഷേധത്തിൽ ചെന്നെത്തുകയാണ് ചെയ്തത്. ഈ കൃതിയിൽ കമ്യൂണിസത്തെ തകർച്ചയിലേയ്ക്ക് നയിക്കുമായിരുന്ന അതിൻെറ ഏതാനും ദൂഷ്യങ്ങഠ എടുത്തു കാണിച്ചിട്ടുണ്ട്. 50 കൊല്ലംമുമ്പ് ഗ്രന്ഥകർത്താവ് ചൂണ്ടിക്കാണിച്ച ഈ ദൂഷ്യങ്ങഠതന്നെയാണ് ഇന്നു സോവ്യററ് റഷ്യയുടെ പതനത്തിന് കാരണമായി ഭവിച്ചതെന്നു കാണാം. കമ്യൂണിസം മതത്തിന്നെതിരായി നടത്തിയ നീക്കങ്ങഠ അവയിൽ മുഴച്ചു നിന്നിരുന്നു. ആ ദൂഷ്യങ്ങഠ കിഴിച്ചാൽ കമ്യൂണിസം കമ്യൂണിസമല്ലാതായി

ത്തീരുന്നു എന്നതാണ് വസ്തുത! ധാർഷ്ട്യപൂർണ്ണ മായ ദൈവനിഷേധം (Defiant Athiesm) ഒരു രാഷ്ട്ര ത്തിന്റെ അടിസ്ഥാനസ്വഭാവമാക്കി മാററിയാൽ എ ന്തുണ്ടാകുമോ അതാണ് സോവ്യററ് സാമൂഹ്യ സാമ്പ ത്തിക വ്യവസ്ഥയുടെയും ഭരണസംവിധാനത്തിന്റെ യും സകല തുറകളിലും സംഭവിച്ചിട്ടുള്ളത്. സോ വ്യററ് റഷ്യയിൽ കമ്യൂണിസ്ററ് പാർട്ടി നിരോധിക്ക പ്പെടുകയും കമ്യൂണിസ്ററ് ആചാര്യൻമാർ ഔന്നത്യ ത്തിന്റെ അധിത്യകകളിൽനിന്ന് നിലംപതിക്കുകയും ചെയ്തു. കമ്യൂണിസ്ററ് ചിന്താഗതിയെ സകല രംഗങ്ങളിൽനിന്നും തൂടച്ചുമാററാനുള്ള തീവ്രശ്രമങ്ങ ളാണ് ഒരനൂററാണ്ടിലെ അനുഭവങ്ങളെ തുടർന്നു റഷ്യയിൽ നടത്തേണ്ടി വന്നത്. ഇതെല്ലാം ഒരനൂ ററാണ്ടിനു മുമ്പുതന്നെ ഇസ്ലാമിന്റെ ഖലീഫയ്ക്ക് നോക്കിക്കാണാൻ കഴിഞ്ഞിരുന്നു!

1942-ൽ, ലോക അഹ്മദിയ്യാ സമ്മേളനത്തിൽ ''പുതിയ ലോകക്രമം'' എന്ന വിഷയത്തെ അധികരി ച്ച് ഗ്രന്ഥകർത്താവ് ചെയ്ത പ്രസംഗത്തിൽ ഇപ്ര കാരം പ്രവചിക്കയുണ്ടായി:

''കമ്യൂണിസ്ററ് വ്യവസ്ഥിതി തകരാൻ തുട ങ്ങുമ്പോറം അതിന്റെ വീഴ്ച പെട്ടെന്നായിരിക്കുന്ന തും അതു വലുതായ കുഴപ്പത്തിന്നു കാരണമായിരി ക്കുന്നതുമാണ്. അതു തകരാൻ തുടങ്ങുമ്പോറം മുഴു വൻ സംവിധാനവും തകർന്നു തരിപ്പണമാവുകയെ ന്നതാവും ഫലം. പിന്നെ, ഏകാധിപത്യം തന്നെയാ കും തുടർന്നുണ്ടാവുക".

വീണ്ടും അദ്ദേഹം പറഞ്ഞു: ''സ്വകാര്യസംരംഭ ങ്ങളെ നിരോധിച്ചതാണ് കമ്യൂണിസ്ററ് വ്യവ സ്ഥിതിയിലെ ഏററവും ഗുരുതരമായ ദൂഷ്യം.

ഇപ്പോഠം അതിൻെറ ദോഷം അനുഭവപ്പെട്ടെന്നു വരില്ല! എന്നാൽ, കാലം കഴിയുന്തോറും കൂടുതൽ കൂടുതലായി അതിൻെറ അപകടങ്ങഠം അനുഭവപ്പെടുമെന്നത് തീർച്ചയാണ്"'. (New World Order–Translated by Sir Muhammad Zafrulla Khan & Prof. Muhammad Aslam)

പ്രസ്തുത ഗ്രന്ഥത്തിലും ഈ കൃതിയിലും അഹ്മദിയ്യാ ഇമാം കമ്യൂണിസ്ററ് വ്യവസ്ഥിതിയുടെ പ്രധാന ദൂഷ്യങ്ങഠം എണ്ണിപ്പറഞ്ഞിട്ടുണ്ട്.

1975ൽ, മൂന്നാം ഖലീഫ ഹസ്രത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് ലോക അഹ്മദിയ്യാ സമ്മേളനത്തിൽ ഇപ്രകാരം പറഞ്ഞു:

''സ്നേഹിതന്മാർ എൻെറ വാക്കുകഠം ഓർമ്മ വെച്ചു കൊഠംവിൻ! നൂററാണ്ടുകഠംക്കപ്പുറത്തുള്ള കാര്യങ്ങളല്ല ഞാൻ പറയുന്നത്. ഏതാനും ദശകങ്ങഠംകൊണ്ടുതന്നെ കമ്മ്യൂണിസ്ററ് വ്യവസ്ഥിതിയും ലോകത്ത് നിന്നു തിരോധാനം ചെയ്യും.'' (സത്യദൂതൻ, 1976 ജൂൺ).

പിന്നെ രണ്ടു ദശകങ്ങഠം വേണ്ടി വന്നില്ല. സോവ്യററ് യൂനിയൻ തന്നെ ഇല്ലാതായി! കാർഷികരംഗത്തും വ്യവസായരംഗത്തും കനത്ത തിരിച്ചടികളോടെ റഷ്യ മുതലാളിത്തത്തിൻെറ 'മാർക്കററിങ്ങ് എക്കോണമി'യിലേക്ക് തിരിച്ചുപോകേണ്ടിവന്നിരിക്കുന്നു! അങ്ങനെ സംഭവിക്കുമെന്ന് ഈ കൃതിയിൽ മുൻകൂട്ടി പ്രവചിച്ചിരിക്കുന്നു. (ഭാ. 160)

''തൊഴിലാളി വർഗ്ഗത്തിൻെറ ഭരണം (Dictator Ship of the Proletariot) ലോകത്തെങ്ങും തന്നെ സാവ

ധാനത്തിൽ യാഥാർത്ഥ്യത്തിൻെറ ലോകത്ത് നിന്നും പുറകോട്ടു മാറി ഒരിക്കലും പൂർത്തിയാകാത്ത സ്വപ്ന മായി മാറിപോകുന്നതാണ്'' എന്നും ഗ്രന്ഥകർത്താവ് ഈ പ്രഭാഷണത്തിൽ, 1945ൽതന്നെ പറഞ്ഞു. തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം എന്ന ആശയത്തെ ഫ്രഞ്ച് കമ്മ്യൂണിസ്റ്റ്പാർട്ടിയാണ് ആദ്യമായി തള്ളിക്കളഞ്ഞത്. അത് ഇന്നു അപ്രായോഗികമായ ഒരു അസംബന്ധമായി വിവരിക്കപ്പെടുന്നു. കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രം മരിച്ചാലും, അതിൻെറ മൃതി ഗന്ധം അനുഭവപ്പെടാൻ ഏറെ കാലമെടുക്കും.

ഈ കൃതിയുടെ പല ഭാഗങ്ങളും കഴിഞ്ഞ കുറേ കൊല്ലങ്ങളായി സത്യദൂതൻെറ പുറങ്ങളിൽ ഞാൻ വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു അത് ഇപ്പോ ഒരു പുസ്തകരൂപത്തിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ എനിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

ഉർദുമൂലവും (ഇസ്ലാംകാ ഇഖ്തിസാദീനിസാം) റിവ്യു ഓഫ് റിളിജ്യൺസ് പത്രാധിപരായിരുന്ന അബ്ദുൽ ഖദീർ നിയാസ് സാഹിബിൻെറ ഇംഗ്ലീഷ് തർജ്ജുമയും മുമ്പിൽ വച്ചുകൊണ്ടാണ് ഞാനിതു വിവർത്തനം ചെയ്തിട്ടുള്ളത്. പല ഭാഷകളിലും ഇതിൻെറ തർജ്ജുമകറം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. കേരളം സന്ദർശിച്ച റഷ്യക്കാരനായ അഹ്മദി ഭ്രാതാ റാവേൽ ബുഖാറോവ് ആണ് ഇത് റഷ്യൻ ഭാഷയിൽ വിവർത്തനം ചെയ്തതു. സ്പെയിൻ മിഷനറി മൌലാനാ കറം ഇലാഹി സഫർ സാഹിബ് 1947ൽ മാഡ്രിഡിൽ എത്തിയ ഉടനെ ഈ പുസ്തകമാണ് ആദ്യമായി സ്പെയിൻ ഭാഷയിൽ പ്രസിദ്ധം ചെയ്തിരുന്നത്.

ഈ പുസ്തകത്തിൻെറ പ്രസാധനം ഏറ്റെടു ത്തത് വാണിയമ്പലം അഹ്മദിയ്യാ ജമാഅത്താണ്. അഹ്മദിയ്യാ ശതാബ്ദി ആഘോഷങ്ങളോടനുബന്ധി ച്ചു പ്രസിദ്ധപ്പെടുത്താൻ തീരുമാനിച്ചതായിരുന്നു ഈ പുസ്തകവും 'യേശു മിശിഹാ ഇന്ത്യയിൽ' എന്ന വാഗ്ദത്ത മസീഹിൻെറ പുസ്തകവും. ഉദ്ദേശിച്ച വിധം ഈ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനാകാ തെ ഇത്രയും വൈകിപ്പോയി. എങ്കിലും, വളരെ ഭംഗി യായി ഇതച്ചടിച്ചു പുറത്തിറക്കാൻ ഇപ്പോഴെങ്കിലും സാധിച്ചതിൽ അല്ലാഹുവിനെ സ്തുതിക്കുന്നു.

വാണിയമ്പലം ജമാഅത്തിൻെറ, അല്ല തെക്കെ മലബാറിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിൻെറ അക്ഷീ ണസേവകനായ ജ: സി. കെ. അലവി സാഹിബും അദ്ദേഹത്തിൻെറ പുത്രന്മാരായ മുഹമ്മദ് സഫറു ല്ലാ, അബ്ദുൽ ഗഫൂർ എന്നിവരുമാണ് ഇതിൻെറ സാമ്പത്തിക ബാദ്ധ്യതകൾ ഏററത്. ഇവർക്ക് വേ ണ്ടിയും ഈ വിനീതനുവേണ്ടിയും പ്രാർത്ഥിക്കു വാൻ ഞാൻ ഈ അവസരത്തിൽ അഹ്മദിയ്യാ സഹോ ദരങ്ങളോട് പ്രത്യേകം അഭ്യർത്ഥിച്ചുകൊള്ളുന്നു.

കണ്ണൂർ —എൻ. അബ്ദുർറഹീം

M. P. IBRAHIM

# ആമുഖം

ഇന്നു വൈകുന്നേരത്തെ എന്റെ പ്രഭാഷണത്തിന്റെ ശീർഷകം ഇസ്‌ലാമിലെ സാമ്പത്തികവ്യവസ്ഥ എന്നതാണ്. ഒരു സായാഹ്നത്തിലെ പ്രഭാഷണത്തിൽ ഒതുക്കുവാൻ കഴിയാത്തവിധം വിപുലമായ ഒരു വിഷയമാണിത്. പ്രഭാഷണം ചുരുക്കാൻവേണ്ടി ഈ വിഷയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽനിന്നു ചില കാര്യങ്ങളെ ഒഴിവാക്കാൻ ശ്രമിച്ചാൽ അതു അവ്യക്തമായിപ്പോകുന്നതാണ്. എന്നാലും ഇസ്‌ലാമികസമൂഹത്തിന്റെ സാമ്പത്തികഘടനയെപ്പററി എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുംവിധം വളരെ ചുരുക്കിപ്പറയാൻ ഞാൻ ശ്രമിക്കാം. വിഷയത്തിന്റെ വിപുലമായ വശങ്ങളെയും മനുഷ്യജീവിതവ്യാപാരങ്ങളെ ആവരണം ചെയ്യുന്ന വിശാലമായ പ്രവർത്തനവൃത്തങ്ങളെ ബാധിക്കുന്ന അതിന്റെ പൊതുവായ പ്രശ്നങ്ങളെയും ഞാൻ വിവരിക്കുന്നതാണ്.

ആധുനികകാലത്ത് കമ്യൂണിസം എന്ന പേരിൽ വളരെ ഒച്ചപ്പാടുകളുണ്ടാക്കിത്തുടങ്ങിയ സാമ്പത്തികവ്യവസ്ഥയെപററിയും ഞാൻ പ്രതിപാദിക്കുന്നതാണ്. ഇസ്‌ലാമിലെ സാമ്പത്തികവ്യവസ്ഥയുടെ ചില വശങ്ങൾക്ക് കമ്യൂണിസത്തിലെ ചില സാമ്പത്തികവശങ്ങളുമായി പൊരുത്തമുണ്ടെന്നു തോന്നാമെങ്കിലും അതിന്റെ പൊരുളും തത്വശാസ്ത്രവും തമ്മിൽ ധ്രുവങ്ങൾ തമ്മിലുള്ള അന്തരമുണ്ട്. അതുകൊണ്ട്, ഈ

വിപ്ലവപ്രസ്ഥാനത്തെ ഇസ്ലാം ഏതു വെളിച്ചത്തിലാണ് നോക്കിക്കാണുന്നതെന്ന് ഞാൻ വിശദീകരിക്കാത്തപക്ഷം, വിഷയം അപൂർണമായിരിക്കയൊ അവയ്ക്ക തമ്മിലുള്ള അന്തരം അവ്യക്തമായിപ്പോവുകയോ ചെയ്യും.

അടിസ്ഥാനതത്വങ്ങളിൽനിന്നും പൊട്ടിമുളയ്ക്കുന്നതും ശാഖകളായി പിരിയുന്നതുമായ പ്രശ്നങ്ങൾ തായ്മരത്തിൽനിന്നു വൃക്ഷശാഖകൾ പൊട്ടിമുളയ്ക്കുന്നതുപോലുള്ളതാണ്. ആകയാൽ, സ്വാഭാവികമായും, ഒരു നിശ്ചിതവിഷയത്തിൽനിന്നുൽഭവിക്കുന്ന പ്രശ്നങ്ങളെ അടിസ്ഥാനതത്വങ്ങൾ സംബന്ധിച്ചു വേണ്ടത്ര അവഗാഹം നേടാതെ പൂർണമായും മനസ്സിലാക്കുക സാദ്ധ്യമല്ല. അതുകൊണ്ട് ഈ വിഷയത്തിലേയ്ക്കു കടക്കുന്നതിന്നുമുമ്പ്, മനുഷ്യജീവിതത്തെ സമഗ്രമായി ഭരിക്കുന്ന അടിസ്ഥാനപരമായ ഇസ്ലാമികതത്വങ്ങൾ എന്തൊക്കെയാണെന്നു വിവരിക്കേണ്ടതാവശ്യമാണെന്നു ഞാൻ കരുതുന്നു.

# ഉടമാവകാശം-
# അടിസ്ഥാനവീക്ഷണം

രാഷ്ട്രീയമോ സാമ്പത്തികമോ സാമൂഹ്യമോ ആയ ഇസ്ലാമികചിന്തകളുടെ തുടക്കം കുറിക്കുന്നത് യഥാർത്ഥമായ ഉടമാവകാശവും പരമാധികാരവും അല്ലാഹുവിന്നുള്ളതാകുന്നു എന്ന വസ്തുതയിൽ നിന്നാണ്. ഖുർആൻ ഇപ്രകാരം പറയുന്നു:

"ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളവയുടെയും ആധിപത്യം തന്റേതായ അവൻ (അല്ലാഹു) അനുഗ്രഹപൂർണ്ണനാണ്. അന്ത്യനാളിനെ സംബന്ധിച്ച അറിവ് അവന്റെ അടുക്കലാണുള്ളത്. അവനിലേയ്ക്ക്തന്നെയാണ് നിങ്ങൾ മടക്കപ്പെടുക" (43:86).

ഈ സൂക്തത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ് ഇസ്ലാമികപാഠങ്ങളുടെ അടിസ്ഥാനം. പ്രപഞ്ചവും പ്രപഞ്ചത്തിലെ സകല വസ്തുക്കളും ദൈവത്തിനു മാത്രം ഉടമപ്പെട്ടതാണ്. ഈ ലോകത്തുള്ള സർവജീവജാലങ്ങളും ഒടുവിൽ ആരിലേയ്ക്ക് മടങ്ങുന്നുവോ ആ ദൈവത്തിന്.

ഒരു 'ട്രസ്റ്റി' എന്ന നിലയിൽ ഒരാൾ ഒരുദ്യോഗം വഹിക്കുമ്പോൾ ആയാൾ ആ സ്ഥാനത്തിരുന്നുകൊണ്ട് ചെയ്യുന്നതിനെല്ലാം ആയാളെ ആ സ്ഥാനത്ത് അവരോധിച്ച വ്യക്തിയോട് ഉത്തരം പറയേണ്ടിവരു

ന്നതാണല്ലോ. ഒരു പ്രത്യേകകാര്യത്തിന്നു ഒരാളുടെ പക്കൽ ഒരു തുക ഏല്പിക്കപ്പെട്ടാൽ അതു ദുർവ്യയം ചെയ്യാതെ ഏല്പിച്ച ആളുടെ ഉദ്ദേശ്യാർത്ഥം മാത്രമെ വിനിയോഗിക്കാവൂ. നിയന്ത്രണങ്ങൾക്കും പരിമിതികൾക്കും വിധേയനല്ലാത്ത ഒരാൾക്ക് എന്തും പ്രവർത്തിക്കാം! സ്വന്തം ഉടമസ്ഥതയിലുള്ള ധനമാണെങ്കിൽ ഒരാൾ അതു ഒരു പിശുക്കനെ പോലെ കൂട്ടിവെക്കുകയോ ഒരു ധൂർത്തനെ പോലെ ദുർവ്യയം ചെയ്യുകയോ ചെയ്യും. ഒരു വിഡ്ഢിയെപ്പോലെ കടലിലെറിഞ്ഞുവെന്നും വരാം! അയാളുടെ വിഡ്ഢിത്തത്തെ പററി ആരും ചോദ്യം ചെയ്യാനോ അയാളെ ശിക്ഷിക്കാനോ പോകുന്നില്ല.

മുകളിൽ പറഞ്ഞ ഖുർആനികവാക്യം മനസ്സിലാക്കിത്തരുന്നതു സാമ്രാജ്യങ്ങളും ഭരണകൂടങ്ങളും, മനുഷ്യൻെറയും മറെറല്ലാ ചരാചരങ്ങളുടെയുംമേൽ മനുഷ്യൻ അധികാരം നടത്തുന്ന മററു സ്ഥാപന സംവിധാനങ്ങളും എല്ലാവർക്കും പരസ്പരം ഗുണം വരുന്നതിന്നുവേണ്ടി ഏൽപിക്കപ്പെട്ട 'ട്രസ്ററു'കൾ അഥവാ സൂക്ഷിപ്പുമുതൽ ആണെന്നാണ്. ആകയാൽ, താൻതന്നെയാണ് പരമാധികാരിയും യജമാനനും എന്ന ഭാവത്തിൽ ആരും പെരുമാറാൻ പാടില്ല. കേവലമായ ഉടമാവകാശവും യജമാനത്തവും ദൈവത്തിനു മാത്രമുള്ളതാകുന്നു. മറെറല്ലാവരുംതന്നെ അതാത് മണ്ഡലങ്ങളിൽ സൂക്ഷിപ്പുകാരായി വർത്തിക്കുന്നവരും തങ്ങളിലർപ്പിക്കപ്പെട്ട 'ട്രസ്ററ്' അഥവാ സൂക്ഷിപ്പുമുതൽ കൈകാര്യം ചെയ്യുന്ന ക്രമത്തെ പററി ഉത്തരം പറയാൻ ബാദ്ധ്യസ്ഥരുമത്രെ.

## പരമാധികാരം ദൈവത്തിന്

ഭരണകൂടവും ഭരണാധികാരവും ദൈവത്തിൽനിന്നു സിദ്ധിക്കുന്ന ഒന്നാണെന്നു വിശുദ്ധ ഖുർആൻ

പ്രഖ്യാപിക്കുന്നു. പിന്തുടർച്ചാപരമോ, സ്വായത്തമോ സ്വയാർജിതമോ സ്വതന്ത്രമോ ആയ യാതൊരവകാശവും ആർക്കും ഇല്ല. അല്ലാഹു രാജാധിരാജനും സകലത്തിൻെറയും ഉടമസ്ഥനും ആണെന്നാണ് പറയപ്പെട്ടിട്ടുള്ളത്. അവൻ ഇച്ഛിക്കുന്നവർക്ക് അത് നൽകുകയും ഇച്ഛിക്കുന്നവരിൽനിന്നു അത് എടുത്തുകളയുകയും ചെയ്യുന്നു. അവൻ ഇച്ഛിക്കുന്നവരെ ഉയർത്തുകയും ഇച്ഛിക്കുന്നവരെ താഴ്ത്തുകയും ചെയ്യുന്നു. എല്ലാ നൻമകളും അവനിലത്രെ സ്ഥിതി ചെയ്യുന്നത്. അവൻ സർവ്വശക്തനുമാണ്. (3:25).

ഭരണാധികാരം ആരുടെയെങ്കിലും ചുമലിൽ വന്നു വീണാൽ, അത് ഒരു അവകാശം അവനിൽ അർപ്പിക്കുക മാത്രമാകുന്നു. പൂർണ്ണമായ ഉടമാവകാശം അവന്നു നൽകപ്പെടുന്നില്ല. ദൈവത്തിൽനിന്നുള്ള ഈ ദാനം വഴി ആ പദവിയിൽനിന്നും നീക്കം ചെയ്യപ്പെട്ടുകൂടാത്ത ഒരു അധികാരം ഉറപ്പിക്കപ്പെടുകയാണെന്നോ എത്ര കൊള്ളാത്തവനായാലും ഒരു രാജാവോ ഭരണകർത്താവോ ദൈവത്തിൻെറ പ്രതിനിധിയാകുമെന്നോ ആ വാക്യത്തിന്നു അർത്ഥം നൽകാവതല്ല. ഒരാളെ രാജത്വത്തിലേയ്ക്കോ ഭരണാധികാരത്തിലേയ്ക്കോ ഉയർത്തുന്നതിന്നു അടിസ്ഥാനമായിട്ടുള്ള വസ്തുതകളും സഹായോപാധികളുമെല്ലാം ദൈവം തന്നെ സൃഷ്ടിച്ചതാകയാൽ, ഈ സഹായോപാധികൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മാത്രമാണ് ഒരാൾ രാജാവോ ഭരണകർത്താവോ ആകുന്നതെന്നു ഓർത്തുകൊള്ളേണ്ടതാണ്. തനിയ്ക്ക് ഉയർച്ച അനുവദിച്ച ആ സഹായശക്തിയെയോ, ആ അനുവാദത്തിനു അ

ടിസ്ഥാനമായിട്ടുള്ള നിയുക്താധികാരത്തെയോ (Mandate) അയാാംക്കവെഗണിച്ചുകൂടാ. എല്ലാററിൻെറയും അന്തിമവും പരമവുമായ അധികാരവും വിധികർത്തൃത്വവും ദൈവത്തിൻെറ കയ്യിലാകയാൽ പരമാധികാരത്തിൻെറ ലാഞ്ഛനപോലും ഇല്ലാത്ത തരത്തിൽ, ഒരു സൂക്ഷിപ്പുമുതൽ മാത്രമാണെന്ന അനുപേക്ഷ്യബോധമുണ്ടായിരിക്കേണ്ടതാണ്. അധികാരത്തിൻെറ സ്വഭാവം എന്തായാലും അതായത്, സാമ്രാജ്യമോ, രാജവാഴ്ചയോ, സിററിസ്ററോ, ജനാധിപത്യമോ എന്തായാലും—അതു നടത്തുന്നതിന്നു അടിസ്ഥാനമാക്കപ്പെടുന്ന നിയമങ്ങളും ചട്ടവട്ടങ്ങളും എന്തുതന്നെയായാലും ഭരണാധികാരി ദൈവത്തോടു ഉത്തരം പറയാൻ ബാദ്ധ്യസ്ഥനാണ്. നിയമങ്ങാം അസ്വാസ്ഥ്യവും സ്പർദ്ധയും കലഹവും തൻമൂലം അസുഖവും ആണ് സൃഷ്ടിക്കുന്നതെങ്കിൽ മനുഷ്യരുടെ പൊതുഗുണത്തെ ലാക്കാക്കിയുള്ള നേട്ടങ്ങാം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അയാാം സ്രഷ്ടാവും രക്ഷിതാവുമായ ദൈവത്തിൻെറ ശിക്ഷാവിധിക്ക് ഇരയാവേണ്ടി വരും.

ദൈവത്തിൽനിന്നു അധികാരം ലഭിക്കുകയെന്നതു അതു ലഭിക്കുന്ന ആാംക്ക് തൻെറയും തന്നെ ഏൽപിച്ചിട്ടുള്ള എല്ലാററിൻെറയും ഉടമസ്ഥനും യജമാനനുമാണ് താനെന്ന ഭാവത്തിൽ എന്തും കാട്ടിക്കൂട്ടാനുള്ള അവകാശമാണെന്നു മേൽ ഖുർആൻവാക്യത്തിനു അർത്ഥമെടുക്കാൻ പാടില്ലെന്നു നാം കണ്ടു. ഒരാാം അധികാരത്തിൽ എത്തിയിട്ടുണ്ടെന്നതുകൊണ്ടുമാത്രം അയാാം അപ്രകാരം ഉയരേണ്ടതു ദൈവഹിതമാണെന്നോ അയാാംക്കെതിരായ പ്രവർത്തനങ്ങളെല്ലാം പാപ

മായിരിക്കുമെന്നോ അർത്ഥമില്ല. പ്രാഥമികമായും അടിസ്ഥാനപരമായും ദൈവത്തിൻെറ ഉടമസ്ഥതയിൽപ്പെട്ട നിയന്ത്രണാധികാരങ്ങൾ ദൈവം നൽകിയ നിയുക്താധികാരത്തിനു യോജിച്ചവിധം ഉപയോഗപ്പെടുത്താൻ അയാൾ അനുവദിക്കപ്പെട്ടിരിക്കുന്നുവെന്നു മാത്രമേ അതിനർത്ഥമുള്ളൂ. കാര്യനിർവ്വഹണത്തിൽ പരാജയപ്പെടുന്നപക്ഷം അയാൾ ചോദ്യം ചെയ്യപ്പെടുന്നതുമാണ്. പ്രകാശോജ്ജ്വലമായ അഗാധതത്വങ്ങൾ ഉൾക്കൊള്ളുന്ന വാചകത്തിൽ ഭരണാധികാരികളെ ഖുർആൻ ഇപ്രകാരം തരംതിരിക്കുന്നു:

"അവർ അധികാരം കരസ്ഥമാക്കിക്കഴിഞ്ഞാൽ നാട്ടിൽ കുഴപ്പമുണ്ടാക്കുകയും ഉൽപന്നങ്ങളെയും മനുഷ്യ സന്തതികളെയും നശിപ്പിക്കുകയും ചെയ്യുവാൻ ഓടി നടക്കുന്നതാണ്. എന്നാൽ, അല്ലാഹു കുഴപ്പത്തെ ഇഷ്ടപ്പെടുന്നില്ല." (2:206).

അധികാരസ്ഥൻമാരെ ഇങ്ങനെ വേർതിരിച്ചു കാണിച്ചതു സത്യാഭിമുഖവും, നീതിപൂർവ്വകവുമാണെന്നു ചരിത്രം തെളിയിച്ചുതരുന്നുണ്ടു. ഒരപവാദമെന്നതിലേറെ ഭരണാധികാരികളുടെ പൊതുസ്വഭാവമാണിതെന്നു നമുക്കറിയാം. അവരുടെ ഉദ്ദേശ്യം രാജ്യത്തെ സേവിക്കുകയോ രക്ഷയും സമാധാനവും കൈവരുത്തുകയോ അല്ല. ജനഹൃദയങ്ങളിൽ രക്ഷാബോധത്തെക്കുറിച്ചു ഉറപ്പു നൽകാനും അവർ ശ്രമിക്കുന്നില്ല. നേരെമറിച്ച്, വിവിധജനങ്ങളും ഗോത്രങ്ങളും ഗ്രൂപ്പുകളും വർഗ്ഗങ്ങളും മതങ്ങളും ഒന്നോടൊന്നു കലഹിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയാണവർ ചെയ്യുന്നത്. രാജ്യത്ത് കുഴപ്പവും അസമാധാനവും ആണ് ഇതിൻെറ ഫലമായി സംജാതമാകുന്നത്. അവരുടെ വിവേചനപരമായ

നടപടികൾ ഉൽപാദനത്തെ തകരാറിലാക്കുകയും നാഗരികജീവിതത്തെ അപകടപ്പെടുത്തുകയും ചെയ്യുന്നു. സമൂഹത്തിന്റെ സാമ്പത്തികാടിത്തറയെത്തന്നെ അവർ തകർക്കുകയും ഭാവിതലമുറകളെ നശിപ്പിക്കുകയും ചെയ്യുന്നു. ഈ ഖുർആൻവാക്യത്തിൽ പ്രയുക്തമായ 'ഹർസ്' എന്ന പദത്തിനു കാർഷികവിള എന്നാണ് അർത്ഥമെങ്കിലും അതിനു വിപുലമായ മററു അർത്ഥങ്ങളുമുണ്ട്. 'ഉൽപാദനശേഷി' (Productivity) എന്നു അതിനു അർത്ഥം നൽകാം. അല്ലാഹു അനീതിയുടെയും അക്രമത്തിന്റെയും നേരെ ദൃഷ്ടി പതിപ്പിക്കുന്നില്ലെന്നു കരുതിയാണ് അവരിത്തരത്തിൽ പ്രവർത്തിക്കുന്നത്. മർദ്ദകഭരണാധികാരികൾ ഒടുക്കം ദൈവകോപത്തിനു ഇരയായിത്തീരുകയും അവരുടെ നയങ്ങൾക്കെതിരായി രൂക്ഷമായ പ്രത്യാഘാതങ്ങൾ ഉടലെടുക്കുകയും കാലക്രമേണ അവരേയും അവരുടെ നേട്ടങ്ങളെയും തൂത്തുവാരിക്കളകയും ചെയ്യുന്നു.

സമാധാനം ഉറപ്പുവരുത്തുകയും, ജനങ്ങളിൽ സുരക്ഷിതബോധം ഉളവാക്കുകയും ചെയ്യുന്ന ഭരണാധികാരികൾ—സമൂഹത്തിന്റെ സാമ്പത്തികമായ അടിവേരുകളെ ഉറപ്പിക്കുന്ന ഭരണാധികാരികൾ- രാഷ്ട്രശക്തിയെയും വിഭവങ്ങളെയും ആക്രാമകവും അനാവശ്യവുമായ യുദ്ധങ്ങളിലേക്കു നയിച്ചു ദുരുപയോഗപ്പെടുത്താതെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനുള്ള യത്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഭരണാധികാരികൾ ഇവരാണ് ഇസ്ലാമികവീക്ഷണത്തിൽ യഥാർത്ഥഭരണാധികാരികൾ എന്നു ഖുർആൻ സൂക്തങ്ങളിൽനിന്നു വ്യക്തമാകുന്നു. ഈ കാര്യങ്ങളെല്ലാം ഇസ്ലാമികവീക്ഷണത്തിൽ സ്റേററിന്റെ ചുമതലയിൽ പെട്ടവയത്രെ.

## ഭരണാധികാരം സൂക്ഷിപ്പുമുതൽ

ഖുർആൻ നടപ്പാക്കുന്ന മറ്റൊരു പ്രധാന തത്വം ഇതാണ്: "സൂക്ഷിപ്പുമുതൽ (അമാനത്ത്) അതിന്റെ അവകാശികൾക്ക് ഏൽപിക്കാൻ അല്ലാഹു നിങ്ങളോടു കൽപിക്കുന്നു; ജനങ്ങൾക്കിടയിൽ നിങ്ങൾ വിധി കൽപിക്കുമ്പോൾ നീതിപൂർവ്വം നിങ്ങൾ വിധികൽപിക്കേണം. അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നതെന്തോ അതു ഏററവും ഉത്തമമായിട്ടുള്ളതാകുന്നു. അല്ലാഹു വളരെ കേൾക്കുന്നവനും നല്ലപോലെ കാണുന്നവനുമാകുന്നു" (4:59).

അധികാരസ്ഥാനങ്ങളിലെ നിയമനങ്ങളെപ്പററി അഭിപ്രായം രേഖപ്പെടുത്തേണ്ടി വരുമ്പോൾ അതിന് ഏററവും യോഗ്യരായ ആളുകളെ തെരഞ്ഞെടുക്കുകയാണ് ദൈവകല്പന പ്രകാരം നമ്മുടെ കടമ. സത്യസന്ധതയോടും ക്ഷമാശീലത്തോടും ബുദ്ധിശാലിത്വത്തോടും ശക്തിയുക്തമായും കാര്യങ്ങൾ കയ്യാളുവാൻ ഏററവും പ്രാപ്തരായിട്ടുള്ളവരെതന്നെ! ഭരണപദവികളിൽ ഉപവിഷ്ടരാകുന്ന ആളുകൾ വ്യക്തികൾക്കോ സമൂഹങ്ങൾക്കോ ജനതകൾക്കോ നേരെ പക്ഷപാതിത്വം കാണിക്കാൻ പാടുള്ളതല്ല. മറെറാരാളുടെ താല്പര്യം അപകടത്തിലാക്കിക്കൊണ്ട്, ഒരാളെ അന്യായമായി അടിച്ചമർത്തുകയോ അവിഹിതമാർഗത്തിൽ ഉയർത്താൻ ശ്രമിക്കുകയോ ചെയ്യാവുന്നതല്ല. നീതിമര്യാദകൾ ദീക്ഷിക്കാതെ കണ്ടമാനം പ്രയോഗിക്കേണ്ട ഒന്നല്ല അധികാരം എന്നു പ്രസ്തുത ഖുർആൻവാക്യം വ്യക്തമാക്കിത്തരുന്നു. ജനങ്ങൾ ചവിട്ടിയരക്കപ്പെടുന്നതു അവൻ കണ്ടിട്ടുണ്ട്. ശരിയായി അനുവർത്തിക്കപ്പെടുന്ന പക്ഷം ദൂരവ്യാപകമായ ഗുണഫല

ങ്ങൾ സൃഷ്ടിക്കാൻ പോരുന്ന അഗാധസത്യങ്ങളുടെ ബലവത്തായ ഒരടിസ്ഥാനത്തിലുള്ളതാണ് ഈ തത്വം. ജനനം, സാമ്പത്തികനില, വർണം, വർഗം, രാഷ്ട്രീയചായ്‌വ്, മതപരമായ ബന്ധം മുതലായവയെ മുൻനിർത്തിയുള്ള യാതൊരു പക്ഷപാതിത്വവും കാണിക്കാതെ തുല്യനീതി പുലർത്തുകയാണ് ബഹുജനങ്ങളിൽ രക്ഷാബോധം സൃഷ്ടിക്കാനുള്ള പ്രഥമവും പ്രധാനവുമായ ഉപാധി. ഈ നീതിസംവിധാനം ഉറപ്പുവരുത്താതെ ഒരു ഗവൺമെൻറിന്നും നിലനിൽക്കാനോ ജനങ്ങൾക്കെന്തെങ്കിലും നൻമ വരുത്താനോ സാധിക്കുന്നതല്ല. വിവേചനനയം സമതുലിതാവസ്ഥയെ താറുമാറാക്കുകതന്നെ ചെയ്യും. ഹൃദയങ്ങളിൽ നീററലും പകയും മാത്രമെ അതു സൃഷ്ടിച്ചു വിടുകയുള്ളു. ഭദ്രത ഉറപ്പുവരുത്തുക അസാദ്ധ്യമായിത്തീരുകയും ചെയ്യും. താൽകാലിക സമാധാനം നിലനിന്നു എന്നുവരാം. എന്നാൽ, നീചരൂപത്തിലുള്ള മൃഗീയമായ പ്രകടനങ്ങളും കൊടുംക്രൂരതകളും നടമാടിത്തുടങ്ങും. തിരിച്ചു കടിക്കാൻ അവസരം പാർത്തു കഴിയുന്ന നായ്ക്കൂട്ടങ്ങളെ ഇളക്കിവിട്ടാലെന്ന പോലെ! അല്ലാഹു നിശ്ചയമായും എല്ലാം നോക്കിപ്പാർക്കുന്നവനാകുന്നു. മർദ്ദകഭരണാധികാരികളാൽ മനുഷ്യർ ചവിട്ടിയരയ്ക്കപ്പെടുകയും അവരുടെ ഭവനങ്ങൾ തകർക്കപ്പെടുകയും പട്ടിണിപ്പാവങ്ങളുടെ അപ്പം തട്ടിപ്പറിക്കപ്പെടുകയും ചെയ്യുന്നതു അവൻ കണ്ടിരിക്കുന്നു. ബുദ്ധിമാൻമാരായ മനുഷ്യർ എങ്ങിനെ മുഠാളൻമാരും രാക്ഷസൻമാരും രാഷ്ട്രീയവിഡ്ഢികളുമായി ചമഞ്ഞു എന്നും ദൈവം കണ്ടുകൊണ്ടിരുന്നു. മനുഷ്യരക്തം തളംകെട്ടിനിന്ന ദുർഗന്ധമലീമസമായ അധികാരബലി

പീഢങ്ങളിൽനിന്നു മനുഷ്യരെ രക്ഷിച്ചകററാനായി ട്ടത്രെ അല്ലാഹു നീതിതത്വാധിഷ്ഠിതമായ ഒരു ഭരണക്രമം കനിഞ്ഞരുളിയിരിക്കുന്നത്. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നവരായിരിക്കണം ഭരണാധികാരത്തിൽ അവരോധിക്കപ്പെടേണ്ടതു എന്നതാണ് തത്വം. ഏററവും പ്രാപ്തരായിട്ടുള്ളവരെ തെരഞ്ഞെടുക്കുന്നതിനു സാധിക്കുമാററ് സത്യസന്ധമായ സമീപനത്തിന് ഉറപ്പ് വരുത്തിക്കൊണ്ടുള്ള തെരഞ്ഞെടുപ്പ്. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും സമ്പത്ത് സംപുഷ്ടമാക്കുന്നതിനും വ്യക്തികളെയും വർഗങ്ങളെയും ജനതകളെയും അകററിനിർത്തുന്ന എല്ലാ ഭിന്നതകളും ഇല്ലായ്മ ചെയ്യുന്നതിനും ഭദ്രതയും പുരോഗതിയും കൈവരുത്തുന്നതിനും ആത്മാർത്ഥമായി പരിശ്രമിക്കുവാൻ ആ നിയുക്താധികാരം ഉപയോഗപ്പെടുത്തേണ്ടതാണ്.

ഈ പശ്ചാത്തലത്തിലാണ് ഇസ്ലാം അതിൻെറ സാമ്പത്തികവ്യവസ്ഥയെ ഉറപ്പിച്ചിട്ടുള്ളതു. അനുകൂലസാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടല്ലാതെ ഒരു വ്യവസ്ഥിതിയും ജനോപകാരപ്രദമായി നടപ്പാക്കാൻ സാധിക്കുകയില്ലെന്നു പറയേണ്ടതില്ലല്ലോ. ലോകത്തുള്ള മതങ്ങളിൽ ഇസ്ലാം ആണ് ഉത്തരവാദഭരണസമ്പ്രദായം ആദ്യമായി നടപ്പാക്കിയതു. ഇസ്ലാം നാലു പ്രധാനതത്വങ്ങൾ ഇക്കാര്യത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്:

1. ഭരണാധികാരത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ പ്രാപ്തിയും ആർജ്ജവവും അവശ്യോപാധികളായി പരിഗണിക്കപ്പെടണം.

2. ഭരണാധികാരം ഒരവകാശമല്ല, ഒരു സൂക്ഷിപ്പുമുതലെന്നോണം കണക്കാക്കപ്പെടേണ്ടതാണ്.

3 തുല്യനീതിയും സകലരുടെയും ക്ഷേമപുരോഗതികളും ആയിരിക്കണം ഭരണകൂടത്തിന്റെ ലക്ഷ്യം.

4 വ്യക്തികളും വർഗങ്ങളും വർണങ്ങളും മതവിശ്വാസങ്ങളും സംബന്ധിച്ച എല്ലാ താല്പര്യസംഘട്ടനങ്ങളിലും നിഷ്പക്ഷതയും നീതിയും പുലർത്താൻ ഭരണാധികാരികൾ പ്രതിജ്ഞാബദ്ധരായിരിക്കണം.

## അധികാരം തെരഞ്ഞെടുപ്പിലൂടെ

ചുരുക്കത്തിൽ, പിന്തുടർച്ചാപരമായ രാജഭരണങ്ങളെ ഇസ്ലാം അനുകൂലിക്കുന്നേയില്ല. ഭരണാധികാരം ഏററവും പ്രാപ്തരായിട്ടുള്ളവരുടെ കൈകളിൽ മാത്രമെ അർപ്പിക്കാവൂ. തെരഞ്ഞെടുപ്പിൽ മറെറാരു പരിഗണനയും സ്വാധീനിച്ചു കൂടാത്തതാണ്. തെരഞ്ഞെടുപ്പ് തന്നെയാവണം അടിസ്ഥാനം. ഭരണയന്ത്രം ആരുടെ കയ്യിലർപ്പിക്കണമെന്നു നല്ലപോലെ ചിന്തിച്ചു തീർച്ചപ്പെടുത്തേണ്ടതു മുസ്ലിംകളുടെ കടമയാണ്. എന്നാൽ, അതു കുടുംബമാഹാത്മ്യമോ സമ്പത്തോ അനുയായികളുടെ പെരുപ്പവും സ്വാധീനവുമോ നോക്കിയാവരുത്. ജനങ്ങൾക്ക് ഒരനുഗ്രഹമായി വിലസുന്നതിന്നു ഏതൊരു ഭരണാധികാരിക്കും സഹായകമായിരിക്കുന്ന ആ ഉത്തമഗുണവിശേഷം സ്ഥാനാർത്ഥിക്കുണ്ടോ എന്ന ഒരേഒരു കാര്യം മാത്രമെ പരിഗണിക്കാൻ പാടുള്ളു. അതോടൊപ്പം ആർജ്ജവം, നീതിനിഷ്ഠ, സമഭാവന മുതലായവയും ഭരണാധികാരത്തിന്റെ നിദർശനങ്ങളായിരിക്കേണം. ഇസ്ലാമിക ഭരണത്തിന്റെ അടിസ്ഥാനരൂപം പിന്തുടർച്ചാവകാശപരമായി മാറിക്കഴിഞ്ഞപ്പോഴും മുസ്ലിംകളുടെ

രാഷ്ട്രീയചിന്താഗതികളും പ്രവണതകളും റിപ്പബ്ലി ക്കൻ സ്വഭാവത്തിൽതന്നെ തുടർന്നുപോരാൻ കാരണം ഈ സുപ്രധാന പാഠമായിരുന്നു എന്നു കാണാം.

'റോമാ സാമ്രാജ്യത്തിൻെറ തകർച്ചയും പതനവും' (Decline and Fall of the Roman Empire) എന്ന സുപ്രസിദ്ധമായ ചരിത്രഗ്രന്ഥത്തിൽ ഗിബ്ബൺ തുർക്കി രാജാവായിരുന്ന അലിപ്പ് അർസലാൻെറ മകൻ മലിക്ഷായെ കുറിച്ചുള്ള ഒരു വിവരണം നൽകീട്ടു ണ്ട്. പിതാവ് മരിക്കുമ്പോൾ മലിക്ഷാ ഒരു യുവാ വ് മാത്രമായിരുന്നു. അദ്ദേഹത്തോടൊപ്പം മററ് മൂന്നു പേർകൂടി സിംഹാസനത്തിന്ന് വേണ്ടിയുള്ള വടംവലിയിൽ ഏർപ്പെട്ടിരുന്നു—സഹോദരനും പിതൃ വ്യനും പിതൃസഹോദരപുത്രനും! നിസാമുദ്ദീൻ തൂസി ആയിരുന്നു പ്രധാനമന്ത്രി. ഒരു ഷിയാ ആ യിരുന്ന അദ്ദേഹം ഇമാം മൂസാ റസായുടെ (Musa Raza) മഖ്ബറയിൽചെന്ന് ആ വിശുദ്ധപരിസര ത്തിൽവെച്ച് വിജയത്തിന്നുവേണ്ടി പ്രാർത്ഥിക്കാൻ രാജാവിനെ ഉപദേശിക്കുകയുണ്ടായി പ്രാർത്ഥന കഴിഞ്ഞപ്പോൾ എന്താണ് പ്രാർത്ഥിച്ചതെന്ന് രാജാ വ് നിസാമുദ്ദീൻ തൂസിയോട് അന്വേഷിച്ചു. വി പ്ലവകാരികൾക്കെതിരെ രാജാവിന്ന് പൂർണവിജയം കൈവരാൻവേണ്ടിയാണ് താൻ പ്രാർത്ഥിച്ചതെന്ന് പ്രധാനമന്ത്രി ബോധിപ്പിച്ചു. ഇത് മൗനമായി കേട്ടു കൊണ്ടിരുന്ന യുവാവായ രാജാവ് ഇപ്രകാരമാണ് പറഞ്ഞത്: ''എന്നെ സംബന്ധിച്ചിടത്തോളം ഞാൻ പ്രാർത്ഥിച്ചത്, മുസ്ലിംകളുടെമേൽ ഭരണം നട ത്താൻ എന്നേക്കാൾ എൻെറ സഹോദരനാണ് അർഹ നെങ്കിൽ, ഓ ദൈവമെ എൻെറ ജീവനും എൻെറ അ

ധികാരകിരീടവും നീ എന്നിൽനിന്നും എടുത്തുകള യേണമേ എന്നത്രെ !''.*

ഇസ്‌ലാമിന്റെനേരെ പക്ഷപാതം പുലർത്തി പ്പോന്ന ക്രിസ്തീയചരിത്രകാരൻമാരിൽ ഒരാളായിരു ന്നു ഗിബ്ബണും. എന്നാൽ, ഹൃദയാവർജ്ജകമായ ഈ സംഭവം വിവരിച്ചുകൊണ്ട് ഇസ്‌ലാമികപാഠം മു സ്‌ലിംചിന്താഗതിയിൽ ചെലുത്തിയ മഹത്തായ സ്വാധീനത്തെ മുക്തകണ്ഠം പ്രശംസിക്കുകയാണ് അദ്ദേഹം ചെയ്തത് !

ഈ മഹത്തായ സിദ്ധാന്തങ്ങളുടെ പ്രഭാവം തന്നെയാണ് ഹസ്രത്ത് ഉമറിനെ പോലുള്ളവരിൽ വമ്പിച്ച ചലനങ്ങൾ സൃഷ്ടിച്ചത്. അതു വായിക്കു മ്പോൾ നമുക്ക് രോമാഞ്ചമുണ്ടാകുന്നു. ഹസ്രത്ത് ഉമർ (റ) രണ്ടാം ഖലീഫയായിരുന്നു എന്നു എല്ലാ വർക്കും അറിയാം. സ്റ്റേററിന്റെ ചുമതലകൾ നിർവ്വ ഹിക്കുന്ന കാര്യത്തിൽ അദ്ദേഹം കാണിച്ചുപോന്ന ഊർജ്ജസ്വലത ഭാവനാതീതമത്രെ. തിരുനബി (സ) തന്റെ പെരുമാററത്തിൽ ആർജ്ജവം കാണിച്ചില്ലെന്ന തലതിരിഞ്ഞ ആക്ഷേപം പുറപ്പെടുവിക്കാൻ അറപ്പ് കാണിച്ചിട്ടില്ലാത്ത ഇസ്‌ലാംമതശത്രുക്കളായ ക്രൈ സ്തവഗ്രന്ഥകാരന്മാർപോലും ഇസ്‌ലാമിക ലക്ഷ്യ ങ്ങൾ കൈവരുത്തുന്ന കാര്യത്തിൽ ഹസ്രത്ത് ഉമർ (റ) ചെയ്തിട്ടുള്ള വിശ്രമരഹിതവും വിസ്മയനീയ വുമായ സേവനങ്ങൾ വെട്ടിത്തിളങ്ങുന്ന വിവരണ ങ്ങൾക്ക് വിഷയമാക്കുകയുണ്ടായി. അത്തരം എഴുത്തു കാർ ഹസ്രത്ത് അബൂബക്കറിന്റെയും ഉമറിന്റെയും നന്മകൾ — വിശിഷ്യാ ഹസ്രത്ത് ഉമറിന്റെ ഗുണവി ശേഷങ്ങൾ — വാചാലമായ വർണ്ണനകൾകൊണ്ടു നിറം

* ഗിബ്ബന്റെ പ്രഖ്യാതമായ ചരിത്രഗ്രന്ഥത്തിന്റെ 6-ാം വാല്യം 20-ാം ഭാഗത്ത് ഈ സംഭവം വിവരിക്കപ്പെട്ടി ട്ടുണ്ട്.
—വിവ.

പിടിപ്പിക്കാതിരുന്നില്ല. പൊതുപ്രശ്നങ്ങളിൽ ഹസ്രത്ത് ഉമർ (റ) കാണിച്ചുപോന്ന ജാഗ്രതയും, അതീവ സരളവും പ്രത്യക്ഷവുമായ ഭരണമാതൃകകളുടെ സൗന്ദര്യവും അവയുടെ നേട്ടങ്ങളും ലോകത്തിന്റെ മുഴുവൻ ശ്രദ്ധയെയും പിടിച്ചുപററീട്ടുണ്ട്. ഇസ്ലാം ഒരു വമ്പിച്ച രാഷ്ട്രീയശക്തിയായി രംഗപ്രവേശം ചെയ്കയും ഒരു മതമെന്ന നിലയിൽ പ്രചണ്ഡമായി പ്രചരിക്കുകയും ചെയ്തതിൽ നബിതിരുമേനിയെക്കാൾ ഹസ്രത്ത് ഉമറിന്റെ കർമ്മകുശലതയും ആവേശവുമാണ് കാരണമായി വർത്തിച്ചതെന്നുപോലും ചില അമുസ്ലിംചരിത്രകാരന്മാർ എഴുതിത്തള്ളാൻ മടിച്ചിരുന്നില്ല. ജനകീയപ്രശ്നങ്ങളിൽ ഹസ്രത്ത് ഉമർ (റ) കാണിച്ചുപോന്ന ശ്രദ്ധ എത്രത്തോളമായിരുന്നെന്നത് ലോകവിശ്രുതമാണ്. എന്നിട്ടും അദ്ദേഹം തന്റെ വീഴ്ചകൾ ഓർത്താണ് വിചാരപ്പെട്ടുകൊണ്ടിരുന്നത്! പൊതുകടമകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ ഖുർആൻ നൽകിയ പാഠങ്ങൾതന്നെയാണ് അദ്ദേഹം തന്റെ പ്രവർത്തനമൂല്യങ്ങളായി സ്വീകരിച്ചിരുന്നതെന്നതു ഒരു യാഥാർത്ഥ്യം മാത്രമാണ്. ഖുർആൻ പറയുന്നതു നോക്കുക:

''സൂക്ഷിപ്പുമുതൽ അതിന്റെ അവകാശികളെ ഏൽപിക്കാൻ അല്ലാഹു നിങ്ങളോടു കൽപിക്കുന്നു. ജനങ്ങൾക്കിടയിൽ നിങ്ങൾ വിധി കൽപിക്കുമ്പോൾ നീതിപൂർവ്വം നിങ്ങൾ വിധി കൽപിക്കണം'' (4:59).

അസന്തുഷ്ടനായ ഒരു ശത്രുവിന്റെ മാരകമായ കുത്തേററ് മരണശയ്യയിൽ കിടന്നു പിടയുകയായിരുന്നപ്പോഴും ഹസ്രത്ത് ഉമർ (റ) വേവലാതിപ്പെട്ടുകൊണ്ടിരുന്നത്, ദൈവസന്നിധിയിൽ ഹാജരാക്കപ്പെ

ട്ടാൽ, തന്നിലർപ്പിതമായ സൂക്ഷിപ്പുമുതൽ അഥവാ, അധികാരം താനെങ്ങിനെയാണ് കൈകാര്യം ചെയ്തതെന്നു ചോദിക്കപ്പെടുമ്പോൾ എന്തുത്തരമാണ് നൽകുക എന്നോർത്തായിരുന്നു ! വ്രണങ്ങൾ കാരണം കഠിനമായ നോവനുഭവിക്കുന്നതിനിടയിൽ തിരിയുകയും മറിയുകയും ചെയ്യുമ്പോഴെല്ലാം ആ മഹാത്മാവ് ഇപ്രകാരം ഉരുവിട്ടുകൊണ്ടിരിക്കുമായിരുന്നു:

"എന്റെ രക്ഷിതാവേ, ഞാൻ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല; എന്റെ വീഴ്ചകളെക്കുറിച്ച് ചോദിക്കപ്പെടാതിരിക്കുമാറ് നീ എന്നിൽ കനിയേണമേ!"

ഹസ്രത്ത് ഉമറിനെപ്പോലുള്ള ഒരു ഭരണകർത്താവിന്റെ ഈ മാനസികനില, ഭരണാധികാരികളുടെ ഉത്തരവാദിത്തങ്ങളെ സംബന്ധിച്ചിടത്തോളം ഇസ്‌ലാം ഉയർത്തിപ്പിടിച്ച ആ ഉദാത്തമായ പ്രവർത്തനശൈലിയുടെ വസ്തുനിഷ്ഠമായ ചിത്രീകരണമാണെന്ന് പറയാം. ഹസ്റത്ത് ഉമറിന്റെ ഊർജ്ജസ്വലത, നിസ്വാർത്ഥത, വീക്ഷണവിശാലത, അനുകമ്പാർദ്രത, കർത്തവ്യനിർവ്വഹണവ്യഗ്രത, നീതിതൽപരത, ഇസ്‌ലാംമതസേവനബദ്ധത തുടങ്ങിയവ ഇന്നും ലോകമെങ്ങും വാഴ്ത്തപ്പെടുകയാണ്, പതിമൂന്നര നൂററാണ്ടുകൾക്ക് മുമ്പാണിതെല്ലാം നടന്നതെങ്കിൽകൂടി. താൻ എന്തുചെയ്തു എന്ന കാര്യത്തെപ്പററി ഉമർ (റ) ചിന്തിച്ചതേയില്ല; മറിച്ച്, താൻ എന്തെല്ലാം ചെയ്യാൻ വിട്ടുപോയി എന്ന പ്രശ്നമാണ് ആ മഹാത്മാവിനെ മരണശയ്യയിൽപോലും അലട്ടിക്കൊണ്ടിരുന്നത്!

◆

# സമ്പത്ത് സമൂഹത്തിന്ന്

ഇസ്ലാം അതിൻെറ സാമ്പത്തികവ്യവസ്ഥ പടുത്തുയർത്താൻ ശ്രമിക്കുന്ന പൊതുവായ ചുററുപാട് ഞാൻ വിവരിച്ചത്, ചുററുപാട് ഇക്കാര്യത്തിൽ അതിപ്രധാനമായ ഒരു വസ്തുതയായിരിക്കയാലാണ്. ഒരു വിത്ത് എത്ര ഗുണവത്തായാലും അതിൻെറ വളർച്ചയ്ക്ക് അനുഗുണമായ മണ്ണിലും കാലാവസ്ഥയിലും നട്ടാലേ അത് മുളച്ച് പൊന്തുകയുള്ളൂ. അനുകൂലമായ പരിതസ്ഥിതിയാണെങ്കിൽ സാധാരണ നിലയിലുള്ള വിത്തും നല്ല ഫലങ്ങൾ പുറപ്പെടുവിച്ചേയ്ക്കും. ഇസ്ലാം നിർദ്ദേശിക്കുന്ന സാമ്പത്തികവ്യവസ്ഥ മറെറാരു ചുററുപാടിൽ തഴച്ചുവളരാൻ സാദ്ധ്യതയില്ല. മുകളിൽ ചിത്രീകരിച്ച തരത്തിലുള്ള പൊതുവായ ജീവിതസമീപനം ഒഴിച്ചുകൂടാത്ത മുന്നുപാധിയാകുന്നു. ഈ മുന്നുപാധി കൂടാതെ വേണ്ടത്ര ഗുണഫലങ്ങൾ പുറപ്പെടുവിച്ചു എന്നു വരില്ല.

സാമ്പത്തികവ്യവസ്ഥകളെ മൂന്നായി തരംതിരിക്കാം: ഒന്നാമത്തേത്, സൗകര്യവ്യവസ്ഥ എന്നു വേണമെങ്കിൽ പറയാം. യഥാർത്ഥത്തിൽ ഇതൊരു വ്യവസ്ഥയേ അല്ല. ഈ സാമ്പത്തികഘടനയിൽ ആസൂത്രണമോ അതിൻെറ പിന്നിൽ വസ്തുനിഷ്ഠമായ ഒരാശയമോ പ്രവർത്തിക്കുന്നില്ല, വ്യക്തിപരവും ദേശീയവും ആയ കാര്യങ്ങളെ തരംതിരിച്ച് കാണുകയോ അവയ്ക്കിടയിൽ നല്ലതേതാണെന്ന് തെരഞ്ഞെടുക്കു

കയോ ചെയ്യുന്ന യാതൊന്നും ഈ രൂപത്തിലുള്ള സാമ്പത്തിക സമൂഹങ്ങളിൽ കാണപ്പെടുകയില്ല. നിശ്ചിതമായ ഒരു നയത്തിൻെറ അഭാവത്തിൽ 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന പ്രാകൃതത്വമാണ് ഈ സമൂഹത്തിൻെറ സ്വഭാവമെന്ന് പറയാം.

രണ്ടാമത്തേത്, ദേശീയ അടിസ്ഥാനത്തിലുള്ളതാണ്. വ്യക്തിനിഷ്ഠമായ പ്രവർത്തനങ്ങളേക്കാാം പൊതുവായ ഉന്നമനത്തെയും നൻമയേയും ലക്ഷ്യമാക്കിയുള്ള നയപരിപാടികാംക്ക് ഈ സമൂഹത്തിൽ ഊന്നൽ നൽകപ്പെടുന്നു.

മൂന്നാമത്തേത്, സ്വകാര്യവ്യവസ്ഥ. വ്യക്തിനിഷ്ഠമായ പരിശ്രമങ്ങാംക്ക് മുൻതൂക്കം നൽകുന്ന ഈ സംവിധാനത്തിൽ വ്യക്തി അവൻെറ താൽപര്യങ്ങളെ മറേറതെങ്കിലും പരിഗണനയ്ക്ക് വിധേയമാക്കുന്നതിനെ അനുകൂലിക്കുന്നില്ല.

ഈ മൂന്ന് വ്യവസ്ഥകളിൽ ആദ്യത്തേതിനെ ഇസ്ലാം യുക്തിരഹിതവും കൊള്ളരുതാത്തതും ആയി തള്ളിക്കളയുന്നു. മനുഷ്യൻെറ എല്ലാ പ്രവർത്തനരംഗങ്ങളിലും മാർഗ്ഗദർശകമായിരിക്കുന്ന ജീവിതവീക്ഷണവുമായി ബന്ധപ്പെട്ട ഒരു സാമ്പത്തിക വ്യവസ്ഥ നടപ്പാക്കുകയാണ് ഇസ്ലാമിൻെറ ലക്ഷ്യം. ആദ്യത്തെ ഇനത്തിൽപെടുന്ന സമൂഹങ്ങളെ കിഴങ്ങുകളും പച്ചിലകളും തിന്ന് ജീവിക്കുന്ന പ്രാകൃതജനത്തോട് സാമ്യപ്പെടുത്താവുന്നതാണ്.

രണ്ടാമത്തേയും മൂന്നാമത്തേയും ഇനത്തിൽപെട്ട സാമ്പത്തിക വ്യവസ്ഥകാംക്കിടയിൽ സുധീരവും സ്വതന്ത്രവുമായ ഉപാധികാം നിർദ്ദേശിച്ചു കൊണ്ടു

ള്ളതാണ് ഇസ്ലാമിക സാമ്പത്തിക വ്യവസ്ഥ. സുനിശ്ചിതമായ ഒരു ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ ഒരു തോട്ടം വളർത്തിയെടുക്കുന്ന ഒരാളോട് ഇസ്ലാമിനെ ഉപമിക്കാവുന്നതാണ്. ഓരോ ചെടിയ്ക്കും ആവശ്യമായ ശുശ്രൂഷകൾ നൽകിയും കളകൾ പറിച്ചുനീക്കിയും അയാൾ ആ പൂന്തോട്ടത്തെ സംരക്ഷിക്കുന്നു.

## പ്രകൃതിവിഭവങ്ങൾ-ഇസ്ലാമികവീക്ഷണം

സമ്പത്തിന്റെ കാര്യത്തിൽ ഇസ്ലാമിന്റെ അടിസ്ഥാനവീക്ഷണം ഇതാണ്:

''ഭൂമിയിലുള്ളതൊക്കെയും നിങ്ങൾക്കുവേണ്ടി സൃഷ്ടിച്ചവനാണവൻ.'' (ഖുർആൻ, 2:30).

നദികൾ, പർവ്വതങ്ങൾ, ഖനികൾ എന്നിവയും മനുഷ്യർക്ക് ഉപകാരമുള്ള മററ് പ്രകൃതിവിഭവങ്ങളും മനുഷ്യവംശത്തിന് മുഴുവനുമായുള്ള പ്രയോജനാർത്ഥം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. ഏതെങ്കിലും ഒരു വിഭാഗത്തിന്നോ രാജ്യത്തിന്നോ വർഗ്ഗത്തിന്നോ ഏതെങ്കിലും ഒരു വ്യക്തിക്കോ പ്രത്യേകാവകാശം അതിൻമേൽ ഉന്നയിച്ചുകൂടാ എന്നർത്ഥം. പ്രകൃതിവിഭവങ്ങൾ മനുഷ്യർക്ക് പ്രയോജനപ്പെടുത്താം. നദികളും പല രൂപേണയും സമ്പത്ത് ഉൽപാദിപ്പിക്കുന്നു. അപ്പോലെതന്നെ, മലകൾ വിദ്യുച്ഛക്തിയുടെ ഉറവിടങ്ങളാണ്. കാർഷികവിളകൾ, ഔഷധപരവും വാണിജ്യപരവുമായ മൂല്യങ്ങളുള്ള പല തരം രാസവസ്തുക്കൾ എന്നിവ ഭൂമിയിൽനിന്ന് പ്രത്യക്ഷമായും പരോക്ഷമായും ലഭിക്കുന്നു. അപ്പോലെതന്നെ, സമുദ്രോൽപന്നങ്ങളും അളവില്ലാതെ

ലഭിക്കുന്നുണ്ട്. ഇവയെല്ലാംതന്നെ മനുഷ്യർക്ക് പൊതുവെ അവകാശപ്പെട്ടതാണ്. ഇവയുടെമേൽ കുത്തകാവകാശം ഒരു പ്രത്യേക വ്യക്തിക്കോ വർഗ്ഗത്തിന്നോ വകവെച്ച് കൊടുത്തുകൂടാ. വെളുത്തവരും കറുത്തവരും ഫറോവമാരും അവരുടെ പിന്തുടർച്ചക്കാരും ഹിററ്ലർമാരും റൂസ്വൽററ് ചർച്ചിൽമാരും, ഭരണാധിപൻമാരും ഭരണീയരും ഉന്നതൻമാരും താണവരും എല്ലാം അവരവരുടെ പങ്കിന് അവകാശപ്പെട്ടവരാണ്. അത് ആർക്കും നിഷേധിച്ചുകൂടാ.

രണ്ടാമത്തെ തത്വം ഇതാണ്:

''അല്ലാഹു നിങ്ങൾക്ക് നൽകിയ ധനത്തിൽനിന്നും നിങ്ങൾ അവർക്ക് (വലതുകൈക്കടമപ്പെട്ടവർക്ക്) നൽകുവിൻ'' (24:34).

ഇവിടെ പ്രയോഗിച്ച 'അവർക്ക്'' (ഹും) എന്ന സർവ്വനാമം സന്ദർഭമനുസരിച്ച് അടിമകൾക്ക് – യുദ്ധത്തടവുകാർക്ക്– അതായത്, സ്വന്തത്തിൽ മോചനമൂല്യം നൽകി വിടുതൽ നേടാൻ കഴിവില്ലാത്തവരും, ബന്ധുക്കളോ തങ്ങൾ ആർക്ക്വേണ്ടി യുദ്ധം ചെയ്തുവോ ആ ഭരണകൂടമോ മോചനമൂല്യം നൽകി വിടുതൽ നേടിക്കൊടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിലകപ്പെട്ടവരും ആയ തടവുകാർ എന്നാണ് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഈ ശോച്യാവസ്ഥയിലായ യുദ്ധത്തടവുകാരെ സംബന്ധിച്ചേടത്തോളം ഇസ്ലാമികപാഠം, അവർ ആരുടെ സംരക്ഷയിലാണോ അവർ അല്ലെങ്കിൽ ആ സ്ഥാപനം ആ തടവുകാർക്ക് സ്വാതന്ത്ര്യം വീണ്ടെടുക്കാൻ കഴിയുമാറ് എന്തെങ്കിലും തൊഴിൽ ഏർപ്പെടുത്തിക്കൊടുക്കണമെന്നാണ്. ഒരു വ്യക്തിയോ ഒരു രാഷ്ട്രമോ ഒരു

സമ്പത്തിൻമേൽ പ്രത്യേകമായ അവകാശം നേടിയി ട്ടുണ്ടെങ്കിൽതന്നെ സ്വന്തം കാലിൽ നിൽക്കാനുള്ള കഴി വ് ജീവിതത്തിലെ അവസ്ഥാന്തരങ്ങളിൽ തട്ടിയെടു ത്തുകളയപ്പെട്ട നിർഭാഗ്യവാൻമാർ അവരുടെ സംര ക്ഷണത്തിൽ ഉള്ളപക്ഷം അവർക്ക് ആ സമ്പ ത്തിൻെറ ഒരുഭാഗം നൽകണം. എന്തെന്നാൽ, ആ സമ്പത്ത് ദൈവത്തിൽനിന്ന് ലഭിച്ചതത്രെ. തന്നി മിത്തം, ദൈവത്തിൻെറ എല്ലാ സൃഷ്ടികൾക്കും അവ രുടെതായ പങ്ക് അവകാശപ്പെടാം.

ഇസ്ലാമികവീക്ഷണത്തിൽ ഈ ലോകത്തുള്ള സകല സമ്പത്തും മനുഷ്യർക്ക് പൊതുവായി അവ കാശപ്പെട്ടതാണെന്ന് മേലുദ്ധരിച്ച വാക്യങ്ങളിൽ നിന്ന് വ്യക്തമാകുന്നു. ഈ സമ്പത്തിൻെറ യഥാർ ഥമായ ഉടമാവകാശം അല്ലാഹുവിന്നാകയാൽ ഈ ധനം കൈകാര്യം ചെയ്യുന്നതിൽ അധികാരപ്പെടു ത്തിയ നിബന്ധനകൾക്കനുസരിച്ചു മാത്രമെ ആർ ക്കും അയാളുടെ ഓഹരി ഉപയോഗപ്പെടുത്താൻ പാടുള്ളൂ.

## പ്രവാചകദർശനം

സമ്പത്തിൻെറ ഉടമാവകാശം സംബന്ധിച്ച ഈ അടിസ്ഥാനദർശനം ദൈവത്തിൻെറ പ്രവാചകൻമാർ എക്കാലങ്ങളിലും ഘോഷിച്ചുപോന്നിട്ടുള്ളതാണെ ന്നും ഖുർആൻ മനസ്സിലാക്കിത്തരുന്നു. മററുള്ള വരുടെ അവകാശങ്ങൾ ഹനിക്കുന്നതിന്നെതിരിലും രാജ്യത്ത് കലാപവും കുഴപ്പവും സൃഷ്ടിച്ചുവിടു ന്ന തരത്തിൽ ധനം ആർജ്ജിക്കയും വിനിയോഗിക്ക യും ചെയ്യുന്നതിന്നെതിരിലും ശുഐബ്നബി (അ) തൻെറ ജനത്തെ താക്കീതു ചെയ്തപ്പോൾ അവർ ഇപ്രകാരം പ്രതികരിച്ചതായിഖുർആൻ പറയുന്നു:

''അവർ പറഞ്ഞു, ഓ ശുഐബേ, ഞങ്ങളുടെ പൂർവപിതാക്കൾ ആരാധിച്ചു കൊണ്ടിരുന്നതിനെ ഞങ്ങൾ ഉപേക്ഷിക്കണമെന്നോ അല്ലെങ്കിൽ, ഞങ്ങളുടെ ധനത്തിൽ ഞങ്ങളുദ്ദേശിക്കുന്ന വിധം പ്രവർത്തിക്കുന്നത് ഒഴിവാക്കണമെന്നോ നിന്നോട് കൽപിക്കുന്നതു നിൻെറ നമസ്കാരമാണോ? ഓ നീയൊരു ശാന്തശീലനും സൻമാർഗ്ഗ കുതുകിയും തന്നെ.'' (ഖുർആൻ, 11:88.)

സമ്പത്തിൻെറ ഉടമാവകാശവും ഉപയോഗവും സംബന്ധിച്ച രണ്ട് വീക്ഷണഗതികളെ കുറിച്ചാണ് ഈ വാക്യത്തിൽ പറയപ്പെട്ടിട്ടുള്ളത്.

1. സമ്പത്തും സമ്പത്തിനോടനുബന്ധിച്ചുള്ള എല്ലാ അധികാരശക്തികളും ദൈവത്തിൽനിന്നുള്ള ഒരു സൂക്ഷിപ്പുമുതലാണെന്നും ആകയാൽ, സമ്പത്ത് സ്വരൂപിക്കുന്നതിലും വിനിയോഗിക്കുന്നതിലും ആർക്കും സ്വാതന്ത്ര്യാവകാശം ഇല്ലെന്നുമുള്ള ഇസ്ലാമികവീക്ഷണം.

2. സമ്പത്ത് ഉടമസ്ഥന്നുമാത്രം അവകാശപ്പെട്ടതാണെന്നും ആ അവകാശത്തിൽ യാതൊരു നിയന്ത്രണവും നിബന്ധനയും നിശ്ചയിച്ചുകൂടെന്നുമുള്ള വീക്ഷണം.

സമ്പത്ത് ഒരുമിച്ചുകൂട്ടുന്നതിന്ന് അവലംബിക്കപ്പെടാറുള്ള സാധാരണരീതിമുറകളെ ഇസ്ലാമിക വീക്ഷണം അപലപിക്കുന്നു. നിയമാനുസൃതമാർഗങ്ങളിലൂടെ സമ്പത്ത് കൈവന്നാൽ ചില ഉത്തരവാദിത്തങ്ങൾ ഏൽക്കാൻ തയ്യാറാകേണ്ടതുണ്ടെന്നു ഇസ്ലാം നിർദ്ദേശിക്കുന്നു. ന്യായമോ അന്യായമോ

ആയ മാർഗ്ഗങ്ങളിൽ ധനം നേടാനും മററുള്ളവർക്ക് ഉപദ്രവം ചെയ്യുന്ന തരത്തിൽ സ്വന്തം നേട്ടങ്ങാംക്ക് വേണ്ടി മാത്രമായി അത് കയ്യടക്കിവെക്കുകയും വി നിയോഗിക്കയും ചെയ്യാനും ആഗ്രഹിക്കുന്ന മനു ഷ്യൻെറ ഭൌതികവും സ്വാർത്ഥമാത്രവുമായ താൽപ ര്യങ്ങളെയും പ്രവണതകളെയുമാണ് ഇസ്ലാമികേതര വീക്ഷണങ്ങാം പ്രതിനിധാനം ചെയ്യുന്നത്.

## ദുർബലവിഭാഗങ്ങളുടെ ഉന്നമനം

ഇസ്ലാം ആവിർഭവിച്ച ആദ്യകാലത്ത്തന്നെ ദരിദ്രരുടെയും മർദ്ദിതരുടെയുംനേരെ അനുകമ്പ യും അവരെ ഉദ്ധരിക്കാനുള്ള ആകാംക്ഷയും പ്ര കടിപ്പിക്കപ്പെട്ടു പോന്നിട്ടുണ്ട്. ഖുർആനിലെ ആദ്യത്തെ അദ്ധ്യായങ്ങാം ഈ വസ്തുത വ്യ ക്തമാക്കിത്തരുന്നു. ദരിദ്രരെ ഉദ്ധരിക്കുന്നതി ന്നും അവരെ സ്വന്തംകാലിൽ നിറുത്തുന്നതിന്നും അങ്ങനെ അവർക്ക് നിർബാധം മുന്നോട്ടുപോകാൻ സാദ്ധ്യമാക്കുന്നതിന്നും ദരിദ്രരുടെയും ദുർബ്ബലരു ടെയും നേരെയുള്ള ശക്തിമത്തായ സഹാനുഭൂതി യും സമഭാവനയും പ്രകടിപ്പിക്കുന്നത് ദൈവപ്രീതി നേടുന്നതിന്ന് മാത്രമല്ല, രാഷ്ട്രപുരോഗതിയ്ക്കും അത്യാവശ്യമായിട്ടുള്ളതാണെന്ന് സത്യവിശ്വാസികളെ ഉൽബോധിപ്പിക്കുന്ന സൂക്തങ്ങാം ഖുർആനിൽ ഉട നീളം കാണാൻ കഴിയും. ഇസ്ലാമികനിയമങ്ങാം മുഴുവനും വെളിപ്പെട്ടുതുടങ്ങീട്ടില്ലാത്ത അവസരത്തി ലാണ്, നമസ്കാരം നോമ്പ് തുടങ്ങിയ ഭക്തിചര്യ കങ്ങളും കർമ്മങ്ങളും സംബന്ധിച്ച വിശദവിവരങ്ങാം പോലും അറിയപ്പെട്ടിട്ടില്ലാത്ത ഘട്ടത്തിലാണ് ഇക്കാ ര്യങ്ങാം ഊന്നിപ്പറഞ്ഞിരുന്നതെന്ന വസ്തുതയറിയു മ്പോാം, ദരിദ്രവിഭാഗങ്ങളുടെ പ്രശ്നത്തിന് ഇസ്ലാം

എത്രത്തോളം അടിസ്ഥാനപരമായ പ്രാധാന്യവും അടിയന്തരത്വവുമാണ് കൽപിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും.

ആദ്യമായി വെളിപ്പെട്ട ഖുർആൻ അദ്ധ്യായം 'സൂറ അലഖ്' ആണെന്ന് ചരിത്രം പറയുന്നു. ഈ അദ്ധ്യായത്തിലെ ഉൽഘാടനവചനങ്ങളാണ് ആദ്യമായി വെളിപ്പെട്ടിരുന്നത്. പിന്നീടുള്ള കാലങ്ങൾക്കിടയിൽ കുറേശ്ശക്കുറേശ്ശയായി മററു ഭാഗങ്ങളും വെളിപ്പെട്ടു. തുടർന്നുണ്ടായ നാല് അദ്ധ്യായങ്ങളും ആത്മാഭിഭാഷണങ്ങൾ (Soliloquy) ആണെന്നാണ് വിശ്രുത യൂറോപ്യൻ ഓറിയൻറലിസ്ററ് ആയിരുന്ന സർ വില്യംമൂയിർ പ്രസ്താവിച്ചിട്ടുള്ളത്. ദൌത്യത്തിന്നു മുമ്പ് തിരുനബിയുടെ മനസ്സിൽ തിങ്ങിനിറഞ്ഞിരുന്ന വിചാരവികാരങ്ങളുടെ പ്രതിഫലനമാണ് ഈ അദ്ധ്യായങ്ങളെല്ലാമെന്നത്രെ അദ്ദേഹത്തിൻെറ പക്ഷം. 'അൽബലദ്', 'അശ്ശംസ്', 'അല്ലൈൽ' 'അസ്സുഹാ' എന്നിവ ഈ അദ്ധ്യായങ്ങളിൽപെടുന്നു. സൂറത്ത് അലഖിന്നുശേഷം വെളിപ്പെട്ടവയാണിവയെന്നു മുസ്ലിംപണ്ഡിതൻമാരെല്ലാം ഒരുപോലെ സമ്മതിച്ചിട്ടുമുണ്ട്. ചരിത്രപരമായ തെളിവുകൾ ഇതിനെ സാധൂകരിക്കുകയും ചെയ്യുന്നു. എന്നാൽ, ഇവയെല്ലാം കുറേക്കൂടി മുമ്പ് വെളിപ്പെട്ടവയാണെന്നത്രെ സർ വില്യമിൻെറ അഭിപ്രായം. ഏതായാലും, ഇസ്ലാമികവീക്ഷണങ്ങളുടെ ഏററവും ആദ്യത്തെ പ്രതിഫലനങ്ങളാണ് അവയിൽ അടങ്ങീട്ടുള്ളതെന്നതിൽ സംശയമില്ലല്ലോ! ദരിദ്രജനങ്ങളുടെ കഷ്ടപ്പാടുകളുടെ നേരെ ഇസ്ലാമിന്നുള്ള അഗാധമായ ഉൽക്കണ്ഠയും അനുകമ്പാഭാവങ്ങളും ചൂണ്ടി

ക്കാണിക്കുന്നതിന്നു 'സൂറ ബലദ്'ദിൽനിന്നുള്ള ഒരൊററ സൂക്തം ഞാനിവിടെ ഉദ്ധരിക്കട്ടെ:

## ധാർമികപുരോഗതിയുടെ ഗിരിമാർഗം

ഖുർആൻ പറയുന്നു:

"ഞാൻ വളരെയധികം ധനം നശിപ്പിച്ചുവെന്ന് അവൻ പറയുന്നു. തന്നെ ആരും കാണില്ലെന്ന് അവൻ ധരിക്കുന്നുവോ? രണ്ട് കണ്ണുകളും ഒരു നാവും രണ്ട് ചുണ്ടുകളും നാം അവന്ന് നൽകിയില്ലയോ? രണ്ട് പെരുവഴികളും നാം അവനു കാട്ടിക്കൊടുക്കുകയും ചെയ്തുവല്ലോ. അവൻ ആ ഗിരിമാർഗത്തിൽ സാഹസപ്പെട്ട് കടന്നില്ല ആ ഗിരിമാർഗം എന്തെന്നു നിനയ്ക്കെന്തറിയാം? അടിമയെ മോചിപ്പിക്കുക. അല്ലെങ്കിൽ അടുത്ത ബന്ധമുള്ള അനാഥന്നോ കടുത്ത ദുരിതമനുഭവിക്കുന്ന അഗതിയ്ക്കോ വിശപ്പിൻെറ നാളിൽ ഭക്ഷണം നൽകുക. എന്നിട്ട്, അവൻ സത്യവിശ്വാസം സ്വീകരിക്കുകയും, പരസ്പരം സഹനം കൈക്കൊള്ളാനും അന്യോന്യം കരുണ കാണിക്കാനും ഗുണദോഷിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവനുമാകണം". (90:7-8).

'ലുബദ്' എന്നതിൻെറ അർത്ഥം കൂമ്പാരത്തിനുമേൽ കൂമ്പാരം എന്നാണ്. സമ്പന്നൻ നിസ്സാര കാര്യങ്ങൾക്ക്‌വേണ്ടി ധനം ദുർവ്യയം ചെയ്യുന്നതിതിനെ സംബന്ധിച്ച ശരിയായ ഒരു വിവരണം ആണ് ഇത് നൽകുന്നത്. കണക്കില്ലാത്ത ധനം സ്വായത്തമാക്കിയിട്ടുള്ളവർ തങ്ങളുടെ അഭീഷ്ടത്തിനൊത്ത് നിസ്സാരകാര്യങ്ങൾക്കായിട്ട് ധൂർത്തടിച്ച് ചെലവ് ചെയ്ത് ദുരഭിമാനം പുലർത്തുന്നതിൽ ആഹ്ളാദം കൊള്ളുന്നു. തങ്ങളുടെ ധനത്തിൻെറ പെരിപ്പ

വും പ്രൗഢിയും പ്രകടിപ്പിച്ചു ബഹുജനം തങ്ങളുടെ മുമ്പിൽ വിനയത്തോടും ഭയത്തോടുംകൂടി കുമ്പിടണമെന്ന് അഥവാ, കുനിഞ്ഞുനിൽക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. എന്നാൽ, ഈ ധൂർത്തടിക്ക് ആരുടെയും മുമ്പിൽ ഉത്തരം പറയേണ്ടതില്ലെന്നും അവർ കരുതുന്നുണ്ടോ? ദരിദ്രലക്ഷങ്ങൾ നാട്ടിൽ നട്ടംതിരിയുമ്പോൾ, ഇവർ വിഭവസമൃദ്ധമായ സദ്യകൾക്ക് വേണ്ടി ധനം കോരിച്ചൊരിയുന്നു. ഇത്തരം ധാരാളിത്തം രാജ്യത്തിന്ന് ഒരുതരത്തിലും ഗുണം ചെയ്യുന്നില്ല പാവങ്ങൾക്ക് ഒരാശ്വാസവും കൈവരുത്തുന്നില്ല. ധനവാൻെറ സമ്പത്തിൻെറ പെരുപ്പം കൊട്ടിയറിയിക്കാൻ മാത്രമെ അത് സഹായകമായിരിക്കുന്നുള്ളു. എന്നാൽ അതേ അവസരത്തിൽ അടിച്ചമർത്തപ്പെട്ടവരുടെ വേദനകളും യാതനകളും അവസാനിപ്പിക്കാനുള്ള ആശ്വാസനടപടികൾ ഇവരുടെ ഭാഗത്ത് നിന്ന് ഉണ്ടാവുന്നുമില്ല. പാവങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളുടെ നേരെ സമ്പന്നർ കരുതിക്കൂട്ടിത്തന്നെ കണ്ണടക്കുകയാണ് ചെയ്യുന്നത്. ഭൂതദയാപരമായ എല്ലാ ചിന്തകളിൽനിന്നും അവർ ഒളിച്ചോടുന്നു. ലക്ഷക്കണക്കിൽ ആളുകളുടെ ജീവിതം ദുർഭരമാക്കിത്തീർക്കുന്ന സാമൂഹ്യസാമ്പത്തിക വിഷമങ്ങളെക്കുറിച്ച് അവർക്കൊരു ശ്രദ്ധയുമില്ല. മനുഷ്യപ്രകൃതിയുടെ അടിത്തട്ടിൽ നിന്നുയരുന്ന ആന്തരത്രാസങ്ങളെ തികച്ചും അവഗണിച്ചുകൊണ്ടാണ് അവരിതെല്ലാം ചെയ്യുന്നത്. മനുഷ്യപ്രകൃതിയുടെ അടിവേരുകൾ സാമൂഹ്യപ്രവണതകളിലും പരിപൂർണ്ണതയെ അഥവാ, ദൈവത്തെ പ്രാപിക്കാനുള്ള വെമ്പലുകളിലും ആത്മീയബന്ധങ്ങളിലുമാണ് ആഴത്തിൽ കിഴിഞ്ഞിറങ്ങുന്നത്. ഈ ആന്തരത്രാസങ്ങൾ ചെങ്കു

ത്തായ അത്യന്തദവിഷ്ടവും ദുർഗ്ഗമവുമായ ഗിരി മാർഗത്തിലേയ്ക്ക് കയറിച്ചെല്ലാൻ അവനെ ആഹ്വാനം ചെയ്യുന്നു. എന്നാൽ, സുഖഭോഗിയായ കുബേരൻ ഇരുഠം പരന്ന പ്രത്യക്ഷദൃശ്യങ്ങളിൽനിന്ന് അറപ്പോടെ മാറിക്കളകയും വെറും മരീചികയായി മാറുന്ന മഴവില്ലുകളുടെ വർണ്ണഭംഗികഠം തേടി പച്ചപ്പാടങ്ങളും പച്ചളിപ്പുള്ള മേടുകളും താണ്ടിക്കടക്കുന്നതിൽ സുഖം കണ്ടെത്തുകയുമാണ് ചെയ്യുന്നത്.

അലസരായ സമ്പന്നർ ഹീനമായ സുഖാനുഭൂതികഠംക്ക്വേണ്ടി ധനം ദുർവിനിയോഗം ചെയ്യുന്നതിന്ന് നാനാതരം മാർഗങ്ങഠം കണ്ടുപിടിച്ചിട്ടുണ്ട്. ശീട്ടുകഠം, മദിര, മദിരാക്ഷി, നടികഠം, നർത്തകികഠം അങ്ങനെ പോകുന്നു അവരുടെ കേളീരംഗങ്ങഠം. എന്തെങ്കിലും അപാകതയോ വൃത്തികേടോ നിങ്ങളിതിൽ കാണുന്നു എന്നിരിക്കട്ടെ: ഉടൻ നിങ്ങഠംക്കൊരു കലാപ്രേമിയായി മാറാം! എന്നുവച്ചാൽ, വിലപിടിച്ച ശിൽപങ്ങളും പെയിൻറിങ്ങുകളും— അവയധികവും നഗ്നകന്യകകളുടെതാവും—മൽസര വിലകൊടുത്തു വാങ്ങി സൂക്ഷിക്കാം. അല്ലെങ്കിൽ കവിസദസ്സുകഠം— 'മുശായിറ'കഠം—വിളിച്ചുകൂട്ടി കവിതകഠം ചൊല്ലിക്കേഠംക്കാം. ഇമ്പമാർന്ന കവിതാശകലങ്ങഠം കേട്ട് ഹരംകൊള്ളുമ്പോഠം അവരുടെ മുമ്പിൽ പൊന്നും വെള്ളിത്തുട്ടുകളും വാരിയെറിഞ്ഞാൽ നിങ്ങളൊരു സഹൃദയനും കലാകുതുകിയും ആയി മാറും! ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്ന, മേനികഠം ചുക്കിച്ചുളിഞ്ഞ അമ്മമാരുടെ വേപഥുപൂണ്ട കൈകളിൽ കിടന്നു ചുളിചൂചുകം ഈമ്പിപ്പിടിക്കുന്ന എല്ലുന്തിയ കുഞ്ഞുമക്കഠം ആയിരമായിരം ഗൃഹങ്ങളിൽനിന്ന് ദീനരോദനം മുഴക്കിക്കൊണ്ടിരിക്കെ തിമർത്തു തുള്ളുന്ന മത്ത്പിടിച്ച ആട്ട

ക്കാരികളുടെയും തേവിടിശ്ശികളുടെയും കാലുക ളിൽ വെള്ളിനാണയങ്ങൾ വാരിച്ചൊരിയുന്ന മുത ലാളിമാരാണിവർ!

## അടിമകളും അനാഥരും

ഗിരിമാർഗം അഥവാ മേലോട്ടുള്ള വഴിയെപ്പററി ഇവിടെ നൽകിയ വിവരണം വളരെ സ്പഷ്ടവും ഉള്ളുതട്ടുന്നതുമാണ്. ശ്രമാവഹമായ ഒരു പ്രക്രിയ യിലൂടെ ധാർമികപുരോഗതി കൈവരിക്കുന്നതി നെ കുറിക്കുന്ന ഒരു ആലങ്കാരികപ്രയോഗമാണി ത്. എല്ലാ സൻമാർഗഗുണങ്ങളുടെയും അടിവേ രാണ് അനുകമ്പയും ഭൂതദയയും. സ്വഗൃഹങ്ങളിൽ നിന്നും കുടുംബബന്ധങ്ങളിൽനിന്നും അകന്ന് വി ദേശമണ്ണിൽ വിയർപ്പുതിർക്കുന്ന അടിമക്കൂട്ടങ്ങളെ കാണുമ്പോൾ മനുഷ്യന്റെ അനുകമ്പാഭാവങ്ങൾ ഉറ ന്നുവരുന്നു. ഈ അടിമക്കൂട്ടങ്ങളെ കാണുമ്പോൾ അനുകമ്പ തള്ളിവരാതിരിക്കയും തങ്ങളുടെ ഉററവ രുടെയും ഉടയവരുടെയും ഇടയിലേയ്ക്ക് വീണ്ടും അവർ ചെന്നെത്തി സ്വാതന്ത്ര്യത്തിന്റെ ശുദ്ധവാ യു ശ്വസിക്കാൻ കഴിയുമാറാകണമെന്ന അഗ്രഹം നമ്മിൽ അങ്കുരിക്കാതിരിക്കുകയുമാണെങ്കിൽ മാനു ഷികമായ അനുകമ്പാഭാവം നമ്മിൽ മരിച്ചുകഴിഞ്ഞെ ന്നും സമൂഹത്തെ തമ്മിൽ ബന്ധിച്ചുനിറുത്തുന്ന കണ്ണി അററുപോയെന്നും ആണ് മനസ്സിലാക്കേ ണ്ടിയിരിക്കുന്നത്. ഒരു അടിമയെ എപ്പോൾ എവി ടെവച്ചു കഴിയുന്നുവോ അപ്പോൾ അവിടെവച്ചുതന്നെ മോചിപ്പിക്കേണ്ടതു ധാർമികപുരോഗതിയുടെ ആദ്യ പടിയാണെന്നും പട്ടിണികിടക്കുന്ന വരെ തീററുക യും മററു പ്രകാരത്തിൽ കഷ്ടപ്പെടുന്ന ദരിദ്രൻമാർ ക്ക് ആശ്വാസം കൈവരുത്തുകയും ചെയ്യുന്നതും അത്രതന്നെ പ്രധാനമാണെന്നും ഖുർആൻ ഉൽബോധി

പ്പിക്കുന്നു. സ്വന്തത്തിൽ സുഖജീവിതം നയിക്കുന്നതിന്നു ധനം ദുർവിനിയോഗം ചെയ്യുകയും വിഭവസമൃദ്ധമായ വിരുന്നുകളും സദ്യകളും നൽകി ധൂർത്തടിക്കുകയും ചെയ്യുന്നതു ധാർമികാധപതനത്തിൻെറ നിദർശനമാകുന്നു.

"ബന്ധുക്കളുള്ള അനാഥർ" എന്ന പദപ്രയോഗത്തിനും ഒന്നിലധികം അർത്ഥങ്ങളുണ്ട്. ധനികനുമായി ബന്ധുത്വമുള്ള അനാഥരെമാത്രം ബാധിക്കുന്നതല്ല ഇത്. ഇവിടെ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള തരത്തിൽ കടുത്ത പട്ടിണിയിടുന്നവരായി ബന്ധുത്വം അവകാശപ്പെടുന്ന അനാഥരെ ചുരുക്കം ചില ധനികൻമാർ മാത്രമെ വിട്ടുപോരുന്നുള്ളു. നേരെമറിച്ചു, ഈ ലോകത്തിൽ തനിച്ചായുള്ള അനാഥർക്ക്പോലും സംരക്ഷണം ലഭിക്കാതെ പോകുന്നില്ല. എന്തെന്നാൽ, അവരുടെ തികഞ്ഞ നിസ്സഹായത അനുകമ്പാപ്രകടനം അനിവാര്യമാക്കിത്തീർക്കുന്നുണ്ട്. എന്നാൽ, ജീവിച്ചിരിക്കുന്ന ബന്ധുക്കളുടെ അനുകൂലസാഹചര്യങ്ങളുണ്ടെന്ന് സംശയിക്കപ്പെടുന്നവർ അവഗണിക്കപ്പെടാനാണ് ഏററവുമധികം സാധ്യതയുള്ളത്. അവരുടെ ബന്ധുക്കൾക്ക് അവരെ സഹായിക്കാനുള്ള ഉപാധികളോ അഥവാ സന്നദ്ധതയോ ഇല്ലാതിരിക്കയും, ബന്ധുക്കളല്ലാത്തവർ അവരുടെ കഷ്ടപ്പാടുകളെപ്പററി പൂർണ്ണമായും അറിഞ്ഞിട്ടില്ലാതിരിക്കയും ചെയ്യുമ്പോൾ അവർ നിശ്ചയമായും കടുത്ത പട്ടിണിയിൽതന്നെ കഴിയേണ്ടിവരും. ഇത്തരത്തിലുള്ള അനാഥരെപററിയാണ് ഖുർആൻ ഇവിടെ സൂചിപ്പിച്ചിട്ടുള്ളതെന്നു മനസ്സിലാക്കാം. സഹാനുഭൂതിയും അനുകമ്പാഭാവവും കേവലം മരവിച്ചുപോയിട്ടില്ലാത്ത ഒരു സമൂഹത്തിൻെറ ദാക്ഷിണ്യം ഇവിടെ ഉണർത്തപ്പെടുന്നു.

മനുഷ്യസമൂഹത്തിന്റെ ക്ഷേമത്തെ മുൻനിർത്തി സുചിന്തിതമായ ആശ്വാസസഹായങ്ങൾ നല്കാൻ അർഹതപ്പെട്ടവരുടെ ചെറുതെങ്കിലും വസ്തുനിഷ്ഠമായ പട്ടികയിൽ ഒടുവിലായി പറയപ്പെട്ടവർ അമ്പരപ്പിക്കുന്ന ദയനീയചിത്രം അവതരിപ്പിക്കുന്നവരത്രെ. കഠിനമായ അരിഷ്ടതകൾ കാരണം മണ്ണ് പോലെ കാലിന്നടിയിൽ ചവിട്ടിത്തള്ളപ്പെടുന്ന ഒരു പാവത്തിന്റെ ചിത്രം, ഈ വാക്യത്തിലെ 'ദാ മർത്തബാ' (മണ്ണിൽ പുരണ്ടവർ) എന്ന പദപ്രയോഗം ചവിട്ടേററു വീഴുന്ന തരത്തിലുള്ള അങ്ങേയററത്തെ ദാരിദ്ര്യം ആണ് സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള കഷ്ടതകൾ പ്രതിഷേധശബ്ദമുയർത്താനുള്ള കഴിവു പോലും നഷ്ടപ്പെടുത്തിക്കളയും. ഗൃഹംതോറും ആശ്വാസവും തേടിപ്പോകുന്ന ഭിക്ഷാടനക്കാരുണ്ട്. 'ഇല്ല' എന്ന് ഒരിക്കലും കേൾക്കാൻ കൂട്ടാക്കാത്ത യാചകൻമാരുണ്ട്. ഉടൻ സഹായം നൽകിയില്ലെങ്കിൽ അലമുറ കൂട്ടുന്നവരുണ്ട്. എന്നാൽ, മറെറാരു തരക്കാർ കൂടിയുണ്ട്. അവർ പ്രത്യേകമൊരു ഗണം തന്നെയാണ്. പൊതുവായ സഹാനുഭൂതികൊണ്ട് കച്ചവടം നടത്താൻ തയ്യാറില്ലാത്തവർ; തങ്ങളുടെ പട്ടിണിയും നഗ്നതയും ദുരിതങ്ങളുമെല്ലാം മറച്ചു പിടിക്കുന്നവർ. അവർക്ക് ട്രേഡ് യൂണിയനുകളില്ല. വയറൊട്ടിയവരെങ്കിലും ചുണ്ടുകൾ അനങ്ങാത്തവർ. രോഗം കൊണ്ടു വലഞ്ഞവരെങ്കിലും ദുഃഖത്തിൽ മുങ്ങിയാലും ഒച്ചപ്പാടുകൾ കൂട്ടാതെ ഒരിടത്തു കഴിഞ്ഞു കൂടുന്നുവർ. കൂട്ടുകാരെ നേടിക്കൊടുക്കാൻ അവർക്ക് സഹായകരില്ല. അവർക്ക് ജീവിതത്തിൽ ഒരാശയില്ല. പ്രവർത്തിക്കാൻ ഊർജ്ജമില്ല ഇത്തരത്തിൽ ശോകമൂകരായി കഷ്ടപ്പെട്ടുവലയുന്നവരെ തേടിപ്പിടിച്ചു അവരുടെ വ്രണി

ത ഹൃദയങ്ങളിൽ കുളിർചൊരിയാൻ ഇസ്ലാം ധനികരോടു ആവശ്യപ്പെടുന്നു. ദരിദ്രരുടെ സേവനാർഥം തങ്ങാക്ക് ചെയ്യാവുന്നതെല്ലാം ചെയ്തുകഴിഞ്ഞ ശേഷവും തങ്ങാ ദാനധർമങ്ങളിൽ മററുള്ളവരെയ്ക്കാം മുന്നിലാണെന്നു കരുതാതിരിക്കത്തക്കവണ്ണം ധാർമികപുരോഗതിയുടെ ഉന്നതശ്രേണികളിലേയ്ക്കു ഉയരാൻ ഇസ്ലാം ധനികരെ ഉൽബോധിപ്പിക്കുന്നു. പരമകാരുണികനും കരുണാനിധിയുമായ സർവാധിനാഥൻെറ കല്പനയനുസരിച്ച് പ്രവർത്തിക്കാൻ കഴിയുമാറായതിൽ അവൻെറ മുമ്പിൽ വിനയാന്വിതനായിരിക്കണമെന്നും ദൈവസാഹായമില്ലെങ്കിൽ ആ പതനത്തിലെത്താൻ തനിയ്ക്ക് സാദ്ധ്യമല്ലെന്നു ഓർത്തിരിക്കണമെന്നും ആണ് ഇസ്ലാം പഠിപ്പിക്കുന്നത്.

## ഉത്തരവാദിത്വബോധം

ഖുർആൻ ഇപ്രകാരം ഉൽബോധിപ്പിക്കുന്നു:

"പരസ്പരം സഹനം കൈക്കൊള്ളാൻ ഉപദേശിക്കയും അന്യോന്യം കരുണകാണിക്കാൻ ഗുണദോഷിക്കുകയും ചെയ്വിൻ'' (9u:18 .

ഈ ഗിരിമാർഗത്തിൻെറ അടുത്തപടി രാഷ്ട്രത്തിൻെറ അഥവാ, സമൂഹത്തിൻെറ ദുരിതങ്ങാക്കും കഷ്ടതകാക്കുമെല്ലാം താൻകൂടി ഉത്തരവാദിയാണെന്നൊരു ബോധം ഉണ്ടായിരിക്കുകയെന്നതാണ്. മററുള്ളവർ കഷ്ടപ്പെടുമ്പോാ നമുക്ക് സ്വാസ്ഥ്യത്തിൻെറ മധുരിമ നുകരാനാവില്ല നമ്മുടെ നാട്ടിലെ അവസ്ഥ ഇതാണ്: ഇവിടെ സിവിൽസപ്ലൈസ് സർക്കാറിൻെറ നിയന്ത്രണത്തിലാണ്. ധനികരും സ്വാധീനമുള്ളവരും ആവശ്യംപോലെ സാധനങ്ങാ കൈക്കലാക്കുമ്പോാ, പാവപ്പെട്ടവരും സ്വാധീനമില്ലാത്തവരും സാധനങ്ങാ കിട്ടാതെ കഷ്ടപ്പെടുന്നു. അത്തരം കാര്യങ്ങാ

ഒററയ്ക്കൊരാരാം ചെയ്തു തീർക്കേണ്ടതല്ല. ബന്ധുമിത്രാദികളിൽകൂടി പ്രേരണ ചെലുത്തിയും സമ്മർദ്ദം നടത്തിയും ഉൽബോധനങ്ങരാം നൽകിയും കാര്യങ്ങരാം കൂട്ടായി നിർവ്വഹിക്കണം.

ചുരുക്കത്തിൽ, ഇസ്ലാം അതിൻെറ പ്രാരംഭഘട്ടത്തിൽതന്നെ ഈ പാഠങ്ങരാം ലോകത്തിനു നൽകികഴിഞ്ഞിട്ടുണ്ട്. എന്നുവച്ചാൽ, ഖുർആൻ വെളിപ്പെട്ടു തുടങ്ങിയ ആദ്യഘട്ടത്തിൽതന്നെ, ഖുർആൻെറ മുഴുവൻ കല്പനകളും അവതരിച്ചുകഴിഞ്ഞിട്ടില്ലാത്തപ്പോരാം തന്നെ, ഇസ്ലാം മക്കയിൽപോലും അറിഞ്ഞുതുടങ്ങീട്ടില്ലാത്തപ്പോരാം തന്നെ, ദിവ്യദൌത്യവാദം പുറപ്പെടുവിക്കുന്നതിന് തിരുനബിയെ പ്രേരിപ്പിച്ച ചേതോവികാരങ്ങളും ചിന്താധാരകളും പ്രവണതകളും ഇവയായിരുന്നു എന്നാണ് സർ വില്യം മുയിർ അഭിപ്രായപ്പെട്ടത്. 'ഓതുക' 'പ്രഖ്യാപിക്കുക' 'വിളിച്ചുപറയുക' എന്നൊക്കെ അർഥങ്ങളുള്ള 'ഇഖ്റഅ്' എന്ന വാക്കിലടങ്ങിയ ആ ദൈവകല്പന ജനങ്ങളെ കേരംപ്പിക്കാനും അവരെ ഉൽബോധിപ്പിക്കാനുമുള്ള നിർദ്ദേശമാണ് ആദ്യത്തെ വെളിപാടുകളിൽ അടങ്ങീട്ടുള്ളതെന്നു നാം വിശ്വസിക്കുന്നു. ഏതു തരത്തിലായാലും ഇസ്ലാം അതിൻെറ ആരംഭദശയിൽതന്നെ വ്യക്തിസ്വാതന്ത്ര്യങ്ങളും വ്യക്തിപരിശ്രമങ്ങളും അനുവദിച്ചിരുന്നെങ്കിൽകൂടി ഏതാനും ചിലർ സുഖിച്ചുകഴിയുകയും മററുള്ളവർ പട്ടിണിയും പാശ്ശാരവുമായി കഴിഞ്ഞുകൂടുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയെ ഒട്ടും അനുവദിക്കാൻ കൂട്ടാക്കിയിരുന്നില്ലെന്നത് വളരെ വ്യക്തമാണ്.

# അടിമവ്യവസ്ഥ

മനുഷ്യജീവിതത്തിലെ പ്രകൃതിവിരുദ്ധവും അയുക്തികവുമായ എല്ലാ സാമൂഹ്യ അസമത്വങ്ങളുടെയും അടിവേര് അതിപുരാതനകാലം മുതൽ തുടർന്നുവന്നിട്ടുള്ള അടിമവ്യവസ്ഥയിലാണെന്ന വസ്തുത നാം ഓർമിക്കേണ്ടതുണ്ട്. ഇസ്ലാം ഈ അസമത്വങ്ങളെ വളരെ ബുദ്ധിപൂർവമായും കണിശമായും തടഞ്ഞു. ലോക സാമ്പത്തികഘടനയിൽ അടിമവ്യവസ്ഥയുടെ സ്വാധീനം എത്രത്തോളമായിരുന്നുവെന്നു ഇന്നു നമുക്ക് പൂർണ്ണമായും ഗ്രഹിക്കാൻ സാദ്ധ്യമല്ല. എന്നാൽ, അതിൻെറ ആഘാതം, വളരെ വ്യാപകവും അത്യഗാധവുമാണെന്നു ചിന്തിച്ചാൽ മനസ്സിലാകും. അതുകൊണ്ടുതന്നെയാണ് ഇസ്ലാം ഈ മനുഷ്യത്വഹീനമായ സമ്പ്രദായത്തെ അപ്പടി അവസാനിപ്പിച്ചത്.

എന്നാൽ, ഇസ്ലാമിൻെറ ആവിർഭാവത്തിന്നുമുമ്പും ഇസ്ലാം ആവിർഭവിച്ചു ഒരു നിശ്ചിതകാലം വരെയും, ലോകത്തിൻെറ വലിയൊരു ഭാഗത്ത് അടിമവ്യവസ്ഥ നിലനിന്നുപോന്നിരുന്നു. റോമ, ഗ്രീസ്, ഈജിപ്ത്, പേർസ്യ എന്നിവിടങ്ങളിലെ ചരിത്രം പഠിക്കുമ്പോൾ ഈ പ്രാചീന സംസ്കാരങ്ങളിലെ സാമ്പത്തികഘടന അടിമപ്പണിയെ ആശ്രയിച്ചായിരുന്നു എന്നു കാണാൻ കഴിയും. രണ്ടു വഴിയിലൂടെയാണ് അടിമകളെ സമ്പാദിച്ചിരുന്നത്. ഒന്ന്— അയൽരാജ്യങ്ങളുമായുള്ള യുദ്ധത്തിൽ പിടിച്ചെടുക്കുന്ന തടവുകാരെ അടിമകളാക്കുക. ശത്രുരാജ്യത്തെ ശക്തിഹീനമാക്കുന്നതിന് വേണ്ടി കരുതിക്കൂട്ടി ആക്രമണങ്ങൾ സം

ഘടിപ്പിച്ചുകൊണ്ടിരിക്കുകയും അങ്ങിനെ തടവുകാരെ പിടിക്കാനുള്ള രംഗമൊരുക്കുകയും ചെയ്യുന്നു. രണ്ട്- ശക്തിയുള്ള രാഷ്ട്രത്തിലെ ആളുകൾ പരിഷ്കാരം കുറഞ്ഞ ദേശങ്ങളിൽനിന്ന് യുദ്ധത്തിന്റെ മറയൊന്നും കൂടാതെതന്നെ ആണുങ്ങളെയും പെണ്ണുങ്ങളെയും കുട്ടികളെയും പിടിച്ചു കൊണ്ടുപോകുക. രണ്ടാമത്തെ രീതി പതിനെട്ടാംനൂററാണ്ടിന്റെ അവസാനം വരെ തുടർന്നു പോന്നിട്ടുണ്ട്. വടക്കെ അമേരിക്കയിലെ യൂറോപ്യൻ കുടിയേററക്കാർക്കുവേണ്ടി കുറഞ്ഞ കൂലിയ്ക്കു പണി എടുപ്പിക്കാനായി അടിമകളെ പിടിക്കാൻ ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരങ്ങളിൽ യൂറോപ്യൻ രാഷ്ട്രങ്ങൾ നിരന്തരം ആക്രമണങ്ങൾ നടത്തികൊണ്ടിരുന്നു. അമേരിക്കയിലെ നീഗ്രോക്കാർ പിന്നീട് സ്വതന്ത്രരായിത്തീർന്ന ഇത്തരം അടിമകളുടെ സന്താനപരമ്പരയാണ്.

വളരെ ചുരുങ്ങിയ കൂലിക്ക് നിർബന്ധജോലി ചെയ്യിക്കുന്നതു മുഖേന കൈവരുന്ന വമ്പിച്ച സാമ്പത്തിക ശക്തിയാണ് മുൻകാലങ്ങളിൽ സുശക്തരാജ്യങ്ങൾ അടിമവ്യവസ്ഥ നടപ്പാക്കിപ്പോന്നതിന്നു പിന്നിലുണ്ടായിരുന്ന പ്രലോഭനമെന്നു കാണാം. അടിമകൾ പല വിധത്തിലും ചൂഷണം ചെയ്യപ്പെട്ടിരുന്നു. അവരെക്കൊണ്ടു വ്യവസായശാലകളിലും കൃഷിപ്പാടങ്ങളിലും തോട്ടങ്ങളിലും പണിയെടുപ്പിക്കുകയോ വ്യാപാരവും വാണിജ്യവും പരിപോഷിപ്പിക്കുന്നതിന്നു പുറംനാടുകളിലേക്ക് കപ്പലോട്ടാൻ അവരെ ഉപയോഗപ്പെടുത്തുകയോ ചെയ്തുപോന്നു. ഈ ഒടുവിൽപറഞ്ഞ കൂട്ടരെ ചരിത്രത്തിലും സാഹിത്യത്തിലും 'കപ്പലടിമകൾ' (Galley Slaves) എന്നാണ് പറയപ്പെട്ടിട്ടുള്ളത്. മാനുഷികവികാരങ്ങളെയും മനുഷ്യപ്രകൃതിയുടെ ഉദാത്തഭാവങ്ങളെയും പിച്ചിച്ചീന്തുന്ന കൂട്ടുകെട്ടുകളെ കുറിക്കുന്ന ഹീനമായ ഒരു പദപ്രയോഗമാണിത്.

## അടിമകൾ അരുത്.

അടിമപ്പണിക്കാരെ സൃഷ്ടിക്കുന്ന ഈ രണ്ടുതരം രീതികളെയും ഇസ്ലാം ഖണ്ഡിതമായും നിരോധിക്കുന്നു. ഖുർആൻ പറയുന്നു:

''ശരിയായ ഒരു യുദ്ധത്തിലല്ലാതെ തടവുകാരെ പിടിക്കുന്നതു റസൂലിന്ന് വിഹിതമോ അനുവദനീയമോ അല്ല. നിങ്ങൾ ഈ ലോകത്തിലെ തരംതാണ വസ്തുക്കൾ കാംക്ഷിക്കുന്നു; അല്ലാഹു ആകട്ടെ നിങ്ങൾക്കായി പരലോകനൻമ ഇച്ഛരിക്കുന്നു. അല്ലാഹു ശക്തവാനും സൂക്ഷ്മജ്ഞനും അത്രെ'' (8:67.)

പ്രഖ്യാപിതമായ ഒരു വ്യവസ്ഥാപിതയുദ്ധത്തിൽ ഉണ്ടാകുന്ന ശരിയായ ഏററുമുട്ടലിന്നു ശേഷമല്ലാതെ തടവുകാരെ പിടിക്കുന്നതിനെ ഇസ്ലാം ശരീഅത്ത് അനുകൂലിക്കുന്നില്ലെന്നു ഇതിൽനിന്ന് വ്യക്തമാണ്. മതപരമായ പ്രശ്നങ്ങളിൽനിന്ന് ഉണ്ടാകുന്ന യുദ്ധത്തിന്നിടയിൽ മാത്രം പൊരുതിക്കൊണ്ടിരിക്കെ യുദ്ധരംഗത്ത്വച്ച് ആയുധത്തോടെ പിടിക്കപ്പെടുന്നവരെയോ, ശത്രുസേനയെ സഹായിക്കുന്നതായി കാണപ്പെട്ടവരെയോ മാത്രമെ തടവുകാരായി പിടിക്കാൻ പാടുള്ളൂ. അടിമത്വത്തിൻെറ ആപത്തിൽനിന്ന് പൗരജനത്തിന്നു സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന ഈ ഉപാധി നിർബന്ധജോലി ചെയ്യിക്കുന്നതിന്നു പരിഷ്കാരം കുറഞ്ഞവരായ അയൽ രാജ്യങ്ങളിലെ ആളുകളെ തെരഞ്ഞുപിടിക്കുന്ന സാഹചര്യം തീരെ ഇല്ലാതാക്കുന്നു.

''നിങ്ങൾ ഈ ലോകത്തിലെ വിലകുറഞ്ഞ കാര്യങ്ങൾ കാംക്ഷിക്കുമ്പോൾ അല്ലാഹു നിങ്ങൾക്കുവേണ്ടി പരലോകനൻമ ഇച്ഛരിക്കുന്നു.'' (8:67)

ശത്രുക്കളിലും മററുജനതകളിലും നടപ്പുള്ള ആചാരങ്ങാം വച്ചുനോക്കുമ്പോാം, സാർവ്വത്രികമായി ഉപയോഗപ്പെടുത്തി വരുന്ന സൗകര്യപ്രദമായ ഒരു ആയുധം നഷ്ടപ്പെടുന്നു എന്നതിനാൽ ഈ തത്വം സാമ്പത്തികദൃഷ്ട്യാ മുസ്ലിംകാംക്ക് ദോഷകരമായിത്തോന്നാമെങ്കിലും ഈ ക്രൂരമായ സമ്പ്രദായത്തിൻെറ ഉള്ളിൽ ഒളിച്ചിരിക്കുന്ന സാമൂഹ്യവും സാമ്പത്തികവുമായ ആപത്തുകളെന്തെന്ന അല്ലാഹു നല്ലവണ്ണം അറിഞ്ഞിരിക്കുന്നവനാണെന്നും, അന്തിമവിശകലനത്തിൽ മുസ്ലിംകാംക്ക് ഒട്ടേറെ ഗുണകരമായിരിക്കുന്ന മറെറാരു മാർഗമാണ് അല്ലാഹു നിർദ്ദേശിച്ചിട്ടുള്ളതെന്നും ആണ് ഈ വാക്യത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. ആ മാർഗം മുസ്ലിംകാംക്ക് ഈ ലോകത്ത് സമാധാനവും പരലോകത്ത് ദൈവത്തിൻെറ തൃപ്തിയും നേടിത്തരുന്നു.

നേരിട്ടുള്ള യുദ്ധത്തിൽ യുദ്ധരംഗത്ത് വച്ചല്ലാതെ തടവുകാരെ പിടിക്കാൻ ഇസ്ലാം അനുവദിക്കുന്നില്ലെന്നത് സംശയാതീതമാണ്. ഇസ്ലാമിക ചരിത്രത്തിലെ ആദ്യകാലഘട്ടങ്ങളിൽ ഈ തത്വം കണിശമായി പ്രയോഗത്തിൽ വരുത്തിയിരുന്നു. ഹസ്റത്ത് ഉമറിൻെറ ഭരണകാലത്ത് യമനിൽനിന്നുള്ള ഒരു പ്രതിനിധിസംഘം ഖലീഫയെ കണ്ടു നിവേദനം നടത്തുകയുണ്ടായി. ഇസ്ലാമിന്നുമുമ്പു, അയൽ രാജ്യത്തിലെ ഒരു ക്രിസ്ത്യൻഗോത്രം തങ്ങളെ കാരണം കൂടാതെ അടിമകളാക്കിയിരിക്കുകയാണെന്നായിരുന്നു അവരുടെ പരാതി. അധികാരോത്തരവാദിത്തങ്ങാം മുസ്ലിംകളുടെ ചുമലിൽ വന്നുവീഴുന്നതിന്നു മുമ്പാണ് ഈ സംഭവം ഉണ്ടായതെങ്കിലും താനിക്കാര്യം പരിശോധിക്കുന്നതാണെന്നും പരാതികാം സത്യമാണെന്നു കാണുന്നപക്ഷം അവരെ സ്വതന്ത്രരാക്കുന്നതാണെന്നും ഉമർ(റ) മറുപടി നൽകി. ഏഴാം നൂററാ

ങ്ങളിൽ ഇസ്‌ലാം അനുവർത്തിച്ച ഈ ഉൽബുദ്ധമായ നിലപാടിന്ന് വിപരീതമായി പരിഷ്കൃതരെന്നു പെരുമ്പറയടിക്കപ്പെടുന്ന യൂറോപ്യൻ കൃസ്തീയ രാഷ്ട്രങ്ങൾ *പതിനെട്ടാം നൂററാണ്ടിൽപോലും സ്വീകരിച്ചത് അഭിലഷണീയമായ ഒരു നയമായിരുന്നില്ലെന്ന് ചരിത്രം രേഖപ്പെടുത്തീട്ടുണ്ട്.

## യുദ്ധത്തടവുകാർ

യുദ്ധത്തടവുകാരെ സ്വതന്ത്രരാക്കുന്നതു സംബന്ധിച്ച ഇസ്‌ലാമിക പാഠം ഇതാണ്:

"അവരെ കീഴ്പെടുത്തി കഴിഞ്ഞാൽ നിങ്ങൾ യുദ്ധത്തടവുകാരെ മുറുക്കിക്കെട്ടുക; എന്നിട്ട്, ഒന്നുകിൽ ഔദാര്യം കാണിച്ചു വിട്ടയക്കുക. അല്ലെങ്കിൽ അവരോട് പ്രായശ്ചിത്തം വാങ്ങി വിടുക— യുദ്ധം അതിൻെറ ഭാരം ഇറക്കി വെക്കുന്നതുവരെ" (47:5).

അതായത്, ഒന്നുകിൽ നഷ്ടപരിഹാരം ആവശ്യപ്പെടാതെ തടവുകാരെ നിരുപാധികം വിട്ടയക്കണം. അല്ലെങ്കിൽ, നഷ്ടപരിഹാരം വസൂലാക്കി അവരെ സ്വതന്ത്രരാക്കണം. ഈ രണ്ടു വഴികളല്ലാതെ ഇവിടെ മൂന്നാമതൊരു വഴി പറഞ്ഞിട്ടില്ല. ഇസ്‌ലാമിൻെറ നിയമം അങ്ങേയററം മനുഷ്യസ്നേഹപരവും ഉദാത്തവുമാണെന്നു തെളിയിക്കുന്ന മററു രണ്ടു സാഹചര്യങ്ങളിലുള്ള നിർദ്ദേശങ്ങൾ കൂടി പറയട്ടെ: നഷ്ടപരിഹാരം നൽകാനുള്ള സഹായോപാധികളൊന്നും

* ആഫ്രിക്കയിൽനിന്ന് നീഗ്രോ അടിമകളെ അമേരിക്കൻ വൻകരയിലേയ്ക്ക് പോർച്ചുഗീസുകാർ ജീസസ് (Jesus) എന്ന പേരുള്ള കപ്പലിലാണ് ആദ്യമായി കടത്തിക്കൊണ്ടുപോയതെന്ന് വി. കെ. കൃഷ്ണമേനോൻ ചൂണ്ടിക്കാണിച്ചതായി സർദാർ കെ. എം. പണിക്കർ Malabar & the Portugese എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. (വിവ.)

ഇല്ലാത്ത യുദ്ധത്തടവുകാരുടെ കാര്യത്തിൽ എന്തു ചെയ്യണം? അവർ ഒന്നും ഇല്ലാത്തവരാണ്. ആരും അവരെ ശ്രദ്ധിക്കുന്നില്ല ആർക്ക്വേണ്ടി അവർ ആയുധമെടുത്തുപോരാടിയോ അവരും തിരിഞ്ഞുനോക്കുന്നില്ല. ഇത്തരക്കാർ ശാശ്വതമായ അടിമത്തത്തിന്നു ഇരയാകണമെന്നാണോ? 'അരുത്' എന്നാണ് ഇസ്‌ലാം നൽകുന്ന കല്പന.

"അടിമകളിൽ, യുദ്ധത്തടവുകാരിൽ മോചനഉടമ്പടി എഴുതാൻ ആവശ്യപ്പെടുന്നവരുമായി– അവരിൽ നൻമയുണ്ടെന്നു നിങ്ങൾക്ക് ബോദ്ധ്യമായാൽ– നിങ്ങൾ അവരുമായി കരാറെഴുതി രേഖപ്പെടുത്തുക. അല്ലാഹു നിങ്ങൾക്ക് നല്കിയ ധനത്തിൽനിന്ന് നിങ്ങൾ അവർക്ക് നല്കുകയും ചെയ്യുക." (24:34).

ഇവിടെ ഒരു യുദ്ധത്തടവുകാരനും അയാളെ കസ്റ്റഡിയിൽ വെച്ചിട്ടുള്ള ആളും തമ്മിൽ എഴുതിയുണ്ടാക്കേണ്ട കരാർ പത്രികയെപററിയാണ് പറഞ്ഞിട്ടുള്ളത്. നഷ്ടപരിഹാരതുക നല്കാൻ തടവുകാരന് വകയില്ലാതെ വരുന്നപക്ഷം ഗഡുക്കളായി തുക അടച്ചുതീർക്കാൻ കരാറുണ്ടാക്കാവുന്നതാണ്. ഈ ബോണ്ട് എഴുതി ഒപ്പിട്ടു കഴിഞ്ഞ ഉടൻ തടവുകാരൻ അഥവാ അടിമ സ്വതന്ത്രനാക്കപ്പെടും. താനിഷ്ടപ്പെടുന്ന ഏതു തൊഴിലിലും ഏർപ്പെടുവാൻ അയാൾ അനുവദിക്കപ്പെടുകയും ചെയ്യും. ഈ കൃത്യത്തിൽ തന്റെ സൻമനോഭാവത്തിന്റെ സൂചനാനടപടിയെന്നോണം ഉടമസ്ഥൻ തന്റെ ആസ്തിയിലൊരു പങ്ക്, അയാൾക്ക് സുപരിചിതമായ ഒരു തൊഴിൽ ചെയ്യാനുള്ള മുതലിറക്കായി ഉപയോഗപ്പെടുത്തുന്നതിന്നുവേണ്ടി അനുവദിക്കണമെന്നും ഖുർആൻ നിർദ്ദേശിക്കുന്നു. അടിമതടവുകാരൻ തൊഴിൽ ചെയ്തു വരുമാനമുണ്ടാക്കിയാൽ നിശ്ചിതഗഡുവിൽ കൂടുതലായി ആ ഉടമസ്ഥ

ന്നു അഥവാ തടവുകാരന്റെ കസ്റ്റോഡിയന്നു അയാ ളിൽനിന്നു കൈപററാൻ അവകാശമുണ്ടായിരിക്കയില്ല.

അടിമവ്യവസ്ഥയെ സംബന്ധിച്ചേടത്തോളം ഇസ്ലാമിന്റെ സമഗ്രവും നീക്കുപോക്കില്ലാത്തതുമാ യ നിയമങ്ങളാണിവ. ഈ നിയമങ്ങൾ പ്രാവർത്തിക മാക്കപ്പെടുമ്പോൾ സ്വയമേവ ഈ വ്യവസ്ഥതന്നെ അപ്രത്യക്ഷമാകുന്ന വിധത്തിലാണ് അതു ആവിഷ്ക രിക്കപ്പെട്ടിരിക്കുന്നത്. പ്രഖ്യാപിതയുദ്ധത്തിൽ, ശരി യക്കുള്ള പോരാട്ടത്തിൽ മാത്രമല്ലാതെ ആരെയും യുദ്ധ ത്തടവുകാരാക്കാൻ പാടുള്ളതല്ല. യുദ്ധത്തിൽ ഏററു മുട്ടുന്ന ഭടൻമാരെയോ പടക്കളത്തിൽ സഹായസേവ നത്തിൽ ഏർപ്പെട്ടിട്ടുള്ളവരെയോ മാത്രമേ തടവുകാ രായി പിടിക്കാൻ പാടുള്ളൂ. ഇസ്ലാമിന്നു മുമ്പുള്ള കാലങ്ങളിൽ അടിമകളാക്കപ്പെടുന്നതിന്നു അംഗീകരിക്ക പ്പെട്ടുപോന്ന രീതികളോട് താരതമ്യപ്പെടുത്തിനോക്കി യാൽ മേൽതത്വം അടിമവ്യവസ്ഥയുടെ അടിത്തറ ത കർക്കുന്നതാണെന്നു കാണാൻ പ്രയാസമില്ല.

രണ്ടാമതായി, അനിവാര്യമായ ഒരു തിൻമ എന്ന നിലയിൽ യുദ്ധത്തടവുകാരെ പിടിച്ചാൽതന്നെയും യുദ്ധം അവസാനിപ്പിക്കുന്നതോടെ ഒരു ഔദാര്യപ്രക ടനം എന്ന നിലയിലോ ന്യായമായ പ്രായശ്ചിത്ത ത്തുക നൽകുന്നതോടെയോ- ഇതു യുദ്ധച്ചെല വിന്റെ തോതനുസരിച്ചിരിക്കും- അവർ സ്വതന്ത്ര രാക്കപ്പെടുന്നതാണ്. നഷ്ടപരിഹാരം നൽകാൻ കഴി വില്ലാതെവരികയോ, തുക നൽകാൻ ആശ്രയക്കാരോ ഗവൺമെൻറാ മുന്നോട്ടു വരാതിരിക്കയോ ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരം നിസ്സഹായരായിട്ടുള്ള വർക്ക് തങ്ങൾ തൊഴിൽമുഖേനയുള്ള വരുമാനത്തിൽ നിന്നും ഗഡുക്കളായി തുക അടച്ചുതീർക്കാമെന്ന് ക രാർ ചെയ്തു കൊണ്ട് സ്വാതന്ത്ര്യം വീണ്ടെടുക്കാൻ ക ഴിയുന്നതാണ്. ഈ കരാർ ബാദ്ധ്യത ഏറെറടുക്കുന്ന

നിരാശ്രയരായ തടവുകാർക്ക് ജീവനോപായം നേടാനു ളള സംരംഭത്തിൽ മൂലധനം ഒരുക്കിക്കൊടുക്കാൻ സ ഹായിക്കണമെന്നാണ് ഖുർആൻ അനുശാസിച്ചിട്ടുളളത്.

ഒരു യുദ്ധത്തെത്തുടർന്നു തടവുകാരെ വളരെ ക്കാലം അടിമകളെന്നോണം വെച്ചു പുലർത്തുന്നതി നുളള യാതൊരു പഴുതും ഭൂതദയാപരമായും ദൂരകാ ഴ്ചയോടുകൂടിയും ആവിഷ്കരിക്കപ്പെട്ട ഈ നിയമ ങ്ങൾ നല്കുന്നില്ലെന്നു വ്യക്തമാണ്. മേൽപ്രകാ രമുളള അസാധാരണവും അത്ഭുതപൂർവവുമായ ഇളവു കളും സ്വാതന്ത്ര്യം വീണ്ടെടുക്കാനുളള പ്രോത്സാഹ നങ്ങളും നൽകപ്പെട്ടിട്ടും ഈ വ്യവസ്ഥകൾ ഒരാൾ തനി ക്കനുകൂലമായി ഉപയോഗപ്പെടുത്താൻ കൂട്ടാക്കുന്നി ല്ലെങ്കിൽ അതിന്നർഥം ആ തടവുകാരൻ തന്റെ ബന്ധം സ്വന്തം ജനങ്ങൾക്കിടയിൽ സ്വതന്ത്രനായി കഴിയുന്ന തിനെക്കാൾ ആശ്വാസകരമായിക്കരുതുന്നു എന്നു മാത്രമായിരിക്കുമല്ലോ.

## നിറന്ന ചരിത്രങ്ങൾ

നിയമപുസ്തകങ്ങളിൽ ഭദ്രമായി പൊതിഞ്ഞു വച്ച വെറും കടലാസു നിയമങ്ങളാണിതെല്ലാമെന്നു ആരും കരുതേണ്ടതില്ല. ഈ നിയമങ്ങളെല്ലാം കർശനമാ യി നടപ്പാക്കിയിരുന്നു എന്നതിലേയ്ക്കുളള തെളിവു കൾ ഇസ്ലാമികചരിത്രത്തിൽ ഉടനീളം കാണാം. ഒരു ഉദാഹരണം മാത്രം പറയട്ടെ: ഹസ്രത്ത് ഉമറിനെ കു ത്തിക്കൊന്ന ആൾ അസംതൃപ്തനായ ഒരടിമയായി രുന്നു. അയാൾ മേൽപ്രകാരം ബോണ്ടെഴുതിക്കൊടു ത്തു സ്വതന്ത്രനായിത്തീർന്ന ഒരടിമയായിരുന്നു. ഒരു കരകൗശലവിദഗ്ധൻ (Skilled Artisan) ബോണ്ടുപ്ര കാരമുളള നിശ്ചിതഗഡു അയാൾക്കു നിഷ്പ്രയാ സം അടച്ചുതീർക്കാവുന്ന തുച്ഛമായ തുകയായി രുന്നു. തനിക്കു നിശ്ചയിച്ച ഗഡു ഭാരിച്ചതാണെ ന്നും അതുകൊണ്ടു ഇളവനുവദിക്കണമെന്നും ആവശ്യ

പ്പെട്ടു അയാൾ ഖലീഫായ്ക്കു നിവേദനം നടത്തി. ഉമർ (റ) ഇക്കാര്യം പരിശോധിച്ചപ്പോൾ അയാളുടെ വരുമാനം നിശ്ചയപത്രമെഴുതിയ ഘട്ടത്തിൽ കണക്കാക്കിയിരുന്നതിനേക്കാൾ എത്രയോ ഇരട്ടിയാണെന്നു കാണുകയാൽ അപേക്ഷ തള്ളിക്കളഞ്ഞു. ഇതു അയാളെ കോപാന്ധനാക്കി. വംശീയപരിഗണനകളാൽ തൻെറ ന്യായ്യമായ ആവലാതി തള്ളിക്കളയുകയും തനിക്ക് നീതി നിഷേധിക്കപ്പെടുകയുമാണുണ്ടായതെന്നാണ് അയാൾക്ക് തോന്നിയത്. എന്തെന്നാൽ, അയാളൊരു പേർഷ്യക്കാരനും അയാളുടെ പഴയ യജമാനൻ ഒരു അറബിയും ആയിരുന്നു. അങ്ങനെ അയാൾ പിറേറന്നാൾതന്നെ വലിയൊരു കഠാരയും അരയിലൊളിപ്പിച്ചു പള്ളിയിൽ വന്നു. ഉമർ (റ) നമസ്കാരത്തിന്നു നേതൃത്വം വഹിക്കാനായി അണികൾ മുറിച്ചുകടന്നുവരുമ്പോൾ അയാൾ അദ്ദേഹത്തിൻെറ നെഞ്ചിൽ കഠാരയിറക്കുകയും ചെയ്തു.

## ഉദാരമായ പെരുമാററം

യുദ്ധത്തടവുകാരോടുള്ള പെരുമാററത്തെ സംബന്ധിച്ചിടത്തോളമുള്ള ഇസ്ലാമിൻെറ അനുശാസനങ്ങളും അങ്ങേയററം മനുഷ്യസ്നേഹപരമാണെന്നു കാണാം. ക്ലേശകരമായ ഒരു പ്രവൃത്തിയിലാണ് അവർ ഏർപ്പെട്ടിട്ടുള്ളതെങ്കിൽ യജമാനനും പണിയിൽ കൂട്ടുചേർന്നു സഹായിക്കണമെന്നും, കർക്കശവും, രൂക്ഷവും, അവഹേളനപരവുമായ ഭാഷയിൽ അവരോടു സംസാരിക്കരുതെന്നും, വിയർപ്പു ആറുന്നതിന്നുമുമ്പായിതന്നെ കൂലികൊടുത്തു തീർക്കണമെന്നും മററും നിഷ്കർഷിച്ചിട്ടുണ്ട്. കോപത്തിൽ യജമാനൻ കയ്യേററം ചെയ്യുകയോ, പ്രഹരിക്കുകയോ ചെയ്തുപോയെങ്കിൽ ആ അടിമ ഉടൻ സ്വതന്ത്രനായി തീരുന്നവിധം പ്രതിക്രിയാനിയമങ്ങൾ പ്രാവർത്തികമായി തീരും.

യജമാനൻെറ അതേതരത്തിലും അളവിലും തടവുകാര ന് ആഹാരം നൽകണം. വസ്ത്രധാരണത്തിലും വി വേചനം കാണിക്കാൻ പാടില്ല. മുസ്ലി-കളുടെ അധീ നത്തിൽ യുദ്ധത്തടവുകാരായി കഴിയേണ്ടിവന്നവർ പലപ്പോഴും തിരിച്ചുപോകാൻ കൂട്ടാക്കാതിരുന്നുവെ ങ്കിൽ എന്താണൽഭുതം? അടിമയ്ക്ക് തന്നെയും പരാ തി പറയാനില്ലാത്ത സാഹചര്യം സൃഷ്ടിക്കുന്ന ഒരു അടിമത്തത്തെ എതിർക്കാൻ ആർക്കെന്തവകാശമുണ്ട്?

ഇവിടെ ആനുഷംഗികമായിട്ടുമാത്രമാണ് അടിമ വ്യവസ്ഥയെക്കുറിച്ച് ഞാൻ പ്രതിപാദിച്ചത്. വിഷ യത്തിൻെറ ഗൗരവം കണക്കിലെടുത്ത് അൽപം വിശ ദീകരിക്കുന്നതു ആവശ്യമാണെന്നു തോന്നി. രാഷ്ട്ര ങ്ങളുടെ സാമ്പത്തികജീവിതവുമായി അടിമവ്യവ സ്ഥ കെട്ടുപിണഞ്ഞു കിടന്നിട്ടുള്ളതായി ലോകചരി ത്രം തെളിയിച്ചുകാട്ടുന്നു. റഷ്യൻ സാമ്പത്തികഘടന യുടെ അടിവേരുകരം അടിമപ്പണിയുടെ (Serf Labour) നേട്ടങ്ങളിലാണ് ആഴത്തിൽ ചെന്നിറങ്ങുന്നതെന്നു കാ ണാം. രാഷ്ട്രീയതടവുകാരുടെ അടിമ ജോലിയിലൂ ടെയാണ് സൈബീരിയയുടെ വികസനം റഷ്യ സാധിച്ചെടുത്തിട്ടുള്ളത്. അത്ലാന്തിക് സമുദ്രം കടത്തി ആദ്യകാലകുടിയേററക്കാർക്ക് അടിമകളായി വിൽപന നടത്തപ്പെട്ട ആഫ്രിക്കൻ നീഗ്രോക്കാരുടെ വി യർപ്പുതുള്ളികളാണ് അമേരിക്കൻ സാമ്പത്തികപുരോ ഗതിയുടെ അടിസ്ഥാനം. ഗ്രീക്കുകാരുടെയും റോമാ ക്കാരുടെയും വ്യാപാരവ്യവസായങ്ങരം അടിമപ്പണി യിലാണ് പടുത്തുയർത്തിട്ടുള്ളതെന്ന് അവരുടെ ചരി ത്രങ്ങരം വിളിച്ചോതുന്നു. പുരാതന ഈജിപ്തും ഹീ നമായ ഈ സാമ്പത്തിക ഉപാധിയെ ചൂഷണം ചെയ്തുപോന്നു. ഫ്രാൻസിൻെറയും, സ്പെയിനിൻെറ യും ദശകങ്ങരംക്കപ്പുറത്തെ പ്രതാപങ്ങരം അടിമകരം അർപ്പിച്ച സേവനങ്ങരം വഴി ആർജിച്ചതാകുന്നു. ലോ

കത്ത് എവിടെ നോക്കിയാലും ഇപ്രകാരം അടിമവ്യവസ്ഥയും സാമ്പത്തികഘടനയും പരസ്പരം കൂടിപ്പിരിഞ്ഞുകിടന്നതായി കാണാം. അടിമക്കച്ചവടക്കാരന്റെ ചമ്മട്ടികളിൽ പുരണ്ടുകിടന്ന ചോരപ്പാടുകളിൽ നിന്നുള്ള ബീഭത്സമായ ദുർഗന്ധംകൊണ്ടു മലീമസമാണ് ഇവരുടെ ''നാഗരീകത!'' ഈ പരീക്ഷണത്തിൽ ഇസ്ലാംമാത്രമാണ് കളങ്കമററ ആദരവോടെ ജയിച്ചു പുറത്തുവന്നിട്ടുള്ളത്. എന്തെന്നാൽ ഇസ്ലാം തുടക്കത്തിൽതന്നെ, അടിമവ്യവസ്ഥയിൽ കെട്ടിയുറപ്പിച്ച സമ്പത്തിന്റെ തിളക്കം അപമാനകരമാണെന്നു പ്രഖ്യാപിക്കയും അടിമവ്യവസ്ഥയ്ക്ക് നിൽക്കക്കളമില്ലാത്ത നിയമഘടന പടുത്തുയർത്തുകയുമാണ് ചെയ്തിട്ടുള്ളത്.

# വ്യക്തിസ്വാതന്ത്ര്യം

ലോകത്ത് രണ്ടുതരം ജനങ്ങളുണ്ട്. മതമുള്ളവരും മതമില്ലാത്തവരും. മതമില്ലാത്തവർ മതനിയമങ്ങളെയും മതാദർശങ്ങളെയും അപ്പടി തള്ളിക്കളയുന്നവരാണ്. അവരാകട്ടെ, തങ്ങൾക്ക് യുക്തമാണെന്നു തോന്നുന്ന ഏത് സാമ്പത്തികവ്യവസ്ഥയെയും അംഗീകരിക്കാൻ തയ്യാറാകും. എന്നാൽ ഏതെങ്കിലും മതവുമായി ഒട്ടിനിൽക്കുന്നവർക്ക് അങ്ങനെ സാദ്ധ്യമല്ല. മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്ന മതങ്ങൾ സാമ്പത്തികവ്യവസ്ഥിതിയിൽ വ്യക്തിസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കും. മരണാനന്തരജീവിതത്തിൽ സ്വാധീനം ചെലുത്താത്ത ഒരു വ്യവസ്ഥയാണ് ആവശ്യമെന്ന് അവർ ഊന്നിപ്പറയുകയും ചെയ്യും. മരണാനന്തരം ജീവിതമുണ്ടെന്നു വിശ്വസിക്കുന്നവർ നൻമ ചെയ്യുന്നവർക്ക് സ്വർഗാനുഭൂതിയുണ്ടാകുമെന്നും ദൈവസാമീപ്യം അവർക്കവിടെ ലഭിക്കുമെന്നും ദൈവികജ്ഞാനം സിദ്ധിക്കുമെന്നും ദൈവത്തിൻെറ പരിശുദ്ധിയും പരിപൂർണതയും അവർക്ക് അനുഭവഗോചരമാകുമെന്നും ഈ ലോകത്തെ വീഴ്ചകളിൽനിന്നും അപാകതകളിൽനിന്നുമെല്ലാം അതീതരായിരിക്കുമെന്നും മററും വിശ്വസിക്കുന്നവരാണ്. ഇതെല്ലാം ശുദ്ധഭോഷ്കാണെന്നും അന്ധവിശ്വാസങ്ങളാണെന്നും മരണാനന്തരജീവിതം എന്നൊന്നില്ലെന്നും ഘോഷിക്കുന്നവരുണ്ടാകാം. എന്നാൽ മരണാനന്തരജീവിതമുണ്ടെന്നു വിശ്വസിക്കുന്നവരെ സംബന്ധിച്ചേടത്തോളം ആ ജീവിതത്തിനു ഉപകാരപ്പെടാത്തതും ഉപദ്രവകരമായിരിക്കുന്നതുമായ പ്രവർത്തനം മനുഷ്യജീവിതത്തെതന്നെ വ്യർഥമാക്കിത്തീർക്കുന്ന ഒന്നായിട്ടാണ് കാണുക. എ

ത്രതന്നെ ഗുണകരവും ശ്രേയസ്കരവുമായ ജീവിതമായാലും അതിനെ പരലോകജീവിതത്തിനെതിരിൽ അത്തരക്കാർ കാര്യമാക്കുന്നതല്ല. ഈലോകജീവിതം അൻപതോ എൺപതോ കൊല്ലത്തേയ്ക്കുള്ളതാണെങ്കിൽ പരലോകജീവിതം കോടികോടി കൊല്ലത്തേയ്ക്കു നിലയില്ക്കുന്നതത്രെ. ചിലരെ സംബന്ധിച്ചേടത്തോളം അതു നിത്യജീവിതമാണ്. മനുഷ്യജീവിതത്തിന്റെ രണ്ടു കണ്ണികളാണ് ഈ രണ്ടു ജീവിതങ്ങളുമെങ്കിൽ ഈലോകജീവിതം അതിന്റെ ആദ്യത്തെ കണ്ണിയാകുന്നു, അവസാനത്തെതല്ല. താരതമ്യേന ദീർഘവും സുപ്രധാനവുമായ ആ രണ്ടാമത്തെ ജീവിതയാത്രയിലെ നേട്ടങ്ങൾക്കും ആവശ്യങ്ങൾക്കുമാണ് പ്രഥമപരിഗണന നല്കേണ്ടതു.

പരലോകജീവിതത്തിലെ ആത്മീയനേട്ടങ്ങൾ ഇഹലോകജീവിതത്തിലെ ഐച്ഛികസൽകൃത്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഈ ജീവിതത്തെ വിത്തിറക്കുന്ന കൃഷിനിലത്തോടു ഉപമിക്കാം. വിളവെടുപ്പില്ലാത്ത വിത്തുകൾ ഒരു കൃഷീവലൻ വിതക്കുകയില്ല. നിർബന്ധിതാവസ്ഥയിലുള്ള മനുഷ്യകൃത്യങ്ങൾ ഇത്തരം വിത്തുകൾക്ക് സമമാണ്. എത്രതന്നെ ഗുണപൂർണമായിരുന്നാലും അതു പരലോകത്ത് ഫലശൂന്യമായിരിക്കും. സ്വമേധയാ ചെയ്യുന്ന സൽകൃത്യങ്ങളെ ആശ്രയിച്ചാണ് പാരത്രികത്തിലെ സുഖസന്തുഷ്ടികളെങ്കിൽ സാമ്പത്തികമോ മറ്റോ ആയ മനുഷ്യന്റെ പെരുമാററങ്ങൾ നിർബന്ധത്തിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥയിൽ നിയന്ത്രിക്കപ്പെടുന്നതിനെ ഒരു പരലോകവിശ്വാസിക്കു പിന്താങ്ങാൻ സാദ്ധ്യമല്ല. നിർബന്ധവ്യവസ്ഥിതിയിൽ ധാർമികപുരോഗതിയ്ക്കും സ്വമേധയാ ചെയ്യുന്ന സൽകൃത്യങ്ങൾക്കും സ്ഥാനമില്ലാതാകുന്നു. വളരെ അത്യാവശ്യമായിരിക്കുമ്പോൾ മാത്രം ഇടപെടൽ അനുവദിക്കുമാറ് പരമാവധി വ്യ

ക്തിസ്വാതന്ത്ര്യമുള്ള ഒരു സാമ്പത്തികക്രമത്തെ മാത്രമെ അത്തരക്കാർക്ക് അനുകൂലിക്കാനാവുകയുള്ളു.

ഇസ്ലാം പരലോകവിശ്വാസത്തെ പ്രബോധിക്കുന്ന മതമാണ് എന്ന വസ്തുത ഇവിടെ നല്ലപോലെ ഓർമിക്കേണ്ടതുണ്ട്. വ്യക്തിപരമായ പരിശ്രമങ്ങൾക്ക് പരമാവധി സാദ്ധ്യത ഉറപ്പ് വരുത്തുന്ന ഒരു സാമ്പത്തികക്രമത്തെ അഥവാ സാമൂഹ്യനീതിയെ ഇസ്ലാം നിഷ്കർഷിക്കുന്നു. എത്രത്തോളം അതു സ്വതന്ത്രമായിരിക്കുന്നുവോ അത്രത്തോളം പരലോകസിദ്ധികൾ മെച്ചപ്പെടുമെന്നാണവർ കരുതുന്നത്. നിരന്തരമായ നിർബന്ധങ്ങൾക്ക് വിധേയമായിരിക്കുന്ന മനുഷ്യപ്രവർത്തനങ്ങൾ ഐച്ഛികസൽകൃത്യങ്ങളെ ഇല്ലാതാക്കുകയും അതുവഴി പാരത്രികജീവിതത്തിലെ ഫലസിദ്ധികളെ നഷ്ടപ്പെടുത്തുകയും ചെയ്യുമെന്നതാണ് ഇസ്ലാമികവീക്ഷണം, ആകയാൽ, മതത്തിൻെറ അടിസ്ഥാനതത്വങ്ങൾ മനസ്സിലാക്കീട്ടുള്ള ഒരാൾ വ്യക്തിസ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്ന ഒരു ക്രമത്തെ ഒരിക്കലും അനുകൂലിക്കുകയില്ല.

## രണ്ടു തത്വങ്ങൾ

നിഷ്പക്ഷവും നീതിപൂർവവുമായ ഒരു സാമ്പത്തികക്രമം നടപ്പിൽ വരുത്തുന്ന കാര്യത്തിൽ ഇസ്ലാം രണ്ടു അടിസ്ഥാനതത്വങ്ങളിൽ ഊന്നിനിൽക്കുന്നു എന്നു മനസ്സിലാക്കണം.

1. ഒന്നാമത്തെ തത്വം സമ്പത്തിൻെറ വിതരണവും ഉൽപാദന ഉപകരണങ്ങളുടെ വിനിയോഗവും സമൂഹത്തിലെ എല്ലാ അംഗങ്ങളുടെയും പൊതുവായ താല്പര്യങ്ങളെ മുൻനിർത്തി ഓരോ അംഗവും സ്വമേധയാ ത്യാഗത്തിന്നൊരുങ്ങുക വഴി നേരെയാക്കേണമെന്നതാണ്. ഒരുഭാഗത്ത്, ഇതു സമൂഹത്തിലെ സാമ്പ

ത്തികസുസ്ഥിതിയ്ക്ക് കാരണമായിത്തീരുമ്പോഠം മറുഭാഗത്തു, പരലോകനന്മയ്ക്ക് വേണ്ടിയുള്ള വിത്തു പാകാനവസരം നൽകുകയും ചെയ്യുന്നു. അതുകൊണ്ടാണ്, ദൈവപ്രീതി നേടാനായി ഒരു പിടി ചോറ് തൻെറ ഭാര്യയുടെ വായിലിട്ടുകൊടുക്കുന്ന ഒരാഠം ദാനധർമം അനുഷ്ഠിച്ചവനെ പോലെയാണെന്ന് നബി തിരുമേനി (സ) അരുളുകയുണ്ടായത്. സ്വമേധയാ ഉള്ള പ്രചോദനമാണ് ഈ പ്രവൃത്തിയ്ക്ക് അയാളെ പ്രേരിപ്പിച്ചത്. അയാഠം തൻെറ ഭാര്യയെ സ്നേഹിക്കുന്നു. അവളെ പരിരക്ഷിക്കുന്നതിൽ അയാഠം സന്തുഷ്ടി കണ്ടെത്തുന്നു. എന്നാലും, അയാളുടെ ആ സേവനത്തിൻെറ പ്രേരണാശക്തി അൽപമൊന്നു മാററിയപ്പോഠം ആ കുടുംബധർമം പോലും പാരത്രികത്തിലെ സൽഫലങ്ങഠം ഉറപ്പ് വരുത്തുന്ന സൽകൃത്യമായിത്തീർന്നു. എന്തെന്നാൽ, ദൈവത്തിൻെറ കൽപനയ്ക്ക് വഴിപ്പെട്ടുകൊണ്ടാണ് ആ ധർമകൃത്യം അയാഠം നിർവ്വഹിച്ചിട്ടുള്ളത്.

2. രണ്ടാമത്തെ അടിസ്ഥാനതത്വം, സകല സമ്പത്തുകളുടെയും ഉടമാവകാശം ദൈവത്തിൽ നിക്ഷിപ്തമായിരിക്കയാലും, അവൻ അവയെ സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യവംശത്തിൻെറ മുഴുവനുമായുള്ള നന്മയ്ക്കുവേണ്ടിയായിരിക്കയാലും ഐച്ഛികമായ ത്യാഗത്തിലൂടെ നേരെയാക്കാൻ കഴിയാത്ത സ്ഥിതി വിപര്യയങ്ങഠം നിയമാനുവാദത്തിലൂടെ ശരിപ്പെടുത്തിക്കൊണ്ടു ആ അസമത്വങ്ങളുടെ ദോഷബാധയിൽ നിന്ന് സമൂഹത്തിന്ന് സംരക്ഷണം ഉറപ്പുവരുത്തണം എന്നുള്ളതാണ്.

ഇസ്ലാമികസമൂഹത്തിൻെറ സാമ്പത്തികഘടന വ്യക്തിസ്വാതന്ത്ര്യത്തോടൊപ്പം സ്റേററ് നിയന്ത്രണവും കൂടിച്ചേർന്നതാകുന്നു. ഒരതിർത്തിയോളം ഇടപെ

ടാൻ അതു സ്റേററിന്നു അധികാരം നൽകുന്നു. ഒരു പരിധിവരെ വ്യക്തിയെ സ്വതന്ത്രനായി വിടുകയും ചെയ്യുന്നു.

ഇവിടെ വ്യക്തിയ്ക്കു സാമ്പത്തികസ്വാതന്ത്ര്യം ഉറപ്പുവരുത്തീട്ടുള്ളതു പരലോകത്തിൽ ആത്മീയഫലസിദ്ധികൾ കൈവരുത്താനുള്ള നൻമകൾ പ്രവർത്തിക്കാൻ സാദ്ധ്യമാകുന്നതിന്നും നൻമകൾക്ക് വേണ്ടിയുള്ള ആരോഗ്യപ്രദമായ മത്സരത്തിന്റെ രംഗം തുറന്നുകിടക്കുന്നതിന്നും വേണ്ടിയാണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതേ അവസരത്തിൽ ധനവാൻമാരുടെ അന്യായമായ ചൂഷണത്തിൽനിന്നു പാവങ്ങൾക്ക് രക്ഷനൽകുന്നതിന്നുമാണ് ഈ സ്റേററ് നിയന്ത്രണം. മറെറാരുപ്രകാരത്തിൽ പറഞ്ഞാൽ, സാമൂഹ്യതകർച്ചയ്ക്കെതിരിൽ സുരക്ഷിതത്വം ഉറപ്പുവരുത്താവുന്നേടത്തോളം സ്റേററ് നിയന്ത്രണം ആവശ്യമാണ്. ആരോഗ്യകരമായ മത്സരങ്ങൾക്ക് ആവശ്യമായേടത്തോളം ഈ വ്യക്തിസ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടും. ഇങ്ങിനെ പരലോകത്ത് നൻമകൾ നേടിയെടുക്കാനുള്ള ആവേശത്താൽ പ്രചോദിതനായി മനുഷ്യസമൂഹത്തിൽ ഐച്ഛികമായ സേവനമനുഷ്ഠിക്കുന്നതിലുള്ള സൗകര്യോപാധികൾ ഓരോ വ്യക്തിക്കും പരമാവധി ലഭ്യമാക്കുന്നു. ആരോഗ്യപരമായ പരസ്പരമത്സരങ്ങളിലൂടെ പുരോഗതിയ്ക്കുള്ള അനന്തമായ സാദ്ധ്യതകളും ഇവിടെ തുറന്നിടപ്പെടുന്നു. അതേ അവസരത്തിൽതന്നെ സ്റേററ് നിയന്ത്രണം പാവങ്ങൾക്കു നീതി ഉറപ്പു വരുത്തുകയും സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള കഴിവുകേടുകളും ദൗർബല്യങ്ങളും കാരണം സമൂഹത്തിന്റെ സാമ്പത്തികജീവിതം ഏതെങ്കിലും വിഭാഗത്തിന്നു പുരോഗതിക്കുള്ള മാർഗങ്ങൾ തടസ്സപ്പെടുംവിധം അനീതി

യ്ക്കും മർദ്ദനങ്ങൾക്കും അടിസ്ഥാനമായിത്തീരാതിരിക്കയും ചെയ്യുന്നു.

ആകയാൽ, പൊതുവെ എല്ലാ മതങ്ങളും ഇസ്ലാം പ്രത്യേകിച്ചും സാമ്പത്തികപ്രശ്നങ്ങളെ സാമ്പത്തികവും മതപരവും ധാർമികവുമായ ത്രിമാനങ്ങളിലൂടെയാണ് നോക്കിക്കാണുന്നത്; ഈ മൂന്നു തത്വങ്ങളുടെ സംയുക്തപ്രകാശധാരയിലാണ് അവയ്ക്കുള്ള പരിഹാരം കണ്ടെത്തുന്നതും. സാമ്പത്തികമാത്രമായ ഒരു വീക്ഷണത്തിൽ കൂടി നോക്കിക്കാണുമ്പോൾ അതു സാൻമാർഗികവും മതപരവുമായ സ്വാധീനമണ്ഡലങ്ങളിലുള്ള ഇടപെടലായിത്തീരും. അത് ഒരിക്കലും പൊറുപ്പിക്കപ്പെടുകയില്ല. മതത്തിൽ വിശ്വസിക്കാത്തവർ കേവലം സാമ്പത്തികവീക്ഷണത്തിൽ മാത്രം പ്രശ്നങ്ങൾ നോക്കിക്കാണുന്നു. മതത്തിൽ വിശ്വസിക്കുന്ന ഒരാൾക്ക് ഒരു സാമ്പത്തികവ്യവസ്ഥയെ സാമ്പത്തികവീക്ഷണത്തിൽമാത്രം നോക്കിക്കാണാൻ ആകില്ല. സാമ്പത്തികവും ധാർമികവും മതപരവുമായ അടിസ്ഥാനങ്ങളിൽ സംതൃപ്തിയുളവാക്കുന്ന ഒരു സാമ്പത്തികവ്യവസ്ഥയെയാണ് അയാൾ ആവശ്യപ്പെടുക.

ഇത്രയും മുഖവുരയ്ക്ക്ശേഷം ഞാൻ ചർച്ചാവിഷയത്തിലേയ്ക്ക് കടക്കട്ടെ. മുകളിൽ പറഞ്ഞിട്ടുള്ള രണ്ടു തത്വങ്ങളും മുന്നിൽവച്ചുകൊണ്ടു ഇസ്ലാം വ്യക്തിയെ ഇഷ്ടമുള്ള തൊഴിലിൽ ഏർപ്പെടാൻ അനുവദിക്കുന്നു. അയാളുടെ ന്യായയുക്തമായ അഭിനിവേശങ്ങളിൽ ഇടപെടാതെയും ആപൽകരമായ പതനത്തിലെത്തിക്കുംവിധം ഈ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുന്നതിൽനിന്നു തടയുന്നതരത്തിൽ ചില നിയന്ത്രണങ്ങൾക്കു വിധേയമായുംതന്നെ. സമാധാനത്തെയും സാമൂഹ്യസ്വാധീനങ്ങളെയും തകിടം മറിക്കുന്ന സാ

മ്പത്തികശത്രുക്കഠം മനുഷ്യപ്രകൃതിയിലെ ചില സ്വാർത്ഥമോഹങ്ങളിൽനിന്നാണ് ഉടലെടുക്കുന്നതും ഒരു രോഗം കണക്കെ മനുഷ്യനെ കീഴടക്കിക്കളയുന്നതു മെന്നു നല്ലപോലെ ഓർമവെക്കേണ്ടതുണ്ട്. സമ്പത്ത് ആവശ്യത്തിലേറെ കയ്യടക്കിവെക്കാനുള്ള മോഹം ഹൃദയത്തിൽ പിന്നീട് വളർത്തപ്പെടുന്നു. ഈ മോഹവലയത്തിൽ അവൻ ആയിരക്കണക്കിനു ദരിദ്രജനങ്ങളെ കഷ്ടപ്പാടിൽ വലയ്ക്കുവാൻ മടിക്കുന്നില്ല. അവൻെറ ഒരേ ഒരു ഉൽക്കണ്ഠ ഇരുമ്പുപെട്ടിയിൽ മിന്നു പൊന്ന് കുമിഞ്ഞുകൂടുന്നതു എങ്ങനെയെന്നതു മാത്രമായിരിക്കും.

ഈ ഹൃദയശൂന്യമായ നിഷ്ഠൂരതകഠംക്കും മർദനങ്ങഠംക്കും പ്രേരിപ്പിക്കുന്ന സ്വാർഥത് ചില പ്രേരണാശക്തികളിൽ വേരൂന്നിയതത്രെ. ഈ പ്രേരണാശക്തികഠം എന്തൊക്കെയാണെന്നു നമുക്ക് പരിശോധിക്കാം.

# ധനക്കൊതിയുടെ പ്രേരകങ്ങൾ

"നിങ്ങറം അറിഞ്ഞുകൊറംവിൻ ഐഹികജീവിതം ഒരു കളിയും വിനോദവും അലങ്കാരവും നിങ്ങറംപരസ്പരം വമ്പുനടിക്കലും ധനത്തിലും സന്തതികളിലും പെരുമ കാണിക്കലും മാത്രമാണ്. ഇതൊരു മഴപോലെയാണ്. അതുമൂലം ഉണ്ടായ സസ്യലതാദികറം കർഷകരെ ആനന്ദിപ്പിക്കുന്നു. പിന്നെ, അതു ഉണങ്ങിപ്പോകുന്നു. അപ്പോറം നിനക്കതിനെ മഞ്ഞനിറമുള്ളതായി കാണാം. പിന്നെ അതു ചവറായിത്തീരുന്നു. പരലോകത്ത് നിഷേധികറംക്ക് കഠിനശിക്ഷയും വിശ്വാസികറംക്ക് അല്ലാഹുവിൽനിന്നുള്ള പാപമോചനവും അവന്റെ സംതൃപ്തിയും; ലഭിക്കുന്നതാണ് ഐഹികജീവിതം വഞ്ചനയുടെ വിഭവങ്ങറം മാത്രമാണ് '' (57:21)

ഈ വാക്യത്തിൽ, സമ്പത്ത് വാരിക്കൂട്ടാനുള്ള മനുഷ്യന്റെ ആർത്തിയ്ക്കു പിന്നിൽ പ്രവർത്തിക്കുന്ന പ്രേരകശക്തികളെ വസ്തുനിഷ്ഠമായി വിവരിച്ചിരിക്കുന്നു. ആഹ്ലാദപ്രകടനങ്ങറം, കളിതാമശകറം എന്നിവയ്ക്കും ചൂതുകളി, ഊഹക്കച്ചവടം, വാതുവെപ്പ് തുടങ്ങിയ വിനോദങ്ങറംക്കുമുള്ള ആർത്തിയാണ് ഒരു പ്രേരകം. ധാരാളിത്തത്തിന്നിടയിൽ വിശ്രമിക്കാനുള്ള മോഹമാണ് മറെറാന്ന്. മനോഹരങ്ങളായ നാനാതരം വസ്ത്ര വിഭൂഷകറം, വിലപിടിച്ച ഭോജ്യങ്ങറം എന്നിവയ്ക്ക് വേണ്ടിയുള്ള ഭ്രമവും ഇവയുടെയെല്ലാം ഉടമയായി അറിയപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള മോഹവും ആളുകറംക്കുണ്ടാകുന്നു. ഈ അത്യാർത്തി നമ്മുടെ രാജ്യത്താകട്ടെ, പരിഹാസ്യമായ തരത്തിൽ അതിന്റെ പരമസീമകളോളം എത്തിനിൽക്കുന്നു. അടിമത്തത്തിന്റെ കൈച്ചങ്ങലയിൽ ഊററം കൊള്ളുന്നതിൽ ഒരു ത

രം ആനന്ദനിർവൃതി അനുഭവിക്കുകയാണവർ. ''ഞാനിപ്പോൾ ഇന്നയാളുടെ കാര്യസ്ഥനാണെന്നറിയില്ലേ?'' ''ഞാനിന്ന സായ്പിൻെറ വീട്ടിലെ പാറാവുകാരനാണ്!'' അങ്ങനെ പോകന്നു ആ വമ്പത്തരങ്ങൾ! റയിൽവെ പ്ലാററ്ഫോറങ്ങളിലും വീടുകളിലും കേൾക്കാനിടയാവുന്ന സംഭാഷണങ്ങളാണിവ. അപ്പോൾ വെറും പണക്കാതി ഒരാളുടെ രക്തത്തിൽ കലർന്നു പോയാൽ കുമിഞ്ഞു കൂടുന്ന ധനം ഒരു നോക്ക് കാണുന്നതുതന്നെ ജീവിതത്തിലെ ഒഴിച്ചുകൂടാത്ത ഒരാവശ്യമായിത്തീരുന്നു.

ഇത്തരം ഉദ്ദേശങ്ങൾക്കായി വിനിയോഗിക്കപ്പെടുന്ന ധനത്തെ മേഘങ്ങളോടാണ് ഉപമിച്ചിരിക്കുന്നത്. ആകാശത്തെ മറയ്ക്കുന്ന കാർമേഘങ്ങൾ കർഷകനെ ആഹ്ളാദഭരിതനാക്കുന്നു. വരാനുള്ള മഴ പാടങ്ങളെയെല്ലാം പച്ചളിപ്പുള്ളതാക്കി മാററുമല്ലോ! എന്നാൽ, നിർഭാഗ്യവശാൽ ചിലപ്പോൾ വിളകളെല്ലാം വെള്ളത്തിന്നടിയിലായിപ്പോകയോ വേണ്ടത്ര വെള്ളം കിട്ടാതെ വരികയോ ചെയ്യുന്നു. നെല്ലെല്ലാം പതിരായിപ്പോകയോ പെരുമഴ കാരണം കതിരുകൾ ഒലിച്ചുപോകുയോ ചെയ്യുന്നു. അല്ലെങ്കിൽ, വരൾച്ചകാരണം വിളകളല്ലാം ഉണങ്ങിക്കരിഞ്ഞുപോകുന്നു. ധാന്യങ്ങൾ കാററിൽ പറന്നു മണ്ണിൽ കുതിർന്നു നശിക്കാനിടയാകുന്നു. ഇപ്രകാരം വിനിയോഗിക്കപ്പെടുന്ന ധനം ഈ ലോകത്ത് വിഷമങ്ങൾ വരുത്തിവെക്കുന്നതിന്നുപുറമെ, പരലോകത്ത് കടുത്ത ശിക്ഷക്ക് കാരണമാവുകയും ചെയ്യുന്നു. എന്നാൽ, അത്തരം അധമവികാരങ്ങളെ നിയന്ത്രിച്ചു, ദോഷബാധകളിൽനിന്നു, അകന്നുമാറുന്നവരെ ദൈവം അനുഗ്രഹിക്കുന്നു. ഭൌതികസുഖത്തിനു മാത്രം കാംക്ഷിച്ചുകൊണ്ടുള്ള ജീവിതം വെറും മൃഗതൃഷ്ണയാണെന്ന താക്കീതും അതു നൽകുന്നു.

അയഥാർത്ഥങ്ങളായ നിഴലുകളെ പിന്തുടർന്നു കൊണ്ടുള്ള വ്യർത്ഥജീവിതം നയിക്കുന്നതിന്നെതിരെ ശക്തമായ മുന്നറിയിപ്പ് നൽകിയിരിക്കുകയാണ് ഖുർആൻ ഹീനമായ വികാരങ്ങൾക്കടിപ്പെട്ടു നാം അന്ധരായി മാറരുത്. ദൈവത്തെ പ്രാപിക്കുകയെന്ന ആനന്ദം കൈവരിക്കുകയാവണം നമ്മുടെ പരമമായ ലക്ഷ്യം. താണതരം ലക്ഷ്യങ്ങൾക്ക് വേണ്ടി അർപ്പിക്കപ്പെട്ട ജീവിതം പുകയോ മഞ്ഞോ പോലെ നീങ്ങിപ്പോകും. ദൈവപ്രീതിയ്ക്കുവേണ്ടി വിനിയോഗിക്കപ്പെടുന്ന ഊർജമാകട്ടെ. ജീവിതത്തിൽ നിത്യാനന്ദം പ്രദാനം ചെയ്യുന്നു.

ചുരുക്കത്തിൽ, ഇസ്ലാമിക തത്വങ്ങൾ ജീവിതത്തിന്റെ നിദർശനങ്ങളായി സ്വീകരിച്ചിട്ടുള്ള ഒരാൾ ഹീനമായ സുഖാസ്വാദനത്തെ ഉന്നംവച്ചു പ്രവർത്തിക്കാൻ ഒരുങ്ങുകയോ ധനത്തിനുവേണ്ടി കണ്ണടച്ച് എന്തും ചെയ്യാൻ പ്രചോദിതനാവുകയോ ഇല്ല. എന്നുമാത്രമല്ല, തനിക്ക് കൈവരുന്ന ഏതു ധനവും ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവു നികത്താനുള്ള ഉപകാരപ്രദവും സാത്വികവുമായ മാർഗ്ഗത്തിൽ മാത്രം ചെലവിടുകയും ചെയ്യും. ഉദ്ദേശ്യങ്ങൾ വഴിപിഴപ്പിക്കുന്നതല്ലെന്നു ഉറപ്പുവരുത്തിയാൽ സമ്പത്ത് സ്വകീയമായ ഹീനലക്ഷ്യങ്ങൾക്ക്വേണ്ടി വിനിയോഗിക്കാനുള്ള പ്രേരണകൾ ഉണ്ടാവുകയില്ല.

മനുഷ്യന്റെ സാമ്പത്തിക പ്രവർത്തനങ്ങൾ താഴെ പറയുന്ന മൂന്നു കാര്യങ്ങൾക്കുവേണ്ടി ധനം ആർജ്ജിക്കുവാൻ ആഗ്രഹിച്ചുകൊണ്ടുള്ളതായിരിക്കും.

a) സ്വന്തമായ ആവശ്യങ്ങൾ നിവർത്തിക്കുന്നതിന്നുവേണ്ടിയുള്ളത്,

b) സ്വന്തം ആവശ്യങ്ങൾക്ക് ഉപരിയായി എല്ലാ

വർക്കും ഗുണം കൈവരുത്തുന്നതിനെ ലക്ഷ്യമാക്കിയുള്ളത്.

c) ഹീനവും വൈവിധ്യമാർന്നതുമായ സുഖാസ്വാദനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കാനുള്ളത്. ഉദാ: ചൂതുകളി, ഭാഗ്യപരീക്ഷ, മദ്യം, മദിരാക്ഷി, പരിചാരകവൃന്ദം, സവാരികുതിരകൾ, വിലപിടിച്ച കാറുകൾ തുടങ്ങിയവ നേടുവാനുള്ള ത്വരയോടുകൂടിയത്.

മൂന്നാമത്തെ ഗണത്തിൽപ്പെടുമ്പോൾ മാത്രമാണ് അവിഹിതവും ഹീനവുമായ വഴികളിലേക്ക് വഴുതിപ്പോകുന്നതെന്നു പറയേണ്ടതില്ലല്ലോ. ആദ്യത്തെ രണ്ടു തരത്തിൽപ്പെട്ടവർ ധാർമികവും ആദർശനിഷ്ഠവുമായ വിചാരങ്ങളാൽ പ്രചോദിതരായിരിക്കയാൽ അപ്രകാരമുള്ള പ്രവർത്തനങ്ങളിൽ നിന്നു ഒഴിഞ്ഞിരിക്കും. അധാർമിക മാർഗ്ഗങ്ങളിൽ ചരിച്ചുകൊണ്ട് ധാർമികോന്നതിയിലേക്കുള്ള ലക്ഷ്യം നേടാൻ സാദ്ധ്യമല്ലല്ലോ. സമ്പത്തിൽ തങ്ങൾക്ക് ലഭിക്കുന്ന പങ്ക് ചുററുമുള്ളവരുടെ നൻമയ്ക്കായുള്ള പദ്ധതികളിൽ അവർ ചെലവഴിക്കും. ആരുംതന്നെ അതുമൂലം നഷ്ടക്കാരായിത്തീരുകയുമില്ല.

## ധനത്തിന്റെ ദുർവിനിയോഗം

ധനം ദുർവിനിയോഗം ചെയ്യുന്നതിനെ ഇസ്ലാം എങ്ങനെ നിരോധിക്കുന്നു എന്നു ഞാനിനി വിവരിക്കാം.

യഥാർത്ഥ മുസ്ലിംകളെപ്പററി ഖുർആൻ പറയുന്നത്.

''അവർ അനാവശ്യകാര്യങ്ങളിൽനിന്ന് പിൻമാറുന്നവരുമാകുന്നു. (23.4) എന്നാണ്. അതായത്, എന്തെങ്കിലും ഗുണഫലം കൈവരുത്തുമാററില്ലാത്ത കാ

ര്യങ്ങളിലൊന്നും അവർ താല്പര്യം കാണിക്കുകയില്ല. ഉദാഹരണമായി, ശീട്ടുകൾ കൊണ്ടുള്ള പലതരം കളികൾ, സമയം കൊല്ലുന്ന മററു വിനോദങ്ങളും നേരമ്പോക്കുകളും. ഇത്തരം വ്യർത്ഥങ്ങളായ വിനോദങ്ങളിലും തമാശകളിലും ഏർപ്പെട്ടു സമയം കളയരുതെന്നു വിശ്വാസികൾ ഉൽബോധിപ്പിക്കപ്പെട്ടിരിക്കുന്നു. ക്ലബ്ബുകളിലും വീട്ടിനകത്തെ ഒത്തുകൂടുലുകളിലും 'സൊററ' പറഞ്ഞിരുന്നു വിലപിടിച്ച സമയം പാഴാക്കരുതെന്നും എത്തും പിടിയുമില്ലാത്ത നിരർഥക ചർച്ചകളിൽ ഏർപ്പെടരുതെന്നും, അലസമായി കഴിഞ്ഞുകൂടരുതെന്നും അത് നിഷ്കർഷിക്കുന്നു.

കുബേരനായ ഒരാൾ മരിച്ചാൽ അയാളുടെ കോടികൾ മുഴുവനും ജീവിതത്തെപററി ശ്രേഷ്ഠധാരണകളൊന്നുമില്ലാത്ത, അപ്രാപ്തനായ ഒരനന്തരാവകാശിയുടെ കൈകളിൽ വന്നു ചേരുന്നു. രാവും പകലും വിശ്രമമുറിയിലെ 'ഈസിച്ചേറി'ലിരുന്നു ചങ്ങാതിമാരൊത്തു വെടിപറഞ്ഞു രസിക്കുകയാവും അയാളുടെ പ്രധാനതൊഴിൽ. ചങ്ങാതിമാരാകട്ടെ, അയാളെ ചുററിപററി വലിയ ആദരഭാവത്തിൽ അയാളുടെ ഇംഗിതവും ഹിതവും കണ്ടറിഞ്ഞു അവ നിവർത്തിച്ചു കൊടുക്കാൻ ശ്രമിക്കുകയും അയാൾക്ക് 'ലോകം കാണിച്ചുകൊടുക്കാൻ' ബദ്ധപ്പെടുകയും ചെയ്യും! ഈ ചങ്ങാതിമാരെ ഉപചരിക്കാൻ–ഒരു കോപ്പ ചായ, പിന്നെ കോളിനൊത്ത് സമൃദ്ധമായ ഒരു വിരുന്നു, അങ്ങനെ പോകുന്നു ഉപചാരങ്ങൾ–ധനം ചെലവഴിക്കുന്നു. അയാളെ ചുററിപ്പററിക്കൂടുന്നവർ പാവങ്ങളോ സഹായം അർഹിക്കുന്നവരോ ആയതുകൊണ്ടല്ല അവരെ തീററിപ്പോററുന്നത്, പിന്നെയോ, സമയം ആഹ്ലാദപൂർവ്വം തള്ളി നീക്കാൻ സഹായിക്കുന്ന കൂട്ടാളികളായതുകൊണ്ടുമാത്രം. കുററകരമായ സമയവിനിയോഗവും ഊർജ്ജനഷ്ടവും ആണിത്. ഇസ്ലാം ഇതനുവദിക്കുന്നേയില്ല.

പരാന്നഭുക്കുകളായിരിക്കുകയോ അതിൻെറ ദോഷബാധയ്ക്കിരയാവുകയോ ചെയ്കയെന്ന അപകടത്തിന്നെതിരെ ഇസ്ലാം നമ്മെ താക്കീതു ചെയ്യുന്നു. മററുള്ളവരുടെ അദ്ധ്വാനഫലത്തെ ആശ്രയിച്ചു ജീവിക്കുന്നതിനേക്കാൾ പട്ടിണിയിട്ടു കഴിയുകയാണ് നല്ലതെന്ന ആത്മാഭിമാനബോധം നമ്മിൽ വളർത്തിയെടുക്കാനാണ് ഇസ്ലാം ശ്രമിക്കുന്നത്. ഗുണകരമായ ഒരുദ്ദേശ്യത്തെ മുൻനിറുത്തിയല്ലാതെ നയിക്കപ്പെടുന്ന ജീവിതം ഒന്നുകൊണ്ടും അഭിമാനിക്കാൻ വക നൽകാത്തവിധം അപമാനകരമാണ്. കോടികളുടെ അധിപനായിത്തീരുന്ന ഒരാൾ വെറുതെ സുഖിച്ചിരുന്നുകൂടാ. മനുഷ്യസമൂഹത്തിന്ന ഗുണകരമായ സേവനപദ്ധതികളിൽ ആ ധനം നിക്ഷേപിക്കാൻ അയാൾ തയ്യാറാകണം. ബുദ്ധിയും കഴിവുകളും നഷ്ടപ്പെട്ടുപോകാതിരിക്കാൻ അയാൾ സദാ ശ്രദ്ധിക്കേണ്ടതുണ്ട്.

ആണുങ്ങൾ ആഭരണങ്ങൾ അണിയുന്നതിനെയും പട്ടുവസ്ത്രങ്ങൾ ധരിക്കുന്നതിനെയും ഇസ്ലാം വിലക്കിയിട്ടുണ്ട് അപ്രകാരംതന്നെ വെള്ളിയുടെയും സ്വർണത്തിൻെറയും വീട്ടുപകരണങ്ങൾ ഉപയോഗിക്കുന്നതിനെയും അതു വിരോധിക്കുന്നു. സ്ത്രീകൾ ആഭരണം അണിയുന്നത് നിരോധിച്ചിട്ടില്ല. എന്നാൽ, ആഭരണഭ്രമത്തെകുറിച്ചു അതു താക്കീതു നൽകുന്നു ധനം സമൂഹത്തിൻെറ പുരോഗതിയെ തടഞ്ഞുവെക്കുന്ന നിലയിൽ മററുളളവരിൽ അത്യാർത്തിയും അസൂയയും ജനിപ്പിക്കുംവിധം ദ്രോഹകരമായ പ്രദർശനത്തിനിടയാക്കുമാറ് കെട്ടിപ്പൂട്ടിവെക്കരുതെന്നും ഇസ്ലാം അനുശാസിക്കുന്നു.

## ദുർവ്യയത്തിന് വിലക്ക്

അലങ്കാരത്തിൻെറ പേരിൽ ധനികർ വീടുകളിൽ ഒരുമിച്ചുകൂട്ടുന്ന കൗതുക വസ്തുക്കൾ സ്വന്തക്കാർ

ക്കും സന്ദർശകർക്കും നോക്കി രസിക്കാൻ ചുമരുക ളിലും മേശപ്പുറങ്ങളിലും വെറുതെ കിടക്കുക എന്നതി ലുപരി മറെറാരു ഉപയോഗവും ഇല്ലാത്തവയാണ്. ഇവ അനുവദനീയമല്ലാത്തവയുടെ ഗണത്തിൽപ്പെടുന്നു. വി ലപിടിച്ച ചൈനാപാത്രങ്ങൾ, പഴയ കാലത്തെ ഫർണി ച്ചർ, കൗതുകവസ്തുക്കൾ ഇവയ്ക്ക് വേണ്ടി ചിലർ അവി ശ്വസനീയമാം വിധം പണം ചെലവിടുന്നു. ഇവയെ 'ആൻറിക്സ്'' അഥവാ പുരാവസ്തുക്കൾ എന്നാണ വർ പറയുക. പഴയ പരവതാനികൾക്കും ചൈനാപ്പാ ത്രങ്ങൾക്കും ചെവിമുളച്ചിട്ടു കേട്ടിട്ടില്ലാത്ത വിലയാ ണുണ്ടാവുക ന്യായീകരിക്കാവുന്ന എന്തെങ്കിലും കാ ര്യത്തിന്ന് ഉപയോഗപ്പെടുന്നതു കൊണ്ടല്ല, അവ കൗ തുകകരമാണെന്നതു കൊണ്ടു മാത്രം അഥവാ, മററാർ ക്കും അവകാശപ്പെട്ടുകൂടാത്ത തരത്തിൽ തനിയ്ക്കു മാത്രമുള്ളതാണെന്നു അതിൻെറ ഉടമസ്ഥന് പൊങ്ങ ച്ചം കൊള്ളാൻ മാത്രമാണ് ഈ ''ശേഖരൻമാർ'' ഇവയ ത്രയും ശേഖരിച്ചു കൂട്ടി പ്രദർശിപ്പിക്കുന്നത്. ഇത്തരം വസ്തുക്കളെയും ഇത്തരം കാര്യങ്ങളിൽ പ്രതിപ ത്തി കാണിക്കുന്നതിനെയും തിരുനബി (സ) തൻെറ ചര്യവഴി വളരെയേറെ നിരുത്സാഹപ്പെടുത്തിയിരി ക്കുന്നു.

സാമ്പത്തികദുർവ്യയങ്ങളുടെ മറെറാരു വലിയ ഉദാഹരണമാണ് സിനിമ. ഓരോ വർഷവും ഈ വഴി യ്ക്ക് ദുർവിനിയോഗം ചെയ്യപ്പെടുന്ന സമ്പത്തിൻെറ ഒരേകദേശ കണക്കെടുക്കാൻ ശ്രമിച്ചപ്പോൾ ഞാൻ അ മ്പരന്നു പോകാതിരുന്നില്ല. ലാഹൗറിൽ ഏതാണ്ട് 25 സിനിമാശാലകൾ ഉണ്ടെന്നാണ് ഞാൻ കേട്ടറിഞ്ഞത്, ആഴ്ചയിൽ 3000 രൂപാ ഓരോന്നിലും വരുമാനമു ണ്ടാകാം. ആഴ്ചയിൽ ശരാശരി 2500ക. വരുമാനം കണക്കാക്കിയാൽതന്നെ ലാഹൗറിലെ സിനിമാ കൊട്ട കകളിൽ നിന്നു മാത്രമായി കൊല്ലം തോറും 24 ല

ക്ഷം ഉറുപ്പിക വരുമാനമുണ്ടെന്നു കാണാം. ഈ അടിസ്ഥാനത്തിൽ ദേശീയതലത്തിൽ കണക്കെടുത്താൽ 12 കോടിയോളം ഉറുപ്പിക ഈ വിനോദത്തിനു വേണ്ടി കൊല്ലംതോറും ചെലവഴിക്കുന്നതായി കാണാം. സിനിമാകമ്പക്കാർ ഇതോടനുബന്ധിച്ചു ചായ കുടിക്കാനും മററു വിനോദങ്ങൾക്കുവേണ്ടിയും ചെലവാക്കുന്ന ഇത്ര തന്നെ തുക വേറെയുമുണ്ട്. പ്രകാരാന്തരേണ പറഞ്ഞാൽ സിനിമയ്ക്കും അനുബന്ധവിനോദങ്ങൾക്കും വേണ്ടിമാത്രം 25 കോടി ഉറുപ്പികയോളം കൊല്ലംതോറും ചെലവാക്കുന്നു. ഇന്ത്യാ ഗവൺമെൻറിൻെറ മൊത്തം റവന്യൂ വരുമാനത്തിൻെറ കാൽഭാഗത്തോളം വരും ഇതെന്നു ഓർക്കേണ്ടതുണ്ട്.* ഈ വൻതുകയുടെ വിനിയോഗത്തിൻെറ പ്രായോഗികമായ പ്രയോജനം മനുഷ്യരുടെ യഥാർഥമായ നൻമയുടെ അടിസ്ഥാനത്തിൽ ചിന്തിച്ചു നോക്കിയാൽ വട്ടപ്പൂജ്യമാണെന്നു സത്യസന്ധനായ ഏതൊരാളും സമ്മതിക്കും.

ഇത്തരം ദുർവ്യയങ്ങളെയും ധൂർത്തുകളെയും വിശുദ്ധഖുർആൻ കർശനമായും വിരോധിക്കുന്നു. ഒരു യഥാർത്ഥവിശ്വാസി താൻ അദ്ധ്വാനിച്ചു നേടിയ ധനം ഇത്തരത്തിൽ പ്രത്യക്ഷമായ യാതൊരു ഗുണവും ലഭിക്കാത്ത കാര്യങ്ങൾക്കായി ചെലവിടാൻ പാടുള്ളതല്ല. ഇക്കാര്യത്തിൽ നാം പാശ്ചാത്യദേശത്തേയ്ക്ക് ഒന്നു കണ്ണോടിച്ചാൽ അമ്പരപ്പിക്കുന്ന വൈരുദ്ധ്യം കണ്ടെത്താം. യൂറോപ്യൻ രാഷ്ട്രങ്ങൾ സാമ്പത്തിക പുരോഗതിയ്ക്കുവേണ്ടി എരിപൊരികൊള്ളുന്നവരാണെങ്കിലും നിഷ്ഫലമായ കാര്യങ്ങൾക്ക് വേണ്ടി കയ്യുംകണക്കുമില്ലാതെ ധനം ദുർവ്യയം ചെയ്യുന്നവരാണ്. വളരെ വില കൂടിയ മദ്യം, വിഭവ സ

* 1945ൽ ചെയ്ത പ്രസംഗമാണിത്. ഇന്നത്തെ വരുമാനാടിസ്ഥാനത്തിൽ കണക്ക് കൂട്ടി നോക്കാം. വിവ.

മൃദ്ധമായ സദ്യകഠം, ഡാൻസ് ഹാളുകഠം, തിയേററ റുകഠം, സിനിമാപ്രദർശനശാലകഠം, കലയുടെയും പുരാവസ്തുക്കളുടെയും കൂമ്പാരങ്ങഠം അങ്ങനെ പോകുന്നു! പാശ്ചാത്യരാഷ്ട്രങ്ങളിൽ മദ്യപാനവും നൃത്തശാലകളും, തിയേററുകളും സിനിമയും ജീവിതത്തിലെ മൗലികാവശ്യങ്ങളായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ജനങ്ങഠം ആവശ്യപ്പെടുന്നതനുസരിച്ച് അവയുടെ എണ്ണം എത്രയെങ്കിലും ഇരട്ടിപ്പിച്ചുകൊടുക്കാൻ ഗവർമ്മെണ്ടുകളും തയ്യാറായിരിക്കുന്നു. ഇസ്ലാമിക വീക്ഷണത്തെ ഇക്കാര്യത്തിൽ മാർഗദർശനമായി സ്വീകരിക്കുന്നപക്ഷം ന്യായ്യമായ അളവിൽ ഇത്തരം ദുർവ്യയങ്ങളെല്ലാം കുറച്ചുകൊണ്ട് ധനികരും, ദരിദ്രരും തമ്മിലുള്ള വിസ്ഫോടകമായ അസമത്വത്തിനു വലിയൊരളവിൽ കുറവുവരുത്താൻ കഴിയും. പാവങ്ങളോടുള്ള അനീതി കുറക്കാനും ഇതുവഴി കഴിയുമാറാകും. അവിഹിതമായ മാർഗ്ഗത്തിൽ സമ്പാദിച്ചുകൂട്ടുന്ന മുതലിന്റെ അടിസ്ഥാനത്തിൽ സുഖസന്തുഷ്ടവും അസൂയാവഹവുമായ ജീവിതം നയിക്കാനാവുമെന്ന ഉറപ്പാണ് പാവങ്ങളെ നിരന്തരം ചൂഷണം ചെയ്യാൻ ഇതു പ്രചോദനം നൽകുന്നതെന്നു കാണാം. പ്രലോഭനീയമായ സുഖജീവിതത്തിനുള്ള സാദ്ധ്യതകഠം ഇല്ലാതാകുമ്പോഠം ഇത്തരം പ്രേരണകഠം താനേ ദുർബ്ബലവും നിശ്ചേതനവുമായിത്തീരുന്നതാണ്.

സാധൂകരിക്കാവുന്ന സന്ദർഭങ്ങളിൽ പോലും ന്യായമായ അതിരുകഠംക്കപ്പുറം ചെലവുചെയ്യുന്നതിനെ ഇസ്ലാം നിരോധിക്കുന്നു എന്നതാണ് രണ്ടാമത്തെ കാര്യം. ഉദാഹരണമായി, പണ്ടുകാലത്ത് രാജാക്കൻമാരും ചക്രവർത്തിമാരും ചെയ്തതുപോലെ പ്രത്യേക വ്യക്തികഠംക്കുവേണ്ടി മാത്രമുള്ള വൻകെട്ടിടങ്ങളും ധാരാളം ചെലവുവരുന്ന അലങ്കാര പൂന്തോട്ടങ്ങളും നിർ

മ്മിക്കുന്നതിനെ ഇസ്ലാം അനുകൂലിക്കുന്നില്ല. എന്നാൽ, ഉൽപാദന ലക്ഷ്യം മുൻനിർത്തിയോ പൊതു സ്ഥാപനങ്ങളെന്ന നിലക്കോ (ഉദാ: സോഷ്യൽ ഫോറസ്ട്രി) അത്തരം കെട്ടിടങ്ങളോ പൂന്തോട്ടങ്ങളോ ഉണ്ടാക്കുന്നതു എത്രതന്നെ ചെലവുവരുന്നതായാലും ഇസ്ലാമികദൃഷ്ട്യാ അനഭിലഷണീയമല്ല ലാഹോറിലെ ജനസംഖ്യ 9 ലക്ഷം ആണ്. ആയിരക്കണക്കിൽ ഉറുപ്പിക ചെലവുചെയ്തു ലാഹോർ കോർപറേഷൻ നഗരത്തിൽ പൂന്തോട്ടങ്ങളും പാർക്കുകളും നിർമ്മിക്കുകയാണെങ്കിൽ അതു ഇസ്ലാമിന്റെ പക്കൽ ദുർവ്യയമല്ല. ഇത്തരം പൂന്തോട്ടങ്ങളിൽനിന്നു നഗരവാസികൾക്ക് പൊതുവെ ഉപകാരമുണ്ട്. നേരെ മറിച്ച്, ഒരു വലിയ ധനാഢ്യനോ കുബേരനായ ഒരു വ്യാപാര പ്രമുഖനോ സ്വന്തം ആവശ്യത്തിനുമാത്രം അത്തരം പൂന്തോട്ടം ഉണ്ടാക്കുന്നതിനെ ഇസ്ലാം അംഗീകരിക്കില്ല. ഇപ്രകാരംതന്നെ പൊതുകെട്ടിടങ്ങൾ എത്ര ഉയരത്തിലും വലിപ്പത്തിലും ആവാമെങ്കിലും അതിനുവേണ്ടിവരുന്ന ചെലവ് എത്ര വർദ്ധിച്ചതാണെങ്കിലും ഇസ്ലാം അതു നിരോധിക്കുന്നതല്ല. എന്നാൽ സ്വകാര്യ ഭവനങ്ങൾ ഇസ്ലാമികമായ കാഴ്ചപ്പാടിനു യോജിക്കുന്ന വിധത്തിൽ പരിധി ലംഘിക്കാത്തതാവണം. താജ്മഹലിന്റെ കാര്യം എടുക്കുക. ഈ മനോഹരമായ സ്മാരകഹർമ്മ്യം ലോകപ്രസിദ്ധമാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഇതു ആളുകളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഞാൻതന്നെ പലതവണ അതു കണ്ടിട്ടുണ്ട്. അതൊരു അത്ഭുതകരമായ സുന്ദരശിൽപ്പമാണ്. രൂപത്തിലും ഭാവത്തിലും ഭംഗിയിലും അതൊരു അതുല്യപ്രതിഭാസംതന്നെ: എന്തുതന്നെയായാലും അതു ഒരു ചക്രവർത്തി അയാളുടെ രാജ്ഞിയോടുള്ള പ്രേമാതിരേകത്തിന്റെ പേരിൽ നിർമ്മിച്ച ഒരു സ്വകാര്യസ്മാരകം എന്നതിലുപരി ഒന്നുമല്ല. ഇസ്ലാമികദൃഷ്ട്യാ ഇതിനുവേണ്ടി

ചെലവിട്ട കണക്കില്ലാത്ത ധനം ന്യായമായ ഒരടിസ്ഥാനത്തിലുള്ളതാണെന്നു പറഞ്ഞുകൂടാ. പാവങ്ങളുടെ ക്ഷേമാഭിവൃദ്ധിയെ ലക്ഷ്യമാക്കിയും ഉദാത്തമായ ഉദ്ദേശ്യങ്ങളെ മുൻനിർത്തിയും രൂപീകരിക്കുന്ന ഒരു ദീർഘകാല പദ്ധതിയ്ക്കുവേണ്ടി ആ കോടികൾ ചെലവഴിക്കാമായിരുന്നു

## രാഷ്ട്രീയാധികാരത്തിനുവേണ്ടി

ഒരാളുടെ സമ്പത്തിന്റെ അടിസ്ഥാനത്തിൽ അയാൾക്ക് രാഷ്ട്രീയാധികാരം നൽകിക്കൂടാത്തതാണ്. ഇക്കാര്യത്തിൽ ഇസ്ലാമിന്റെ അനുല്ലംഘ്യമായ നിയമം എന്താണെന്ന് ഞാൻ മുകളിൽ വിവരിച്ചിട്ടുണ്ട്. 'അമാനത്ത്' അതിന്നു അർഹരായിട്ടുള്ളവരിൽ മാത്രമെ അർപ്പിക്കാവൂ എന്നു ഖുർആൻ അനുശാസിക്കുന്നു.

അധികാരവും ഭരണഭാരവും, സമ്പത്തും മുതലും നോക്കിയല്ല, സ്വഭാവമഹിമയും പ്രാപ്തിയും മാത്രം മുൻനിർത്തിയാവണം ഏതൊരാളിലും അമാനത്ത് ഏൽപിക്കേണ്ടതെന്നു ഇസ്ലാം നിഷ്കർഷിക്കുന്നു. ഭരണപരമായ കാര്യങ്ങളിൽ സ്വാധീനം നേടുന്നതിന് ധനം ഒരു സഹായോപാധി അല്ലാതായിത്തീരുമ്പോൾ അതിന്റെ ഉടമസ്ഥത ആനുപാതികമായി ജീവിതത്തിലെ നിർണ്ണായക സാധീന ഘടകമല്ലാതായിമാറും.

## ധനം കൂട്ടിവെക്കാനുള്ള അത്യാർത്തി

ധനം സ്വരൂപിക്കുന്നതിലുള്ള ആനന്ദാനുഭൂതിയ്ക്കുവേണ്ടി മാത്രം ധനം ആർജ്ജിച്ചു കൂട്ടുന്നവരുണ്ട്. ഇസ്ലാം ഈ പ്രവണതയെ അസന്ദിഗ്ദ്ധമായ ഭാഷയിൽ വിരോധിക്കുന്നു.

"സ്വർണവും വെള്ളിയും സംഭരിച്ചു വെക്കുകയും അല്ലാഹുവിൻെറ മാർഗത്തിൽ അതു ചെലവാക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനാജനകമായ ശിക്ഷയുണ്ടെന്നു മുന്നറിയിപ്പ് നൽകുക. നരകാഗ്നിയിൽ അത് ചുട്ടുപഴുപ്പിക്കപ്പെട്ടു അത്കൊണ്ട് അവരുടെ നെററിത്തടങ്ങളും പാർശ്വങ്ങളും മുതുകുകളും പൊള്ളിക്കപ്പെടുന്ന നാളിൽ (അവരോട് പറയപ്പെടും) ഇതാണ് നിങ്ങൾ നിങ്ങൾക്കുവേണ്ടി സംഭരിച്ചു വന്നിരുന്നത് അതുകൊണ്ട് സംഭരിച്ചു വെച്ചുകൊണ്ടിരുന്നത് നിങ്ങൾഅനുഭവിച്ചു കൊള്ളുക" 9.34_35)

ധനം കൈമാറിത്തിരിയാൻ അനുവദിക്കാതെ ഒരിടത്ത് കൂട്ടിവെക്കുന്നവർ സമൂഹത്തിൽ വലുതായ സാമ്പത്തികവിഷമങ്ങൾ വരുത്തിവെക്കുന്നു ഇത്തരക്കാർക്ക് ഗുരുതരമായ താക്കീതു നൽകിയിരിക്കുകയാണിവിടെ.

ചുരുക്കത്തിൽ, ധനം കൂട്ടിവെക്കുന്നതിനു മനുഷ്യനെ പ്രേരിപ്പിക്കുന്ന എല്ലാ ദുഷ്പ്രവണതകളെയും അഭിനിവേശങ്ങളെയും ഇസ്ലാം നിരുത്സാഹപ്പെടുത്തുന്നു, ധനം ഒരുമിച്ചുകൂട്ടാനുള്ള ആഗ്രഹം തന്നെയും ഹരിച്ചുകളയുമ്പോൾ ഒരാൾ തൻെറ ധാർമികസുസ്ഥിതി അപകടത്തിലാക്കിക്കൊണ്ടു സമ്പത്തു കൂട്ടിവെക്കുന്നതു അഭികാമ്യമായി കരുതുകയില്ലല്ലോ, റയിസ് കോർസുകളിലോ ചൂതുകളികളിലോ, ഭാഗ്യഷോഡതികളിലോ, ചലിക്കുന്ന കൊട്ടാരങ്ങളിലോ, 'ആർട്ട് ഗാലറി'കളിലോ ധനം ചെലവഴിച്ചു പ്രതാപം നേടുവാൻ കഴിയാതെ വരുന്ന ഒരു സമൂഹത്തിൽ, വലിയ തോതിൽ പണം ചെലവിടേണ്ടതാവശ്യമില്ലാത്ത തരത്തിൽ ലളിതവും ഋജുവും ഉപകാരപ്രദവുമായ ജീവിതത്തിനായിട്ടല്ലാതെ മറെറാന്നിനും പ്രസക്തിയി

ല്ലാതെ വരുന്നു ഇത്തരം ഒരു ചൈതന്യം വ്യാപിച്ചുകിടക്കുന്ന ഒരു സൊസൈററിയിൽ ആത്മാവിനെപോലും വിററു പൊന്നും പണവും വാരിയെടുക്കാനുള്ള ഭ്രാന്ത് പിടിച്ച ശ്രമത്തിൽ ബുദ്ധിയുള്ളവരാരും ഏർപ്പെടുകയില്ല.

ഇത്രയും ഉത്ബോധനങ്ങളാണ് ഇസ്ലാം സമ്പത്തിന്റെ വിനിയോഗത്തെകുറിച്ചു നല്കുന്നത്. എത്രതന്നെ ശക്തിമത്തായ ഉൽബോധനങ്ങളായാലും അതു ദുർബലപ്രകൃതക്കാരിൽ ഒരു ഫലവും ചെയ്യുകയില്ല. സാമ്പത്തിക കാര്യങ്ങളിൽ മുകളിൽ കാണിച്ച ഇസ്ലാമികമായ നിർദ്ദേശങ്ങൾ കേവലം ഉൽബോധനങ്ങൾ മാത്രമാണ്. ഇത്തരം മഹത്തായ ഉപദേശങ്ങൾ ജീവിതത്തെ ധന്യമാക്കാൻ സ്വയം തയ്യാറാകുന്നവർക്കും, ഇതിനെതിരായുള്ള എല്ലാ പ്രേരണകളെയും വികാരങ്ങളെയും നിയന്ത്രിക്കാനുള്ള അച്ചടക്കം ശീലിച്ചവർക്കും മാത്രമെ ഈ ഉൽബോധനങ്ങൾകൊണ്ട് എന്തെങ്കിലും ഫലം കൈവരിക്കാൻ ആവുകയുള്ളു. സ്വതന്ത്രമായിവിട്ടാൽ, ഉദാത്തമായ ജീവിതത്തിന്റെ ഈ ഉയർന്ന പടവുകളോളം എത്തിച്ചേരാൻ കഴിയാതെ വരുന്ന ഒരു വലിയ വിഭാഗം ജനങ്ങൾ ഈ അച്ചടക്കം പാലിക്കാൻ കൂട്ടാക്കാത്തവരത്രെ. ആകയാൽ, അത്തരക്കാരെ കൂടി നിലയ്ക്ക് നിർത്തുന്നതിന് ഇസ്ലാമിക ശരീഅത്ത് ചില നിയമങ്ങൾ ആവിഷ്കരിക്കുകയും അവ നടപ്പിൽവരുത്തുവാൻ സ്റേററിനെ ബാദ്ധ്യസ്ഥമാക്കുകയും ചെയ്തിരിക്കുന്നു. ◆

# പലിശയുടെ സ്വാധീനം

പലിശയേർപ്പാടിൻമേൽ പണം കടം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നതിനെ ഇസ്‌ലാം നിരോധിച്ചിരിക്കുന്നു. ഇപ്രകാരം വ്യാപാരസംരംഭങ്ങൾക്കും അതുകൊണ്ടുതന്നെ വ്യക്തിപരമായ സമ്പാദ്യങ്ങൾക്കും അതു ഒരു നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. ഈ നാട്ടിലെ ബുദ്ധിജീവികൾ ഒരു ഭാഗത്ത് കമ്യൂണിസത്തെ അനുഭാവപൂർവ്വം നോക്കി കാണുകയും മറുഭാഗത്ത് പലിശവ്യവസ്ഥയിലധിഷ്ടിതമായ കപടവും വഞ്ചനാപരവുമായ സാമ്പത്തിക സംവിധാനത്തെ അനുകൂലിക്കുകയും ചെയ്യുന്നതു തികച്ചും ആശ്ചര്യകരമായിരിക്കുന്നു. യഥാർത്ഥത്തിൽ സാമ്പത്തികസംവിധാനത്തിലെ ഏററവും വിനാശകരമായ ഒരു ഘടകമത്രെ പലിശ. കൗശലക്കാരനും സമർത്ഥനുമായ ഒരു വ്യാപാരിയെ കോടിക്കണക്കിൽ രൂപ കടമെടുക്കാനും അതുവഴി ആയിരക്കണക്കിലാളുകളെ നിത്യമായ സാമ്പത്തികാടിമത്തത്തിലാഴ്ത്തിക്കൊണ്ട് കമ്പോളം കയ്യടക്കാനും അതു സഹായിക്കുന്നു. കോടീശ്വരന്മാരായ സമ്പന്നരുടെ ഒരു പട്ടിക തയ്യാറാക്കിയാൽ അവരിൽ ബഹുഭൂരിഭാഗവും ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ, ഈ പലിശവ്യവസ്ഥയെ ആശ്രയിച്ചാണ് വളർന്നതെന്നു കാണാൻ കഴിയും. ഏതാനും ആയിരം ഉറുപ്പിക മുതലിറക്കിക്കൊണ്ട് അവർ വ്യാപാരവ്യവസായ സംരംഭങ്ങൾ തുടങ്ങുകയും ക്രമേണ ബാങ്കുകളിൽനിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകൾ സംഘടിപ്പിച്ചു 'ഓവർ ഡ്രാഫ്ററുകൾ' വഴി ക്ഷണത്തിൽ ലക്ഷങ്ങളിൽ നിന്ന് കോടികൾ കൊയ്തെടുക്കുകയും ചെയ്യുന്നു. സാധാരണഗതിയിൽ തുച്ഛ

മായ മുതലിറക്കുമായി രംഗത്ത് വരുന്നവരിൽ തങ്ങളുടെ ആസ്തിയെ മാത്രം ആശ്രയിച്ചു വ്യാപാരവ്യവസായങ്ങൾ നടത്തി കോടീശ്വരന്മാരായി മാറിയിട്ടുള്ളവർ ഒരു ശതമാനംപോലും ഉണ്ടാവുകയില്ല. ബാക്കിയുള്ളവരൊക്കെ വായ്പാ സംവിധാനങ്ങളിലൂടെ കോടീശ്വരന്മാരായി മാറുകയും ചെയ്യുന്നു.

സാധാരണക്കാരുടെ സാമ്പത്തികവളർച്ചയെ- വീർപ്പുമുട്ടിക്കുകയും തകരാറിലാക്കുകയും ചെയ്യുന്ന സാമ്പത്തികാസമത്വങ്ങൾ സൃഷ്ടിക്കുന്ന വസ്തുതാഘടകങ്ങളിൽ ഏററവും മുഴച്ചുനിൽക്കുന്നത് പലിശവ്യവസ്ഥയാണെന്നു കാണാം. ലോകസാമ്പത്തികഘടനയെ തകർക്കുന്ന ഈ പലിശവ്യവസ്ഥയെ ഇല്ലായ്മ ചെയ്യേണ്ടത് മനുഷ്യസമുദായത്തിന്റെ കടമയായി മാറിയിരിക്കുകയാണ്.

വസ്തുത ഇതാണെങ്കിലും പലിശയുടെ കെടുതികൾ നിത്യേന അനുഭവപ്പെടുന്നുണ്ടായിട്ടും മയക്കപ്പെട്ട ഒരീച്ച സ്വയം ഒരെട്ടു കാലിയുടെ വലയിൽ അകപ്പെട്ടുകൊള്ളാൻ അനുവദിക്കുന്നതുപോലെ പലിശയിൽ ആളുകൾ ആശ്വാസം കണ്ടെത്തുകയാണ് ചെയ്യുന്നത്. തങ്ങളുടെ നാട്ടിനെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്ന ഈ വ്യവസ്ഥയുടെ ഭവിഷ്യത്തുകളെ കുറിച്ച് അവരിൽ യാതൊരു വേവലാതിയും കാണപ്പെടുന്നില്ല. യഥാർഥത്തിൽ മുതലാളിത്തത്തെ അരക്കിട്ടുറപ്പിക്കുന്ന ഈ വ്യവസ്ഥയുടെ വേരിന്ന് കത്തിവെക്കുവാൻ കമ്യൂണിസ്ററുകാരും ഒരുങ്ങുന്നില്ല. നേരെമറിച്ചു, മുതലാളിത്തത്തിന്റെ ഈ വശത്തെ അവർ സഹർഷം സ്വീകരിക്കുകയാണ് ചെയ്യുന്നത്.

വ്യാപാരവ്യവസായ സംരംഭങ്ങളിൽ മുതലിറക്കാൻ പണം വായ്പ ലഭിക്കാത്ത സാഹചര്യത്തിൽ

സംരംഭകർ സഹകരണാടിസ്ഥാനത്തിൽ കൂടുതൽ ആളുകളെ ചേർത്ത് അവരിൽനിന്ന് ഓഹരികൾ വാങ്ങി സംരംഭം വികസിപ്പിക്കുവാനോ അഥവാ, കൂടുതൽ പേരെ ഓഹരിക്കാരായി ചേർക്കാൻ വിസമ്മതമുള്ള പക്ഷം പ്രവർത്തനം പരിമിതപ്പെടുത്തി ചുരുങ്ങിയ സമ്പാദ്യംകൊണ്ട് തൃപ്തിപ്പെട്ടുകൊള്ളുവാനോ ഒരുങ്ങേണ്ടിവരും. രണ്ടു പ്രകാരത്തിലായാലും എല്ലാവർക്കും പ്രയോജനപ്പെടുന്നവിധം സാമ്പത്തിക സമീകരണം സാധിക്കുമാറ് കൂടുതൽ അനുകൂലമായ സാഹചര്യങ്ങൾ അതു വഴി സൃഷ്ടിയ്ക്കപ്പെടുന്നതായിരിക്കും.

## വ്യാപകമായ പലിശനിർവ്വചനം

നഷ്ടഭീതികൾ തീർത്തും ഇല്ലാതാക്കി സ്വാഭാവിക സാഹചര്യങ്ങളിൽതന്നെ ലാഭം പൂർണ്ണമായും ഉറപ്പുവരുത്തിക്കൊണ്ടുള്ള സാമ്പത്തിക സംരംഭങ്ങളിൽനിന്നുള്ള വരുമാനം പലിശയിൽ ഉൾപ്പെടുന്നു. ഈ അർത്ഥത്തിൽ വമ്പിച്ച 'ട്രസ്റ്റു'കളിൽ (Trust)നിന്നും 'കമ്പൈനു'കളിൽനിന്നും (Combines) കാർട്ടലുകളിൽനിന്നും (Cartels) വിതരണം ചെയ്യുന്ന ഡിവിഡണ്ടുകൾ കൂടി പലിശയിൽപെടുന്നവയാകയാൽ അനുവദനീയമല്ല. ട്രസ്റ്റുകളും അത്തരം സ്ഥാപനങ്ങളും ലാഭവിഹിതം ഒരു നിശ്ചിത നിലവാരത്തിൽ നിർണ്ണയിച്ചുനിർത്തി വ്യാപാരരംഗത്തുള്ള ആരോഗ്യകരമായ മൽസരത്തെ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്, വൻ ട്രസ്റ്റുകൾക്കെതിരിൽ ചെറിയ ചെറിയ വ്യാപാര സ്ഥാപനങ്ങൾക്ക് മൽസരിക്കാൻ കഴിയാതാകുന്നു. ഇത്തരം ചെറിയ സ്ഥാപനങ്ങൾ രംഗത്ത നിന്ന് മാറുവാൻ നിർബ്ബന്ധിതരാകുന്നതോടെ 'ട്രസ്റ്റു'കൾക്ക് രംഗം ഒഴിഞ്ഞ്കിട്ടുകയും അവർ തികഞ്ഞ സ്വേച്ഛാധിപൻമാരായി വാഴുകയും ചെയ്യുന്നു. ആകയാൽ, സാ

മ്പത്തികശക്തികളുടെ സ്വാഭാവിക പ്രവർത്തനങ്ങളെ സമൂഹത്തിന്ന് വിനാശകരമായ തരത്തിൽ അട്ടിമറിക്കുന്ന ഭയാനകമായ ഒരു തിൻമയാണ് 'ട്രസ്ററ', സമ്പ്രദായം എന്ന് മനസ്സിലാക്കേണ്ടതാണ്.

അഹ്മദിയ്യാ സമൂഹത്തിൻെറ സാമ്പത്തിക പദ്ധതികളുമായി ബന്ധപ്പെട്ട് ഞാൻ ഒരിക്കൽ അരക്ക് (Shellac) വ്യാപാരം സംബന്ധിച്ച വസ്തുതകൾ ആരായുകയുണ്ടായി. എതാനും ലക്ഷം മാത്രം മുതലിറക്കാവുന്ന ഒരു ബിസിനസ് ആണിത്. ഇന്ത്യയുടെ ചില ഭാഗങ്ങളിൽനിന്ന് മാത്രമെ ഇതിൻെറ സപ്ലൈ ഉള്ളൂ. എന്നാൽ, ഒരൊററ യൂറോപ്യൻ കമ്പനി മാത്രം ഈ ബിസിനസിൽ കുത്തക പുലർത്തുകയാണെന്നറിഞ്ഞു ഞാൻ അമ്പരന്നുപോയി. ഈ കുത്തക വളരാൻ കഴിഞ്ഞതെങ്ങനെയെന്ന് ഞാൻ അന്വേഷിച്ചപ്പോൾ പത്തോ, പതിനഞ്ചോ ലക്ഷത്തിനപ്പുറം മുതലിറക്കില്ലാത്ത ഇന്ത്യൻ 'ഫേമു'കളാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നതെന്നും ഇതിന്നെതിരിൽ ഈ യൂറോപ്യൻ കമ്പനിക്ക് മുപ്പതോ നാല്പതോ കോടിയുറുപ്പികയുടെ ആസ്തിയുണ്ടെന്നും എനിയ്ക്ക് അറിയുവാൻ കഴിഞ്ഞു. സ്വാഭാവികമായും ഒരൊററ ഇന്ത്യൻ സ്ഥാപനത്തിന്നും ഇതിന്നെതിരിൽ മൽസരിച്ചുനിൽക്കാൻ കഴിയാതെ വരുന്നു. എല്ലാ മൽസരികളെയും രംഗത്ത് നിന്ന് തുടച്ചുനീക്കാനും കുത്തകക്കാർക്ക് കഴിയുന്നു.

അന്താരാഷ്ട്രവിപണികളിൽ നിർണായകമായ നിയന്ത്രണം കരസ്ഥമാക്കുന്നു എന്നതിനാൽ കാർട്ടലുകൾ വലിയ തിൻമയാണ്. ശക്തിമത്തായ ഗവർമെണ്ടുകൾക്ക്പോലും അത് പലപ്പോഴും ഒരു വലിയ തടസ്സമായിത്തീരാറുണ്ട്. ഉദാഹരണമായി, രാസവസ്തുക്കളുടെമേൽ ഗവർമ്മേണ്ടിന്നുണ്ടായിരുന്ന നിയന്ത്രണം സഖ്യകോയ്മകൾക്ക് ഈ യുദ്ധകാലത്ത് ഗു

രുതരമായ ചില വിഷമങ്ങരം വരുത്തിവെക്കുകയുണ്ടായി. ശത്രുരാജ്യങ്ങളുടെ സഹായികളും ഏജൻറൻമാരുമായി പ്രവർത്തിച്ച ചില വ്യാപാരസ്ഥാപനങ്ങരംക്കെതിരെ കർശനമായ നിയമനടപടികരം എടുക്കുവാൻ ഗവൺമെണ്ട് നിർബന്ധിതമായി. ചുരുക്കത്തിൽ, നഷ്ടഭീതി പാടെ ഇല്ലാതാക്കുന്ന തരത്തിൽ വ്യാപകമായ അളവിൽ വ്യാപാരം നടത്താനുള്ള ഉപാധികളും സമ്പ്രദായങ്ങളും ഇസ്ലാമിൽ അനുവദിക്കപ്പെടുകയില്ല. എന്തെന്നാൽ, സാധാരണക്കാർക്കും ദുർബലവിഭാഗങ്ങരംക്കും വളരാൻ സാധിക്കാത്തവിധം ഇത്തരം സംരംഭങ്ങരംവഴി അതിനു പിന്നിൽ പ്രവർത്തിക്കുന്നവർക്ക് ധനികരായിത്തീരാൻ സാഹചര്യം സൃഷ്ടിയ്ക്കപ്പെട്ടുകൂടാ.

## പൂഴ്ത്തിവെപ്പ്

അധികവില പ്രതീക്ഷിച്ചു വില്പന സാധനങ്ങരം പൂഴ്ത്തിവെക്കാൻ പാടില്ലെന്ന് ഇസ്ലാം കൽപിക്കുന്നു. പ്രകൃതിശക്തികരംക്കെതിരായ ഇത്തരം ഇടപെടലുകരം സമൂഹത്തിൽ ആപത്തുകരം വരുത്തിവെയ്ക്കും. ദേശീയാടിസ്ഥാനത്തിലുള്ള കമ്പോളനിയന്ത്രണങ്ങരം ഒരു ആധുനികസാമ്പത്തികനടപടിയാണെന്നു ചിലർ കരുതുന്നു. എന്നാൽ. അതങ്ങനെയല്ല. ചില അടിയന്തരഘട്ടങ്ങളിൽ വില നിയന്ത്രണമേർപ്പെടുത്തുന്നതിൻെറ ആവശ്യകതയെ പതിനാലു നൂററാണ്ടുമുമ്പുതന്നെ ഇസ്ലാം അംഗീകരിച്ചിട്ടുള്ളതാണ്. ഇസ്ലാം പൂഴ്തിവപ്പിനെ (ഇഹ്തികാർ) നിരോധിച്ചിരിക്കുന്നു. വില വീർപ്പിക്കുന്നതിന്നുവേണ്ടി ഉപഭോക്താക്കളിൽനിന്നും സാധനങ്ങരം മറച്ചുവയ്ക്കുന്നതിനാണ് 'ഇഹ്തികാർ' എന്നു പറയുന്നത്. അത്തരം കച്ചവടക്കാരെയും ഉൽപാദകരെയും സ്റേറാക്കുകരം വിട്ടുകൊടുക്കാൻ ഇസ്ലാമികസ്റേററ് നിർബന്ധിക്കുന്നതായിരിക്കും. 'ഇഹ്തി

കാർ' എന്ന പദത്തിൻെറ ധ്വാത്വർത്ഥം ധാന്യം പൂഴ്ത്തിവെക്കുക എന്നാണ്. എന്നാൽ, ജീവിതത്തിന്നാവശ്യമായ എല്ലാ അവശ്യവസ്തുക്കളെയും ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.

കൃത്രിമോപാധികളിലൂടെ സാധനങ്ങളുടെ വില കുറയ്ക്കുന്നതിനേയും ഇസ്ലാം അനുവദിക്കുന്നില്ല. ഹസ്രത്ത് ഉമർ (റ) തൻെറ ഭരണകാലത്ത് ഒരിക്കൽ പുറമെനിന്നുള്ള ഒരു കച്ചവടക്കാരൻ, മദീനക്കാരായ കച്ചവടക്കാർക്കും ഉൽപാദകർക്കും മൽസരിക്കാൻ കഴിയാത്ത വിലയ്ക്ക് മുന്തിരി വിൽക്കുന്നതായി കണ്ടു. ഒന്നുകിൽ മദീനയിലെ നിലവാരമനുസരിച്ച് വിൽക്കുകയോ അല്ലെങ്കിൽ ചരക്കുമായി പുറത്ത് പോയ്ക്കൊൾകയോ ചെയ്യാൻ അദ്ദേഹം വ്യാപാരിയോട് കൽപ്പിക്കുകയുണ്ടായി, ഇതിനെപററി ചോദിച്ചപ്പോൾ ഹസ്രത്ത് ഉമർ (റ) മറുപടി പറഞ്ഞത് അങ്ങനെ അനുവദിക്കുന്നപക്ഷം മദീനക്കാരായ കച്ചവടക്കാർക്ക് വമ്പിച്ച നഷ്ടം സഹിക്കേണ്ടിവരുമെന്നും അന്നത്തെ സ്ഥിതിയ്ക്കു അവർ അന്യായവിലയല്ല വാങ്ങുന്നതു എന്നും ആയിരുന്നു. മാർക്കററിലെ വിലനിലവാരത്തിൽ ഇടപെടാൻ പാടില്ലെന്ന നബിതിരുമേനിയുടെ അരുളപ്പാടിൻെറ അടിസ്ഥാനത്തിൽ ഖലീഫയുടെ പ്രസ്തുത കൽപനയെ ചില സഹാബിവര്യന്മാർ ചോദ്യം ചെയ്തു എന്നതു ശരിതന്നെ. എന്നാൽ, 'സപ്ലൈ'യുടെയും 'ഡിമാൻറ'ൻെറയും സ്വതന്ത്രവും സ്വാഭാവികവുമായ പ്രവർത്തനത്തിൽ ഇടപെടുന്നതിനെയാണ് നബിതിരുമേനി (സ) വിലക്കിയിരുന്നതെന്നതിനാൽ അവരുടെ പ്രതിഷേധത്തിന്നു ശരിയായ അടിസ്ഥാനമുണ്ടായിരുന്നില്ല. എന്നാൽ ഇത്തരം ഇടപെടലുകൾ സമൂഹത്തിന്നു ദോഷം വരുത്തിവെക്കുന്നതും തൻമൂലം ചെയ്തുകൂടാത്തതുംതന്നെ. പഞ്ചാബ് ഗവൺമെൻറ്*

* ഇന്ത്യാ വിഭജനത്തിന്നു മുമ്പുള്ള കാര്യമാണിതു -വിവ.

സംസ്ഥാനത്തു കൺട്രോൾ ഏർപ്പെടുത്തുകയും ഗോതമ്പിന്റെ സ്ഥിരം വില നിശ്ചയിക്കുകയും ചെയ്തപ്പോൾ കടുത്ത വിഷമങ്ങൾ ജനങ്ങൾക്ക് നേരിടേണ്ടിവന്നതു ഇയ്യിടെ മാത്രമാണ്. ഗോതമ്പം എല്ലായിടത്തും ഒരു പോലെയുള്ളതാണല്ലോ. ഒരൊററ വ്യാപാരിക്കും മുതലിന്നു ചരക്ക് വിൽക്കാനാവില്ല. അങ്ങിനെ വിററിട്ടു കച്ചവടം തുടർന്നുകൊണ്ടുപോകാൻ സാധ്യവുമല്ല. ദുരുപദിഷ്ടമായ ഒരു നടപടിയാണിതെന്നു വ്യക്തമായിരുന്നു. അതേ അവസരത്തിൽ പട്ടിണിയിടുന്ന ജനങ്ങൾക്ക് ഗോതമ്പം കിട്ടാതെവയ്യെന്നുമായി. അപ്പോൾ അവർ ഗോതമ്പം കരിഞ്ചന്തയ്ക്കു വാങ്ങാനൊരുങ്ങി. മന്നിന് 6 ക. വിലയുള്ളപ്പോൾ കരിഞ്ചന്തയിൽ അതു മന്നിന് 16 ക. യോളമായി വർദ്ധിച്ചു. ഈ സ്ഥിതി വിശേഷം സംജാതമാകുന്നതിന്ന് എത്രയോ മുമ്പ് തന്നെ ഞാൻ സർക്കാറിന്നു മുന്നറിയിപ്പു നൽകിട്ടുണ്ടായിരുന്നു. എന്നാൽ, ഗവൺമെൻറ് അതു സംബന്ധിച്ചു നടപടിയൊന്നും സ്വീകരിച്ചില്ല. ജനങ്ങൾ ഏറെ വിഷമങ്ങൾ സഹിക്കേണ്ടിവന്നതിനുശേഷമാണ് ശരിയായ നടപടികളെടുക്കുവാൻ സർക്കാർ മുന്നോട്ടു വന്നത്. ഉൽപാദകരുടെ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള ആഗ്രഹംകൊണ്ടാണ് നേരത്തെ ഗോതമ്പു നിയന്ത്രണകൽപന പുറപ്പെടുവിച്ചിരുന്നത്. എന്നാൽ, അതുമൂലം കൃഷിക്കാർക്ക് കനത്ത നഷ്ടം സഹിക്കേണ്ടിവന്നു. അതേ അവസരത്തിൽ കച്ചവടക്കാർക്ക് എത്രയോ ഇരട്ടി ലാഭം അടിച്ചെടുക്കാൻ സാധിക്കുമാറായി.

ചുരുക്കത്തിൽ, വിലനിലവാരത്തിൽ ന്യായഹീനമായ ഇടപെടലുകളെയാണ് അഥവാ, വിതരണത്തിൻെറയും ആവശ്യത്തിൻെറയും സ്വാഭാവികമായ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനെയാണ് നബി(സ)

തിരുമേനി വിലക്കിയിരുന്നത്. അസാധാരണമായ പരിതസ്ഥിതിയിൽ ഉണ്ടാകുന്ന ചില പ്രത്യേക തിൻമകളെ തടുക്കുന്നതിന്നുള്ള ന്യായമായ നിയന്ത്രണ നടപടികളെ തിരുനബി(സ) ഒരിക്കലും വിരോധിച്ചിട്ടില്ല. പൂഴ്ത്തിവെപ്പിനെ നബി (സ) നിരോധിച്ചിട്ടുണ്ട്. ഹസ്രത്ത് ഉമറിൻെറ നടപടി അതിനെ പൂർണമായും ന്യായീകരിച്ചു. ഇസ്ലാമിക ശരീഅത്തിൻെറ വെളിച്ചത്തിൽ ആ നടപടി സാധൂകരിക്കപ്പെട്ടിരിക്കുകയുമാണ്.

# സാമ്പത്തിക നിയന്ത്രണങ്ങൾ

ഈ എല്ലാ പ്രതിരോധനടപടികൾക്കുമെതിരിൽ ധനം ഏതാനും ആളുകളുടെ കൈയ്യിൽ കുമിഞ്ഞു കൂടുന്നതിനെ നിയന്ത്രിക്കാനാവാത്ത തരത്തിൽ, അസാധാരണമായ ബുദ്ധിസാമർഥ്യം കൊണ്ടു ബഹുജനങ്ങളുടെ ക്ഷേമത്തെ തകരാറിലാക്കുംവിധം ഈ കടമ്പകളെയെല്ലാം കടന്നു ചാടി ധനം സ്വരൂപിക്കുന്നവരുണ്ടാകാം. അത്തരം ആളുകളുടെ സമ്പത്ത് നിയന്ത്രിക്കുന്നതിന്ന് ഇസ്‌ലാം വേറെയും സവിശേഷ നടപടികൾ നിർദ്ദേശിച്ചിരിക്കുന്നു. അതിലൊന്നാണ് 'സകാത്ത്' വ്യവസ്ഥ.

## സകാത്ത്

ഒരു നിശ്ചിത പരിധിയ്ക്കപ്പുറം ഒരാളുടെ പക്കൽ ഒരു പൂർണവർഷക്കാലം നിലകൊള്ളുന്ന എല്ലാ മുതലിന്നും ഈടാക്കപ്പെടുന്ന ഒരു നികുതിയാണ് സകാത്ത്. ജീവനുള്ള മുതൽ (Live Stock), കാർഷികോല്പന്നങ്ങൾ, എല്ലാ തരത്തിലുമുള്ള വ്യാപാരവ്യവസായസ്ഥാപനങ്ങൾ, സ്വർണം വെള്ളി നാണയങ്ങൾ മുതലായവയുടെ ആകെ വില കണക്കാക്കി അതിന്റെ രണ്ടരശതമാനം വരുന്ന തുക പാവങ്ങളുടെയും ദരിദ്ര വിഭാഗത്തിന്റെയും സേവനാർത്ഥം വിനിയോഗിക്കാനുള്ള ഒരു നികുതിയാണ് ഇത്. വെള്ളി സ്വർണം നാണയങ്ങളുടെ കാര്യത്തിൽ ഒരു കൊല്ലക്കാലം നാൽപതിൽ കുറയാത്ത അത്തരം നാണയങ്ങൾ കയ്യിരിപ്പുണ്ടായിരിക്കണമെന്നു നിശ്ചയിച്ചിട്ടുണ്ട്.

ഈ നികുതി വരുമാനത്തിന്നു മാത്രമുള്ളതല്ലെന്നും വരുമാനമടക്കം ആകപ്പാടെയുള്ള ആസ്തി കണക്കാക്കിയാണ് ചുമത്തപ്പെടുന്നതെന്നും പ്രത്യേകം

മനസ്സിലാക്കേണ്ടതുണ്ട്. സ്ത്രീകൾ സാധാരണയായി അണിയുന്നതോ ഇരവ് നൽകുന്നതോ ആയ ആഭരണങ്ങളെ ഇതിൽ നിന്നു ഒഴിവാക്കിയിട്ടുണ്ട്. ദരിദ്രർക്ക് അണിയാൻ ഇരവ് കൊടുക്കുന്ന ആഭരണങ്ങൾ അല്ലാത്തവയ്ക്കും സകാത്ത് കൊടുക്കുന്നതു നല്ലതാണെന്നു 'ഫിഖ്'ഹിൻെറ (കർമ്മശാസ്ത്രത്തിൻെറ) ചില ആധികാരികവക്താക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഏതായാലും സാധാരണ ഉപയോഗിക്കപ്പെടാത്ത ആഭരണങ്ങൾക്ക് സകാത്ത് നിർബന്ധം തന്നെയാണ്.

നികുതിയുടെ പരിധിയിൽ വരുന്ന ഏററവും കുറഞ്ഞ മുതൽ ഒരു കൊല്ലക്കാലം കയ്യിരിപ്പുള്ള ഏതൊരാളും കൊല്ലംതോറും സകാത്ത് നൽകാൻ ബാദ്ധ്യസ്ഥനാണ്, അതു മൂലധനത്തിന്നു മാത്രമുള്ള നികുതിയല്ല. മൂലധനവും അതോടൊപ്പം വരുമാനവും ചേർത്തുള്ള ആകെ സമ്പാദ്യത്തിന്നാണ് സകാത്ത് നികുതി ചുമത്തപ്പെടുന്നത്. ഇസ്‌ലാമികപരിപ്രേക്ഷ്യത്തിൽ സകാത്ത് നികുതിയുടെ ധാർമികാടിസ്ഥാനം ഇതാണ്: ധനവാൻെറ മുതലിൽ സാധാരണക്കാരൻെറ അഥവാ ദരിദ്രജനത്തിൻെറ അവകാശങ്ങളും അവരുടെ അദ്ധ്വാനത്തിൻെറ അംശവും ചേർന്നുകിടക്കുന്നു. ഇതിൻെറ മൂല്യം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൻെറ പോരായ്മകൾ കാരണം ദരിദ്രർക്ക് അർഹമായ പങ്ക് ലഭിക്കുന്നില്ല. ഈ നഷ്ടം നികത്താനാണ് സകാത്ത്. ആകയാൽ, സകാത്ത് മുഖേന ഓരോ കൊല്ലവും ധനവാൻെറ മുതലിൽ നിന്ന് ഒരു നിശ്ചിത അളവിലുള്ള അംശം ദരിദ്രൻെറ അവകാശവും അവൻെറ അദ്ധ്വാനത്തിൻെറ പ്രതിഫലവും എന്ന നിലയിൽ ഈടാക്കേണ്ടതാണ്.

## ഖുംസ്

ഖനികൾ മുഖേനയും ചിലരുടെ പക്കൽ പരിധിയിലുമധികം സമ്പത്ത് വന്നു ചേരാറുണ്ട്. ഖനി

കളിൽ ഗവൺമെണ്ടിന്നുള്ള അവകാശം ഇസ്ലാം നിർണയിക്കുകയും അഞ്ചിലൊന്നു വസൂലാക്കുകയും ചെയ്യുന്നു. ഖനിയിൽനിന്നുള്ള വരുമാനത്തിൻെറ അഞ്ചിലൊന്നു സർക്കാറിൽ ചെന്നു ചേരും.*ഈ നികുതിയ്ക്ക് 'ഖുംസ്' എന്നു പറയുന്നു. ഖുംസ് എന്നതിൻെറ പദാർഥം അഞ്ചിലൊന്നു എന്നാണ്. ബാക്കിയാകുന്ന മുതലിൽ ഓരോരുത്തർക്കും ലഭിക്കുന്ന ഓഹരി വരുമാനത്തിൽ നിന്ന് സകാത്ത്വേറെയു. കൊടുക്കണം. ഇത് ദരിദ്രവിഭാഗത്തിൻെറ ക്ഷേമരക്ഷയ്ക്ക് വേണ്ടി വിനിയോഗിക്കപ്പെടാനുള്ളതാണ്. ഓരോ കൊല്ലവും ധനവാൻെറ പക്കൽനിന്നു നിശ്ചിത നിരക്ക് പ്രകാരമുള്ള സകാത്ത് നികുതിയും മററും പിരിച്ചെടുക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാകുന്നു.

## ഐച്ഛിക ദാനധർമങ്ങൾ

സകാത്ത് വ്യവസ്ഥ പ്രകാരമുള്ള നികുതിപ്പണം ദരിദ്രർക്ക് ദാനധർമം എന്ന നിലയ്ക്ക് വിതരണം ചെയ്യപ്പെടുന്ന ഒന്നല്ല. മറിച്ച്, ദരിദ്രർക്ക് അവരുടെ ഒരവകാശം എന്ന നിലയിൽ ലഭ്യമാകുന്ന നിർബന്ധനികുതിയുടെ ഒരംശമാകുന്നു. ഇതിന്നും പുറമെയുള്ള ഐച്ഛികദാനധർമങ്ങൾക്ക് ഇസ്ലാം അത്യധികമായ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. പാവങ്ങളുടെയും ദുർബലരുടെയും അവശരുടെയും അനാഥരുടെയും വിവിധങ്ങളായ വിഷമപ്രശ്നങ്ങളിൽ

* അറബ് രാജ്യങ്ങളിലും മററുമുള്ള എണ്ണഖനികൾ പലതും സ്വകാര്യഉടമസ്ഥതയിലുള്ളതാണ്. ബ്രൂണെ സുൽത്താൻ ലോകത്തിലെ ഏററവും വലിയ ധനാഢ്യനായതു എണ്ണഖനിയുടെ ഉടമസ്ഥതകൊണ്ടാണ്. ഈ വരുമാനത്തിൻെറ അഞ്ചിലൊന്ന് അഥവാ ആസ്തിയുടെ അഞ്ചിലൊന്ന് അടിസ്ഥാനപരമായും സമൂഹത്തിൻെറതാണ്– വിവ.

കണ്ണുവെക്കാനും അവരെ സഹായിക്കാനും ഇസ്ലാം സമ്പന്നരോടു അഭ്യർഥിക്കുന്നു. അവരുടെ കഷ്ടപ്പാടുകൾ അകററാനുള്ള ഏതു സംരംഭവും അങ്ങേയററത്തെ നൻമയായും ദൈവദൃഷ്ടിയിൽ ഒരു പുണ്യകൃത്യമായും ഓരോരുത്തൻേറയും ആത്മീയവളർച്ചയ്ക്ക് അനുപേക്ഷണീയമായ ഒരു കർത്തവ്യകർമമായും ഇസ്ലാം എണ്ണുന്നു. സമ്പന്നരുടെ കയ്യിൽ വരുന്ന മുതലിൻെറ അളവ് കുറക്കാൻ സഹായിക്കുന്ന പ്രായോഗികനടപടികളിൽ ഒന്നാണ് ഈ ദാനധർമങ്ങൾ.

## പിൻതുടർച്ചാവകാശ നിയമം

ഇസ്ലാമികസൊസൈററിയിൽ മേൽതത്വങ്ങളുടെ പ്രവത്തനം മററു വ്യവസ്ഥിതികളിൽ സാധിക്കുന്നതിനേക്കാൾ വിപുലമായ ഒരടിസ്ഥാനത്തിൽ സമ്പത്ത് വിതരണം ചെയ്യാനാകുമെന്നതു വ്യക്തമാണ്. ഇതിന്നു പുറമെ, മേൽതത്വങ്ങളുടെ പ്രവർത്തനമുണ്ടായിട്ടും വ്യക്തികളുടെ കൈകളിൽ സ്വരൂപിക്കപ്പെടുമാറാകുന്ന സമ്പത്ത്, ഉടമയുടെ മരണത്തോടെ, വ്യാപകമായ മണ്ഡലത്തിൽ വീണ്ടും നിർബന്ധപൂർവം വീതിക്കപ്പെടുന്നു. മറേറതൊരു നിയമവ്യവസ്ഥിതിയിലേതിലും നിയമാധിഷ്ഠിത അവകാശികളുടെ എണ്ണം കൂടുതലായുള്ളതു ഇസ്ലാമികപിൻതുടർച്ചാവകാശവ്യവസ്ഥയിലാണ്. മരിച്ച ആളുടെ സ്വത്ത് അയാളുടെ ഒരേ ഒരു പിന്തുടർച്ചാവകാശിയ്ക്ക് മാത്രമായി നൽകാൻ ഇസ്ലാം അനുവദിക്കുന്നേയില്ല, എല്ലാ ആൺമക്കൾക്കും പെൺമക്കൾക്കും നിശ്ചിതമായ ഓഹരികൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ, മരിച്ച ആളുടെ ഭർത്താവിന്നും അഥവാ ഭാര്യയ്ക്കും അതുപോലെ തന്നെ മാതാപിതാക്കൾക്കും നിശ്ചിത ഓഹരികൾ ലഭിക്കും. ചില പ്രത്യേക സാഹചര്യങ്ങളിൽ മരിച്ച ആളുടെ സഹോദരൻമാർക്കും

സഹോദരിമാർക്കും കൂടി സ്വത്തിൽ അവകാശം ലഭിക്കുന്നതാണ്. ഓരോ അവകാശിക്കും ശരീഅത്ത് നിർണ്ണയിച്ച നിശ്ചിതമായ ഓഹരിത്തുക ഒരു പരിതസ്ഥിതിയിലും കൂട്ടുകയോ കുറയ്ക്കുകയോ, ചെയ്യാനാവുകയില്ലെന്നതിനാൽ സൊസൈററിയിൽ കഴിയുന്നത്ര വ്യാപകമായി സമ്പത്തിൻെറ വിതരണം സാധിക്കുക എന്ന നിയമത്തിൻെറ ഉദ്ദേശ്യലക്ഷ്യത്തെ പരാജയപ്പെടുത്തുമാറ് അതിനെ കീഴ്മേൽ മറിക്കാൻ ഒരു പ്രകാരത്തിലും സാധ്യമല്ല. എന്തെന്നാൽ, ഖുർആനിൽതന്നെ വ്യക്തമായി നിർണയിച്ചിട്ടുള്ള വിതരണക്രമമാണിതു.

ഇന്നത്തെ ലോകത്തിലെ ന്യായരഹിതമായ സാമ്പത്തികക്രമത്തിന്ന് ഏറിയകൂറും നിദാനമായി വർത്തിക്കുന്ന പലിശ വ്യവസ്ഥയെ അനുകൂലിക്കുന്നവരിൽ ഭൂരിപക്ഷവും അനേകം പിന്തുടർച്ചാവകാശികളിൽ സ്വത്തുക്കൾ നിർബന്ധമായും വിതരണം ചെയ്യപ്പെടുന്ന വ്യവസ്ഥയെ എതിർക്കുന്നു എന്നതു തികച്ചും ആശ്ചര്യാവഹമായിരിക്കുന്നു! ഒരാളുടെ മരണശേഷം മൂത്ത പുത്രനുമാത്രമായി സ്വത്തുമുഴുവനും കൈവരുന്ന പിന്തുടർച്ചാവകാശ സമ്പ്രദായത്തെയാണ് (Law fo Primogeniture) ഇവർ അനുകൂലിക്കുന്നത്. ഈ പിന്തുടർച്ചാവകാശ വ്യവസ്ഥയനുസരിച്ച സ്വത്തുക്കൾ ചില കുടുംബങ്ങളിൽ മാത്രമായി അനേകകാലം കുത്തകാവകാശമെന്നോണം നിലനിത്തപ്പെടുന്നതിന്നിട

* കോടീശ്വരൻമാരായിട്ടുള്ളവരുടെ മക്കൾ കോടീശ്വരൻമാരായിത്തന്നെ തുടരുന്നതിന് ഒരു കാരണം ഇന്നത്തെ പിൻതുടർച്ചാവകാശനിയമമാണെന്നും അതു മാററുന്നതോടെ കുത്തകവ്യവസായികളും കോടീശ്വരൻമാരായ കുബേരൻമാരും ഇല്ലാതാവുന്നതു കാണാമെന്നും ജയപ്രകാശ നാരായണൻ Why Socialism (സോഷ്യലിസം എന്തിന്? പരി. പി. നാരായണൻ നായർ) എന്ന പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുണ്ടു- വിവ:

യാകുന്നു. എന്നാൽ, ഇസ്ലാമിക പിന്തുടർച്ചാനിയമപ്രകാരം എത്ര വലിയ സ്വത്തും ചുരുങ്ങിയ കാലത്തിനിടയിൽ മക്കൾക്കും മക്കളുടെ മക്കൾക്കുമായി നിരവധി കുടുംബങ്ങളിൽ വിതരണം ചെയ്യപ്പെടുമാറാകയും സമ്പന്നന്റെ ധനം ഇപ്രകാരം അനേകം കൈകളിലേയ്ക്കു ചെന്നുചേരുകയുമാണ് ചെയ്യുന്നത്. ആകയാൽ, എത്ര വലിയ കുബേരനായാലും അയാളുടെ ധനം മൂന്നോ നാലോ തലമുറക്കപ്പുറം നിലനിൽക്കുകയില്ല. പിന്നെ വരുന്ന തലമുറ പുതുതായി സ്വത്തു സമ്പാദിക്കേണ്ടിവരും. യുറോപ്പിലും അമേരിക്കയിലും മററും വലിയ വലിയ കോടീശ്വരൻമാർ നിലനിന്നു വരുന്നത് പിന്തുടർച്ചാവകാശം മൂത്തപുത്രനു മാത്രമാകയാൽ ഒരാളുടെ മരണശേഷം സമ്പത്ത് മുഴുവനും അയാളുടെ മൂത്ത പുത്രനിൽ മാത്രമായി ചെന്നുചേരുന്നു എന്നതിനാലാണ്. ഇംഗ്ലണ്ടിലും ഇതേ നിയമംതന്നെ നിലനിൽക്കുന്നു. മാതാപിതാക്കൾ, സഹോദരസഹോദരിമാർ, ഭാര്യാഭർത്താക്കൻമാർ എന്നിവരെല്ലാം ഈ സ്വത്തവകാശികളുടെ പട്ടികയിൽ ഉൾപ്പെടാതെപോകുന്നു. ഇവിടെ മരണപ്പെട്ട ആൾ ഒസ്യത്ത്പത്രം എഴുതിവച്ചു ആർക്കെങ്കിലും നൽകാൻ നിർദ്ദേശിച്ചെങ്കിൽമാത്രമെ അവർക്ക് എന്തെങ്കിലും കിട്ടുകയുള്ളു. ഇസ്ലാം ഇതനുവദിക്കുന്നില്ല. കുടുംബത്തിന്റെ മഹിമയും സ്ഥാനമാനങ്ങളും സമൂഹത്തിന്റെ ക്ഷേമത്തിന്നു ഉപരിയായി കാണുവാൻ സാധ്യമല്ല. സമ്പത്ത് അടിക്കടി വിതരണം ചെയ്യപ്പെടുകയും പുനർവിതരണം ചെയ്യപ്പെടുകയും ചെയ്തുകൊണ്ടിരിക്കണം എന്നും, പാവങ്ങളും ദുർബല വിഭാഗങ്ങളും ജീവിതത്തിന്റെ മൽസരപഥത്തിൽനിന്നു തെറിച്ചുപോകാത്ത തരത്തിൽ അവർക്കും പുരോഗതിക്കുള്ള വഴികൾ തുറന്നിടപ്പെടുമാറാകണമെന്നുമുള്ളതാണ് ഈ വ്യവസ്ഥയുടെ ലക്ഷ്യം എന്നു കാണാവുന്നതാണ്.

ചുരുക്കത്തിൽ, ഇസ്ലാം സമ്പത്ത് കൂട്ടിവെക്കാൻ സാധാരണ ആളുകളെ ഉദ്യുക്തരാക്കുന്ന സ്വാർത്ഥപരമായ പ്രേരണകളെ നിർവീര്യവും നിരുപദ്രവകരവുമാക്കിത്തീർക്കുന്നവിധം നമ്മുടെ മനോവിചാരങ്ങളെയും വികാരങ്ങളെയും നിയന്ത്രിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു.

രണ്ടാമതായി, ഒരാളുടെ സമ്പത്ത് അനിയന്ത്രിതമായ സുഖഭോഗങ്ങൾക്കായി ചെലവഴിക്കുന്ന രീതികൾക്ക് കർശനമായ വിലക്ക് ഏർപ്പെടുത്തുന്നു.

മൂന്നാമതായി, നഷ്ടഭീതി കേവലമായും ഒഴിവാക്കുന്ന വിധം ലാഭം മാത്രം ഉറപ്പു വരുത്തുന്ന വ്യാപാര സംരംഭങ്ങളെ ഇസ്ലാം തീർത്തും വിരോധിക്കുന്നു.

നാലാമതായി, 'സകാത്ത്', 'ഖുംസ്' എന്നിവയും ഐച്ഛികമായ ദാനധർമ്മങ്ങളും മൂഖേന, സമ്പത്ത് കയ്യടക്കിവച്ചിട്ടുള്ളവരുടെ ഇരുമ്പുപെട്ടികളിൽനിന്നു അതു പുറത്തുകൊണ്ടുവന്നു അനേകരുടെ കൈകളിലേയ്ക്കു പുനർവിതരണം ചെയ്യുവാനിടയാക്കുന്നു.

അഞ്ചാമതായി, ഈ എല്ലാ മാർഗ്ഗങ്ങളിലൂടെയും ചോർന്നു തീരുന്ന ധനം ആരുടെയെങ്കിലും പക്കൽ പിന്നെയും അടിഞ്ഞുകൂടുന്നുവെങ്കിൽ അയാളുടെ മരണത്തോടെ, ആ കുമിഞ്ഞുകൂടിയ ധനം ആർക്കും ഭീഷണിയാകാത്തവിധം, അനേകരുടെ ഗുണത്തിനുപയോഗപ്പെടുമാറ് ചെറുഖണ്ഡങ്ങളായി വീതിച്ചു നൽകപ്പെടുന്നു. സ്വത്തുക്കൾ ധർമ്മവിഷയത്തിൽ ചെലവഴിക്കുന്നതിന്നു ഒസ്യത്ത് ചെയ്തിട്ടുണ്ടെങ്കിൽ അതുമാത്രം നിയമാസ്പൃതരായ അവകാശികളിൽ ഓഹരിവെക്കുന്നതിൽനിന്നു മാററി നിർത്തപ്പെടും. ഇപ്രകാരം ധർമ സ്ഥാപനങ്ങൾ ഒസ്യത്ത് ചെയ്യാൻ തയ്യാ

റാകുന്ന ഒരാറം, സ്വന്തത്തിൽ കുബേരനായി ചമയു ന്നതിന്നുവേണ്ടി പാവങ്ങളെ ചൂഷണം ചെയ്യാനൊ രുങ്ങുന്ന പ്രകൃതക്കാരനായിരിക്കില്ലല്ലോ.

ഇസ്ലാമികസാമ്പത്തികവ്യവസ്ഥ ഇപ്രകാരം സ്വകാര്യധനം സ്വരൂപിച്ചുകൂടുമ്പോഠതന്നെ അവയെ വെട്ടിച്ചുരുക്കുന്ന ഒരു കത്രികോപകരണം കണക്കെ സ്വയം പ്രവർത്തിച്ചുകൊള്ളുന്നതാണ്. അതു ഒടു വിൽ. ഉടമസ്ഥൻെറ മരണത്തോടെ, മുഴുവനും മു റിച്ചു നീക്കി ചെറിയ തുണ്ടങ്ങളായി പുനസംവിധാ നം ചെയ്യപ്പെടുന്നു. ഇതോടൊപ്പം പാവങ്ങളുടെയും ദുർ ബ്ബലവിഭാഗങ്ങളുടെയും താല്പര്യങ്ങളെ അതു ഇട തടവില്ലാതെ കാത്തുപോരികയും സംരക്ഷിക്കുക യും ചെയ്യുന്നു.

മുസ്ലിംകഠ ഇസ്ലാം നിർദ്ദേശിച്ചിട്ടുള്ള ഈ തത്വങ്ങഠ വേണ്ടുംവണ്ണം അനുസരിച്ചു പ്രവർത്തിക്കു ന്നില്ല എന്നതു തീവ്രമായ ദുഃഖത്തോടെയാണെങ്കിലും ഇവിടെ ഏററു പറയേണ്ടിയിരിക്കുന്നു. സകാത്ത് സംബന്ധിച്ച കർശനമായ നിർദ്ദേശം ഉണ്ടെങ്കിലും അവർ അതിനെ അവഗണിക്കുകയാണ് ചെയ്യുന്നത്. എല്ലാതരത്തിലുള്ള ദുർവ്യയങ്ങളും അധികച്ചെലവു കളും അംഗീകരിക്കപ്പെടാതെയുണ്ടെങ്കിലും അവർ അത്തരം ദുർവ്യയങ്ങളിൽ മുഴുകിയിരിക്കുന്നു. അതേ അവസരത്തിൽ പിൻതുടർച്ചാവകാശ നിയമങ്ങളും ഭാ ഗികമായി മാത്രമെ അനുവർത്തിക്കപ്പെടുന്നുള്ളു. ഇക്കാര്യത്തിൽ അവർ ചെയ്യുന്ന ചെറിയ കാര്യങ്ങഠ തന്നെ ധനവാനും ദരിദ്രനും തമ്മിലുള്ള വിടവ് യൂ റോപ്പിലെയും അമേരിക്കയിലെയും പോലെ ഉപദ്രവ കരമായ നിലയിൽ മുസ്ലിംലോകത്ത് അനുഭവപ്പെ ടുന്നില്ല എന്നു തെളിയിച്ചു കാട്ടാൻ പോരുന്നതാണ്.

## പൊതു സമ്പത്ത്: വിനിയോഗം എങ്ങനെ?

മുകളിൽ പറഞ്ഞ തത്വങ്ങളുടെയും പരിപാടിക ളുടെയും ഫലമായി സ്ററേററിന് കൈവരുന്ന ധനം എന്തു ചെയ്യും? ഇതു അതിപ്രധാനമായ ഒരു പ്രശ്ന മാണ് എന്നാൽ, വേണ്ടത്ര ശ്രദ്ധയും സൂക്ഷ്മത യും പാലിച്ചില്ലെങ്കിൽ ഈ ധനം അധികാരിവർഗ ക്കാർ തങ്ങളുടെ നില ശക്തിപ്പെടുത്തുന്നതിന്നു ഉപ യോഗപ്പെടുത്താൻ പ്രചോദിതരായിത്തീരുന്നതാണ്. ഇക്കാര്യത്തെ പററി ഖുർആൻ ഇപ്രകാരം പറയുന്നു:

''അല്ലാഹു ആ നാട്ടുകാരിൽനിന്നു പിടിച്ചെടു ത്ത് തൻെറ ദൂതന് നൽകിയ ധനം അല്ലാഹുവിന്നും അവൻെറ ദൂതന്നും അടുത്ത ബന്ധുക്കാംക്കും അനാഥ കുട്ടികാംക്കും അഗതികാംക്കും വഴിപോക്കർക്കും (തൊഴിൽ തേടുന്നവർക്കും) ഉള്ളതാണ്, നിങ്ങളിൽ നി ന്നുള്ള ധനികൻമാർക്കിടയിൽ മാത്രം കൈമാററം ചെയ്യ പ്പെടുന്ന വസ്തു ആകാതിരിക്കാൻ വേണ്ടിയാണിത്. ദൈവദൂതൻ ഏതൊന്നു നിങ്ങാംക്ക് നൽകിയിട്ടുണ്ടോ അതു നിങ്ങാം സ്വീകരിച്ചുകൊള്ളുക. ഏതൊന്നി നെ സംബന്ധിച്ച അദ്ദേഹം നിങ്ങളെ വിലക്കിയിട്ടു ണ്ടോ, അതിനെ വിട്ടൊഴിയുക. നിങ്ങാം അല്ലാഹുവി നെ സൂക്ഷിക്കുക, അല്ലാഹു കഠിനമായി ശിക്ഷി ക്കുന്നവനാകുന്നു.'' (59:8).

ഈ ധനം അല്ലാഹുവിന്നും അവൻെറ റസൂലിന്നും അടുത്ത ബന്ധുക്കാംക്കും അനാഥർക്കും അഗതികാം ക്കും വഴിപോക്കർക്കും (ഇസ്ലാമിൻെറ വെളിച്ചം പരത്തുന്നവർക്കും) ഉള്ളതാകുന്നു. എന്നുവെച്ചാൽ, ധനികരിൽനിന്നു പിടിച്ചെടുത്ത ഈ സമ്പത്തു അവ രിലേയ്ക്ക്തന്നെ തിരിച്ചുപോകാതിരിക്കാൻ അഥ വാ, അവരുടെ ചുററും കറങ്ങുന്ന തരത്തിലാവാതിരി

ക്കാൻ സൂക്ഷിക്കേണ്ടതാണ്. പാവങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന്നുവേണ്ടി ഈ വരികളിൽ എത്രമാത്രം നിഷ്കർഷ കാണിച്ചിട്ടുണ്ടെന്ന് ശ്രദ്ധിക്കുക. ഇസ്ലാമിക സാമ്പത്തിക വ്യവസ്ഥയുടെ അടിത്തറകളെ ഇതുമുഖേന അങ്ങേയററം ശക്തിപ്പെടുത്തിയിരിക്കയാണിവിടെ. ദരിദ്രവിഭാഗം അനുഭവിക്കുന്ന സാമ്പത്തികവും സാമൂഹ്യവുമായ ദീർഘകാലത്തെ അവശതകളിൽനിന്നുളവായിത്തീരാവുന്ന സംഘട്ടനങ്ങൾ സാമ്പത്തികഘടനയ്ക്ക്തന്നെ തളളൽ ഏല്പിക്കാത്തവിധം സംവിധാനമുണ്ടാക്കിയിരിക്കുന്നു. ധനം ചെലവഴിക്കുന്ന കാര്യത്തിൽ പൂർണ്ണസ്വാതന്ത്ര്യം നൽകുകയും, അവകാശങ്ങൾ നിശ്ചയിക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ ഈ ധനം ധനാഢ്യരുടെ അധീനത്തിലെയ്ക്ക് തന്നെ തിരിച്ചു ചെല്ലുകയും ദരിദ്രജനം പിന്നെയും പഴയപടി നിരാലംബരായിത്തീരുകയും ചെയ്യും. ഇത് കാരണം പ്രസ്തുതധനം ദരിദ്രർക്കും ദുർബലവിഭാഗത്തിന്നുംവേണ്ടി മാത്രമായി ചെലവഴിക്കാൻ നീക്കിവച്ചിരിക്കയാണ്.

ഈ വാക്യത്തിൽ അല്ലാഹുവിന്നും അവൻെറ ദൂതന്നും ഉളള ഓഹരി ആയി നീക്കിവക്കപ്പെട്ടിട്ടുളളത് യഥാർഥത്തിൽ ദരിദ്രവിഭാഗത്തിൻെറ താല്പര്യസംരക്ഷണാർത്ഥമുളള പങ്കുതന്നെയാകുന്നു. ആരാധനാലയങ്ങൾ, സ്കൂളുകൾ, ആസ്പത്രികൾ, റോഡുകൾ എന്നിവ നിർമിക്കാനും വർത്താവിതരണസംവിധാനങ്ങൾ സംരക്ഷിക്കാനുമുളള സ്റേററിൻെറ കടമകൾ നിർവഹിക്കുന്നതിന്നുകൂടിയും ഈ തുക ചെലവഴിക്കാമെന്നതിനാൽ, ധനികരും ദരിദ്രരും ഒരുപോലെ ഗുണസൗകര്യങ്ങൾ ഇതു മുഖേന അനുഭവിക്കുമാറാകുന്നതുകൊണ്ടാണ് കൂടുതൽ വ്യാപകാർഥം ഉൾക്കൊളളുന്നതിന്നു അല്ലാഹുവിന്നും അവൻെറ ദൂതന്നും

ഉള്ള ഓഹരി, എന്നു പറഞ്ഞിട്ടുള്ളത്. അപ്രകാരം പറഞ്ഞിരുന്നെങ്കിൽ തങ്ങളുടെ അവകാശത്തിൽനിന്നു ചെലവഴിക്കുന്ന എന്ന ആക്ഷേപം ദരിദ്രവിഭാഗം പുറപ്പെടുവിച്ച എന്നുവരാം. ആകയാൽ, പൊതുവായിട്ടുള്ള ഇത്തരം പദ്ധതികൾക്കായി ഒരു ഓഹരി നീക്കിവെക്കാൻ സ്റേററിന്നു സാധിക്കുമാറാകുന്നു. അല്ലെങ്കിൽ, അല്ലാഹുവിൻെറ ഓഹരി എന്നതു യഥാർഥത്തിൽ ദരിദ്രരുടെ ഓഹരിതന്നെയാണ്. അപ്രകാരംതന്നെയാണ് പ്രവാചകൻെറതായി പറയപ്പെട്ടിട്ടുള്ള പങ്കും. പ്രവാചകൻെറ മരണശേഷം അതു സ്റേററിനോ പ്രവാചകൻെറ ദൗത്യവുമായി ബന്ധപ്പെട്ട സ്ഥാപനത്തിനോ ചെന്നുചേരുന്നതാണല്ലോ.

ഖുർആൻ വാചകത്തിൽ പറഞ്ഞ 'ദിൽ ഖുർബാ' എന്നതിന്ന് പരിഭാഷകർ സാധാരണയായി 'ഉററബന്ധുക്കൾ' എന്നാണ് അർഥം നൽകാറുള്ളത്. ഇതു അല്പം വിശദീകരണം അർഹിക്കുന്നു. നബിതിരുമേനിയുടെ അടുത്ത ബന്ധുക്കളെയാണ് ഇതുകൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതെന്നു ചിലർ കരുതുന്നു. എന്നാൽ, ഇതു ശരിയാണെന്ന് കരുതിക്കൂടാ. നബിതിരുമേനി (സ) തൻെറ പിൻതുടർച്ചക്കാരെ അഥവാ സയ്യിദ്മാരെ 'സദഖ', 'സക്കാത്ത്' എന്നിവ സ്വീകരിക്കുന്നതിൽനിന്നും വിലക്കീട്ടുണ്ട്. മതകാര്യങ്ങളിലും ആരാധനയിലും രാപ്പകൽ മുഴുകി ജീവിക്കുന്നവരെയാണ് അല്ലാഹുവിൻെറയും ദൂതൻെറയും ബന്ധുക്കളായി ആലങ്കാരികമെന്നോണം പറയപ്പെട്ടിട്ടുള്ളത്. മതകാര്യങ്ങളിലും ആരാധനാകർമങ്ങളിലും ഏർപ്പെട്ടിട്ടുള്ള ഇത്തരം ആളുകൾ അഗണ്യരല്ല. മറിച്ച്, സമൂഹത്തിന്ന് ആഴമേറിയതും അത്യാവശ്യവുമായ സേവനത്തിൽ ഏർപ്പെട്ടിട്ടുള്ളവർതന്നെയാണ്. ഇത്തരക്കാരെ ശ്രദ്ധിക്കാത്തപക്ഷം അവരുടെ ധാർമികനിലവാരം ഇടിഞ്ഞുപോകാനിടയാകുകയോ ഈ പുണ്യവൃത്തി

യിൽനിന്നു അവർ മാറി നിൽക്കാൻ കാരണമാവുകയോ ചെയ്യും. ഇത്തരം മതസേവകൻമാർ മുസ്ലിംകൾക്കിടയിൽ രാപ്പകലില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കണമെന്ന കല്പന ഖുർആനിൽതന്നെയുണ്ട്.

ചുരുക്കത്തിൽ, മതസേവനത്തിനായി ജീവാർപ്പണം ചെയ്തിട്ടുള്ളവരാണ് 'ദിൽഖുർബാ' എന്ന പ്രയോഗത്തിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇവർക്കും സ്റേറററിൻെറ വിഭവങ്ങളിൽ നിർണീതവും ബഹുമാന്യവുമായ ഒരു പങ്ക് ഉണ്ടായിരിക്കണമെന്നു ഇസ്ലാം നിർദ്ദേശിച്ചിരിക്കുന്നു.

ഖുർആൻവാക്യത്തിൻെറ അവസാനത്തിൽ അതിപ്രധാനമായ ഒരു വസ്തുത സൂചിപ്പിച്ചുകൊണ്ട് പ്രത്യേകം ഊന്നൽ നല്കിയിരിക്കുകയാണ്. അല്ലാഹുവിൻെറ പ്രവാചകൻ അനുവദിച്ചിട്ടുള്ളതു സ്വീകരിക്കുകയും പ്രവാചകൻ വിരോധിച്ചിട്ടുള്ളതിൽ നിന്നു വിട്ടുനിൽക്കുകയും ചെയ്യണമെന്നതാണത്. പാവങ്ങളുടെ പേരിൽ ഇസ്ലാം ധനികരിൽനിന്നു ഈടാക്കീട്ടുള്ള മുതൽ വീണ്ടും തങ്ങൾക്ക്തന്നെ ലഭ്യമാക്കുന്നതിന് യാതൊരു ശ്രമവും അവർ നടത്തരുതെന്ന നിർദ്ദേശമാണിത്. സമൂഹത്തിൻെറ സമാധാനത്തിന്നും ക്ഷേമത്തിന്നും അനുപേക്ഷണീയമാണ് ഇതെന്നു അവർ മനസ്സിലാക്കിയിരിക്കേണ്ടതാണ്.

## സ്റേറററിൻെറ ചുമതലകൾ

മുകളിൽ വിവരിച്ച സാമ്പത്തിക തത്വശാസ്ത്രത്തിന്ന് ഇസ്ലാമികസ്റേററ് നൽകിയ പ്രായോഗിക രൂപം അനുസരിച്ചു ജനങ്ങൾക്ക് ഭക്ഷണവും വസ്ത്രവും നല്കാൻ ഭരണകൂടം ബാദ്ധ്യസ്ഥമായിത്തീർന്നു. ഹസ്റത്ത് ഉമറിൻെറ ഭരണകാലത്ത് ഈ കല്പനകൾ പൂർണമായും നടപ്പായപ്പോൾ ഓരോ

പൗരൻേറയും സ്ഥിതിവിവരങ്ങരം ഉരംക്കൊള്ളുന്ന കാനേഷുമാരി ഏർപ്പെടുത്തപ്പെട്ടു. ഓരോരുത്തന്നും ഭക്ഷണവും വസ്ത്രവും ലഭിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തപ്പെട്ടിരുന്നു. പൗരൻമാരുടെ എണ്ണവും ആവശ്യങ്ങളും രേഖപ്പെടുത്തി സ്റേററിനു അവരോടുള്ള കടമകരം നിർവഹിക്കപ്പെടുന്നുണ്ടെന്നു ഉറപ്പുവരുത്തുന്ന നിലയിൽ റജിസ്ററുകരം സൂക്ഷിച്ചുപോന്ന ആദ്യത്തെ ഭരണാധികാരി എന്ന ബഹുമതി ഹസ്റത്ത് ഉമറിന്നാണ് നൽകേണ്ടതെന്ന് യൂറോപ്യൻ എഴുത്തുകാർതന്നെ സമ്മതിച്ചു പറഞ്ഞിട്ടുണ്ട്. ജനങ്ങളുടെ പ്രാഥമികാവശ്യങ്ങരം തൃപ്തികരമായി നിർവഹിച്ചുകൊടുക്കുകയെന്ന ഭരണകൂടത്തിൻെറ കർത്തവ്യങ്ങളെ അംഗീകരിച്ചിട്ടുള്ളതു സോവിയററ് യൂനിയൻ ആണെന്നു ചിലർ ധരിക്കുന്നു. പരമാർഥം പറഞ്ഞാൽ, ആയിരത്തിമൂന്നൂറു കൊല്ലം മുമ്പുതന്നെ ഇസ്ലാം ഈ ബഹുമതിക്കുള്ള അവകാശം നേടിക്കഴിഞ്ഞിരുന്നു. ഹസ്റത്ത് ഉമറിൻെറ കാലത്ത് സൂക്ഷിക്കപ്പെട്ടുപോന്ന ഇത്തരം രജിസ്ററുകരം പരിപൂർണവും കുററമററതും ആയിരുന്നു. ഓരോ കുടുംബത്തിലെയും അംഗങ്ങളുടെ എണ്ണവും അവരിൽ ഓരോരുത്തരുടെയും വയസ്സും ആവശ്യങ്ങളും അവർക്ക് അനുവദിച്ചുപോന്ന ആഹാരത്തിൻെറ അളവും തരവും എല്ലാം രേഖപ്പെടുത്തിയിരുന്നു.

മുല കുടിക്കുന്ന ഒരു കുട്ടിയ്ക്കുള്ള റേഷൻ മുല കുടി മാററുന്നതുവരെ നല്കിയിരുന്നില്ലെന്ന് തെളിയിക്കുന്ന ഖലീഫയുടെ ഒരു ആദ്യകാലകല്പനയെപ്പററി അക്കാലത്തെ ചരിത്രരേഖകളിൽനിന്നു നാം മനസ്സിലാക്കുന്നു. ഒരിക്കൽ ഉമർ(റ) പൊതുകാര്യങ്ങരം അന്വേഷിച്ചറിയുന്നതിന്നു ഒരു രാത്രി ആരുമറിയാതെ ചുററി നോക്കിയപ്പോരം ഒരു ശിശുവിൻെറ കരച്ചിൽ കേട്ടു. അദ്ദേഹം പെട്ടെന്നു നിന്നു. കരച്ചിൽ തുടർ

ന്നു. അതേ അവസരത്തിൽതന്നെ മാതാവ് ആ കുട്ടിയെ ആശ്വസിപ്പിച്ചുറക്കാൻ പാടുപെടുന്നതും താലോലിക്കുന്നതും അദ്ദേഹം ശ്രദ്ധിച്ചു. ഒടുവിൽ ഹസ്റത്ത് ഉമർ ആ കൊച്ചു ഗൃഹത്തിൽ കടന്നു. ''നിങ്ങൾ കുട്ടിയ്ക്ക് മുലകൊടുക്കാത്തതെന്തേ''? എന്ന് ഹസ്റത്ത് ഉമർ (റ) അന്വേഷിച്ചു. ഖലീഫയെ തിരിച്ചറിയാത്ത നിലയിൽ ആ സ്ത്രീ മറുപടി പറഞ്ഞു: ''മുലകുടി മാററാത്ത കുട്ടികൾക്ക് റേഷൻ അനുവദിക്കുകയില്ലെന്നു ഖലീഫ ഉമർ കല്പന പുറപ്പെടുവിച്ചതറിയില്ലേ? ഞങ്ങൾ പാവങ്ങളാണ്. ഞങ്ങൾക്ക് ലഭിക്കുന്ന റേഷൻ ആവശ്യത്തിന്നു തികയുന്നില്ല അതുകൊണ്ട് കൂടുതൽ റേഷൻ തുടർന്നു കിട്ടുന്നതിനുവേണ്ടി മുലകുടി മാററിയതേയുള്ളു.''

ഈ വാക്കുകൾ ഹസ്റത്ത് ഉമറിൻെറ ഉള്ളിൽ തട്ടി. അദ്ദേഹം ഇതു കേട്ടമ്പരന്നു! അദ്ദേഹം ഉടനെ 'ബൈത്തുൽമാലി'ലേയ്ക്ക് ബദ്ധപ്പെട്ടു നടന്നുനീങ്ങി. അദ്ദേഹം സ്വയം കുററപ്പെടുത്തുകയായിരുന്നു: ''ശിശുക്കൾക്ക് കാലമെത്തുംമുമ്പെ മുലകുടി നിർത്താൻ ഇടവരുത്തിക്കൊണ്ട് നീ വരാനിരിക്കുന്ന തലമുറയെ ബലഹീനമാക്കിയിരിക്കുന്നു. ഇതിൻെറ ഉത്തരവാദിത്തം നിൻെറ തലയിലാണ്.'' അദ്ദേഹം ധാന്യപ്പുരയുടെ വാതിൽ തുറന്നു ഒരു ചാക്ക് ഗോതമ്പ് മാവ് സ്വന്തം ചുമലിലേററിവച്ചു. ഒരു പരിചാരകൻ അതു താൻ ചുമന്നുകൊള്ളാമെന്നു പറഞ്ഞു മുന്നോട്ടു വന്നപ്പോൾ ഉമർ (റ) ഇപ്രകാരം മറുപടി നൽകി: ''ഇല്ല! ഇതു എൻെറ കടമയാണ്. ഇതു ഞാൻ തന്നെ ചുമന്നുകൊള്ളും.'' അദ്ദേഹം ആ മാവ്ചാക്ക് ആ സ്ത്രീയുടെ വീട്ടിലെത്തിച്ചു. പിറെറന്നാൾ തന്നെ അദ്ദേഹം പുതിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി, ഒരു ശിശു പെററുവീണതുമുതൽക്കു തന്നെ അതിനുള്ള റേഷൻ അനുവദിച്ചുകൊള്ളണമെ

ന്ന്. എന്തെന്നാൽ, മുലയൂട്ടുന്ന സ്ത്രീക്ക് വേണ്ടത്ര ആഹാരം കൂടുതലായി നൽകേണ്ടതു കുട്ടിയുടെതന്നെ ആവശ്യമായിരുന്നു.

ഇസ്ലാമികനിയമങ്ങൾ നടപ്പാക്കാനുള്ള സാഹചര്യം സംജാതമായതോടുകൂടി തന്നെ ഇസ്ലാം ഈ നീതിനിഷ്ഠമായ സാമ്പത്തികക്രമം നടപ്പിൽ വരുത്തുകയുണ്ടായി എന്നതു തർക്കമററതാണെന്നു ഇതു തെളിയിക്കുന്നു. ഇതു പക്ഷെ, ഹസ്റത്ത് ഉമർ അല്ല ആദ്യമായി പ്രവർത്തനത്തിൽ വരുത്തിയതെന്നും ആദംനബിയുടെ കാലത്ത് അതായത്, ചരിത്രത്തിൻെറ ആരംഭത്തിൽതന്നെ പ്രവർത്തനത്തിൽ വന്നിട്ടുണ്ടായിരുന്നുവെന്നു ഖുർആനിൽനിന്നു മനസ്സിലാകുന്നു. ആദമിന്നു ലഭിച്ച ആദ്യത്തെ വെളിപാടിൽ അദ്ദേഹവും അനുചരൻമാരും വിശപ്പും ദാഹവും മററു ആവശ്യങ്ങളും അനുഭവപ്പെടാത്ത ഒരു തോട്ടത്തിൽ താമസിച്ചുകൊള്ളാൻ ദൈവം കല്പിച്ചതായി കാണുന്നു.

"തീർച്ചയായും നിനക്കു ഇതിൽ വിശക്കേണ്ടതില്ല. നഗ്നനായിരിക്കേണ്ടതുമില്ല എന്ന കാര്യം തീർച്ചയാക്കപ്പെട്ടിരിക്കുന്നു. തീർച്ചയായും നിനക്കതിൽ ദാഹമുണ്ടാവുകയില്ല. വെയിലിൻെറ ഉഷ്ണമേൽക്കുകയുമില്ല." (20: 119- 120).

ഈ തോട്ടം ഭൂമിയിൽ ആയിരുന്നില്ലെന്നും ഈ വാചകത്തിൽ മനുഷ്യൻ ആവശ്യങ്ങളിൽനിന്നു മുക്തനായിരിക്കുമെന്നു സൂചിപ്പിച്ചിട്ടുള്ളതു പരലോകത്തെ സ്വർഗത്തിലായിരിക്കുമെന്നും പലരും കരുതുന്നു. ഇതു തികച്ചും തെററായ ധാരണയാകുന്നു. ആദം (അ) ഈ ലോകത്ത് എഴുന്നേൽപിക്കപ്പെട്ട ഒരു പ്രവാചകനായിരുന്നു എന്നു ഖുർആനിൽ സ്ഫടികസ്ഫുടമത്രെ:

''ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുകയാണ്. (2:31).

സാധാരണ നിലയിൽ പറഞ്ഞാൽ ഈ ലോകത്ത് ജനിക്കുന്ന ഒരു മനുഷ്യൻ സംശയമെന്യേ വിശപ്പിന്നും മററു ആവശ്യങ്ങൾക്കും വിധേയനാണ്, മററു പ്രകാരത്തിൽ വഴിയുണ്ടായിട്ടില്ലെങ്കിൽ ആകയാൽ, മേൽവാചകംകൊണ്ട് വ്യക്തമായും അർത്ഥമാക്കപ്പെടുന്നത് ഹസ്റത്ത് ആദമിന്നു ഒരു അടിസ്ഥാന നിയമസംഹിത നൽകിയിരുന്നുവെന്നാണ്. എല്ലാവർക്കും അവരവരുടെ ന്യായമായ ആവശ്യങ്ങൾക്ക് ഉറപ്പ് നൽകുന്നതും എല്ലാവരുടെയും കൂട്ടായ ഉത്തരവാദിത്വത്തിലുളളതുമായ ഒരു വ്യവസ്ഥ പ്രാവർത്തികമാക്കപ്പെടുന്ന പരിഷ്കൃതസമൂഹത്തിന്നുളള ഒരു നിയമസംഹിതയാണത്. ആഹാരം, വസ്ത്രം, ഭവനം എന്നിവയാണ് മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളായി ഇതിൽ നിർണയിച്ചിട്ടുളളത്. ഇക്കാര്യങ്ങൾ എല്ലാ അംഗങ്ങൾക്കും ന്യായമായ വിധത്തിൽ നൽകപ്പെട്ടിട്ടുണ്ടെന്നു് ഉറപ്പുവരുത്തുന്നതിന്നു പുതിയ സമൂഹത്തെ ഇതിൽ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു.

നാഗരികതയുടെ ആദ്യത്തെ പുലരിഘട്ടത്തെയാണിതു കുറിക്കുന്നത്. തുടക്കത്തിൽതന്നെ നാം കാണുന്നത് ദുർബലരുടെയും ദരിദ്രരുടെയും ക്ഷേമത്തെപററി ദൈവം ഉൽക്കണ്ഠ കാണിച്ചു എന്നാണ്. ദൈവം ശക്തവാൻെറയും ധനവാൻെറയും എല്ലാവരുടെയും ദൈവം അത്രെ. മനുഷ്യസമുദായത്തിലെ ഒരു വിഭാഗം സുഖഭോഗങ്ങളിൽ ആറാടുമ്പോൾ മററൊരു വിഭാഗം പട്ടിണി കിടക്കുകയും ദുരിതത്തിൽ പൊരിഞ്ഞു മരിക്കുകയും ചെയ്യാൻ അവർ ഒരിക്കലും ഇച്ഛരിക്കുകയില്ല.

ഇതാണ് ഇസ്ലാം പുനഃസ്ഥാപിക്കുകയും പൂർണ്ണമാക്കുകയും ചെയ്തിട്ടുള്ള വ്യവസ്ഥിതി. നിർഭാഗ്യവശാൽ, ഇതു ചുരുങ്ങിയ കാലം മാത്രമെ പ്രവർത്തനത്തിലുണ്ടായുള്ളു. എന്നാൽ, നിരുത്സാഹപ്പെടുന്നതിന്നു അതു ഒരു കാരണമായിത്തീരുന്നില്ല. മനുഷ്യൻെറ ചിന്തയിലും പെരുമാററത്തിലുമുള്ള വമ്പിച്ച മുന്നേററങ്ങൾ ഇടക്കിടെയുള്ള അലയടികളിൽ അവസാനിക്കാറുണ്ടെന്നതു സാർവത്രികമായ പ്രകൃതിനിയമമാകുന്നു. കുറച്ചുകാലം കഴിയുമ്പോൾ പടർന്നുയരുന്ന കളകൾ പറിച്ചുനീക്കപ്പെടുകയും വെട്ടി വൃത്തിയാക്കപ്പെടുകയും ചെയ്യുന്നതുപോലെ പുതുതായുടലെടുക്കുന്ന വികൃതരൂപങ്ങൾ തള്ളിക്കളയുമാറാകുമെങ്കിലും ഒരിക്കൽ വേർപിടിക്കുന്ന ബീജം വളർന്നു തെഴുക്കുകയും അവസരം എത്തുമ്പോൾ സ്വയം വെളിപ്പെടുത്തുകയും ചെയ്യും. അത്യാവശ്യങ്ങളുടെ അടിസ്ഥാനത്തിലുള്ള പുരോഗമനാശയങ്ങൾ പ്രകൃത്യാ ഉപരിപ്ലവമായല്ലാതെ കൂടുതൽ ആഴത്തിൽ വേരൂന്നിയിരിക്കും. അവ ഒരിക്കലും കടപുഴകുകയില്ല. പറെറ പറിച്ചുനീക്കപ്പെട്ടുവെന്നു തോന്നിയാലും അതു വീണ്ടും തലയുയർത്തിനില്ക്കും.

## പുനഃസ്ഥാപനം അഹ്മദിയ്യത്തിലൂടെ

ഈ ഇസ്ലാമികവ്യവസ്ഥ ഒരു നിശ്ചിതകാലത്തിനുശേഷം മായ്ക്കപ്പെട്ടുവെങ്കിലും അഹ്മദിയ്യാ പ്രസ്ഥാനം മുഖേന ലോകത്ത് വീണ്ടും പുനസ്ഥാപിക്കപ്പെടാനിരിക്കുകയാണ്. ഈ വ്യവസ്ഥ വേരുറച്ചു കഴിഞ്ഞാൽ ഏതാനും ചിലരുടെ കൈകളിൽ മാത്രം അനഭിലഷണീയമായ രീതിയിൽ സമ്പത്ത് കുമിഞ്ഞുകൂടുന്നതിനെ അതു തടയും. പ്രസ്ഥാനം പാവങ്ങളെ സ്നേഹിതരാക്കുകയും അവർക്ക് പുരോഗതിയുടെ പുതിയപ്രവേശദ്വാരങ്ങൾ തുറന്നിടുകയും ചെ

യ്യും. എല്ലാവരുടെയും അടിസ്ഥാനാവശ്യങ്ങൾ തൃപ്തികരമായി നിർവഹിച്ചുകൊടുക്കുന്നതിനുള്ള പദ്ധതികളും പരിപാടികളും അതോടെ പ്രാവർത്തികമാക്കപ്പെടുന്നതാണ്.

ചുരുക്കിപ്പറഞ്ഞാൽ, ഇസ്ലാമികസാമ്പത്തികക്രമം താഴെപറയുന്ന അടിസ്ഥാനങ്ങളിലാണ് കെട്ടിപ്പടുത്തിട്ടുള്ളത്:-

1 അനഭിലഷണീയമായതരത്തിൽ വൻതോതിൽ സമ്പത്ത് സ്വരൂപിക്കാനുള്ള അഭിവാഞ്ഛയ്ക്കെതിരെ മതപരമായ സ്വാധീനം ഉപയോഗപ്പെടുത്തുക.

2 സമ്പത്ത് കരസ്ഥമാക്കുന്നതിന്നു വേണ്ടിയുള്ള പ്രേരണകളായി പ്രവർത്തിക്കുന്ന ആഗ്രഹങ്ങളെയും അഭിനിവേശങ്ങളെയും നിയന്ത്രിക്കുക.

3 സ്വകാര്യവ്യക്തികളുടെ കൈകളിൽ സ്വരൂപിക്കപ്പെടുന്ന ധനം അതിശീഘ്രം സമൂഹത്തിൽ വിതരണം ചെയ്യപ്പെടുന്നതിന്നുള്ള നടപടികൾ സ്വീകരിക്കുക.

4 പാവങ്ങളുടെ ഏററവും ന്യായമായ അടിസ്ഥാനാവശ്യങ്ങൾ നിർവഹിച്ചുകൊടുക്കേണ്ടതു സ്റേററിൻെറ ചുമതലയായി അംഗീകരിക്കുക; ഈ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതിന്നുള്ള നടപടികൾക്കാവശ്യമായ ധനം സ്റേററ് സംഭരിക്കണം.

ഈ സാമ്പത്തികക്രമം മാത്രമെ പരിപൂർണവും സമഗ്രവും സംതൃപ്തവുമായ സാമ്പത്തികക്രമമായിരിക്കുകയുള്ളു. എന്തെന്നാൽ;

1 പാരത്രികജീവിതത്തിന്നായി നൻമകൾ നേടുന്നതിനുള്ള പ്രകൃതിദത്തമായ പ്രചോദനങ്ങളനുസരിച്ചു പ്രവർത്തിക്കാൻ നമുക്ക് അതു അവസരം തുറന്നിടുന്നു.

2 ലളിതവും അകൃത്രിമവും ഉപകാരപ്രദവുമായ ജീവിതത്തിനുള്ള ശീലങ്ങളും പെരുമാററങ്ങളും അതു മനുഷ്യനിൽ വളർത്തിയെടുക്കുന്നു.

3 ശക്തിപ്രയോഗവും നിർബന്ധവും അടിസ്ഥാനമാക്കപ്പെടുന്നില്ല.

4 സ്വകാര്യ സംരംഭങ്ങളെ തകർത്തുകളയുന്നതിന്നു അതു അനുവദിക്കുന്നില്ല,

5 പാവങ്ങളുടെ ന്യായ്യമായ അടിസ്ഥാനാവശ്യങ്ങൾക്കുള്ളതെല്ലാം അതു നൽകുന്നു. അതേ അവസരത്തിൽ, കപ്പൽ ആപൽക്കരകമാംവിധം പാറയിൽ മുട്ടിത്തകരാൻ ഇടയാക്കുന്നില്ല.

6 നിത്യമായ ശത്രുതയും വിദ്വേഷവും വളർത്തിവിട്ടു സമൂഹത്തെ എപ്പോഴും ഭയാക്രാന്തമാക്കി നിർത്താതെ അത് ഉന്നതമായ ലക്ഷ്യങ്ങൾ നേടുവാൻ സാധ്യമാക്കുന്നു.

105

M. P. IBRAHIM

# കമ്യൂണിസം

ഇസ്ലാമികാദർശത്തിന്നു പല നിലയിലും എതിരായി നിൽക്കുന്ന ഒരു സാമ്പത്തികക്രമമാണ് കമ്യൂണിസം നടപ്പിൽ വരുത്താൻ ശ്രമിക്കുന്നത്. നമ്മുടെ കാലത്ത്, ഒട്ടേറെ സംഭവപരമ്പരകറ കമ്യൂണിസത്തെ മുന്നോട്ടു നയിക്കാൻ സഹായകമായിരുന്നിട്ടുണ്ടെങ്കിലും ഒററ നോട്ടത്തിൽ അനേകരെ വഴിപിഴപ്പിക്കമാറുള്ള ഒരാകർഷണം അതിന്നുണ്ടെന്നു കാണാം. അതുകൊണ്ട് അതിനെപററി ഞാൻ ചിലതു പറഞ്ഞു കൊള്ളട്ടെ:

''ഓരോരുത്തനിൽനിന്നും കഴിവനുസരിച്ചു; ഓരോരുത്തന്നും ആവശ്യമനുസരിച്ചു'' (From each according to his capacity; to each according to his needs) എന്ന മുദ്രാവാക്യവുമായിട്ടാണ് കമ്യൂണിസം കടന്നു വന്നതു. സമൂഹത്തിലെ മുഴുവൻ അംഗങ്ങളുടെയും സേവനം ഓരോരുത്തൻെറയും പരമാവധി കഴിവനുസരിച്ചു പൂർണമായും ഉപയോഗപ്പെടുത്തുക, ഓരോരുത്തൻെറയും ആവശ്യമനുസരിച്ച് സ്റേററ് ചെലവ് നൽകുക; അദ്ധ്വാനത്തിൽനിന്നുള്ള മിച്ചവരുമാനം ജനങ്ങളുടെ സൂക്ഷിപ്പുകാരൻ (ട്രസ്ററി) എന്ന നിലയിൽ സ്റേററിൻെറ അധീനത്തിലായിരിക്കുക. എല്ലാ ആളുകളും തമ്മിൽ സമഭാവന ഉണ്ടായിരിക്കണം എന്ന ആശ്രയത്തിലാണ് ഈ തത്വശാസ്ത്രം കെട്ടിപ്പടുത്തിട്ടുള്ളത്". കഴിവിൻെറ പരമാവധി പണിയെടുക്കുന്നവന്നും കഴിവനുസരി

ച്ചു പണിയെടുക്കാത്തവന്നും തുല്യനിലയിൽ പ്രതിഫലം കിട്ടാനിടയാക്കുന്ന ഒരു സ്ഥിതിവിശേഷം ഇതുണ്ടാക്കുന്നു. മററുള്ളവർക്കുള്ളതിലധികമായി ആർക്കും കിട്ടാനവകാശമില്ലാതെ വരികയും അധികമുള്ളതു സ്റേററ് പിടിച്ചടക്കുകയും ചെയ്യും.

ഇതാണ് കമ്യൂണിസത്തിൻെറ സാമ്പത്തികവശം. ഇതിന്നു ഒരു രാഷ്ട്രീയവശം കൂടിയുണ്ട്. എന്നാൽ, എൻെറ ഇന്നത്തെ ചർച്ചാവിഷയവുമായി ബന്ധമില്ലാത്തതാകയാൽ ആ വശത്തെകുറിച്ചു ഞാൻ സ്പർശിക്കുന്നില്ല.

എല്ലാവർക്കും വേണ്ടുംവണ്ണം ആഹാരം ലഭിക്കുകയും വസ്ത്രം കിട്ടുകയും കിടപ്പാടം ഒരുക്കപ്പെടുകയും വേണമെന്നതു ഒരു സാമ്പത്തികവ്യവസ്ഥയുടെ ലക്ഷ്യമാണെങ്കിൽ അതു തികച്ചും ശരിയായിട്ടുള്ളതുതന്നെയാണ്. എല്ലാവർക്കും വിദ്യാഭ്യാസസൗകര്യങ്ങളും ആവശ്യമായി വരുമ്പോരം വൈദ്യസഹായവും ലഭിക്കുക മാത്രമല്ല, എല്ലാവരുടെയും അടിസ്ഥാനപരമായ ആവശ്യങ്ങരം നിവർത്തിക്കപ്പെടുകയും വേണമെന്ന കാര്യത്തിൽ ഇസ്ലാം കമ്യൂണിസത്തോട് പൂർണമായും യോജിക്കുന്നു.

എന്നാൽ, കമ്യൂണിസവും ഇസ്ലാമും തമ്മിൽ അതിപ്രധാനമായ ഒരു വ്യത്യാസമുണ്ട്. സ്വകാര്യ സംരംഭങ്ങളുടെയും അതുവഴി വ്യക്തിയുടെ അസാധാരണമായ കഴിവുകളുടെ വികാസത്തിൻെറയും വാതിലുകരം കമ്യൂണിസം കൊട്ടിയടക്കുന്നു.

മനുഷ്യൻെറ കഴിവുകളുടെ ശരിയായ വികസനത്തിന്നു വ്യക്തിസ്വാതന്ത്ര്യം അനുപേക്ഷണീയമാണെന്നതിനോടൊപ്പംതന്നെ വ്യക്തിപരമായ പ്രവർത്തനസ്വാതന്ത്ര്യത്തിലാണ് ഓരോ ആളുടെയും പരലോകനൻമ പൂർണമായി ആശ്രയിച്ചുനിൽക്കുന്നതെ

ന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ സ്വാതന്ത്ര്യത്തെ കമ്യൂണിസം നിഷേധിക്കുകയും, അതിന്റെ അളവനുസരിച്ച് ഓരോ വ്യക്തിയുടെയും ആത്മാഭിമാനം അപകടത്തിലാക്കിക്കൊണ്ടു അവനെ വെറുമൊരു യന്ത്രോപകരണമാക്കി മാററുകയുമാണ് ചെയ്യുന്നത്!

കമ്യൂണിസ്ററ്തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യപ്പെട്ട സാമ്പത്തിക പരിപാടി നടപ്പിലാക്കിക്കൊണ്ട് റഷ്യ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

റഷ്യയിലെ ബഹുജനം — കമ്യൂണിസ്ററ് നേതാക്കൻമാർ സമ്മതിച്ചുതരികയില്ലെങ്കിലും കുറച്ചുകൂടി കണിശമായി പറഞ്ഞാൽ യുറോപ്യൻ റഷ്യയിലെ ബഹുജനം — മുമ്പത്തേതിലും മെച്ചപ്പെട്ട നിലയിലാണിപ്പോൾ. റഷ്യയിലെ സാധാരണക്കാർ നല്ല ആഹാരം കഴിക്കുകയും, നല്ല വസ്ത്രങ്ങളണിയുകയും മെച്ചപ്പെട്ട കിടപ്പാടത്തിൽ കഴിയുകയും ചികിൽസയ്ക്കും വിദ്യാഭ്യാസത്തിനുമുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു. ഈ അഭിവൃദ്ധിയുടെ എല്ലാ ബഹുമതിയ്ക്കും കമ്യൂണിസം അവകാശപ്പെട്ടിരിക്കുന്നു. ഇസ്ലാം ഇതിൽ സന്തോഷിക്കുകയും നന്ദി പ്രകടിപ്പിക്കയും ചെയ്യുന്നു. പക്ഷെ, ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ, ഈ ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിന്നുള്ള മാർഗ്ഗങ്ങളുടെ കാര്യത്തിലും ലക്ഷ്യത്തിന്റെ ചില വശങ്ങളെ സംബന്ധിച്ചേടത്തോളംതന്നെയും ഇസ്ലാമും കമ്യൂണിസവും തമ്മിൽ വമ്പിച്ച വിടവ് ഉണ്ട് എന്ന് വസ്തുത തുറന്നു പറയേണ്ടിയിരിക്കുന്നു.

# കമ്യൂണിസവും മതവും

ഞാൻ ഇസ്‌ലാമികവീക്ഷണത്തെ പ്രതിനിധാനം ചെയ്യുന്നവനത്രെ. അതുകൊണ്ടു, കമ്യൂണിസം മതത്തിന്നു എതിരായിരിക്കുന്ന വശത്തെ സ്പർശിച്ചു ഞാനാദ്യം സംസാരിക്കാം.

കമ്യൂണിസത്തിന്നെതിരിൽ എനിയ്ക്കുള്ള ഒന്നാമത്തെ ആക്ഷേപം, മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്ന ഏതൊരുത്തനും ഉണ്ടായിരിക്കേണ്ട ആക്ഷേപം, അതു വ്യക്തിപരമായ ഐച്ഛികപ്രയത്നങ്ങൾക്കുള്ള യാതൊരു വഴിയും തുറന്നിടുന്നില്ലെന്നുള്ളതാണ്. പരലോകജീവിതത്തിലെ വിജയാപ്തിയ്ക്ക് ഇതു ഒഴിച്ചുകൂടാത്ത ഒരുപാധിയാണ്താനും. ഒരാളുടെ മുതലിൽനിന്നു ഗണ്യമായ ഭാഗം പിടിച്ചെടുക്കുകയും ബാക്കി ഉചിതമെന്നു തോന്നുംവിധം വിനിയോഗിക്കാൻ അയാൾക്ക് വിട്ടുകൊടുക്കുകയും ചെയ്യുന്നതിന്നുപകരം, കഷ്ടിച്ചുള്ള ജീവിതത്തിന്നാവശ്യമായതു മാത്രം അയാൾക്ക് നൽകിക്കൊണ്ടു, പാരത്രിക വിജയത്തിന്നായി പരിശ്രമിക്കുന്നതിന്നുള്ള ഉപാധികൾതന്നെ നഷ്ടപ്പെടുത്തിക്കളയുകയാണ് ചെയ്യുന്നത്. കമ്യൂണിസ്റ്റ് ഭരണത്തിൽ ഒരുവനു വയറുനിറയെ ചോറ് കിട്ടും. ശരിയ്ക്കുള്ള വസ്ത്രങ്ങളണിയാം. പാർപ്പിടവും ലഭിക്കും. വിദ്യാഭ്യാസസൗകര്യങ്ങളും രോഗാതുരനായാൽ വൈദ്യസഹായവും നൽകപ്പെടും. ഇതെല്ലാം നമുക്ക് ഇഷ്ടംപോലെ ലഭിക്കുമെന്നുതന്നെ കരുതുക. എന്നാൽ, മരണാനന്തരജിവിതത്തെ ലാക്കാക്കി സ്വന്തം ഇഷ്ടമനുസരിച്ചു എന്തെങ്കിലും നല്ല കാര്യത്തിന്നു ചെലവഴിക്കാനായി

ഒരു നയാപൈസ്സ പോലും അവന്റെ പക്കൽ ഉണ്ടായിരിക്കുകയില്ല. മററൊരു വിധത്തിൽ പറഞ്ഞാൽ മനുഷ്യന്റെ ഐഹികജീവിതത്തിന്നായിട്ടു, എന്നു വച്ചാൽ നാൽപ്പതോ അമ്പതോ കൊല്ലത്തിലധികമില്ലാത്ത ഒരു കാലയളവു മാത്രമുള്ള ഈ ഭൗതികജീവിതത്തിനായിട്ടു, കമ്യൂണിസം ഒരു പാടു കാര്യങ്ങൾ ചെയ്യുന്നു. എന്നാൽ, നിതാന്തദീർഘവും യഥാർത്ഥത്തിൽ നിത്യവുമായ ഒരു ജീവിതത്തിന്റെ ആവശ്യങ്ങളെ പററെ അവഗണിച്ചു കളയുകയത്രെ അതു ചെയ്യുന്നതു.

മതത്തിന്റെ സത്യത്തിൽ ദൃഢവിശ്വാസം കൊള്ളുന്ന യാതൊരാൾക്കും ഒരിക്കലും അംഗീകരിക്കാനാവാത്ത ഒരു നിലപാടാണ് ഇത്. ഉദാഹരണമായി, ഇസ്ലാമിനെത്തന്നെ എടുക്കുക. അതൊരു മിഷണറി മതമാണ്. ലോകം മുഴുവനും സഞ്ചരിച്ചു ഭൂതലമാകെ ഇസ്ലാമിന്റെ സന്ദേശമെത്തിക്കുവാൻ ഇസ്ലാം തദനുയായികളോടു അനുശാസിക്കുന്നു. എന്തെന്നാൽ, മനുഷ്യവംശത്തിന്റെ മുക്തി മനുഷ്യർ ഈ സന്ദേശത്തെ ശരിക്കും ഗ്രഹിക്കുന്നതിലാണ് സ്ഥിതിചെയ്യുന്നതു. ഇസ്ലാമിൽനിന്നും അകന്നിരിക്കുന്ന ഒരുവൻ ഈ രക്ഷയിൽനിന്നു ദൂരത്തായിപ്പോകയും ന്യായവിസ്താരനാളിൽ അവൻ ദൈവസന്നിധിയിൽ കുററവാളിയെപ്പോലെ ആനയിക്കപ്പെടുകയും ചെയ്യുമെന്നു ഒരു മുസ്ലീം വിശ്വസിക്കുന്നു. ഇത്തരം വിശ്വാസങ്ങൾ വെച്ചുകൊള്ളുന്നതിന്നു നിങ്ങൾ ഒരു മുസ്ലിമിനെ ഭ്രാന്തനെന്നോ വിഡ്ഢിയെന്നോ വിളിച്ചുകൊള്ളുന്നതിൽ വിരോധമില്ല. എന്നാൽ, അവനെ സംബന്ധിച്ചേടത്തോളം, അവന്റെ മതവിശ്വാസങ്ങൾ അങ്ങനെതന്നെ നില കൊള്ളുന്നേടത്തോളം, ഒരു പരിതഃസ്ഥിതിയിലും ഒഴിഞ്ഞുമാറുവാൻ പാടില്ലാത്ത തരത്തിലുള്ള കർത്തവ്യമെന്നോണം

മിഷണറി പ്രവർത്തനം അവന്നു നിർബ്ബന്ധമായിത്തീരുന്നുണ്ട്. താൻ എല്ലാ പ്രശ്നപരിഹാരങ്ങളുടെയും കുഞ്ചിക കയ്യിലേന്തിയവനും മനുഷ്യവംശത്തിന്റെ യഥാർത്ഥ ഗുണകാംക്ഷിയുമാണെന്നത്രെ അവൻ മനസ്സിലാക്കുന്നത്. ആ പ്രശ്നങ്ങളുടെ പരിഹാരവും തേടി ലോകം ഇരുട്ടിൽ തപ്പിത്തടയുകയും വീർപ്പുമുട്ടുകയും ചെയ്യുമ്പോൾ അത കണ്ടുകൊണ്ടിരിക്കുവാൻ അവന്നാവുകയില്ല. നിങ്ങൾ എന്തുതന്നെ പറഞ്ഞാലും തരക്കേടില്ല! മതത്തോടു എന്തെങ്കിലും ബന്ധമുളള ഒരുവനെ സംബന്ധിച്ചേടത്തോളം മനുഷ്യലോകത്തിന്റെ മുഴുവൻ വിശ്വാസങ്ങളെയും പെരുമാററങ്ങളെയും ശരിപ്പെടുത്തുമാറാകണമെന്ന മോഹം അവന്റെ മറെറല്ലാ അഭിനിവേശങ്ങളെക്കാളും മുന്തിനിൽക്കുകതന്നെ വേണം.

ഇനി ഞാൻ റഷ്യയിലെ യഥാർത്ഥസ്ഥിതിഗതികളെ അടിസ്ഥാനമാക്കി നിങ്ങളോടു സംസാരിക്കാം: കുറെ കൊല്ലം മുമ്പു ഈ രാജ്യത്തേയ്ക്കു ഞാൻ ഒരു അഹ്മദിയ്യാമിഷ്യനറിയെ അയച്ചു. എന്നാൽ, തന്റെ സന്ദേശം നിർബ്ബാധം അവിടെ പ്രചരിപ്പിക്കാൻ അദ്ദേഹത്തെ അനുവദിക്കുന്നതിന്നു പകരം സോവിയററ് ഗവർമ്മെണ്ട് അദ്ദേഹത്തെ ജയിലിലിടുകയാണ് ചെയ്തതു. അവിടെയദ്ദേഹത്തെ നിർദ്ദയമായ തരത്തിൽ ദീർഘനാൾ ഭേദ്യം ചെയ്തുകൊണ്ടിരുന്നു. കൊടും തണുപ്പുകാലത്തു, ഇരുമ്പുപട്ടകളിട്ട വെറും കട്ടിലിൽ നഗ്നമായ ഉടൽ വരിഞ്ഞു കെട്ടി കൊരടാവ് കൊണ്ടടിക്കുകയും പന്നിമാംസം തിന്നാൻ നിർബന്ധിക്കുകയുമാണവർ ചെയ്തതു ഏതാണ്ടു രണ്ടു കൊല്ലക്കാലം താശ ഖന്ത്, അശ്ഖാബാദ്, മോസ്കോ തുടങ്ങിയ സ്ഥലങ്ങളിൽ അദ്ദേഹത്തെ തടവിൽ പാർപ്പിച്ചു. ജയിലിലായിരുന്നപ്പോൾ അവർ നടത്തിയ ഭയങ്കരപീഡനങ്ങൾ കാ

രണം അദ്ദേഹത്തിന്നു ബുദ്ധിസ്ഥിരത നഷ്ടപ്പെട്ടു പോയി. അതിൽപിന്നെ, അദ്ദേഹത്തെ ഈറാൻെറ അതിർത്തിയിലേയ്ക്കു തള്ളിവിട്ടു. അവിടത്തെ ബ്രിട്ടീഷ് എമ്പസി ഇന്ത്യാഗവൺമെൻറിന്നു അദ്ദേഹത്തെ കുറിച്ച് അറിവു നൽകുകയും ഇന്ത്യാഗവൺമെൻറു എനിയ്ക്കു കമ്പിയടിക്കുകയും ചെയ്തതിനെ തുടർന്നു ഞങ്ങൾ അദ്ദേഹത്തെ ഞങ്ങളുടെ സ്വന്തം ചെലവിൽ ഇന്ത്യയിലേയ്ക്കു കൊണ്ടുവരികയാണുണ്ടായതു. ഒരു കൊല്ലവും പത്തു മാസവും സോവ്യററ് റഷ്യയിൽ നമ്മുടെ ഒരു മുബല്ലിഗിന്നു അനുഭവിക്കേണ്ടിവന്ന കഠിന കഷ്ടാനുഭവങ്ങൾ അതായിരുന്നു!*

ചുരുക്കത്തിൽ, രാഷ്ട്രീയമായ ചില കാരണങ്ങളാൽ, സോവ്യററ്ഗവർമ്മെണ്ട് റഷ്യയിൽ മതപരമായ പ്രചാരവേല അനുവദിക്കുന്നില്ല എന്നുള്ളതു തർക്കമററ ഒരു സംഗതിയാകുന്നു. എൻെറ ഇന്നത്തെ പ്രസംഗം കമ്യൂണിസത്തിൻെറ സാമ്പത്തികവശത്തെ പററി മാത്രമാകയാൽ ആ വിഷയകമായി ഞാൻ അധികം പറയുന്നില്ല. നമ്മുടെ മുമ്പിലുള്ള പ്രശ്നം ഇതാണ്: ഒരു ന്യൂനപക്ഷം ഭൂരിപക്ഷത്തെ തങ്ങളുടെ മതത്തിലേയ്ക്കു പരിവർത്തനം ചെയ്യിക്കാൻ ആഗ്രഹിക്കുമ്പോൾ, ആ ന്യൂനപക്ഷം വമ്പിച്ച ത്യാഗങ്ങൾക്കൊരുങ്ങാതെ തരമില്ലല്ലൊ. എന്തെന്നാൽ, മിഷ്യനുകളെ നിലനിർത്തിപ്പോരുന്നതിന്നും, സാഹിത്യങ്ങൾ അച്ചടിച്ചിറക്കുന്നതിന്നും മററും ആ

* റഷ്യയിലെ അഹ്മദിയാ മുബല്ലിഗ് മൗലാനാ സൂഹൂർ ഹുസൈൻസാഹിബ് എച്ച് . എ. അവർകളുടെ സോവ്യററ് റഷ്യയിലെ അനുഭവങ്ങൾ അഥവാ, ആത്മകഥ 'സത്യദൂതൻ' തുടർച്ചയായി പ്രസിദ്ധീകരിച്ചിരുന്നത് പുസ്തകരൂപത്തിൽ അടുത്തുതന്നെ പുറത്തിറക്കുന്നതാണ് ഇൻശാഅല്ലാഹ്!– വിവ.

വശ്യമായ സാമ്പത്തികസഹായോപാധികഠം ഉണ്ടാക്കാൻ ഇവിടെ എന്തു മാർഗ്ഗമാണ് ഉള്ളത്? ഉദാഹരണാർത്ഥം അഹ്മദിയ്യാജമാഅത്തിനെത്തന്നെ എടുക്കുക. ഞങ്ങഠം വളരെ ചെറിയൊരു ന്യൂനപക്ഷമാണ്. എന്നാൽ, ലോകം മുഴുവനും ഇസ്ലാമിനെ പരത്തുകയും വിജയിപ്പിക്കുകയുമാണ് ഞങ്ങളുടെ ലക്ഷ്യം. പ്രത്യക്ഷത്തിൽതന്നെ, വമ്പിച്ച ചെലവ് വഹിക്കേണ്ടുന്ന ഗംഭീരമായ ഒരു കർത്തവ്യഭാരമാണിതെന്നു വ്യക്തമാണല്ലൊ. 17 കോടി റഷ്യക്കാരെ മുസ്ലിംകളാക്കിത്തീർക്കാൻ എത്ര വലിയ സാഹിത്യക്കോപ്പുകഠം ഒരുക്കേണ്ടതുണ്ടെന്നും എത്ര വലിയ ചെലവുകഠം സഹിക്കേണ്ടതുണ്ടെന്നും ഊഹിക്കുകയാണുത്തമം. അസാധാരണമായ തരത്തിലുള്ള ത്യാഗങ്ങഠം സഹിച്ചല്ലാതെ ഈ ഉദ്യമം സഫലീകരിക്കാനാവില്ല. എന്നാൽ, കമ്യൂണിസം കടന്നുവന്നു കഷ്ടിച്ചു ജീവിക്കുവാനുള്ള വകമാത്രം നമുക്ക് നൽകി ബാക്കിയുള്ള മുതലെല്ലാം വാരിക്കോരി കൊണ്ടുപോയാൽ നമുക്ക് മിഷ്യനറി പ്രവർത്തനം നടത്തുവാൻ എങ്ങനെ സാധിക്കും?

മതപരമായ പ്രചാരപ്രവർത്തനങ്ങളെ കമ്യൂണിസം നിരുൽസാഹപ്പെടുത്തുന്നതിന്നു മറെറാരു കാരണവും ഉണ്ട്. കമ്യൂണിസത്തിൻെറ, തത്വശാസ്ത്രമനുസരിച്ചു മെഷീൻ ഓട്ടുക. നിലം ഉഴുക, ഫാക്ടറിയിൽ ജോലി ചെയ്ക തുടങ്ങിയവയാണ് ഉപകാരമുള്ള തൊഴിലുകഠം. സാമ്പത്തികാദായം ഉള്ള ജോലികഠം മാത്രമെ ഒരു കമ്യൂണിസ്ററിൻെറ ദൃഷ്ടിയിൽ ഉപകാരമുള്ള തൊഴിൽ ആയിരിക്കുന്നുള്ളു. മതത്തിൽ വിശ്വാസമില്ലാത്തതുകൊണ്ടുമാത്രം ഒരു കമ്യുണിസ്ററിൻെറ പക്കൽ, സത്യമതം പ്രചരിപ്പിക്കുകയെന്ന തൊഴിൽ ഉപകാരമുള്ള ഒരു തൊഴിലേ അല്ല. ദൈവം, ദിവ്യവെളിപാടുകഠം, മതനിയമങ്ങഠം ഇവയെല്ലാം ഒരു

കമ്യൂണിസ്ററിനെ സംബന്ധിച്ചേടത്തോളം, മനുഷ്യ മനസ്സുകളിൽനിന്നു തുടച്ചുനീക്കപ്പെടേണ്ട അന്ധ വിശ്വാസങ്ങളും വിഡ്ഢിത്തപരമായ ഭ്രമങ്ങളുമത്രെ. ആകയാൽ, നിരർത്ഥകവേലകളിൽ ഏർപ്പെട്ടിട്ടുള്ള വരും പടുവിഡ്ഢികളും മതഭ്രാന്തൻമാരുമായ ഇത്തരം 'ഇത്തിക്കണ്ണി'കളെ വെച്ചുപൊറുപ്പിക്കുവാൻ സ്റേറററിന്നു ബാദ്ധ്യതയില്ലെന്നു പറഞ്ഞുകൊണ്ടു പുച്ഛരത്തോടെ മുഖം തിരിക്കും.

ഈ വീക്ഷണങ്ങളുമായി ഇസ്ലാമിൻെറ ജീവിതദർശനം പ്രത്യക്ഷത്തിൽതന്നെ ഇടയുന്നുണ്ട്. പരലോകജീവിതത്തെ പ്രോജ്ജ്വലിപ്പിക്കുവാൻ സഹായകമാണെന്നുവച്ചാൽ. സ്വയം പട്ടിണി കിടക്കേണ്ടിവരികയെന്നതു ഒരു മുസ്ലിമിനെ സംബന്ധിച്ചേടത്തോളം വലിയൊരു കാര്യമേ അല്ല. തൻെറ സഹോദരനേയും അയൽക്കാരനേയും സംബന്ധിച്ചേടത്തോളവും അവൻെറ നിലപാട് ഇതുതന്നെയായിരിക്കും. ദൈവത്തിൻെറ തൃപ്തി നേടുവാൻ സഹായകമല്ല എന്നു വരുകിൽ തൻെറ ഭൗതികജീവിതം ഒരു വമ്പിച്ച പരാജയമായിട്ടാണ് ഒരു മുസ്ലിം കരുതുക. അവൻ അംഗീകരിച്ചിട്ടുള്ള അന്തിമമായ വിലയിരുത്തലിൽ മററൊന്നുംതന്നെ പരിഗണനീയമായിരിക്കുന്നില്ല.

ഇത്തരം വീക്ഷണഗതിയവലംബിച്ചിട്ടുള്ള ഒരാാം, തൻെറ സഹോദരൻെറയും അയൽക്കാരൻെറയും ഭാവി ജീവിതത്തെ സംബന്ധിച്ചേടത്തോളവും ഇതുതന്നെയാണ് ആഗ്രഹിക്കുക അതാണല്ലൊ സാമാന്യമര്യാദ. എന്നാൽ, കമ്യൂണിസം അവൻെറ മിച്ചമായുള്ള ധനം മുഴുവനും പിടിച്ചെടുക്കുകയും അവയെല്ലാം രാജ്യത്തിൻെറ സാമ്പത്തികാഭിവൃദ്ധിയുടെ പേരിൽ വിനിയോഗിച്ചു തുടങ്ങുകയുമാണ് ചെയ്യുന്നത്. അങ്ങനെ അവനെയും മററെല്ലാവരെയും ഒരുപോലെ

ആത്മീയമരണത്തിന്നിരയാക്കുന്നു. എല്ലാവർക്കും ഭക്ഷണവും വസ്ത്രവും പാർപ്പിടവും മാത്രമല്ല, വിദ്യാഭ്യാസ സൗകര്യങ്ങളും വൈദ്യസഹായവും നൽകണമെന്ന കാര്യത്തിൽ കമ്യൂണിസവുമായി നാം യോജിക്കുന്നു. ഇക്കാര്യത്തിൽ നാം അതിന്നു പരിപൂർണമായ പിന്തുണ നൽകുകയും ചെയ്യുന്നു. എന്നാൽ, അടുത്ത പടിയിൽതന്നെ, അവർ നമ്മെ പിന്നിൽനിന്നു കുത്തുകയാണ് ചെയ്യുന്നതു. മിച്ചമുള്ള മുതൽ മുഴുവനും അവർ പിടിച്ചെടുക്കുന്നു. മതം പ്രചരിപ്പിക്കുകയെന്ന അതിപ്രധാനകർത്തവ്യം നിർവ്വഹിക്കുന്ന കാര്യത്തിൽ അവർ നമ്മെ നിസ്സഹായരും നിഷ്ക്രിയരുമാക്കിത്തീർക്കുകയും ചെയ്യുന്നു. നമ്മുടെ മതത്തിൻെറ പാഠമനുസരിച്ചാണ് നാം അവർക്കു പിന്തുണ നൽകുന്നതെങ്കിലും, അതിനോടവർക്ക് നന്ദിയില്ല. അതിന്നുപകരം അതിൻെറ വളർച്ചയ്ക്കുള്ള എല്ലാവഴികളെയും സഹായോപാധികളെയും നഷ്ടപ്പെടുത്തിക്കളയാനാണ് കമ്യൂണിസ പരോക്ഷമായി ശ്രമിക്കുന്നതു. മാന്യമായ നിലയിൽ മതത്തെ നേർക്കുനേരെ നിന്നെതിർക്കുന്നതിന്നു പകരം, മതത്തിൻെറ പഠനപാഠനങ്ങളും പ്രചാരണവും ഉപകാരമുള്ള തൊഴിലുകളല്ലെന്നു വരുത്താനാണ് കമ്യൂണിസം ശ്രമിക്കുന്നത്, മതപരമായ സേവനങ്ങൾക്കായി ജീവിതം ഉഴിഞ്ഞുവച്ചിട്ടുള്ളവരെ പുലർത്തുവാൻ അവർ കൂട്ടാക്കുകയുമില്ല. കമ്യൂണിസം മതത്തെ നേർക്ക്നേരെ എതിർക്കുന്നുവെങ്കിൽ നമുക്കതു സഹിക്കാം. കമ്യൂണിസ്ററുകളെക്കുറിച്ച് അപ്പോൾ നമുക്കൊരാവലാതിയും ഉണ്ടാകുന്നില്ല. എന്നാൽ, മതവുമായി തങ്ങൾക്ക് ബന്ധമില്ലെന്നു സിദ്ധാന്തിക്കവെതന്നെ അവർ മതത്തിൻെറ സ്വാധീനത കുറക്കാനും അതിനെ നശിപ്പിക്കാനുമാണ് ശ്രമിക്കുന്നത്. വിശ്വസ്തരായ ചങ്ങാതിമാരെപ്പോലെ അവർ നമ്മുടെ ഗൃഹങ്ങളിലും ഹൃദയഗേഹ

ങ്ങളിലും കടന്നുകൂടാൻ ശ്രമിച്ചുകൊണ്ടിരിക്കെ ത്തന്നെ, നാം മററെന്തിനേയ്ക്കാളും വിലമതിക്കുന്ന കാര്യങ്ങളെ രഹസ്യത്തിൽ നശിപ്പിച്ചുകൊണ്ട് വിശ്വാസവഞ്ചന പ്രവർത്തിക്കുകയാണ് ചെയ്യുന്നതു. പാരത്രികജീവിതത്തെകുറിച്ചുള്ള തത്വശാസ്ത്രം തങ്ങളുടെ പക്കൽ നിരർത്ഥകമാണെന്നും, ഈ തത്വം പ്രബോധിക്കുന്ന തൊഴിലാളികളെ പൊറുപ്പിക്കുകയില്ലെന്നും കമ്യൂണിസ്ററുകാർ തുറന്നു പറയുന്നപക്ഷം ആരും അതറിഞ്ഞുകൊണ്ടേ കമ്യൂണിസത്തെ പുണരാൻ തയ്യാറാകയുള്ളുവല്ലൊ! എന്നാൽ, റഷ്യയ്ക്കു പുറത്തു കമ്യൂണിസ്ററ് വ്യവസ്ഥിതിയുടെ ഈ അതിപ്രധാനവശങ്ങളെ മറച്ചുപിടിക്കുകയും കമ്യൂണിസം ഒരു സാമ്പത്തികശാസ്ത്രം മാത്രമാണെന്നും മതവുമായി അതിന്നു യാതൊരു ബന്ധവുമില്ലെന്നും അതുമായി സംഘട്ടനമില്ലെന്നും ഉള്ള വഞ്ചനാപരമായ പ്രചാരവേല നടത്തുകയുമാണ് കമ്യൂണിസ്ററുകാർ ചെയ്യുന്നത്. മിഷ്യനറിപ്രവർത്തനം മതത്തിൻെറ അടിസ്ഥാനപരവും അതിപ്രധാനവുമായ ഭാഗമത്രെ, അതിനെ സജീവമാക്കാൻ ആവശ്യമായ ധനം ഒരുമിച്ച് കൂട്ടാൻ സാധിക്കാത്തപക്ഷം ആ പ്രവർത്തനം നിശ്ചലവും നിർജീവവും ആയിത്തീരുമെന്നതു തീർച്ചയാകുന്നു. പിന്നെ, മതത്തിന്നുതന്നെ നിൽക്കക്കള്ളമില്ല. ആകയാൽ, കമ്യൂണിസം മതത്തിൻെറ കാര്യത്തിൽ ഇടപെടുന്നു എന്നതത്രെ വാസ്തവം. മതത്തെ ഞെക്കിക്കൊല്ലുകയും ചവിട്ടിത്തള്ളുകയുമാണ് കമ്യൂണിസത്തിൻെറ ലക്ഷ്യം.

പ്രശ്നത്തിൻെറ മറെറാരുവശം നമുക്കെടുക്കാം. സോവ്യററ്സ്റേററിൽനിന്ന് തനിയ്ക്കൊന്നും വേണ്ടാ എന്നും തന്നെ മതസേവനത്തിന്നായി ജീവിതം അർപ്പിച്ചു പ്രവർത്തിക്കാൻ അതായതു ഇസ്ലാമിൻെറ സന്ദേശം എത്തിക്കുന്നതിന്നു റഷ്യയിലെ ഓരോ ന

ഗരവും ഗ്രാമവും സന്ദർശിക്കാൻ അനുവദിച്ചാൽ മതി യെന്നും ഒരു മുസ്ലിം പറയുന്നു എന്നു വെക്കുക. സോവ്യററ്സ്റ്റേററ് ഇതനുവദിക്കുമോ? അതോ ഉടൻ തന്നെ അയാളെ പിടിച്ചു ത്തുറുങ്കിലിടുമോ? ഈ പ്രശ്ന ത്തിന്ന് ഒരൊററ മറുപടിയേ ഉള്ളൂ. അത്തരം ഒരാ ളെതിരെ ശക്തി പ്രയോഗിക്കാൻ കമ്യൂണിസ്ററ് ഗവൺമെണ്ട് മടിക്കില്ല. മറെറന്തെങ്കിലും ജോലി ചെയ്കയോ അഥവാ പട്ടിണിയിട്ടു മരിക്കുകയോ ചെയ്തുകൊള്ളാനായി അയാളെ ഇരുട്ടറയിൽ അട ച്ചിടും. മറെറാരു വിധത്തിൽ പറഞ്ഞാൽ, വിശുദ്ധ ഖുർആൻെറയും ഹദീസിൻെറയും പഠനത്തിൽ (എൻെറ പരലോകജീവിതം ശോഭനമാക്കാൻ ഞാൻ ആഗ്രഹി ക്കുന്നുവെങ്കിൽ എനിക്കീ പഠനം അനുപേക്ഷണീ യമാണുതാനും) വ്യാപൃതനായിക്കഴിയാൻ എന്നെ വി ട്ടേക്കണം എന്നഭ്യർത്ഥിക്കുന്നപക്ഷം അതു സമയ വും ഊർജ്ജവും വൃഥാ വ്യയംചെയ്യലാണെന്നും മ ററുള്ളവരെ ചൂഷണം ചെയ്തു സ്വയം കൊഴുപ്പിക്ക ലാണെന്നും കമ്യൂണിസം വിധിച്ചുകളയും. ഇത്തരം ആദ്ധ്യാത്മികകാര്യങ്ങളെ സംബന്ധിച്ചുള്ള കമ്യൂ ണിസത്തിൻെറ അതിഭൗതികസിദ്ധാന്തങ്ങളിൽ സ്വയം തളച്ചിടാൻ അവന്നു സാദ്ധ്യമല്ല. നൻമയെ ഉപദേശി ക്കയും തിൻമയെ വിരോധിക്കുകയും ചെയ്യുന്നതിൽ മാത്രം നിരതരായ ഒരു വിഭാഗം മുസ്ലിംകളിൽ ഉ ണ്ടായിരിക്കണം (3:103) എന്ന വിശുദ്ധഖുർആൻെറ കല്പനയനുസരിച്ചു പ്രവർത്തിക്കാൻ താൻ ബാ ദ്ധ്യസ്ഥനാണെന്നു അയാരം മറുത്തു പറയണം: മത കാര്യങ്ങളിൽ ജീവാർപ്പണം ചെയ്തിട്ടുള്ളവർക്ക് പ്ര ത്യേകാവകാശങ്ങളൊന്നും ഇസ്ലാം അനുവദിക്കുന്നി ല്ലെന്നതു നേരുതന്നെ. എന്നാൽ അവരുടെ ചുമലിൽ ഇസ്ലാം ചില പ്രത്യേകകർത്തവ്യങ്ങാം അർപ്പിക്കു ന്നുണ്ടെന്നതിൽ തർക്കമില്ല ഇസ്ലാം പൗരോഹിത്യ ത്തെ അനുകൂലിക്കുന്നില്ലെങ്കിലും ഒരു മതവ്യവസ്ഥ

യെ അതു നിശ്ചയമായും നിർദ്ദേശിക്കുന്നുണ്ട്. ക്രിസ്തു മതം പുരോഹിതൻമാർക്ക് ചില പ്രത്യേക അവകാശങ്ങൾ നൽകുന്നു. ഇസ്ലാമിൽ മതസേവനം ചെയ്യുന്നവർക്കും മററുള്ളവർക്കുള്ള അവകാശങ്ങളേ ഉള്ളൂ. എന്നാൽ, അവരുടെ ജോലി എന്താണെന്നു വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. ഇസ്ലാമിനെ പ്രചരിപ്പിക്കുകയും ഇസ്ലാം മതതത്വങ്ങളനുസരിച്ചു ജീവിക്കുമാറ് ജനഹൃദയങ്ങളിൽ അതിനെ ആഴത്തിൽ ഉറപ്പിക്കുകയും ഈ കടമയെ അത്യുന്നത ജീവിതധർമ്മമായി കരുതുകയും ചെയ്കയാണത്, ഇത്തരം ഒരു സംഘത്തെ പ്രതിനിധാനം ചെയ്യുന്ന ഒരു ആത്മീയകേന്ദ്രസ്ഥാപനത്തിൻെറ അഭാവത്തിൽ ഇസ്ലാമികക്രമം തുടർന്നുപോകാനാവില്ല. ഒരു വ്യവസ്ഥയുടെ നിയമങ്ങളും ചട്ടവട്ടങ്ങളും നിലകൊള്ളുന്ന ആദർശങ്ങളെ കൂടുതൽ പ്രചരിപ്പിക്കാൻ തയ്യാറുള്ളവർ ഇല്ലെങ്കിൽ ഒരു വ്യവസ്ഥയും നിലനിൽക്കുമാറില്ലല്ലോ.

മനുഷ്യർക്കറിവുള്ള മതങ്ങളിൽ ഇസ്ലാംതന്നെയാണ് ഏററവും പരിപൂർണ്ണവും കുററമററതുമായ മതം. അതു സമഗ്രവും പരിപൂർണ്ണവുമായ ഒരു നിയമവ്യവസ്ഥയെ പ്രദാനം ചെയ്യുന്നു. ദൈവത്തോടുള്ള ഭക്തിപ്രകടനത്തിൻെറയും ആരാധനയുടെയും വ്യക്തമായ പാഠം അതു നൽകുന്നു. മനുഷ്യൻെറ ജീവിതത്തിലെ സാമ്പത്തികബന്ധങ്ങളെകുറിച്ചുള്ള വ്യക്തമായ പാഠം, മനുഷ്യൻെറ രാഷ്ട്രീയപ്രവർത്തനങ്ങളെപററി ധാർമികവും സദാചാരപരവുമായ പ്രശ്നങ്ങൾ, സാമൂഹ്യബന്ധം, പിന്തുടർച്ചാവകാശനിയമം; സാർവ്വദേശീയ കാര്യങ്ങൾ, നീതിതത്വങ്ങളും നിർവ്വഹണക്രമങ്ങളും തുടങ്ങി മനുഷ്യജീവിതത്തിൽ ചിന്തിക്കാവുന്ന എല്ലാ ബന്ധങ്ങളെയും ആവരണം ചെയ്യുന്ന ഒരു കൂട്ടം ചട്ടങ്ങളും നിയമങ്ങളും സംബ

ന്ധിച്ച വ്യക്തമായ പാഠങ്ങൾ അതു നൽകുന്നു. ഈ ഓരോ വശവും ഗാഢമായ പഠനം അർഹിക്കുന്നവയാണ്. പ്രാപ്തരായ ആളുകളുടെ ഒരു സംഘംതന്നെ ഇതു തങ്ങളുടെ ജീവിതലക്ഷ്യമായി എടുക്കുന്നതുവരെ ഇതസാദ്ധ്യമായിരിക്കും. ഇത്തരക്കാരെ തുടച്ചുനീക്കിയാൽ പൊതുജനങ്ങൾ ഇവ ആരിൽനിന്നു പഠിക്കും? അവർ എന്തു പഠിക്കും? സത്യം ലോകത്ത് പരക്കുമാററാകുന്നതെങ്ങനെ?

ഖുർആൻ വ്യാഖ്യാനം (തഫ്സീർ) വലിയൊരു വിജ്ഞാനശാഖയാണ്. ഇതിന്നായുള്ള പഠനങ്ങളിൽ ഏർപ്പെട്ട പ്രാപ്തരായ പണ്ഡിതൻമാരുടെ പ്രത്യേകവിഭാഗം സ്വതന്ത്രമായി പ്രവർത്തിക്കാതെ ഇതു പ്രാവർത്തികമാക്കാൻ സാധ്യമല്ല. പഴയ ആധികാരികഗ്രന്ഥങ്ങളിൽ അഗാധമായ അറിവ്, ഭാഷയുടെ വ്യവസ്ഥാപിതപഠനം, വ്യാകരണ ശാസ്ത്രത്തിൽ നൈപുണ്യം, ഹദീസുകളെകുറിച്ചുള്ള വ്യാപകമായ പാണ്ഡിത്യം, മതതാരതമ്യശാസ്ത്രത്തിൽ ഗഹനമായ പിടുത്തം, അറബ്ചരിത്രം ജൂതചരിത്രം എന്നിവയിലും പുതിയനിയമം പഴയനിയമം തുടങ്ങിയ വേദപുസ്തകങ്ങളിൽ ജ്ഞാനം ഇവ അനിവാര്യമത്രെ. ഇവയിലെല്ലാം ജീവിതകാലമത്രയുമുള്ള പഠനത്തിൽ ഏർപ്പെട്ട ഒരാൾക്കല്ലാതെ വിശുദ്ധഖുർആനെ ആഴത്തിൽ മനസ്സിലാക്കിയെന്നു അവകാശപ്പെടാൻ സാദ്ധ്യമല്ല; ദിവ്യജ്ഞാനസിദ്ധി നേടിയിട്ടുള്ള ഒരാൾക്ക് നേരിട്ടു ദൈവികമാർഗത്തിൽ അതിന്നു പ്രാപ്തി ലഭിക്കുന്ന കാര്യം വേറെ. അത്തരക്കാർ വളരെ ചുരുക്കം മാത്രം. നൂററാണ്ടിൽ ഒരാൾ ഉണ്ടായെന്നുവരും. ബാക്കിയെല്ലാവരുംതന്നെ സ്വന്തമായ അദ്ധ്വാനത്തിൽ ഊന്നിനിൽക്കണം ഇതിന്നു കമ്യൂണിസം ഒരു വഴിയും തുറന്നുവെക്കുന്നില്ലതന്നെ. അത്തരം വിദ്യാർത്ഥികളെ കമ്യൂണിസ്ററ് സ്റേററ് തെരഞ്ഞു

പിടിക്കും. അപ്രകാരംതന്നെ അവരുടെ ഗുരുക്കൻ മാരെയും പിടിച്ച് ജയിലറയിലാക്കും. വ്യർത്ഥജീവിതം നയിക്കുന്നവരായി മുദ്രകുത്തി അവരെ ബന്ധനത്തിലാക്കുകയും സ്വന്തം ജീവനം നേടുന്നതിന്ന് വേലയെടുക്കുമെന്നു ശപഥം ചെയ്യുന്നതുവരെ തുറുങ്കിലിടുകയും ചെയ്യും.

ഹദീസ് പഠനത്തിൻെറ കാര്യത്തിലും സ്ഥിതി ഇതുതന്നെ. ഓരോ പ്രത്യേകം പ്രത്യേകം നബിവചനത്തെയും അതിൻെറ നിവേദകൻമാരുടെ വംശപരമ്പരയെയും കുറിച്ചു പഠിച്ചറിഞ്ഞു സൂക്ഷ്മമായി വിവേചിച്ചു മനസ്സിലാക്കി ഹദീസുകളെപററി കൂലങ്കഷമായി വിശകലനം ചെയ്യുന്നതിന്നു എത്രയോ ഗ്രന്ഥങ്ങൾ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഹദീസുകളെകുറിച്ചുളള ഈ വ്യാപകപഠനം ഇല്ലാതെ ഇസ്ലാമിക തത്വങ്ങളെപ്പററി ശരിക്കും അറിവു നേടാനാവില്ല. ഫിഖ്ഹ് (കർമ്മശാസ്ത്രം), ചരിത്രം, തസവ്വുഫ്, (ഗുപ്തജ്ഞാനം) തുടങ്ങിയവയും ഇപ്രകാരംതന്നെ. ഇവയെല്ലാം ഇസ്ലാമിനെകുറിച്ച് പഠിച്ചറിയാനുളള വൈജ്ഞാനികശാഖകളാണ്. ഇവ അവഗണിച്ചാൽ ഇസ്ലാം നിർജീവം. മുസ്ലിം എന്നു പറയപ്പെടുന്ന ഒരാൾക്കും ഇത്തരം സാഹചര്യവുമായി ഇണങ്ങാൻ പററില്ല.

## കമ്യൂണിസത്തിൻെറ തനിനിറം

തൊഴിലിൻെറ നിർവ്വചനത്തെ സംബന്ധിച്ചിടത്തോളം ഇസ്ലാമും കമ്യൂണിസവുമായി അടിസ്ഥാനപരമായിത്തന്നെ ഇടയുന്നുണ്ട്. മെഷിൻ ഓട്ടുന്ന ഒരുവനും മതം പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുന്ന ഒരാളും നമ്മുടെ വീക്ഷണത്തിൽ ഒരു പ്രയോജനകരമായ തൊഴിലാണ് ചെയ്യുന്നതു. എന്നാൽ മെഷിൻ

ഓട്ടുന്നവൻ മാത്രമാണ് ശരിയായ തൊഴിൽ ചെയ്യുന്ന തെന്നും മതപരമായ പഠനപാഠനങ്ങളിൽ ഏർപ്പെട്ടവൻ 'ഇത്തിക്കണ്ണി'യാണെന്നും കമ്യൂണിസം സിദ്ധാന്തി ക്കുന്നു. കമ്യൂണിസ്ററ് വീക്ഷണപ്രകാരം അക്ഷ രമാല പഠിപ്പിക്കുന്നതു ഉപകാരമുള്ള ഒരു ജോലി യാണ്. എന്നാൽ 'അല്ലാഹു അല്ലാതെ മററാരാരാദ്ധ്യ നില്ല. മുഹമ്മദ്(സ) അവൻെറ ദൂതനാകുന്നു' എന്ന സർവ്വപ്രധാനമായ സത്യതത്വം പഠിപ്പിക്കുന്നതു സമ യവും കഴിവും വൃഥാ നശിപ്പിക്കലാണ്. പ്രയോജന കരമായ തൊഴിൽ ചെയ്യുന്നവർക്കേ ചോററ് കൊടുക്കാ വൂ എന്ന കാര്യത്തിൽ കമ്യൂണിസത്തോടു നാം യോജി ക്കാമെന്നുവച്ചാൽതന്നെ, കമ്യൂണിസ്ററുകൾ അംഗീ കരിച്ചാലേ ഒരു ജോലി ഉപകാരമുള്ളതാണെന്നുവരൂ എന്ന നിലപാടിനെ ശക്തിയുക്തം എതിർത്തേപററൂ. ഒരു മനുഷ്യൻെറ ആത്മീയക്ഷേമത്തിന്നുവേണ്ടി പ്രവർത്തിക്കുന്നത് കമ്യൂണിസ്ററിൻെറ നോട്ടത്തിൽ ഒരു തൊഴിലേ അല്ല. വിശുദ്ധഖുർആനും ഹദീസും ഫിഖ്ഹും തഫ്സീറും തസവ്വുഫും മററും മററും പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുന്നതും ധാർ മികതത്വങ്ങൾ ഉപദേശിക്കുന്നതും തൊഴിലല്ലത്രെ! നേരെ മറിച്ചു, ഒരു മുസ്ലിമിൻെറ പക്കൽ ഇവയൊ ക്കെ ജീവിതത്തെയ്ക്കാളും വിലപ്പെട്ടവയാകുന്നു. മ തപഠനത്തിന്നുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതി ന്നും അവയുടെ പ്രചാരണത്തിന്നുള്ള പരിശ്രമങ്ങൾ ചെയ്യുന്നതിന്നും സോവിയററ്റഷ്യയെപ്പോലുള്ള ഒരു രാഷ്ട്രത്തിൽ ആയിരക്കണക്കായ പണ്ഡിതൻമാർ പ്രവർത്തിക്കേണ്ടിവരും. എന്നാൽ, കമ്യൂണിസ്ററ് രാഷ്ട്രം അവരെ പൊറുപ്പിക്കാൻ തയ്യാറാവില്ല. അവ രെയെല്ലാം ഇത്തിക്കണ്ണികളും അലസൻമാരും കൊള്ള രുതാത്തവരുമായിട്ടാണവർ കണക്കാക്കുക. ആ പഠന ങ്ങളിൽനിന്നു അവരെ വലിച്ചു നീക്കി, ചെരിപ്പു തു

ന്നാനോ വളം നിർമ്മിക്കാനോ പറഞ്ഞയക്കും. എന്നാലേ അവർക്കു ആഹാരം കൊടുത്തുകൂടുവത്രെ!

ഈ രണ്ടു വീക്ഷണങ്ങൾക്കും ധ്രുവങ്ങൾ തമ്മിലുള്ള അന്തരമുണ്ട്. അവ രണ്ടും ഒരിക്കലും പൊരുത്തപ്പെടുകയില്ല. മതസേവകൻമാരായി പ്രത്യക്ഷപ്പെടുന്ന പലരും കപടവേഷധാരികളും മതതത്വങ്ങളനുസരിച്ചു ജീവിക്കാത്തവരും ആണെന്ന പരമാർത്ഥം സമ്മതിച്ചേ തീരൂ. എന്നാൽ, സകലവിധസുഖസൗകര്യങ്ങളും വലിച്ചെറിഞ്ഞു ത്യാഗബദ്ധമായ തരത്തിൽ മതസേവനം ചെയ്യുന്ന ഒരാളെ യഥാർത്ഥനേതാവായിത്തന്നെ അംഗീകരിക്കേണ്ടതുണ്ട്. ശരീരത്തിൽ ആത്മാവെന്നപോലെയാണ് സമുദായത്തിൽ അയാൾക്കുള്ള സ്ഥാനം. എന്തെന്നാൽ, അത്തരമൊരാൾ മനുഷ്യരുടെ ഏററവും വലിയ ഗുണകാംക്ഷിയത്രെ. എന്നാൽ, ഇത്തരക്കാർ കമ്യൂണിസ്ററുകളുടെ ദൃഷ്ടിയിൽ ഇത്തിക്കണ്ണികളും അലസൻമാരും രാഷ്ട്രതാപ്പര്യങ്ങളോടു വഞ്ചന പ്രവർത്തിക്കുന്നവരും ആയിരിക്കുകയാൽ അവരെ ജയിലിലിട്ടടക്കുകയോ നാട്ടിൽ നിന്നു അടിച്ചോടിക്കുകയോ വേണം!

## മതാചാര്യൻമാർ

ഈ ലോകത്തിലെ അതിപ്രതാപശാലികളായ ഭരണനായകന്മാർപോലും ഏതൊരു മഹാത്മാവിൻെറ അതിവിനീതനായ ഒരു ശിഷ്യൻെറ പാദപാംസുവിനുള്ളത്രപോലും സ്ഥാനം കല്പിക്കാൻ നാം തയ്യാറില്ലയോ, ആരുടെ നാമത്തിൽ ജീവിതസർവ്വസ്വവും അടിയറവെക്കാൻ നമ്മുടെ ഹൃദയത്തിൻെറ അടിത്തട്ടുകളിൽനിന്നു പ്രേമാവേശങ്ങൾ അലയടിച്ചുയരുന്നുവോ ആ പുണ്യപുരുഷൻ, അതെ, ദിവ്യപ്രകാശംകൊണ്ട് മനുഷ്യാത്മാക്കളെ പ്രോജ്ജ്വലിപ്പിച്ച ലോകാനുഗ്രഹിയായ മുഹമ്മദ് മുസ്തഫാ (സ) തിരുമേനി കമ്യൂണി

സത്തിന്റെ ദൃഷ്ടിയിൽ സജ്ജനതയ്ക്ക് പൊറുക്കാനാവാത്ത ഒരു ഭാരമായിരുന്നു! യേശുവും മോശെയും, അബ്രഹാമും ശ്രീകൃഷ്ണനും ശ്രീരാമചന്ദ്രനും ബുദ്ധനും സൊറോസ്ററും ഗുരുനാനാക്കും കൺഫ്യൂസും എന്നുവേണ്ട ദൈവത്തിന്റെ എല്ലാ വരിഷ്ഠവ്യക്തികളും കമ്യൂണിസത്തിന്റെ വീക്ഷണത്തിൽ അപ്രകാരംതന്നെ! സോവിയററ്ഭരണം അത്തരക്കാരെ ചെരിപ്പു തുന്നാനോ നിലമുഴുകാനോ പറഞ്ഞയക്കും. അവരെ ഫാക്ടറിത്തൊഴിലാളികളാക്കി മാററുകയോ! ക്ഷൗരകവൃത്തിക്ക് നിയോഗിക്കുകയോ ചെയ്യും. എന്തെന്നാൽ, സമുദായത്തിലെ ഇത്തരം 'ഇത്തിക്കണ്ണി'കളോട് പെരുമാറേണ്ടത് അങ്ങിനെയാണ്!

കമ്യൂണിസം കലാപ്രവർത്തനങ്ങളെ ബഹുമാനിക്കും. ചിത്രകാരൻമാരെയും കൊത്തുവേലക്കാരെയും ആദരിക്കും. ഒരു തുണ്ടം ക്യാൻവാസിൽ ചായം തേക്കുകയും ഒരു കഷ്ണം കല്ലിൻമേൽ ഉളിയും ചുററികയും കൊണ്ടു കൊത്തുകയും ചെയ്യുന്നവർ അങ്ങേയററത്തെ പ്രോത്സാഹനം അർഹിക്കുന്ന 'സർഗ്ഗാത്മകകലാകാരൻ'മാരാണ്. എന്നാൽ, സാൻമാർഗ്ഗികവും അദ്ധ്യാത്മികവുമായ ആദർശങ്ങാം മനുഷ്യഹൃത്തുകളിൽ അടിയുറപ്പിക്കുകയും മാലാഖമാർപോലും കാലുകുത്താനുറയ്ക്കാത്ത പരിപൂതപദങ്ങളിലേയ്ക്ക് മനുഷ്യാത്മാവിനെ ഉയർത്തുകയും ചെയ്ത ഈ ആത്മീയകലാകാരൻമാർ, ഉപകാരമുള്ളതെന്നു കമ്യുണിസത്തിനു സാക്ഷ്യപത്രം നൽകാവുന്ന ഒരു വേലയും ചെയ്യാത്തവരാണ് പോലും! 'മനുഷ്യൻ അപ്പത്താൽ മാത്രമല്ല ജീവിക്കുന്നത്.' എന്നും മനുഷ്യമനസ്സിന്നു ശാന്തി നൽകാൻ ഭൗതികാഹാരം മാത്രം പോരാ എന്നും നമുക്കെല്ലാം അറിയാം. പ്രാർത്ഥനയിൽനിന്നും ഭക്തിമാർഗത്തിൽനിന്നും തടഞ്ഞുനിർത്തിയാൽ അത്യന്തം അസ്വസ്ഥരായിത്തീ

രുന്ന ആയിരമായിരം ആളുകൾ ഈ ലോകത്തുണ്ട്. മനുഷ്യഹൃദയത്തെ ആനന്ദത്തിലാറാടിക്കുന്ന സകലസാധനസാമഗ്രികളും മുമ്പിൽവച്ചാലും അവർക്ക് മനസ്സുഖം ലഭിക്കുന്നതല്ല. എന്നാൽ, മനുഷ്യപ്രകൃതിയിലെ ഈ ഉദാത്തമായ വികാരങ്ങളെയും അഭിനിവേശങ്ങളെയും തൃപ്തിപ്പെടുത്താൻ പണിപ്പെടുന്ന ഇവർക്കൊന്നും കമ്യൂണിസ്ററ് വ്യവസ്ഥിതിയിൽ യാതൊരു സ്ഥാനവും ഇല്ല.!

ഫാക്ടറികളിൽ ആറോ എട്ടോ മണിക്കൂറോളം അദ്ധ്വാനിക്കുകയും തദനന്തരം സിനിമാശാലകളിലും നൃത്തമന്ദിരങ്ങളിലും കഴിച്ചുകൂട്ടുകയും കുടിച്ചും കൂത്താടിയും സമയം കളയുകയും ചെയ്യുന്നവരെ ഉപകാരമുള്ള തൊഴിലാളികളായി അംഗീകരിക്കാൻ കമ്യൂണിസം തയ്യാറുണ്ട്. ഫോട്ടോഗ്രാഫിയും സംഗീതവുമെല്ലാം പ്രയോജനകരങ്ങളായ തൊഴിലുകളാണ്. എന്നാൽ, ധാർമികോദ്ധാരണവും ആത്മീയശുദ്ധീകരണവും തൊഴിലുകളായി എണ്ണാൻ പററില്ലത്രെ! ഇതെത്രയും അത്ഭുതാവഹമായിരിക്കുന്നു. മുമ്പൊരിക്കൽ മാർഷൽ മലിനോവ്സ്കിയോടു ആരോ ചോദിക്കുകയുണ്ടായത്രെ, അദ്ദേഹത്തിന്റെ മക്കൾക്ക് ഏതിലാണ് അധികം താൽപര്യമെന്നു. ചിരിച്ചുകൊണ്ടദ്ദേഹം ഉത്തരം പറഞ്ഞതു, ''ഫോട്ടോഗ്രാഫിയിലും സംഗീതത്തിലും മുയൽകുഞ്ഞുങ്ങളെ പോററുന്നതിലും ആണവർക്ക് ഭ്രമം'' എന്നായിരുന്നു! അപ്പോൾ ഫോട്ടോഗ്രാഫിയിലും സംഗീതത്തിലും മുയൽക്കുഞ്ഞുങ്ങളെ പോററുന്നതിലും മണിക്കൂറുകൾ ചിലവഴിക്കുന്ന പതിനഞ്ചു വയസ്സുള്ള ഒരു ചെറുപ്പക്കാരനെ ചോറു കൊടുത്തു പോററാൻ കമ്യൂണിസം തയ്യാറാണ്". പക്ഷെ മുഹമ്മദ്നബി തിരുമേനിയെ യേശുക്രിസ്തുവെ, മോശയെ, ശ്രീകൃഷ്ണനെ, ബുദ്ധനെ, സൊറോസ്തറെ, ഗുരുനാനാക്കിനെ മനുഷ്യ സ

മുദായത്തിലെ ഇത്തിക്കണ്ണികളായി കരുതിക്കൊണ്ടു പട്ടിണിക്കിട്ടുകൊല്ലാനാണ് കമ്യൂണിസ്ററുകാം ബദ്ധപ്പെടുക.

ലോകാനുഗ്രഹികളായ ഈ ധർമ്മാത്മാക്കാം ചെയ്തിട്ടുള്ള നിസ്വാർത്ഥവും അവിരാമവുമായ അദ്ധ്വാനങ്ങാംക്കും മനുഷ്യസമുദായത്തോടു അവർക്കുണ്ടായിരുന്ന സ്നേഹവായ്പിന്നും ലോകചരിത്രത്തിൽ വേറെ ഉദാഹരണം കാണുകയില്ല. അവരുടെ അദ്ധ്വാനങ്ങാം ഇല്ലായിരുന്നെങ്കിൽ മനുഷ്യസമുദായം ഇന്നീക്കാണും വിധം അന്യോന്യബന്ധത്തിലും രഞ്ജിപ്പിലും കഴിഞ്ഞുകൂടുമായിരുന്നില്ല. എന്തെന്നാൽ, ധാർമികമായ ബാദ്ധ്യതകളെക്കുറിച്ചുള്ള അവബോധത്തിലാണ് സാമൂഹ്യമായ രഞ്ജിപ്പ് ഉറപ്പിക്കപ്പെട്ടിട്ടുള്ളതു. ഈ മഹോന്നതരായ പുണ്യപുരുഷൻമാരുടെ നിസ്വാത്ഥമായ ത്യാഗങ്ങളിലൂടെയാണ്. മനുഷ്യസമുദായത്തിൽ ആ ധാർമികബോധം വേരുറക്കുമാറായതു. ഈ മഹനീയമായ ലക്ഷ്യത്തിന്നുവേണ്ടി അവർ രാവും പകലുമില്ലാതെ അത്യദ്ധ്വാനം ചെയ്തു. എന്നിട്ടും, കമ്യൂണിസം അവരെ നിസ്സാരൻമാരായി കരുതുകയും, വ്യവസായശാലകളിൽ എട്ടു മണിക്കൂർ വേലയെടുത്തശേഷം നീചവും നിന്ദ്യവുമായ പ്രവൃത്തികളിൽ ഏർപ്പെട്ടു കൂത്താടുന്ന പാനശൗണ്ഡൻമാരുടെയും വ്യഭിചാരികളുടെയും നിലയേക്കാാം താണ സ്ഥാനങ്ങളിലേയ്ക്ക് അവരെ തള്ളിവിടുകയുമാണ് ചെയ്യുന്നതു.

ചുരുക്കിപ്പറഞ്ഞാൽ, വസ്തുതകാം വെച്ചുനോക്കുമ്പോാം, കമ്മ്യൂണിസ്ററ് വ്യവസ്ഥിതിയിൽ, ഈ മഹാത്മാക്കാംക്കും പുണ്യപുരുഷൻമാർക്കും യാതൊരു സ്ഥാനവും ഇല്ല. എനിയ്ക്കു മററാരെക്കുറിച്ചും അറിഞ്ഞുകൂടാ! എന്നാൽ, എന്നെ സംബന്ധി

ച്ചേടത്തോളം, എവിടെ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയ്ക്ക് സ്ഥാനമില്ലയോ അവിടെ എനിയ്ക്കും സ്ഥാനമില്ലെന്നു എനിയ്ക്കറിയാം. മുഹമ്മദ് (സ) തിരുമേനിയ്ക്ക് സ്ഥാനം നൽകുന്ന രാജ്യത്തെയും വ്യവസ്ഥിതിയെയും മാത്രമെ നമ്മുടെതായി നമുക്ക് കണക്കാക്കിക്കൂടു. എവിടെ മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയ്ക്കു വാതിൽ തുറക്കപ്പെടുകയില്ലയോ അവിടെ ഓരോ യഥാർത്ഥ മുസ്ലിംമിന്നും അടയ്ക്കപ്പെട്ടതാണ്. ഈ പരമാർത്ഥം മതവിശ്വാസികളിൽനിന്നു മറച്ചുവെക്കാൻ കമ്യൂണിസം ശ്രമിക്കുമായിരിക്കാം. എന്നിട്ടീ വഞ്ചനയിലൂടെ അവരുടെ അനുഭാവവും പിന്തുണയും നേടുവാൻ അവർക്കു കഴിഞ്ഞേയ്ക്കാം. എന്നാൽ, ഈ എല്ലാ സത്യവും തുറന്നു പറയുന്നപക്ഷം അവരെയാകർഷിക്കാൻ കമ്യൂണിസത്തിന്നു കഴിയുകയില്ല. തങ്ങൾ മതത്തിന്നെതിരല്ലെന്നു കമ്യൂണിസ്റ്റുകൾ പലപ്പോഴും പറയാറുണ്ട്. ഞാൻ വ്യക്തമാക്കിയതുപോലെ ഇതു ഒരിക്കലും ശരിയല്ല. വാക്കുകളും വായ്ത്താരികളുംകൊണ്ടേതും കാര്യമില്ല. യാഥാർത്ഥ്യമാണ് എണ്ണപ്പെടുക മതത്തിൻെറ നേരെ പൊറുമ കാണിക്കാൻ കമ്യൂണിസം തയ്യാറില്ലെന്നു വസ്തുതകൾ വിളിച്ചോതുമ്പോൾ, തങ്ങൾ മതത്തിനെതിരല്ലെന്നു അവർ പറയുന്നതു തനിക്കളളമല്ലാതെ മറെറന്താണ്?

## മതപഠനം

പല രൂപത്തിലും മാർഗത്തിലും സോവ്യററ് റഷ്യയിൽ മതപഠനത്തിന്ന് തടസ്സങ്ങൾ ഉണ്ടാക്കുന്നുണ്ട്. കുട്ടികളെ മതപരമായ കാര്യങ്ങൾ പഠിപ്പിക്കാൻ മാതാപിതാക്കൾക്ക് അവകാശമില്ലെന്നും പിഞ്ചുഹൃദയങ്ങളെ മതത്തിലേയ്ക്ക് ആകർഷിക്കുന്ന തരത്തിൽ ജനിച്ചുവീണയുടൻ കാതുകളിൽ അത്തരം മത

കാര്യങ്ങറം കേറംപ്പിക്കാൻ തുടങ്ങുന്നത് ന്യായമല്ലെന്നും അവർ പറയുന്നു. സ്വതന്ത്രമായി ചിന്തിക്കുവാനുള്ള പ്രായമെത്തുന്നതുവരെ വിവിധ മതക്കാർ താന്താങ്ങളുടെ മതതത്വങ്ങറം കുട്ടികളിൽ കുത്തിച്ചെലുത്താൻ പാടില്ലെന്നും വളർന്നു വലുതായാൽ ഇഷ്ടമുള്ള വഴി സ്വീകരിക്കാൻ വിടുകയാണ് വേണ്ടതെന്നും അവർ സിദ്ധാന്തിക്കുന്നു. പ്രത്യക്ഷത്തിൽ ഇത് ഏററവും ന്യായമെന്ന് തോന്നിയേക്കാം. എന്നാൽ, ഭയങ്കരമായ ഒരു വഞ്ചന ഇതിന്നുള്ളിൽ ഒളിച്ചിരിപ്പുണ്ട്. ഇസ്ലാമും ക്രിസ്തുമതവും ഹിന്ദുമതവുമെല്ലാംതന്നെ ഭാവോന്മുഖമായ ചില തത്വങ്ങളെ പ്രബോധിക്കുന്ന മതങ്ങളാകുന്നു. കമ്യൂണിസമാകട്ടെ നിഷേധാത്മകമായ നാസ്തികവാദത്തിലടിയുറച്ചതുമത്രെ ഒരു വസ്തുവിൻെറ ഉൺമയിൽ വിശ്വസിക്കുന്നവർക്കാണ് അതു സ്ഥാപിക്കേണ്ട ഭാരം. നിഷേധിക്കുന്നവന്ന് ഒന്നും സ്ഥാപിക്കാനില്ല. എന്നിരിക്കെ, 'നിങ്ങറം ഒന്നും പഠിപ്പിക്കരുത്', ഞങ്ങളും ഒന്നും പഠിപ്പിക്കുകയില്ല' എന്ന് കമ്മ്യൂണിസ്ററുകറം പറയുന്നത് നീതിയോ യഥാർത്ഥമായ സമഭാവനയോ അല്ല. മതതത്വങ്ങളൊന്നും കുട്ടിയെ പഠിപ്പിക്കുന്നില്ലെങ്കിൽ അതിൻെറ ഫലമായി ഉടലെടുക്കുന്നത് നിഷേധാത്മകമായ ഒരു ചിന്താഗതിയായിരിക്കും. 'ഞങ്ങറം ഞങ്ങളുടെ തത്വങ്ങറം പഠിപ്പിക്കുമെങ്കിലും നിങ്ങളെ പഠിപ്പിക്കാനനുവദിക്കില്ല' എന്നുപറയുന്നതിന്ന് തുല്യമാണിത്. ഇതു സമഭാവനയും നീതി നിഷ്ഠയുമാണെന്നു ബുദ്ധിയുള്ള ആരെങ്കിലും പറയുമോ? ഇത് ഒരാറം മറെറാരാളുടെ അടുക്കൽ ചെന്നിട്ടു. 'നിങ്ങറം നിങ്ങളുടെ കുട്ടിയോട് നിങ്ങറം അവൻെറ അച്ഛനാണെന്ന് പറയരുത്. നിങ്ങറം അവൻെറ അച്ഛനല്ലെന്ന് ഞാനും അവനോട് പറയുകയില്ല' എന്നു പറയുന്നതുപോലുള്ള രസാവഹമായ ഒരടവാണ്. ഇതിൻെറ ഫലമായി കുട്ടി

മനസ്സിലാക്കുന്നത് എന്തായിരിക്കുമെന്ന് വ്യക്തമാണല്ലോ. ഒരാം ഒരു പള്ളിക്കൂടത്തിൽച്ചെന്ന് വാദ്ധ്യാരോട് ഇപ്രകാരം പറയുകയാണെന്നിരിക്കട്ടെ: "നിങ്ങൾ കുട്ടികൾക്ക് 'അ' എന്ന അക്ഷരത്തെപ്പററി പഠിപ്പിക്കരുത്. ഞാനും അത് പഠിപ്പിക്കുകയില്ല. 'ക' എന്ന അക്ഷരമുണ്ടെന്നും പറയരുത്. 'ക' എന്ന അക്ഷരമില്ലെന്ന് ഞാനും അവരോടു പറയുകയില്ല!" എന്തായിരിക്കും ഇതിന്റെ ഫലം? അക്ഷരമാലയുടെ അറിവല്ല, തികഞ്ഞ അജ്ഞതയാണ് അവനിൽ നടമാടുക. അമേരിക്ക എന്നൊരു രാജ്യമുണ്ടെന്ന് കുട്ടിക്ക് പറഞ്ഞുകൊടുക്കാത്ത കാലം വരെ അവന്നത് അജ്ഞാതമായിരിക്കും. ഒരു കുട്ടിയെ ഒന്നും പഠിപ്പിക്കേണ്ടതില്ലെന്നുവന്നാൽ, ഈ അജ്ഞതയെ നിലനിർത്താനും പോഷിപ്പിക്കാനും വിശേഷിച്ചൊരു ശ്രമവും ആവശ്യമായി വരില്ല. മതപരമായ കാര്യത്തിലാണെങ്കിൽ ഈ അജ്ഞത അജ്ഞേയവാദത്തിന് തുല്യമാണ്. ഇങ്ങനെ, കമ്യൂണിസം മതകാര്യത്തിൽ നിഷ്പക്ഷമെന്ന് നടിച്ചുകൊണ്ടു തന്നെ കപടവേഷത്തിലൂടെ ഒളിച്ചുകടക്കാനാണ് ശ്രമിക്കുന്നത്. ഇത് നിഷ്പക്ഷതയല്ല, ചതിയും വഞ്ചനയും മാത്രമാണ്. "മനുഷ്യർക്ക് അറിയാത്തതിനെ പഠിപ്പിച്ചുകൊടുക്കുക" എന്നാണ് ഖുർആൻ അനുശാസിക്കുന്നത്. പഠിക്കാനേ പാടില്ലെന്നു വന്നാൽ മതത്തോടു നീതി ചെയ്യുകയല്ല; അജ്ഞതയെ ചൂഷണംചെയ്തുകൊണ്ട് കമ്യൂണിസം കാര്യം നേടുകയാണ് ചെയ്യുന്നത്. അവർക്ക് വേണ്ടതും മതമില്ലാത്ത ഒരന്തരീക്ഷമാണല്ലോ!

ഇസ്ലാമിന്ന് തുല്യഅവസരം നൽകുന്നതിന്നു പകരം മത്സരരംഗത്ത് അതിന്ന് വാതിൽ കൊട്ടിയടക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതുപോലെതന്നെ ഈ വിഷയകമായി ഉയർന്നുവരുന്ന മററു ചില പ്ര

ശ്നങ്ങളുമുണ്ട്. പക്ഷെ, സാമ്പത്തികകാര്യങ്ങളുമായി ബന്ധമില്ലാത്ത വശങ്ങളേപ്പററി സംസാരിക്കാൻ ഞാൻ ഉദ്ദേശിച്ചിട്ടില്ലാത്തതിനാൽ ആ പ്രശ്നങ്ങൾ ഞാൻ സ്പർശിക്കുന്നില്ല.

## പൂർണ്ണസമത്വം അപ്രായോഗികം

2) മതത്തിന്നുനേരെയുള്ള എതിർപ്പിൽനിന്ന് പുറപ്പെട്ടുവരുന്ന ദ്രോഹങ്ങൾക്ക് പുറമെ യുക്തിയുടേയും സാമാന്യബുദ്ധിയുടേയും മാനദണ്ഡങ്ങളനുസരിച്ചുതന്നെ കമ്യൂണിസം ദോഷകരമാണെന്ന് കാണാവുന്നതാണ്. എല്ലാ ജീവിതസാഹചര്യങ്ങളിലും എല്ലാവർക്കും ഒരുപോലെ പൂർണ്ണസമത്വം കൈവരുത്തുക ഏതായാലും മനുഷ്യസാദ്ധ്യമല്ല. സുഖം ധനത്തെ മാത്രം ആശ്രയിച്ചുനിൽക്കുന്ന ഒന്നല്ലല്ലോ. ഭൌതികമായ ആവശ്യങ്ങളെല്ലാം നിർവ്വഹിക്കപ്പെടുന്നതുകൊണ്ടുമാത്രം മനുഷ്യർക്ക് സംതൃപ്തിയും സ്വസ്ഥതയും കൈവരികയുമില്ല; ഓരോ ജീവിതനിലവാരത്തിൽ കഴിയുന്നവർതന്നെ ഓരോരുത്തരും ഓരോ തരത്തിലാണ് ആനന്ദം നുകരുന്നത്. ഒരേ തീൻമേശക്കിരുന്ന് കഴിക്കുന്ന ഒരേതരത്തിലുള്ള ആഹാരം ചിലരിൽ മററു ചിലരേക്കാൾ കൂടുതൽ ആസ്വാദ്യത നൽകുന്നു. രുചിയിലും മണത്തിലും കാഴ്ചയിലും ആരോഗ്യത്തിലും എല്ലാവരും ഒരേ ഗണത്തിൽപ്പെടുന്നില്ല. ബുദ്ധിപരവും ശാരീരികവുമായ കഴിവുകൾ ആത്മവിശ്വാസത്തിൻെറയും തുടർന്ന്ണ്ടാകുന്ന ആനന്ദത്തിൻെറയും വലിയ ഉറവിടമാകുന്നു. ഒരൊററ സർക്കാർ നടപടികൊണ്ടും ഈ കാര്യങ്ങൾ എല്ലാവർക്കും ഒരുപോലെയാക്കാൻ സാദ്ധ്യമാകയില്ല. നമ്മുടെ ഉററവരും ഉടയവരുമെല്ലാം നമുക്ക് അളവററ ആനന്ദം പ്രദാനംചെയ്യുന്നു. എന്നാൽ, എല്ലാവരുടേയും ഭാര്യമാർ ഒരുപോലെ ദീർഘകാലം ജീവിച്ചിരി

ക്കുമെന്ന് ഒരൊററ ഭരണകൂടത്തിനും ഉറപ്പുവരുത്താനാവില്ല. അതുപോലെതന്നെ നമ്മുടെ മക്കളും സ്നേഹിതന്മാരും മാതാപിതാക്കളും ദീർഘനാരം ജീവിച്ചിരിക്കുമെന്ന് ഉറപ്പുനൽകാനും ആർക്കും സാദ്ധ്യമല്ല. ഒരു കുടുംബത്തിൽ കുട്ടികരം ഉണ്ടാവുന്നത് മനുഷ്യപ്രകൃതിയുടെ അഗാധതലത്തിലുള്ള ആവശ്യങ്ങളിലൊന്നിനെ തൃപ്തിപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ ദമ്പതിമാർക്കും കുട്ടികളുണ്ടാകുമെന്നും തുല്യമായ എണ്ണം സന്താനങ്ങളെ ലഭിക്കുമെന്നും അവരെല്ലാം തുല്യകാലം ജീവിച്ചിരിക്കുമെന്നും ഒരേപോലെ ആരോഗ്യവാന്മാരും ജീവിതവിജയം കൈവരിക്കുന്നവരുമായിരിക്കുമെന്നും ആർക്ക് ഉറപ്പുനൽകാൻ സാധിക്കും ? നമ്മുടെ ഉററവരോട് നമുക്കുള്ള വികാരവായ്പ് ലെനിൻെറ ജീവിതത്തിലുണ്ടായ ഒരു സംഭവത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയും. റഷ്യൻ കമ്യൂണിസ്ററുകാർ മെൻഷവിക്കുകളെന്ന പേരിൽ മാർട്ടോവിൻെറയും ബോരംഷവിക്കുകരം എന്ന പേരിൽ ലെനിൻെറയും കീഴിൽ രണ്ടു ഗ്രൂപ്പുകളായി ഭിന്നിച്ചു നിന്നിരുന്നു. കമ്യൂണിസ്ററുകാർ അധികാരത്തിൽ വന്നാൽ, കൊലശിക്ഷ തത്വത്തിൽ അവസാനിപ്പിക്കണമെന്നായിരുന്നു മാർട്ടോഫിൻെറ അഭിപ്രായം. എന്നാൽ ലെനിൻ, തത്വത്തിൽ അതിനോട് യോജിച്ചെങ്കിലും സാർ ചക്രവർത്തിയെ തൂക്കിക്കൊല്ലുന്നതുവരെ വധശിക്ഷ നിർത്തലാക്കരുതെന്ന് വാദിച്ചു. താൻ വളരെയേറെ പ്രിയപ്പെട്ടിരുന്ന തൻെറ ഇളയ ഒരു സഹോദരനെ സാർ ചക്രവർത്തി വധശിക്ഷയ്ക്കിരയാക്കിയെന്ന വസ്തുതയാണ് ലെനിൻെറ ഈ നിർബന്ധത്തിനു കാരണമായിരുന്നത്. തൻെറ അനുജനെ കൊന്ന സാറിനോടുള്ള പ്രതികാരബുദ്ധി അദ്ദേഹത്തിൽ അലതല്ലിയിരുന്നു. നമ്മുടെ ബന്ധുക്കളുടേയും സ്നേഹിതരുടേയും ദു

രിതങ്ങളും ദുഃഖങ്ങളും നമ്മുടെ സുഖജീവിതത്തിനു മേൽ മായാത്ത പാട് സൃഷ്ടിക്കുന്നു. പലതരം കാരണങ്ങളാലും ഉണ്ടാകുന്ന ഇത്തരം ദുരിതങ്ങൾക്കെതിരെ ആർക്കും ഒരുറപ്പും നൽകാൻ സാദ്ധ്യമല്ലല്ലോ. ആകയാൽ, എല്ലാ തരത്തിലുള്ള അസമത്വങ്ങളും ഇല്ലായ്മ ചെയ്യുവാനോ മനുഷ്യജീവിതത്തിലെ നാനാതരം സാഹചര്യങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന സ്ഥിതിവിപര്യയങ്ങളെ തുല്യരീതിയിലാക്കി മാററാനോ മനുഷ്യർക്ക് സാദ്ധ്യമായിട്ടുള്ളതല്ല. ആകയാൽ, കമ്യൂണിസം നടപ്പാക്കുമെന്ന് പറയുന്ന സമത്വം ഒരുതരം വഞ്ചന മാത്രമാണ്. ദൈവവുമായുള്ള ബന്ധത്തിൽ മാത്രമെ നിത്യാനന്ദം കൈവരികയുള്ളൂ.

# ഭൂപ്രശ്നം

സാർ ചക്രവർത്തിമാരുടെ കീഴിൽ റഷ്യ ഒരു വൈ ത്തുവസായികരാജ്യമായിരുന്നില്ല. പാരമ്പര്യപ്രഭുക്കൻമാരുടെ അധീനത്തിലുള്ള വലിയ വലിയ 'എസ്റേററു'കളാണവിടെ ഉണ്ടായിരുന്നതു. തന്നിമിത്തം, ഭൂമിയാണ് വ്യവസായമല്ല കമ്യൂണിസത്തിന്നു അവിടെ നേരിടേണ്ടിവന്ന ഒന്നാമത്തെ പ്രശ്നം. മുതലാളിത്തത്തെപ്പററി കാറൽമാർക്സ് എന്തൊക്കെത്തന്നെ പറഞ്ഞിരിക്കട്ടെ, അവ വമ്പിച്ച മൂലധനത്തേയും വ്യവസായത്തേയും പ്രതിനിധാനം ചെയ്യുന്ന മുതലാളിത്തത്തെ മാത്രമാണ് ബാധിക്കുന്നത്. എന്തെന്നാൽ, റഷ്യയെക്കാളെത്രയോ മികച്ച നിലയിലുള്ള ഒരു വ്യവസായവൽകൃതരാജ്യമായിരുന്ന ജർമനിയിലാണദ്ദേഹം ജനിച്ചതും ജീവിച്ചതും. അവിടെ തൊഴിലാളികളെ നേരിട്ടിരുന്ന പ്രശ്നം ഒരു വ്യവസായപ്രശ്നമായിരുന്നു. റഷ്യയിലെ വിപ്ലവനേതാക്കൻമാർ അദ്ദേഹത്തിൻെറ തത്വങ്ങളെ റഷ്യയിലെ പരിതഃസ്ഥിതിയ്ക്കനുസരിച്ച് ഇങ്ങനെ രൂപപ്പെടുത്തി:

1 എല്ലാ ഭൂമിയും സ്റേററിൻെറ ഉടമയിൽ പെട്ടതാണ്.

2 അതിനാൽ, കൃഷിചെയ്യുന്നതിന്നായി സ്റേററ് എല്ലാ നിലങ്ങളും പിടിച്ചടക്കേണ്ടതാണ്.

3 ഓരോരുത്തന്നും അവനവൻെറ കഴിവനുസരിച്ച് കൃഷിചെയ്യാൻ സാധിക്കുന്നത്ര ഭൂമി മാത്രം നൽകുക; അതിലധികം പാടില്ല.

4 ഭൂമി സ്റേററിൻെറ സ്വത്താകയാൽ എല്ലാവരുടേയും താല്പര്യത്തെലാക്കാക്കി അതിനെ

പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിക്കു മാറു ഭൂമിയിൻമേലുള്ള സ്റേററ് നിയന്ത്രണം ന്യായ്യമാണ്.

ഭൂപ്രശ്നത്തെ സംബന്ധിച്ചേടത്തോളം ഇസ്ലാമിൻെറ അദ്ധ്യാപനം (അടിസ്ഥാനതത്വങ്ങൾ ഞാനാദ്യമേ വിവരിച്ചു കഴിഞ്ഞു) ഇതാണ്: ഭൂമി മുഴുവനും യഥാർഥത്തിൽ ദൈവത്തിൻേറതാണ്. നിയമപ്രകാരം അംഗീകരിക്കപ്പെട്ട അവകാശികളുടെ വൃത്തത്തിന്നു പുറമെ ഉടമസ്ഥന് കൈമാറുവാൻ സ്വാതന്ത്ര്യമുള്ള മൂന്നിലൊരംശം കഴിച്ചുള്ള ഭാഗം അയാളുടെ മരണശേഷം നിശ്ചിതഅവകാശികൾക്ക് നിശ്ചിത വീതപ്രകാരം വിഭജിച്ചുകൊടുക്കേണ്ടതാണെന്നും, യാതൊരു കാരണവശാലും മററവകാശികൾ ജീവിച്ചിരിക്കവെ അവരെയെല്ലാം പുറംതള്ളിക്കൊണ്ട് ഏതാകിലുമൊരവകാശിയുടെ കയ്യിലേക്ക് മാത്രമായി ഭൂമി നീങ്ങുവാനനുവദിക്കപ്പെടുകയില്ലെന്നുമുള്ള ഉപാധികൾക്ക് വിധേയമായി ഭൂഭാഗങ്ങൾ ഉടമപ്പെടുത്തിക്കൊള്ളാൻ അനുവാദമുണ്ടു. നിയമപ്രകാരമുള്ള അവകാശികളാരുമില്ലാ എങ്കിൽ ഭൂമി ദൈവത്തിൻെറ പ്രതിനിധിയ്ക്ക്_ അതായത്, ഇവിടെസ്റേററിന്ന്_ ചെല്ലേണ്ടതാണ്. ഈ തത്വത്തിൽ അതീവഗഹനമായ ജ്ഞാനം അടങ്ങിയിരിക്കുന്നു.

1, ഉടമാവകാശം അംഗീകരിക്കപ്പെട്ടിരിക്കുകയാൽ ആർക്കും ഭൂമി സ്വായത്തമാക്കാവുന്നതാണ്. തങ്ങളുടെ വരുമാനം അതിനെ ആശ്രയിച്ചിരിക്കുമെന്നതിനാൽ എല്ലാവരും നല്ലവണ്ണം വേല ചെയ്യേണ്ടിയിരിക്കുന്നു.

2 ഭൂവുടമസ്ഥരുടെ പിന്തുടർച്ചയിലുള്ള തലമുറകൾ ഭൂമിയുമായുള്ള സ്ഥിരസമ്പർക്കം മൂലം നേടിയ പരിചയത്തിലൂടെ അവർക്കു കൃഷിയെ അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

3 വലിയ വലിയ ഘടകങ്ങൾ ഉൾക്കൊള്ളുന്നതും താരതമ്യേന വിസ്തൃതമായിരിക്കുന്നതുമായ ഭൂമി ഏക ഉടമയിൽ ഉണ്ടായെന്നു വന്നാൽതന്നെ പിന്തുടർച്ചാവകാശനിയമത്തിൻെറ പ്രവർത്തനത്തിലൂടെ അതു ചെറിയ തുണ്ടങ്ങളായി വിഭജിക്കപ്പെടുമാറാകുന്നു.

4 ഒടുവിലായി, ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥൻ ദൈവമാണെന്നു ഇസ്ലാം കരുതുന്നതുകൊണ്ട്, ആർക്കുംതന്നെ നിയമവിരുദ്ധമായി അതിൻെറ എത്ര വലിയ ഭാഗവും സ്വായത്തമാക്കിക്കൂടാ.*

---

* കൃഷിഭൂമി പാഴായിക്കിടക്കുന്നതു കൊണ്ട് രാഷ്ട്രത്തിന്നു നഷ്ടം നേരിടുമെന്നു കാണുമ്പോൾ, അത്തരം തരിശുനിലങ്ങൾ ഉടനെ കൃഷിക്കുപയുക്തമാക്കേണ്ടതാണെന്നു ഗവൺമേണ്ട് ഉടമസ്ഥന്ന് നോട്ടീസ് നൽകേണ്ടതും എന്നിട്ടും കൃഷിചെയ്യാൻ കൂട്ടാക്കുന്നില്ലെങ്കിൽ ആ ഭൂമിയെ കൃഷിചെയ്യാനിഷ്ടപ്പെടുന്നവക്ക് പങ്കിട്ടുകൊടുക്കേണ്ടതുമാണെന്നത്രെ ഇസ്ലാമികനിയമം. എന്നാൽ, അപ്പോൾ ഭൂവുടമസ്ഥന്ന് ന്യായമായ പ്രതിഫലം നൽകുകയോ ഭൂവുടമസ്ഥനും പുതിയ കൈവശക്കാരനും തമ്മിൽ ഒരു പരസ്പരധാരണയുണ്ടാക്കുകയോ വേണ്ടതാണ്. ഹസ്റത്ത് ബിലാലിബ്നൽ ഹാരിസുൽ മുസ്നീക്ക് റസൂൽകരീം (സ) തിരുമേനിയിൽ നിന്നും കിട്ടിയ ഭൂമി, അദ്ദേഹത്തിന്ന് അതിനെ കൃഷിക്കുപയുക്തമാക്കുവാൻ കഴിയാതെ വന്നപ്പോൾ ഹസ്റത്ത് ഉമർ(റ) ശക്തിപ്രയോഗിച്ച് പിടിച്ചുപററുകയല്ല ചെയ്തത്. അദ്ദേഹത്തെ വിളിപ്പിച്ച് കാര്യം ഗ്രഹിപ്പിക്കുകയും, ഒടുവിൽ താൻ ഭൂമി കയ്യൊഴിച്ചുകൊള്ളാമെന്നും പക്ഷെ ഖനികൾ തൻെറ ഉടമസ്ഥതയിൽതന്നെ പെട്ടിരിക്കുന്നതാണെന്നുമുള്ള അദ്ദേഹത്തിൻെറ നിബന്ധന സ്വീകരിക്കയുമാണുണ്ടായത് (കിതാബുൽ ഖിറാജ്). ഈ ഹദീസിൽനിന്നു മനസ്സിലാകുന്നതു ഗവൺമേണ്ട് ദാനം ചെയ്ത തരിശുനിലങ്ങൾതന്നെയും, രാജ്യത്തിലെ സാമ്പത്തികനിലയെ ഭദ്രമാക്കാൻവേണ്ടി തിരിച്ചുവാങ്ങാവുന്നതാണെന്നും പക്ഷെ, അതിൻെറ ഉടമസ്ഥരുമായി അതു സംബന്ധിച്ച് കരാറുണ്ടാക്കേണ്ടതാണെന്നും ശക്തിപ്രയോഗിച്ചു അത്തരം ഭൂമികൾ ഗവൺമേണ്ട് പിടിച്ചെടുത്തുകൂടാ എന്നുമാണ് ('ഇസ്ലാം ഔർ മിൽക്കിയത്തെ സമീൻ'- ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്, ഭാ. 32-33)- വിവ.

ആക്രമിച്ചു കീഴടക്കപ്പെടുന്ന നാടുകഠ അക്രമി സേനാനിയും അയാളുടെ സിൽബന്തികളായ ഉദ്യോഗസ്ഥൻമാരും പങ്കിട്ടെടുക്കുകയെന്ന സമ്പ്രദായമാണ് ഇസ്ലാമികേതരവ്യവസ്ഥിതികളിലെല്ലാം കാണപ്പെടുമാറാകുന്നത്. ഇംഗ്ലണ്ട്, സ്കോട്ട്ലണ്ട്, അയർലണ്ട് മുതലായ രാജ്യങ്ങഠ ഇപ്രകാരം നോർമൻ രാജാക്കൻമാർ പിടിച്ചടക്കുകയും അവരുടെ കീഴിലുളള പ്രഭുക്കൻമാർക്ക് വീതിച്ചുകൊടുക്കുകയുമാണുണ്ടായത്. ഇങ്ങനെ ഭൂമിയെല്ലാം വിദേശീയരായ ഒരുപിടി പ്രഭുക്കൻമാരുടെ കുത്തകയായിത്തീർന്നു. അതെ അവസരത്തിൽതന്നെ രാജ്യത്തിലെ അസ്സൽ നിവാസികഠക്കാകട്ടെ, സ്വന്തത്തിൽ എവിടെയും ഉറച്ചിരിക്കാൻ വയ്യെന്നായി. തങ്ങഠക്ക് വീടുകഠ പണിയാൻ പോലും നിലമില്ലാതെയും ഈ ആവശ്യാർത്ഥം നിലം വിലകൊടുത്തു വാങ്ങുവാൻ നിവൃത്തിയില്ലാതെയും അവർ കുഴങ്ങുമാറ് ഇവിടങ്ങളിൽ വളരെക്കാലങ്ങളോളം സ്ഥിതി നന്നെ മോശപ്പെട്ടതായിരുന്നു. ദീർഘകാലത്തേയ്ക്കോ ഹ്വസ്വകാലത്തേയ്ക്കോ ഭൂമി പാട്ടത്തിന്നു വാങ്ങിക്കൊളളുവാൻ മാത്രമെ നിയമം അനുവദിച്ചിരുന്നുളളു. അതിലുപരിയായി ഒന്നും പാടില്ലായിരുന്നു. വിദേശീയരായ ഒരുപിടി നാടുവാഴിപ്രഭുക്കഠ നാട്ടുംപുറങ്ങളെല്ലാം കയ്യടക്കിവച്ചിരുന്നതിനാൽ തദ്ദേശീയർക്ക് അവിടെ ജീവിക്കണമെന്നുണ്ടെങ്കിൽ അവരുടെ അധികാരനുകത്തിന്നു കീഴ്പെടുകയേ നിർവ്വാഹമുണ്ടായിരുന്നുളളു. ഫ്രാൻസിലും ജർമനിയിലും ആസ്ത്രിയയിലും ഇററലിയിലും ഇതേ സ്ഥിതി തന്നെയാണാവർത്തിക്കപ്പെട്ടത്. നെപ്പോളിയൻ യുദ്ധങ്ങഠ അവസാനിക്കുന്നതുവരെയും സ്ഥിതിഗതികഠ ഭേദപ്പെട്ടിരുന്നില്ല. അമേരിക്കയിൽ തന്നെയും രാജ്യം പുരോഗമിച്ചപ്പോഠ ഒരുകൂട്ടം വൻകിടജൻമികഠ രംഗപ്രവേശം ചെയ്യുകയുണ്ടായി. അവർ സ്വീ

കരിച്ച മാർഗ്ഗം ഇതാണ്: തങ്ങാംക്കാകുവോളം അവർ അസ്സൽ നിവാസികളെ അടിച്ചോടിച്ചു. എന്നിട്ട്, തങ്ങാം നേടിയ ഭൂമികളിൻമേൽ അവരവകാശം ഉറപ്പിക്കുകയോ അവ ബലാൽ പിടിച്ചെടുക്കുകയോ ചെയ്തു. കെനിയ പോലുള്ള ആഫ്രിക്കയിലെ സമ്പന്നമായ മലപ്രദേശങ്ങളിലും ഇക്കഥതന്നെയാണാവത്തിക്കപ്പെട്ടത്. യൂറോപ്യൻ കുടിയേററക്കാരായ സ്വകാര്യവ്യക്തികാം ലക്ഷക്കണക്കായ ഏക്കർ നിലങ്ങാം നിസ്സഹായരായ പൂർവ്വനിവാസികളെ നിഷ്കരുണം ആട്ടിയോടിച്ചശേഷം കയ്യടക്കിവെച്ചിരിക്കുകയായിരുന്നു.

ഈ ക്രൂരതയ്ക്കും അനീതിയ്ക്കുമെതിരിൽ ഇസ്ലാമിൻെറ ചരിത്രം ആശ്ചര്യകരമാംവിധം അപങ്കിലമത്രെ. കൃഷിസ്ഥലങ്ങളില്ലാത്ത മരുമയമായ സാക്ഷാൽ അറേബ്യയിൽ ഭൂപ്രഭുത്വം ഉടലെടുക്കുന്നതിന്നു പഴുതുണ്ടായിരുന്നില്ല. ഒരുകൂട്ടമാളുകാംക്ക് ഏതാനും തരിശു ഭൂമികാം പ്രദാനം ചെയ്യപ്പെട്ടിരുന്നെങ്കിൽതന്നെ, ആ നിലങ്ങാം പരിമിതങ്ങളായിരുന്നതിനാൽ അവർ വൻകിട ജൻമികളായി രൂപാന്തരപ്പെടുന്നതിന്ന് സാദ്ധ്യതയുണ്ടായിരുന്നില്ല. വളരെക്കാലമായി കൃഷി ചെയ്യപ്പെട്ടുവന്നിരുന്ന യമൻ സിറിയ എന്നീ രാജ്യങ്ങളിൽ നിലങ്ങാം പൂർവ്വികളുടമസ്ഥൻമാർക്ക്തന്നെ വിട്ടുകൊടുത്തിരുന്നു. ജനനിബിഡമല്ലാത്തതും പക്ഷെ ഫലഭൂയിഷ്ടവുമായ ഇറാക്കിൽ_മുസ്ലിംകളുടെ വിജയത്തോടെ പേർസ്യക്കാർ ഇവിടം വിട്ടു സ്വദേശത്തേയ്ക്കു തിരിച്ചുപോയിട്ടുണ്ടായിരുന്നു – വിസ്തൃതമായ ഭൂഭാഗങ്ങളാണുണ്ടായിരുന്നത്. ആ നിലങ്ങാം പങ്കിട്ടുകൊടുക്കാൻ പലരും ആവശ്യപ്പെട്ടിരുന്നിട്ടും ഹസ്രത്ത് ഉമർ (റ) അപ്രകാരം ചെയ്യുകയുണ്ടായില്ല. ഈ നയം ഭാവിയിൽ മുസ്ലിംകളുടെ പൊതുതാൽപര്യത്തെ അപകടപ്പെടുത്തുന്ന ഫലങ്ങളുളവാക്കിയേക്കുമെന്ന കാരണം പറഞ്ഞുകൊണ്ടാണ് അദ്ദേ

ഹം എതിർത്തത്. അങ്ങനെ ഈ ഭൂമികളെല്ലാം സ്റേറ
ററിൻെറ സ്വത്തായി പ്രഖ്യാപിക്കപ്പെട്ടു. ഈജിപ്തിൽ
പൂർവ്വികുടമസ്ഥൻമാരെതന്നെ ഭൂമി കൈവശം വെ
ച്ചുകൊള്ളാൻ അനുവദിച്ചിരുന്നു. ചുരുക്കത്തിൽ, മു
സ്ലിംകൾ അധീനപ്പെടുത്തിയ രാജ്യങ്ങളിൽ അവരുടെ
അധികാരപരിധിയിൽ വന്ന തരിശുനിലങ്ങൾ പൊ
തുനൻമക്കായി സന്ദർഭോചിതം ഉപയോഗപ്പെടുത്തേ
ണ്ടതിന്നു സ്റേററിൻെറ ഉടമയിൽ നിറുത്തേണമെ
ന്നതാണ് ഇസ്ലാമികവ്യവസ്ഥിതിയ്ക്ക് ആദ്യകാല
ങ്ങളിൽ നൽകപ്പെട്ടിരുന്ന പ്രായോഗികരൂപം. മുസ്ലിം
രാജ്യങ്ങളിലെവിടെയുംതന്നെ ജൻമിപ്രഭുത്വം ഉടലെ
ടുക്കാഞ്ഞതിൻെറ കാരണം ഇതായിരുന്നു. പിൽക്കാ
ലങ്ങളിൽ, ഇസ്ലാമികാദ്ധ്യാപനങ്ങൾ നിഷ്കൃഷ്ടമാ
യും പാലിക്കപ്പെട്ടിരുന്നില്ലെന്നതു നേരുതന്നെയെങ്കി
ലും ഇസ്ലാമിൻെറ മൌലികമായ സിദ്ധാന്തങ്ങളുടെ
സ്വാധീനതയിൽനിന്ന് മുസ്ലിംരാജാക്കൻമാർ തിക
ച്ചും സ്വതന്ത്രരായിരുന്നില്ല. ഇന്ത്യയിൽതന്നെയും,
മുസ്ലിംഭരണം വന്നപ്പോൾ ഭൂമി പൂർവ്വനിവാസികളുടെ
കയ്യിൽതന്നെ വെച്ചുകൊള്ളുവാൻ അനുവദിക്കപ്പെടു
കയാണുണ്ടായത്. അവരുടെ കൈവശാവകാശത്തെ
അപകടപ്പെടുത്തിയതേ ഇല്ല. തരിശുനിലങ്ങളാണ്
സ്റേററ് പിടിച്ചെടുത്തത്. ഇന്ത്യയിൽ ഇന്നു കാണ
പ്പെടുന്ന വലിയവലിയ എസ്റേററുകളെല്ലാംതന്നെ
പിൽക്കാലത്ത് ബ്രിട്ടീഷ്കാർ ഭരണം കയ്യടക്കിയ
പ്പോൾ സൃഷ്ടിച്ചവയാണ്. കാര്യങ്ങൾ എളുപ്പത്തിൽ
കയ്യാളുവാനുള്ള ബദ്ധപ്പാടും രാജ്യത്ത് തങ്ങൾക്ക്
നല്ല സ്വാധീനമുള്ള താങ്ങുകാരെ കിട്ടാനുള്ള ഉൽ
കണ്ഠയും നിമിത്തം പുതിയ ഗവൺമെൻറ് അധിക
വും ബങ്കാളിലും യുപിയിലും ഉള്ള തഹസിൽദാർ
മാർക്ക് (നികുതി പിരിക്കുന്ന ഏജൻറൻമാർക്ക്) അ
വരുടെ അധികാരപരിധിയിൽപെട്ട പ്രദേശങ്ങളുടെ
ഉടമാവകാശം ചാർത്തികൊടുത്തു. അപ്രദേശങ്ങളിലെ

അസ്സൽ ഉടമസ്ഥൻമാരുടെ നേരെ ഭയങ്കരമായ അനീതി പ്രവർത്തിക്കുന്നതിന്നാണിതിടയാക്കിയത്.

ഇങ്ങിനെ, ഭൂപ്രശ്നം കയ്യാളുന്ന കാര്യത്തിലും ഇസ്ലാമികവ്യവസ്ഥിതി ഇതരപ്രശ്നങ്ങളിലെന്ന പോലെ സംപൂർണ്ണവും സർവ്വതോൻമുഖവും സുഭദ്രവുമാണെന്നു കാണുവാൻ കഴിയും. സാമ്പത്തികസമതയെ തകരാറിലാക്കാൻ കഴിയുന്ന സ്റേററിൻെറ സൃഷ്ടികളായ വലിയവലിയ ഭൂവുടമകൾ (ജാഗീർദാറൻമാർ)ക്ക് ഇസ്ലാമിൽ യാതൊരു സ്ഥാനവുമില്ല* സ്വതന്ത്രമാർക്കററിൽ ആർക്കും എത്ര വേണമെങ്കിലും ഭൂമി വാങ്ങാം. ഈ സ്വാതന്ത്ര്യംമൂലം ഒരു സാമ്പത്തികഭീഷണി രൂപമെടുക്കാനിടയില്ല. എന്തെന്നാൽ കാര്യമായി മുതൽ കയ്യടക്കിവെച്ചിരിക്കാവുന്ന വ്യാപാരികൾ ഭൂമി വിലക്കെടുക്കുന്നതിൽ താൽപര്യം കാണിച്ചെന്നുവരില്ല. കാരണം, അവർക്കാണെങ്കിൽ മററുരംഗങ്ങളിൽ മുതലിറക്കുന്നതുകൊണ്ട് കൂടുതൽ വരുമാനമുണ്ടാകുമല്ലൊ. ഏതുവിധമായാലും ശരി, വൻകിട ഭൂമികൾ പിൻതുടർച്ചാവകാശനിയമത്തിൻെറ പ്രവർത്തനത്തിലൂടെ ഒരു തലമുറയിലൊരിക്കലെങ്കിലും ചെറുഖണ്ഡങ്ങളായി വിഭജിക്കപ്പെടുന്നതാണ്

---

* സമീന്ദാരിയും ജാഗീർദാരിയും തമ്മിലുള്ള വ്യത്യാസം ഇതാണ്: ഭൂമിയുടെ ഉടമസ്ഥനാണെങ്കിലും ഗവൺമെണ്ടിൻെറ അഥവാ പബ്ലിക്കൻെറ അവകാശങ്ങളെ പൂർണ്ണമായും പാലിക്കേണ്ടവൻ ആണ് സമീന്ദാർ. എന്നാൽ, ഗവൺമെണ്ടിൻെറയോ പബ്ലിക്കിൻെറയോ അവകാശങ്ങൾ മുഴവനമായോ ഭാഗികമായോ ബാധകമാകാതെയിരിക്കുന്ന ആളാണ് ജാഗീർദാർ. ഉദാഹരണമായി, സമീന്ദാർ ഭൂമിയുടമസ്ഥനായിരിക്കെത്തന്നെ ഭരണകൂടം നിശ്ചയിച്ച നികുതികൾ കൊടുക്കാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ജാഗീർദാർക്ക് അവ മുഴവനമോ ഒരു ഭാഗമോ മാപ്പു ചെയ്യപ്പെടുന്നു.– വിവ.

പിന്തുടർച്ചാവകാശികളില്ലാത്ത ഒരു വ്യക്തിക്ക് തന്നെയും അയാളുടെ സ്വത്തിൻെറ മൂന്നിലൊന്നിൽ കവിഞ്ഞുള്ള ഭാഗം ഒസിയ്യത്ത് ചെയ്യാൻ ഇസ്ലാം അനുവാദം നൽകുന്നില്ലെന്ന കാര്യം കൂടി നാം ഓർമിച്ചിരിക്കേണ്ടതുണ്ട്. അയാൾക്ക് പിന്തുടർച്ചക്കാരുണ്ടെങ്കിൽ ആ മൂന്നിലൊരു ഭാഗം അവരിൽ ഒരാൾക്ക് മാത്രമായി ദാനം ചെയ്യാനും പാടുള്ളതല്ല. എന്തെന്നാൽ, അവകാശികൾക്കെല്ലാം തന്നെ നിശ്ചിതമായ വിതപ്രകാരമുള്ള നിശ്ചിത ഓഹരികൾ മാത്രമെ ലഭിക്കുകയുള്ളു; അതിൽ കവിഞ്ഞുകൂടാ.

ദരിദ്രരുടെ മാർഗത്തെ പ്രതിരോധിക്കുന്നതിൽ നിന്ന് ഭൂവുടമസ്ഥരെ ഇസ്ലാം തടസ്സപ്പെടുത്തുന്നതോടൊപ്പംതന്നെ അതു വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നുമില്ല എന്ന വസ്തുതയാണ് ഇസ്ലാമിക വ്യവസ്ഥിതിയുടെ മറെറാരു സവിശേഷത ബൗദ്ധമായി പുരോഗമിച്ചുകൊള്ളുവാനും ധർമവിഷയത്തിൽ പങ്കെടുത്തുകൊണ്ട് പാരത്രീകത്തെ സുരക്ഷിതമാക്കിത്തീർക്കുന്നതിന്നും ആരും സ്വതന്ത്രരാണ്. ഇതിന്നു വിപരീതമായി, കമ്യൂണിസം അതിൻെറ തത്വശാസ്ത്രത്തിന്നു പ്രായോഗികരൂപം നൽകുന്ന വിഷയത്തിൽ സ്വീകരിച്ച മാർഗം വ്യക്തിസ്വാതന്ത്ര്യത്തെ നിഹനിക്കുന്നതും പരസ്പരസ്നേഹശീലത്തെ ഞെക്കിക്കൊല്ലുന്നതും മതസേവനത്തിന്നുള്ള സകല സാദ്ധ്യതകളേയും ഇല്ലായ്മചെയ്യുന്നതും അത്രെ. എല്ലാററിന്നും പുറമേ, കമ്യൂണിസം രാഷ്ട്രീയവും സാമ്പത്തികവുമായ അതിൻെറ മൂല്യങ്ങളിൽമേൽ ഉറച്ചുനിൽക്കുന്നതിൽ തുടക്കത്തിൽ തന്നെ പരാജയമടഞ്ഞിരിക്കുകയുമാണ്.

ഭൂപ്രശ്നത്തെ സംബന്ധിച്ചേടത്തോളം, എല്ലാ ഭൂമിയും സ്ററേറിൻെറ ഉടമയിൽ പെട്ടതാണെന്ന ആദർ

ശവുമായിട്ടാണ് കമ്യൂണിസം കടന്നുവന്നത്. ഈ വീക്ഷണമനുസരിച്ച് രാജ്യത്തിലെ ഭൂമിയെല്ലാം സ്റേറററിന്നു ഉടമപ്പെട്ടതായിത്തീർന്നു. അസ്സൽ ഭൂവുടമസ്ഥരും കൃഷിക്കാരും കേവലം കൂലിവേലക്കാരുമായി മാറി. ഇവിടെ കമ്യൂണിസം കച്ചവടക്കാരെയും വ്യവസായികളേയും അപേക്ഷിച്ച് ഭൂവുടമസ്ഥൻമാരുടെ അവകാശത്തെ ഹനിച്ചുകളകയത്രെ ചെയ്യുന്നത്. എന്തെന്നാൽ, അവർക്കാണെങ്കിൽ തങ്ങളുടെ ചരക്കിൻമേൽ ഒരതിർത്തിവരെയെങ്കിലും ഉടമാവകാശം കല്പിച്ചുകൊടുത്തിട്ടുണ്ടല്ലൊ, എല്ലാ ഭൂമിയും സ്റേറററിൻെറ ഉടമയിൽ പെട്ടിരിക്കുകയാൽ, എന്താണ് വിതക്കേണ്ടതെന്നും എവിടെയാണ് വിതക്കേണ്ടതെന്നും കൃഷിക്കാരനോട് കല്പിക്കാൻ സ്റേറററിന്നധികാരമുണ്ടെന്നു കമ്യൂണിസം തീരുമാനിച്ചു. ചില പ്രത്യേകതരം വിളകളെ സംബന്ധിച്ചേടത്തോളം ചില കൃഷിക്കാക്ക് പരിചയമധികമുണ്ടാകമെന്നതിനാൽ, അത്തരക്കാരെ സ്വഗൃഹങ്ങളിൽനിന്നും നീക്കി അവർക്കതിപരിചയമുള്ള പ്രത്യേകതരം കൃഷിക്ക് ഏററവും പററിയ പ്രദേശങ്ങളിൽകൊണ്ടുപോയി കുടിയിരുത്തുവാനും സ്റേറററിന്ന് അധികാരമുണ്ടെന്നായി. ഈ സിദ്ധാന്തങ്ങരം രാജ്യത്ത് വിപുലമായതോതിൽ പ്രയോഗപ്പെടുത്തിത്തുടങ്ങിയപ്പോരം, തങ്ങളുടെ നില ഒരു കച്ചവടക്കാരൻെറയോ കൈവേലക്കാരൻെറയോ നിലയേക്കാരം അധഃപതിച്ചു കേവലം കൂലിവേലക്കാരൻേറതായി താണുപോയിരിക്കയാണെന്നും, തങ്ങളുടെ കുടുംബജീവിതവും, സ്വന്തം പാടങ്ങളിൽനിന്നും അജ്ഞാതമായ ഏതോ മുക്കിലേയ്ക്ക് എപ്പോഴെന്നില്ലാതെ തങ്ങരം മാററപ്പെടുവാനിടയുള്ളതിനാൽ അദ്ധ്വാനഫലം ആസ്വദിക്കുവാനുള്ള തങ്ങളുടെ അവകാശവും അപകടത്തിലായിരിക്കയാണെന്നും, സ്ഥിരമായ സ്വയംപര്യാപ്തതയുടെ അടിസ്ഥാനത്തിൽ വിളകളെ സംബന്ധി

ച്ചേടത്തോളം റ്റപ്പാനുണ്ടാക്കാൻ തങ്ങാം സ്വതന്ത്രരല്ലാ തായിരിക്കയാൽ മേലിൽ തങ്ങളുടെ ആവശ്യങ്ങാം നി വൃത്തിക്കപ്പെടുന്നതിന്നായി ഇതരൻമാരെ ആശ്രയിക്കേ ണ്ടിവരുമെന്നും കൃഷിക്കാർ കണ്ടറിഞ്ഞു. ഈ കാര്യ ഗ്രഹണം ശക്"തിപ്പെട്ടപ്പോാം സ്"ഥിതിഗതികാം വഷ ളാവുകയും ഒരു ലഹളയുടെ രൂപം കൊള്ളുകയും ചെയ്"തു. തന്നിമിത്തം ഈ പുതിയ പദ്"ധതി ഉ പേക്"ഷിക്കുന്നതിന്ന്" സ്"ററാലിൻ നിർബ്ബദ്"ധനായി ത്തീരുകയും പഴയ വ്യവസ്"ഥതന്നെ വീണ്ടും നട പ്പാക്കേണ്ടിവരികയും ഉണ്ടായി. ഇങ്ങനെ കൃഷി ക്കാർക്ക്" നിലത്തിൻമേൽ സ്വകാര്യ ഉടമാവകാശം സ്"ഥാപിച്ചുകിട്ടി. ഭൂപ്രശ്"നത്തെ സംബന്"ധിച്ചേ ടത്തോളം കമ്യൂണിസ്"ററ്" സിദ്"ധാന്തങ്ങാം ഒരു പ്ര കാരത്തിലും പ്രായോഗികങ്ങളല്ലെന്ന പരമാർത്"ഥ ത്തെയാണിത്" വ്യക്"തമാക്കിയത്" ലഹള പിന്നീട്" ശാ ന്തമായി. എന്നാൽ, ബോാംഷവിക്ക്" നേതാവിൻെറ പ്ര സ്"തുത തീരുമാനം, കമ്യൂണിസം ആവിഷ്"ക്കരിച്ച ഈ പുതിയ നിയമം ഗുരുതരവും അടിസ്"ഥാനപര വുമായ അബദ്"ധമുാംക്കൊള്ളുന്നതാണെന്ന്" എന്നെ ന്നേയ്"ക്കുമായി തെളിയിച്ചുകഴിഞ്ഞു. ഈ വസ്"തു തയെ ആസ്"പദമാക്കിയാണ്" സ്"ററാലിൻെറ വിരോ ധികാം അദ്"ദേഹത്തെ ലെനിൻ അടിയുറച്ചുനിന്ന കമ്യൂണിസ്"ററ്" തത്വങ്ങളോട്" വഞ്ചന പ്രവർത്തിച്ചു വെന്നു പറഞ്ഞു ആക്"ഷേപിച്ചുതുടങ്ങിയത്". ക മ്യൂണിസത്തിൻെറ കേന്"ദ്രാദർശം തൊഴിലാളിവർഗ്"ഗ ത്തിൻെറ ആധിപത്യമാണെന്നും ഈ ആദർശത്തിൻെറ സാക്"ഷാൽക്കാരത്തിന്നായി ആ ലക്"ഷ്യത്തെ ചുററി പ്പററിയുള്ള മററാദർശങ്ങളിൽ ആവശ്യമനുസരിച്ച്" മാ ററം വരുത്താൻ പാടുണ്ടെന്നും ആയിരുന്നു പ്രസ്"തുത ആക്"ഷേപത്തിന്നു സ്"ററാലിൻ നൽകിയ മറുപടി. ഈ മറുപടി തൃപ്"തികരമാണോ അല്ലയോ എന്ന പ്ര

ശ്നത്തിലേയ്ക്ക് നാമിപ്പോരം കടക്കേണ്ടതില്ല. എന്നാൽ, ഒരു സ്ഥിരമായ രാഷ്ട്രീയസാമ്പത്തികവ്യവസ്ഥിതിയെന്ന നിലയിൽ, ഭൂപ്രശ്നത്തെ സംബന്ധിച്ചേടത്തോളം അതിന്റെ സിദ്ധാന്തങ്ങരംക്ക് പ്രായോഗികരൂപം നൽകുന്നതിൽ കമ്യൂണിസം പരാജയമടഞ്ഞിരിക്കുന്നുവെന്നും, ഈ പ്രശ്നത്തെ പരിഹരിക്കുന്ന കാര്യത്തിൽ കമ്യൂണിസ്ററ്കാരക്ക് ഇതര സിദ്ധാന്തങ്ങരം കടം വാങ്ങേണ്ടിവന്നിരിക്കയാണെന്നമുള്ളതിലേയ്ക്ക് ഒരു നല്ല ദൃഷ്ടാന്തം തന്നെയാണിത്. കമ്യൂണിസ്ററ് വ്യവസ്ഥിതിയുടെ സ്ഫടികസ്ഫുടമായ ഈ പരാജയം ഇസ്ലാമിക സാമ്പത്തികവ്യവസ്ഥിതിയുമായി വ്യക്തമായും ഇടഞ്ഞുകൊണ്ടുതന്നെ നിലകൊള്ളുകയാണ്. ഇസ്ലാമിക സാമ്പത്തികവ്യവസ്ഥയാണെങ്കിൽ യാതൊരു മുടക്കവും കൂടാതെ സർവ്വോദയലക്ഷ്യത്തിൽ പ്രവർത്തിപ്പിക്കപ്പെടാമെന്ന ചരിത്രം തെളിയിച്ചുകഴിഞ്ഞിരിക്കയാണ്. കമ്യൂണിസം എല്ലായിടത്തും എല്ലായ്പ്പോഴും ഒരുപോലെ പ്രയോഗപ്പെടുത്താവുന്ന തരത്തിലുള്ള ഒരു അടിസ്ഥാനതത്വശാസ്ത്രമേ അല്ല എന്നുള്ള യാഥാർത്ഥ്യത്തെയാണിത് വെളിപ്പെടുത്തിയത്. റഷ്യയെ ശക്തിപ്പെടുത്താനുദ്ദേശിച്ചുകൊണ്ടുള്ള ഒരു രാഷ്ട്രീയപ്രസ്ഥാനം മാത്രമാണ് കമ്യൂണിസം. മതത്തിന്റെ ശാശ്വതസവിശേഷതകളുമായി കമ്യൂണിസത്തെ തുലനം ചെയ്യാനൊരുങ്ങുന്നതുതന്നെയും ധർമദൂഷണം! ബ്രിട്ടീഷ് പാർലിമെൻറിലെ ഒരു പ്രസിദ്ധാംഗമായ മി. സ്ററീഫൻ കിംങ്ഹാരം, അടുത്ത കാലത്താണ് റഷ്യ സന്ദർശിച്ചു തിരിച്ചുവന്നത്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങരം 'സോവിയററ് യൂനിയ'നിൽ പ്രസിദ്ധമായിട്ടുണ്ട്. പ്രസ്തുത അഭിപ്രായങ്ങരം എന്റെ നിഗമനത്തെ വ്യക്തമായും ദൃഢപ്പെടുത്തുന്നു. അദ്ദേഹം പറയുന്നു. റഷ്യയ്ക്കിന്നു രണ്ടു ലക്ഷ്യങ്ങളാണുള്ളതെന്നു. ഒന്ന് റഷ്യയുടെ പുനഃസംവിധാ

നം: രണ്ട് റഷ്യയെ ലോകത്തിൽവെച്ച് ഏററവും ഉൽകൃഷ്ടവും സമ്പന്നവുമായ ഒരു രാഷ്ട്രമാക്കി ത്തീർക്കുക. കമ്യൂണിസം വാസ്തവത്തിൽ റഷ്യയെ സുശക്തമാക്കിത്തീർക്കു വാനുദ്ദേശിച്ചുകൊണ്ടുള്ള ഒരു രാഷ്ട്രീയപ്രസ്ഥാനം മാത്രമാണെന്നാണ് ഈ പ്രസ്താവന തെളിയിക്കുന്നത്.

## വൈജ്ഞാനികപുരോഗതി തടയപ്പെടുന്നു.

സോവ്യററ്ഭരണം എടുത്ത നടപടികളുടെ ഫല മായി എല്ലാ പൗരൻമാർക്കും ഭക്ഷണവും വസ്ത്ര വും ഉറപ്പുവരുത്തപ്പെട്ടിട്ടുണ്ടെന്നു നമുക്ക് സമ്മതിച്ചു കൊടുക്കാം. എന്നാൽതന്നെ ഈ വ്യവസ്ഥിതിയിൽ മനുഷ്യൻെറ വൈജ്ഞാനിക പുരോഗതി ക്രമേണ പ ററെ നിലച്ചുപോകാൻ കാരണമാകുന്ന ഒരു വലിയ കുറവ് കാണാവുന്നതാണ്. റഷ്യയിൽ തൊഴിലാളികൾ ക്ക് നൽകുന്ന കൂലിയും ശമ്പളവും അവർക്ക് വിശ പ്പടക്കാനും നഗ്നത മറയ്ക്കാനും തലചായ്ക്കാനൊ രിടം ലഭ്യമാക്കാനും മാത്രം വക നൽകുന്നതാണെന്ന ഒരൊററ കാരണത്താൽ വിദേശയാത്ര നടത്തുന്നതിന്നു ആവ ശ്യമായ പണം ഒരു പൗരന്നു ഒരിക്കലും ഒരു പരിതസ്ഥിതി യിലും സ്വന്തത്തിൽ നേടിയെടുക്കാൻ ആവുകയില്ല. ലോകത്തിൻെറ വിവിധഭാഗങ്ങളിൽ സഞ്ചരിക്കേണ്ടകാ ര്യം (സർഫീൽ അർസ്) വിശുദ്ധഖുർആൻ ഊന്നിപ്പ റയുന്നുണ്ട്. തങ്ങളുടെ സമ്പത്തിൻെറ നിയന്ത്രണാ ധികാരവും എന്തും ചെലവഴിക്കാനുള്ള സ്വാതന്ത്ര്യവും സ്വായത്തമായിരുന്നപ്പോൾ റഷ്യൻസഞ്ചാരികൾ ലോക ത്തിൻെറ നാനാഭാഗങ്ങളിലും പര്യടനം നടത്തുകയും തങ്ങളുടെ പഠനനിരീക്ഷണങ്ങളും വിദേശങ്ങളിൽ ത ങ്ങൾ കണ്ട കാര്യങ്ങളെകുറിച്ചുണ്ടായ പ്രതികരണങ്ങളും വഴി രാജ്യത്തെ സംപുഷ്ടമാക്കുകയുണ്ടായി. എന്നാൽ, വിപ്ലവത്തിന്നു ശേഷം ഒരൊററ റഷ്യൻ ടൂറിസ്ററിനെ

യും ഭൂഗോളത്തിലെവിടെയും കാണുമാറില്ലാതായി. ലോകമെങ്ങും ശാഖകളുള്ളതും വിദൂരകോണുകളി ലോളം വ്യാപിച്ചുകിടക്കുന്നതുമായ ഒരു മതപ്രസ്ഥാനത്തിന്റെ തലവനെന്ന നിലയിൽ എനിയ്ക്കു വിപുലമായ വൃത്തത്തിൽ ബന്ധപ്പെടുവാൻ കഴിഞ്ഞിട്ടുണ്ട്". എന്നാൽ, ഒരു റഷ്യൻ കമ്യൂണിസ്റ്റുകാരനെ സ്വന്തം ചെലവിൽ വിദേശയാത്രചെയ്യുന്നതു ലോകത്തെവിടെയും ഞാൻ കണ്ടിട്ടില്ല. ഒരു സർക്കാർ ഉദ്യോഗസ്ഥനെയോ, ഗവർമ്മെണ്ട് പ്രതിനിധിയെയോ ഏജൻറിനെയോ ഒരു പ്രത്യേക ദൗത്യത്തിന്നായി പുറത്തെവിടെയെങ്കിലും കണ്ടെന്നുവരാം. എന്നാൽ, വിജ്ഞാനവർദ്ധനയ്ക്കോ പ്രകൃതിദൃശ്യങ്ങൾ കണ്ടാസ്വദിക്കുന്നതിന്നോ, ഒരു റഷ്യക്കാരൻ സഞ്ചരിക്കുന്നതായി കാണാൻ സാദ്ധ്യമല്ല. വിദേശയാത്ര മുതലായ സുഖങ്ങൾ ആസ്വദിക്കുന്നതിന്ന് ചെലവഴിക്കാൻ എന്തെങ്കിലും മിച്ചം വെക്കുന്നതിന്ന് കഴിയാത്ത തരത്തിലാണ് സോവ്യററ് ഗവൺമ്മെണ്ട് അവിടത്തെ ജനങ്ങളുടെ സമ്പദ്വ്യവസ്ഥയെ ക്രമീകരിച്ചിട്ടുള്ളത് എന്നതു മാത്രമാണിതിന്നു കാരണം, അങ്ങനെ വല്ലതും മിച്ചമുണ്ടായാൽ സർക്കാർ അതു പിടിച്ചെടുക്കുകയാണ് ചെയ്ക.

പ്രത്യേകദൗത്യങ്ങളോടെ വിദേശയാത്രചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥൻമാക്കും പ്രതിനിധിസംഘങ്ങൾക്കും ഈ ഉദ്ദേശ്യം നിറവേററാൻ ഒരിക്കലും സാധ്യമല്ല. വിദേശങ്ങളിൽ സ്വതന്ത്രമായി, സ്വന്തം ചെലവിൽ സഞ്ചരിക്കുന്നവർക്ക് മാത്രമെ ഈ ആവശ്യം പൂത്തീകരിക്കാൻ കഴിയുകയുള്ളൂ. ജീവിതത്തിലെ വിവിധങ്ങളായ മണ്ഡലങ്ങളിലും സാഹചര്യങ്ങളിലും പ്രവത്തിക്കുന്നവർക്ക് ഓരോരുത്തക്കും തങ്ങളുടേതായ വീക്ഷണകോണിൽകൂടി വിസ്തൃതമായ ഭൂപ്രദേശങ്ങൾ നോക്കിക്കണ്ടു സ്വന്തമായ നിഗമനങ്ങളിൽ എത്തി

ച്ചേരുന്നതിന്ന് പൊതുവായ യാത്ര നടത്താനുള്ള സൗകര്യങ്ങളും സംവിധാനങ്ങളും സ്വാതന്ത്ര്യവും ഉണ്ടായിരിക്കേണ്ടതാണ്. സർക്കാർ ഉദ്യോഗസ്ഥൻമാർക്കും സർക്കാർ പ്രതിനിധികറക്കും ഇത്തരത്തിലുള്ള സ്വതന്ത്രമായ നിരീക്ഷണങ്ങറ നടത്താൻ ഒക്കുകയില്ല. നിശ്ചിതവൃത്തത്തിൽമാത്രമെ അവരുടെ ചിന്ത പോകൂ. തങ്ങറക്ക് യാത്രാസൗകര്യങ്ങറ നൽകുകയോ തങ്ങളെ തട്ടിക്കളയുകയോ ചെയ്യാൻ സാധിക്കുന്ന മേലാളൻെറ അഭിരുചികറക്ക് അനുസരിച്ചു വർണ്ണപ്പെടുത്തിയ നിരീക്ഷണങ്ങളായിരിക്കുകയും ചെയ്യും. എത്ര അധികം പേർ എത്ര വിപുലമായ വൃത്തങ്ങളിൽ യാത്ര നടത്തുന്നുവോ അത്രയും പ്രയോജനകരങ്ങളായ പുതിയ പുതിയ ആശയങ്ങളുമായി അവർ തിരിച്ചു വരാനിടയാകുന്നു.

ഇതിനെല്ലാംപുറമെ വ്യത്യസ്തജനതകളിൽനിന്ന് സങ്കുചിതദേശീയവികാരങ്ങളും പക്ഷപാതിത്വവും നശിപ്പിച്ചു പരസ്പരധാരണയും സൻമനോഭാവങ്ങളും വളർത്തുന്നതിന്നും സൗഹൃദബന്ധങ്ങളും സമാധാനവും ഉറപ്പിക്കുന്നതിന്നും വിദേശയാത്രകറ അതിപ്രധാനമായ ഒരു സഹായോപാധിയാകുന്നു. എന്നാൽ, കമ്യൂണിസം ഇതൊക്കെത്തന്നെയും അസാദ്ധ്യമാക്കിത്തീർക്കുന്നു. കാരണം സോവ്യററ് പൗരൻമാർക്ക് വിദേശസഞ്ചാരം ചെയ്യുന്നതിന്ന് വരുമാനമിച്ചം ഉണ്ടാക്കാൻ അവിടെ സാദ്ധ്യതയും സാഹചര്യവും ഇല്ലെന്നതുതന്നെ. റഷ്യയ്ക്ക് പുറത്തെവിടെയെങ്കിലും ഏതാകിലുമൊരു ഉദ്യോഗസ്ഥനല്ലാത്ത റഷ്യക്കാരനെ കണ്ടുമുട്ടുന്നു എങ്കിൽ, അയാറ റഷ്യൻവിപ്ലവത്തിന്നു ശേഷമുള്ള ഒരു രാഷ്ട്രീയാഭയാർത്ഥിയോ സോവ്യററ്നാട്ടിൻെറ പ്രചരണഏജൻേറാ ആയിരിക്കും. തങ്ങറ ഗവൺമെണ്ടുമായി യാതൊരു ബന്ധവുമില്ലാത്ത സ്വതന്ത്രപൗരൻമാരാണെന്നു അവർ പറയുന്നു

വെങ്കിൽ അത് തങ്ങളുടെ പ്രചാരണത്തെ ഫലപ്രദമാക്കുന്നതിന്നുവേണ്ടി തട്ടിവിടുന്ന പച്ചക്കള്ളം മാത്രമായിരിക്കും. എന്തെന്നാൽ സാധാരണക്കാരായ റഷ്യക്കാർക്ക് വിദേശസഞ്ചാരത്തിന്റെ സുഖസൗകര്യങ്ങൾ അനുഭവിക്കാനായി ചെലവഴിക്കാൻ ഒരു പൈസ പോലും സ്വന്തമായുണ്ടായിരിക്കില്ലെന്ന് സാമാന്യബുദ്ധിയുള്ളവർക്കൊക്കെയും മനസ്സിലാക്കാൻ കഴിയും, എന്തെന്നാൽ, സ്റ്റേററ് ആരുടെ കയ്യിലും അതിന്നുവേണ്ട മിച്ചധനം അധീനത്തിൽ വെക്കാനും ചെലവഴിക്കാനുമുള്ള അനുവാദം നൽകുന്നില്ല.

കുറച്ചുമുമ്പ് ഞാൻ കറാച്ചിയിൽനിന്നു ലാഹൗറിലേയ്ക്ക് യാത്രചെയ്കയായിരുന്നപ്പോൾ, ഉദ്യോഗസ്ഥനല്ലാത്ത സ്വതന്ത്രപൗരനെന്നവകാശപ്പെട്ടന്ന ഒരു റഷ്യൻസഞ്ചാരി അതേ വണ്ടിയിലെ ഒരു എ. സി. റൂമിൽ യാത്രചെയ്യുന്നതായും അയാൾ കമ്മ്യൂണിസത്തെപ്പററി വളരെയേറെ പുകഴ്ത്തി പറയുന്നതായും ഒരു സ്നേഹിതൻ എന്നോടു പറയുകയുണ്ടായി. ഇതു കേട്ടപ്പോൾതന്നെ അതു പച്ചക്കള്ളമാണെന്നു ഞാൻ പറഞ്ഞു. ഒരു വലിയ ഭൂവുടമയായിരുന്നിട്ടും ഞാൻ രണ്ടാം ക്ലാസ്സിലാണ് യാത്ര ചെയ്യുന്നതെന്നും തൊഴിലാളികളും കൂലിവേലക്കാരും മാത്രമുള്ള ധനികരില്ലാത്ത നാട്ടിൽനിന്നുള്ളയാളായിട്ടും ഒരു ധനികനല്ലാത്ത റഷ്യൻ സാധാരണക്കാരൻ വളരെ സുഖകരമായി ഉയർന്ന ക്ലാസ്സിൽ യാത്രചെയ്യുകയാണെന്നും ആയിരുന്നു അദ്ദേഹം സൂചിപ്പിച്ചിരുന്നത്. അയാൾ ഒന്നാംക്ലാസ്സിൽ ഉയർന്ന ഒരു എയർകണ്ടീഷൺഡ് ഡീലക്സ് കംപാർട്ട്മെൻറിൽ യാത്ര ചെയ്യുന്നു. അയാൾക്ക് ഇതിന്നുള്ള ചെലവ് എങ്ങനെ വഹിക്കാൻ കഴിയുന്നു? രാജകീയ സുഖസൗകര്യങ്ങളോടെ ആയിരക്കണക്കിൽ നാഴികകളോളം യാത്രനടത്താൻ കഴിയുമാറ്

റഷ്യയിലെ ഒരു സാധാരണതൊഴിലാളി സമ്പന്നനാണെന്നാണോ അയാൾ ഉദ്ദേശിച്ചത്? അതു ശരിയാണെന്നുവരാം. എന്തെന്നാൽ, ഇന്ത്യയിലെ ധനികരിൽ പത്തുലക്ഷത്തിലൊരാൾപോലും എ. സീ. റയിൽ കാറിൽ യാത്രചെയ്യാൻ കെല്പുള്ളവനായി ഇല്ലെന്നതാണ് സത്യം. അങ്ങനെയാണെങ്കിൽ ഈ വൻ മുതലാളിമാർക്കെതിരായുള്ള റഷ്യൻ കമ്മ്യൂണിസ്റ്റുകളുടെ ധമ്മരോഷത്തിന് എന്ത് നീതീകരണമാണുള്ളത്?

## അധികാരശക്തി ഏകാവലംബം

4. കമ്യൂണിസത്തിൻെറ നാലാമത്തെ ദൂഷ്യം പ്രസ്ഥാനം ദുഷിച്ചുതുടങ്ങുകയും അതു തകർച്ചയിലേയ്ക്ക് നീങ്ങുകയും ചെയ്യുമ്പോൾ സ്വേച്ഛാധിപത്യം പിറിമുറുകുമെന്നുള്ളതാണ്. അതോടെ, സ്ഥിതിഗതികൾ മുൻപിലത്തേതിനേയ്ക്കാൾ ഭയാനകമായി മാറും. എന്തെന്നാൽ, ഈ വ്യവസ്ഥയിൽ കഴിവുകൾ നശിച്ചു ബുദ്ധിശക്തി ദുർവ്യയം ചെയ്യപ്പെടുന്നതിനാൽ ഒരു പതനത്തെ നേരിട്ടുതുടങ്ങുന്നതോടെ പ്രസ്ഥാനം ആകപ്പാടെ തകരുന്നതും അപ്പോൾ സംജാതമാകുന്ന വിടവ് സ്വേച്ഛാധിപത്യത്തിനല്ലാതെ നികത്താൻ സാധിക്കാതെ വരുന്നതുമാണ്. ജർമനിയ്ക്ക് ഹിററ്ലരുടെ സ്വേച്ഛാധിപത്യം സ്വീകരിക്കേണ്ടിവന്നതു അക്കാലത്ത് അവിടെ കമ്യൂണിസ്ററ് ഇടതുപക്ഷ പ്രവണത വർദ്ധിച്ചതിനാലായിരുന്നു. ഫ്രഞ്ച് വിപ്ലവത്തിലെ അനുഭവങ്ങളും മറിച്ചല്ല. നവാർജ്ജിതസ്വാതന്ത്ര്യത്തിൻെറ ജനകീയാവേശം കെട്ടടങ്ങിയപ്പോൾ നെപ്പോളിയനെപ്പോലുള്ള ഒരു സ്വേച്ഛാധിപതി രംഗത്ത് വരികയാണുണ്ടായത്. ജനകീയ സ്വാതന്ത്ര്യം പ്രകടിപ്പിക്കപ്പെട്ടത് ജനക്കൂട്ടത്തിൻെറ അനിയന്ത്രിതമായ താന്തോന്നിത്തങ്ങളിലാകയാൽ അതിനെ നിയന്ത്രിക്കാൻ കഴിയുന്ന ആരും ഇല്ലാതെ വ

ന്നപ്പോഠം നെപ്പോളിയനെപ്പോലുളള ഒരു ഏകാധിപതി യ്ക്ക് ഇഷ്ടംപോലെ പ്രവർത്തിക്കാൻ കഴിയുമാറാ യി. കമ്യൂണിസം അതിൻെറ ഭരണത്തിനെ തൊഴി ലാളി വർഗ്ഗസർവ്വാധിപത്യം എന്നു വിളിച്ചാലും മററന്തു പേർ നൽകിയാലും ഇത്തരം സ്ഥിതിവി ശേഷങ്ങഠം സ്വാഭാവികമായും അനിവാര്യമായും ഒരു സ്വേച്ഛാധിപതിയുടെ ഭരണത്തിലാണ് ചെന്നെത്തുക. ഇപ്പോഠംതന്നെയും അവിടെ സ്വേച്ഛാധിപത്യമാ ണ് നിലനിൽക്കുന്നത്. അതെപ്പോഴും അങ്ങനെയാ യിരുന്നു. ലെനിൻ ആയിരുന്നു ആദ്യത്തെ സ്വേ ച്ഛാധിപതി. അദ്ദേഹത്തെ സ്ററാലിൻ പിന്തു ടർന്നു. ഒരു മൊളോട്ടോവായിരിക്കാം ഇനിയത്തെ സ്വേച്ഛാധിപതി. അതങ്ങനെ തുടർന്നുപോകും. എന്തുവന്നാലും കമ്യൂണിസംപോലുള്ള ഒരു സ്റേറ ററിൽ ശക്തികൊണ്ടും അധികാരബലംകൊണ്ടുമല്ലാ തെ ഭരണം നിലനിർത്താനാവില്ല. റഷ്യയിലെ ഇതേ വരെയുളള അനുഭവം ആ സത്യത്തെ വിളിച്ചുപറയുന്നുണ്ട്.

## പലിശവ്യവസ്ഥയ്ക്ക് നിരോധമില്ല

5. പലിശ എന്നപേരിൽ അറിയപ്പെടുന്ന വ്യവസ്ഥ യുടെ ദോഷവശത്തെ മനസ്സിലാക്കുവാൻ സാധിച്ചി ട്ടില്ലെന്നതാണ് കമ്യൂണിസത്തിൻെറ അഞ്ചാമത്തെ ദൂ ഷ്യം. ഒരു പ്രാഥമികസിദ്ധാന്തവും അടിസ്ഥാനപരമായ ഒരു പ്രകൃതിതത്വവുമെന്ന നിലയ്ക്ക് പലിശയെ ക മ്യൂണിസം നിരോധിക്കുന്നില്ല. പലിശയേർപ്പാടിനെ അടിസ്ഥാനമാക്കിയുളള ബേങ്കുകഠം സോവ്യയററ് റ ഷ്യയിലില്ലെന്നു പറയപ്പെടുന്നുണ്ട്. ഇതു ശരിയായി രിക്കാം. ഇക്കാര്യത്തിൽ എനിയ്ക്കിപ്പോഠം ഖണ്ഡി തമായി അറിവു ലഭിച്ചിട്ടില്ല. എന്നാൽ പലിശയുടെ അടിസ്ഥാനത്തിൽ കച്ചവടം ചെയ്യുന്ന ബേങ്കുകഠം ഇല്ലെന്നതും ഒരു പരമപ്രധാനമായ സിദ്ധാന്തമെന്ന

നിലയിൽ പലിശയെ നിരോധിക്കുകയെന്നതും രണ്ടും രണ്ടാണ്. അത്തരം ബേങ്കുകളുടെ അഭാവം പല കാരണങ്ങളാലുമാവാം— ഉദാഹരണമായി, വേണ്ടത്ര സൗകര്യമില്ലാതിരിക്കുക, ബേങ്കിൻെറ പ്രവർത്തനങ്ങളെകുറിച്ച് ബഹുജനങ്ങൾക്കുള്ള അജ്ഞത മുതലായവ— അല്ലെങ്കിൽ അതു പരിതസ്ഥിതിയെ ബാധിക്കുന്ന ഒരു പ്രശ്നമായിരിക്കാം. വേണ്ടത്ര സൗകര്യങ്ങളുണ്ടായിത്തുടങ്ങുമ്പോൾ അത്തരം ബേങ്കുകളുടെ പ്രവർത്തനങ്ങളെകുറിച്ച് ജനങ്ങൾക്ക് അറിവ് നൽകപ്പെടുമ്പോൾ അഥവാ, രാഷ്ട്രീയനയം അതിനു പ്രതിബന്ധങ്ങളില്ലാതെ വരുമ്പോൾ ഏതു സമയത്തും രാജ്യത്തൊട്ടാകെ ബേങ്കുകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയെന്നുവരും. എന്നാൽ, ഒരു കാര്യം താത്വികമായി നിഷേധിക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ പരിതസ്ഥിതിയുടെ മാററം ഒരിക്കലുംതന്നെ ആ കാര്യം നിയമവിധേയവും അനുവദനീയവും ആക്കിത്തീർക്കുകയില്ല. കമ്യൂണിസം പലിശയെ ഇത്തരത്തിലുള്ള ഒരു നിരോധത്തിന്ന് വിധേയമാക്കുന്നില്ല. കമ്യൂണിസ്ററ് സാഹിത്യത്തിലും പലിശ നിരോധത്തെക്കുറിച്ചു ഒന്നുംതന്നെ പറഞ്ഞുകാണുന്നില്ല. തന്നിമിത്തം, കമ്യൂണിസ്ററ് പ്രത്യയശാസ്ത്രം അടിസ്ഥാനപരമായ ഒരു വസ്തുതയെന്നോണം പലിശയെ എതിർക്കുന്നില്ല എന്നു മനസ്സിലാക്കാൻ ഞാൻ പ്രേരിതനായിരിക്കുന്നു. പലിശയ്ക്കല്ലാതെ കടം കൊടുക്കാത്ത ഇതരരാഷ്ട്രങ്ങളിൽനിന്നു സോവ്യററ്റഷ്യ കടം സ്വീകരിക്കുന്നതായും കാണുന്നു. കൂടാതെ ഈ യുദ്ധകാലത്ത് റഷ്യ നിരവധി ആഭ്യന്തരകടമെടുപ്പുകൾ നടത്തിയിട്ടുമുണ്ട്. അത് പലിശയുടെ അടിസ്ഥാനത്തിലാണെന്ന കരുതാൻ ന്യായമുണ്ടുതാനും. തന്നിമിത്തം, കമ്യൂണിസം മുതലാളിത്തത്തെ എതിർക്കുന്നതിന്നും നശിപ്പിക്കുന്നതിന്നും കച്ചകെട്ടിയിരിക്കയാണെന്നു അവകാശപ്പെടുന്നുവെങ്കിലും മുതലാളിത്തത്തിൻെറ വേരുകളെ അത് സ്പർശി

ക്കുകപോലും ചെയ്യുന്നില്ലെന്നും അഥവാ, അതിന്നു ഇടവിടാതെ വെള്ളം നനച്ചുകൊണ്ടിരിക്കയാണെന്നും പറയുന്നതിൽ തെററില്ല.

കമ്യൂണിസം പലിശക്കെതിരല്ലെന്നുള്ള എൻെറ അഭിപ്രായം ശരിയാണെങ്കിൽ (വസ്തുതകാം വച്ചു നോക്കുമ്പോാം അങ്ങനെ കരുതുകയേ നിർവാഹമുള്ളു. താനും) പലിശയെ അടിസ്ഥാനമാക്കിയുള്ള പണമിടപാട് ഇപ്പോാം റഷ്യയിലില്ലാത്തത് പഴയവ്യവസ്ഥിതി തകർക്കപ്പെട്ടതുമൂലമുണ്ടായ താൽക്കാലിക പരിതസ്ഥിതികളാലായിരിക്കണമെന്നു സമ്മതിക്കുകയല്ലാതെ ഗത്യന്തരമില്ലാതാകുന്നു. റഷ്യൻ വാണിജ്യം വിപുലീകരിക്കപ്പെടുന്നതോടെയും റഷ്യൻ വ്യവസായം വിപുലീകരിക്കുന്നതിന്നുവേണ്ടിയും സോവ്യററ് സ്റെറയിററ് കടമെടുപ്പുകളെ കൂടുതൽ കൂടുതൽ ആശ്രയിക്കുകയും അങ്ങനെ, ഒരു ഘട്ടത്തിൽ കമ്യൂണിസ്ററ് സ്റേററ്തന്നെയും കാപ്പിററലിസത്തിൻെറ ഒരുപകരണമായി മാറുകയും ചെയ്യും.*

## സാർവ്വദേശീയനാണയവിനിമയം

6. സാർവ്വദേശീയനാണയവിനിമയനിരക്കിനെ സംബന്ധിച്ചേടത്തോളം നിലവിലുള്ള സമ്പ്രദായം അതേപടി തുടർന്നുകൊള്ളുവാൻ അനുവദിക്കുന്നു എന്നതിനാൽ കമ്യൂണിസത്തിന്നു മുതലാളിത്തത്തെ

*ഈ പ്രവചനം ഇന്നു സോവ്യററ് റഷ്യയുടെയും സോവ്യററ് സാമ്പത്തികഘടനയുടെയും സമൂലമായ തകച്ചയോടെ സാക്ഷാൽകരിക്കപ്പെട്ടിരിക്കുന്നു. റഷ്യയിൽ ബേങ്ക് വ്യവസ്ഥനിലവിലുണ്ട്. മോസ്കോവിലെ ഗോസ് ബേങ്ക് ലോകത്തിൽ ഏററവും വലിയ ബേങ്കുകളിൽ ഒന്നാണ്. പലിശവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ തന്നെ അവിടെകടമനുവദിക്കുകയും ചെയ്യുന്നു. മാക്ഡൊറിങ്ങ് എക്കോണമി റഷ്യയിൽ തിരിച്ചുവന്നതോടെ മുതലാളിത്തം വീണ്ടും തലയുയർത്തുകയും ചെയ്തിരിക്കുന്നു. –വിവ.

നശിപ്പിക്കാൻ സാദ്ധ്യമേ അല്ല എന്നുള്ളതാണ് ആറാമത്തെ ദൃഷ്യം.

രണ്ടു രാജ്യങ്ങൾ തമ്മിലുള്ള കച്ചവടത്തിലുണ്ടാകുന്ന സ്വാഭാവികമായ വ്യാപാരശിഷ്ടത്തെ അടിസ്ഥാനമാക്കിയല്ല, ബേങ്കുകളോ, വൻശക്തികളോ അവയുടെ താല്പര്യങ്ങളെ മുൻനിർത്തിയാണ് വിനിമയനിരക്കുകൾ നിശ്ചയിക്കുന്നതെന്നതാണ് സത്യം. ഈ ക്രൂരമായ സമ്പ്രദായത്തിന്നെതിരെ ദുർബലരാഷ്ട്രങ്ങൾ നിരന്തരം ശബ്ദമുയർത്തിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും അവരുടെ പ്രതിഷേധങ്ങൾ ഒരിക്കലും വിലപ്പോകാറില്ല. കൊല്ലംതോറും അവരുടെ ജീവരക്തം ഇപ്രകാരം നിശ്ശബ്ദമായി വാർന്നൊലിച്ചുപോകയും ചെയ്യുന്നു. നാണയത്തിൻെറ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന വിനിമയനിരക്ക് കൃത്രിമമാണ്. ദുരുപയോഗപ്പെടുത്താൻ സഹായകരമായ ഒരു സമ്പ്രദായമാണിത്. നേരെ മറിച്ച്, ചരക്ക് കൈമാററവ്യവസ്ഥ (Barter System) അത്തരം ദോഷങ്ങൾക്കതീതമാണെന്ന് കാണാം. എന്നാൽ, ആധുനിക വ്യാപാരം ഈ കൃത്രിമവിനിമയനിരക്കിൻെറ അടിസ്ഥാനത്തിലാണ് നടന്നുവരുന്നത്. അവികസിതരാജ്യങ്ങളും വികസിതരാജ്യങ്ങളുമെല്ലാം വൻകിടരാജ്യങ്ങളുടെ കയ്യിൽ നിസ്സഹായങ്ങളായി വീർപ്പുമുട്ടിക്കഴിയേണ്ടിവന്നിരിക്കയാണ്. വികസിതരാജ്യങ്ങളിലാണെങ്കിൽ വാണിജ്യം രാഷ്ട്രീയത്തെ ആശ്രയിച്ചാണിരിക്കുന്നത്. പണവും പണത്തെ അടിസ്ഥാനമാക്കിയുള്ള വിനിമയവും വാണിജ്യനടപടികളെ എളുപ്പമാക്കിത്തീർക്കുന്നുവെന്നതു തികച്ചും ശരിയാണ്. ഇന്നത്തെ ലോകവ്യാപാരത്തിൻെറ പെരിപ്പവും അപരിമിതിയും വച്ചുനോക്കുമ്പോൾ, അതു അനുപേക്ഷണീയവുംതന്നെ. എന്നാൽ, ഇക്കാര്യം അംഗീകരിച്ചു എന്നതുകൊണ്ട് വിനിമയനിരക്ക് രാഷ്ട്രീയ

പരിഗണനകൾക്ക് വിധേയമായിരിക്കണമെന്നോ, ചൂഷണം ചെയ്യാനുള്ള ഒരു ഉപാധിയായിരിക്കണമെന്നോ സമ്മതിക്കുകയാണെന്നില്ല. ശ്രദ്ധാപൂർവ്വം ആലോചിച്ചു നടപ്പാക്കുന്നപക്ഷം, ചരക്കുകൈമാററ വ്യവസ്ഥയെതന്നെ ആധുനികവ്യാപാരത്തിന്റെ ആവശ്യങ്ങളെ പൂർത്തീകരിക്കാനും പുറമെനിന്നുള്ള അവിഹിതമായ ഇടപെടലുകളൊന്നുമില്ലാത്ത നിലയിൽ സ്വാഭാവികശക്തികളെ അവയുടെ ഗതിയ്ക്ക് വിടുമെന്നു ഉറപ്പുവരുത്താനും കഴിയുമാറ് മെച്ചപ്പെടുത്തിയെടുക്കുവാൻ കഴിയുന്നതാണ്.

1914-18ലെ യുദ്ധത്തിന്നുശേഷം ജർമനി അതിന്റെ വിനിമയനിരക്കിൽ മാററം വരുത്തുകയും കറൻസിയുടെ വില കുറക്കുകയുമുണ്ടായി. വമ്പിച്ച വിലയിടിവുകാരണം ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും സമ്പത്ത് ജർമനിയിലേക്ക് പ്രവഹിച്ചുതുടങ്ങി. ആവശ്യമായത്ര മുതൽ കയ്യിലായി എന്നു കണ്ടപ്പോൾ അവർ കറൻസിനോട്ടുകൾ റദ്ദാക്കുകയും ചെയ്തു. ഇപ്രകാരം, താരതമ്യേന ചെറിയ ചെലവിൽ വേണ്ടുവോളം വിദേശനാണയം കയ്യിലൊതുക്കാനും, വിദേശവിപണിയിൽ ആവശ്യമായ തരത്തിൽ ഇടപാട് സുസാദ്ധ്യമാക്കിത്തീർക്കാനും ജർമനിക്ക് കഴിഞ്ഞു. ചരക്ക് കൈമാററവ്യവസ്ഥപ്രകാരമാണ് സാർവ്വദേശീയവ്യാപാരം നടന്നിരുന്നതെങ്കിൽ ജർമനിക്ക് ഒരിക്കലും തന്നെ ഈ കൗശലം പ്രയോഗിക്കാൻ കഴിയുമായിരുന്നില്ല. റഷ്യയും ജർമ്മനിയുടെ മാതൃക പിൻപററാൻ ശ്രമിച്ചു നോക്കാതിരുന്നില്ല. എന്നാൽ ജർമനിയോളം തന്ത്രശാലിയല്ലാതിരുന്നതിനാലും വ്യാവസായികമായി അത്രയും സംഘടിതമല്ലാതിരുന്നതിനാലും റഷ്യയ്ക്ക് അത്രത്തോളം മുതലെടുക്കാനായില്ലെന്നുമാത്രം. ചുരുക്കത്തിൽ, കൃത്രിമമായ ഈ വിനിമയനിരക്ക് പ്രബലരാജ്യങ്ങളുടെ കയ്യിലുള്ള ഒരായുധമാണ്.

അതുമുഖേന ദുർബ്ബലരാജ്യങ്ങളുടെ കച്ചവടത്തിൽ അവർ സ്വാധീനം നേടുകയും വ്യാപാരം അതിൻെറ സ്വാഭാവികമായ ഗതിയ്ക്ക് നീങ്ങുന്നതിന്നുപകരം അവർ അംഗീകരിച്ചിട്ടുള്ള വഴികളിൽകൂടിമാത്രം നീങ്ങുന്നതിന്ന് ഇടവരുത്തുകയും ചെയ്യുന്നു.*

ആധുനികസാമ്പത്തികജീവിതത്തിലെ ഈ പ്രതിഭാസത്തെ കമ്മ്യൂണിസ്ററ്റഷ്യ അംഗീകരിക്കുകയും അതുവഴി ദേശീയമുതലാളിത്തത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്തിരിക്കയാണ്! റഷ്യൻവ്യവസായങ്ങളുടെ പുരോഗതിയോടൊപ്പം പുതിയ വിപണികൾ കണ്ടെത്തുന്നതിന്നുവേണ്ടി ഈ ആയുധം മേൽക്കുമേൽ ഉപയോഗപ്പെടുത്തുകയും അക്കാരണത്താൽ തന്നെ ദുർബ്ബലരാജ്യങ്ങളിലെ വ്യാപാരബന്ധങ്ങളിൽ അധികമധികം സ്വാധീനം നേടുകയും ചെയ്യും. ഈ മാഗ്ഗത്തിൽ, സോവ്യററ്രാഷ്ട്രത്തിൽ എത്രയെങ്കിലും സമ്പത്ത് ഒരുമിച്ചുകൂട്ടാനും അവർക്ക് കഴിഞ്ഞെന്നുവരും. എന്നാൽ, ഈ പ്രക്രിയയിൽ, തങ്ങൾക്ക് ജൻമം നൽകിയ അടിസ്ഥാനതത്വത്തോട് - ദുർബ്ബലരെ ചൂഷണം ചെയ്യുന്നതിനെ എതിർക്കുകയെന്ന തത്വത്തോടു - വഞ്ചന പ്രവർത്തിച്ചനിലയിൽ, സ്വന്തം ആത്മാവ്തന്നെ അവർക്ക് നഷ്ടപ്പെട്ടുപോകുമെന്നത് തീർച്ചയാണ്!

## വ്യക്തിയിൽ ബലപ്രയോഗം

7. കമ്യൂണിസ്ററ് സാമ്പത്തികവ്യവസ്ഥ ബലപ്രയോഗത്തിൽ അധിഷ്ഠിതമാണെന്നുള്ളതാണ് അ

*സോവ്യററ് റഷ്യയുമായുള്ള വ്യാപാരത്തിൽ ഇന്നു മുൻപന്തിയിലുള്ള ഒരു രാജ്യം ഇന്ത്യയാണ്. ആയുധങ്ങളാണ് സോവ്യററ്റഷ്യയുടെ പ്രധാന കയററുമതിചരക്ക്! റൂബിളിൻെറ വിനിമയവില വദ്ധിപ്പിക്കുക കാരണം ഇന്ത്യയ്ക്ക് പലതവണ വിഷമം അനുഭവപ്പെടുകയുണ്ടായി. രാഷ്ട്രീയ കാരണങ്ങളാൽ പലിശനിരക്കിൽ ഇളവനുവദിച്ചെങ്കിൽതന്നെ നാണയവിനിമയവില വർദ്ധനവിലൂടെ അതിൻെറ ഗുണഫലം മുച്ചൂടും തട്ടിയെടുക്കപ്പെട്ടു. —പരി.

തിൻെറ ഏഴാമത്തെ ദൂഷ്യം. കാലക്രമേണ ഇതു വളരെ അപകടകരമാണെന്നു ബോദ്ധ്യപ്പെടുന്നതാണ്. ധനവാൻെറ സമ്പത്ത് പിടിച്ചെടുക്കണം. അവൻെറ വ്യക്തിപരമായ ആവശ്യങ്ങൾക്ക് കഷ്ടിച്ചു മതിയായതുമാത്രം അവനു വിട്ടുകൊടുക്കാം. ഇതാണ് കമ്യൂണിസത്തിൻെറ തത്വം. ഈ തത്വം ഗുണമോ ദോഷമോ എന്നുള്ളതല്ല ഇവിടെ ഇപ്പോൾ ചർച്ചചെയ്യപ്പെടേണ്ടിയിരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ ബലപ്രയോഗത്തെ കമ്യൂണിസം അനുവദിക്കുന്നു എന്നുള്ളതാണ് പ്രശ്നം. പാവങ്ങളുടെ നേരെ വികാരം കൊള്ളുകയും അവരോട് ഉത്തമരീതിയിൽ പെരുമാറുകയും അവരുടെ അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കുകയും ചെയ്യുമാറ് സമ്പന്നരെ ഉൽബുദ്ധരാക്കുന്നതിനുപകരം അവരുടെ മുതലെല്ലാം ബലം പ്രയോഗിച്ചു പിടിച്ചെടുക്കാനാണ് അധികാരത്തിലെത്തിയ ഉടനെ കമ്യൂണിസം പുറപ്പെട്ടത്. കടുത്ത ശത്രുതയെ ഉണർത്തിവിടുന്ന ഒരു പ്രക്രിയയാണിതെന്നു പറയേണ്ടതില്ലല്ലോ. ഇക്കാര്യത്തിൽ കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടിവരുന്നവർ കമ്യൂണിസത്തിൻെറ നേരെ എതിർപ്പ് ആഴത്തിൽ വെച്ചുപുലർത്താൻ പ്രേരിതരായിത്തീരാതിരിക്കില്ല. അവരതു തുറന്നു പറയാൻ മടിച്ചാലും!

ധനവാൻമാരിൽനിന്ന് ഇസ്ലാമും അവരുടെ സമ്പത്തിൻെറ നല്ലൊരുഭാഗം എടുക്കുന്നുണ്ടെങ്കിലും അതു ശക്തി പ്രയോഗിച്ചിട്ടല്ല, സമ്മർദ്ദതന്ത്രങ്ങളിലൂടെ മാത്രമാണ്. സമ്പത്തിൻെറ ഉപയോഗം കർശനമായി നിയന്ത്രിച്ചിട്ടുള്ളതിനാൽ താരതമ്യേന അതിനെ വിലയില്ലാത്ത ഒന്നാക്കി മാററുന്നു. തുറന്നതും ലളിതവും പ്രയോജനപ്രദവുമായ ജീവിതമാണ് അതു നമ്മുടെ മുമ്പിൽ വച്ചുകാട്ടുന്ന ആദർശം. ഇതിന്നു

പുറമെ, സകാത്തും മററു ദാനധർമങ്ങളും നൽകാനും അതു പ്രേരണകരം ചെലുത്തുന്നു. ഇപ്രകാരമുള്ള എല്ലാത്തരം പ്രതിരോധങ്ങൾക്കും വിധേയമായ നിലയിൽ സമ്പാദിക്കാൻ കഴിയുന്ന ധനംതന്നെയും വളരെ വേഗം വിഭജിക്കപ്പെടുകയും വിപുലമായ പിന്തുടർച്ചാവൃത്തത്തിൽ വിതരണം ചെയ്യപ്പെടുകയും ചെയ്യുന്നു. ഇവിടെ കമ്യൂണിസത്തിൻെറയും ഇസ്ലാമിൻെറയും ലക്ഷ്യം ഒന്നുതന്നെ. അതായത്, ധനവാൻമാരിൽനിന്നു സമ്പത്ത് സ്വരൂപിച്ചെടുക്കുക. എന്നാൽ, ഇതിന്നായി രണ്ടു വ്യവസ്ഥകളും പ്രാവർത്തികമാക്കുന്ന സമ്പ്രദായങ്ങൾക്കിടയിൽ വമ്പിച്ച അന്തരമുണ്ട്. ഇസ്ലാം സമ്മർദ്ദതന്ത്രങ്ങൾ പ്രയോഗിക്കുന്നു. മനുഷ്യപ്രകൃതിയുടെ ഉദാത്തങ്ങളായ ഉൾപ്രേരണകളെ – സമസൃഷ്ടിസ്നേഹം അനുകമ്പ എന്നിവയെ — ഉണർത്തിവിടാൻ അതു ശ്രമിക്കുന്നു. ധനവാൻമാരെ അവരുടെ സമ്പത്തിൻെറ ഭാഗം സ്വമനസ്സാലെ വിട്ടുകൊടുക്കാൻ തയ്യാറാകുന്നതിന്നു അതു പ്രേരിപ്പിക്കുന്നു. എന്നാൽ റഷ്യയിൽ കമ്യൂണിസം മൃഗീയമായ ശക്തി പ്രയോഗിക്കുകയാണ് ചെയ്തത്. ഇതിൻെറ ഫലമായി തങ്ങളുടെ മുതലെല്ലാം അപഹരിക്കപ്പെട്ടവരുടെ ഹൃദയത്തിൽ സോവ്യററ് ഭരണത്തിന്നെതിരായ വിദ്വേഷാഗ്നി ആളിക്കത്തുമാറായി. തുടർന്നു നിരവധി പേർ നാടുവിട്ടോടി, രാജ്യത്തിനകത്ത് അടിച്ചമർത്തിയ വികാരങ്ങളോടെ നിശ്ശബ്ദരായി കഴിഞ്ഞുകൂടേണ്ടിവന്നവരും പുറംരാജ്യങ്ങളിൽ നിസ്സഹായരായി അലഞ്ഞുതിരിയേണ്ടി വന്നവരുമായ ഇക്കൂട്ടർ ഏതുസമയത്തും പ്രത്യക്ഷപ്പെട്ടേയ്ക്കാവുന്ന വലിയൊരു വിപത്തിൻെറ ഉറവിടമായിത്തന്നെയിരിക്കും.

ലോകത്തെവിടെയുംതന്നെ ഈ പ്രസ്ഥാനത്തിന്നു ഇപ്പോൾ വലിയ എതിർപ്പൊന്നും ഇല്ലെന്ന ധാരണയിൽ കമ്യൂണിസ്ററ്കാർ സന്തോഷം കൊള്ളുകയാ

ണ്. ഒരതിർത്തിയോളം ഇതു ശരിയുംതന്നെ എന്നാൽ, ഇതിൽനിന്നു കമ്യൂണിസത്തിന്നു പെട്ടെന്നു സാർവ്വത്രികമായ സ്വീകാരം കിട്ടിയതായി കരുതാൻ നിവൃത്തിയില്ലതന്നെ. റഷ്യ ഈ യുദ്ധത്തിൽ സംഖ്യപക്ഷത്തായിരിക്കയാലും സഖ്യശക്തികളുടെ പൊതുവായ ലക്ഷ്യം നേടുന്നതിനുവേണ്ടിയുള്ള റഷ്യയുടെ സംഭാവന ഒട്ടും അപ്രധാനമല്ലാത്തതിനാലും യുദ്ധകാലത്തെ നിർബന്ധസാഹചര്യങ്ങൾ കാരണമായും മററു പ്രകാരത്തിൽ കമ്യൂണിസത്തെ എതിർക്കുന്നവർ ഇപ്പോൾ ആത്മനിയന്ത്രണം പുലർത്തുന്നു എന്നു മാത്രമെ അർത്ഥമാക്കേണ്ടതുള്ളു. യുദ്ധം അവസാനിക്കുന്നതോടെ മുൻപത്തേയ്ക്കാൾ ശക്തിമത്തായ എതിർപ്പുകൾ പുനരാരംഭിക്കയും തുടരുകയും ചെയ്യും.

## കുടുംബബന്ധങ്ങൾ

8. കുടുംബബന്ധങ്ങളെ അപകടപ്പെടുത്തുന്നു എന്നതാണ് കമ്യൂണിസത്തിൻെറ എട്ടാമത്തെ ദോഷം. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധവും സഹോദരൻമാരും സഹോദരികളും തമ്മിലുള്ള ബന്ധവും മററു രക്തബന്ധങ്ങളും പ്രകടമാക്കുന്ന ആഴമേറിയ സഹജബന്ധങ്ങളെ കമ്യൂണിസം തികച്ചും അവഗണിക്കുന്നു. മതപരമായ ശിക്ഷണത്തിൽനിന്ന് കുട്ടികളെ അകററി നിർത്താനുള്ള അവരുടെ വ്യഗ്രതകാരണം കുട്ടികളെ സ്റേററിൻെറ സ്വത്തുക്കളായി കരുതുകയും എല്ലാ ചുവടുവെപ്പിലും അവരെ സ്റേററിൻെറ നിയന്ത്രണത്തിന്നു വിധേയരാക്കുകയും ചെയ്തു. ഇത് കുടുംബബന്ധത്തെയും അതുമായി ബന്ധപ്പെട്ട സ്വാഭാവികമായ എല്ലാ ഉദാത്ത വികാരങ്ങളെയും ഹനിച്ചുകളയുന്ന നീക്കമാണെന്നത് നിസ്തർക്കമാണ്. ഈ നില വളരെ കാലം തുടർന്നു പോകാനാവില്ല. ഇതിൽ അവർക്ക് മാററം വരുത്തേ

ണ്ടിവരും. അല്ലാത്തപക്ഷം, ഇത്തരം അത്യപൂർവ്വവും അസാധാരണവുമായ തത്വശാസ്ത്രങ്ങളുടെ തണലിൽ വളരുന്ന ഭാവിതലമുറയിലെ ഒരു റഷ്യക്കാരൻ പേരിനുമാത്രമുള്ള മനുഷ്യനായിരിക്കും. അവൻ വികാരവിഹീനനായ ആത്മാവില്ലാത്ത ഒരു ഓട്ടോമാററിക്ക് മെഷീൻ മാത്രമായിരിക്കയേ ഉള്ളൂ.

കമ്യൂണിസം ഇപ്പോൾ റഷ്യയിൽ സുസ്ഥാപിതമായി കഴിഞ്ഞിട്ടുണ്ടെന്ന വസ്തുത വച്ചു, പ്രസ്ഥാനം അവിടെ വിജയപൂർവ്വം വേരുറച്ചുകഴിഞ്ഞിരിക്കയാണെന്നു ചിലർ കരുതിപ്പോരുന്നുണ്ട്. ഇതു പക്ഷെ തെററായ, ഒരു നിഗമനമാണ്. സാർ ചക്രവർത്തിയുടെ ഭരണത്തിൽ അനുഭവപ്പെട്ട ദുരിതങ്ങൾക്കെതിരായി ശക്തിമത്തായ തിരിച്ചടി എന്ന നിലയിൽമാത്രമെ കമ്യൂണിസം അവിടെ വിജയിച്ചിട്ടുള്ളൂ. അടുപ്പിൽനിന്നു പൊരിവെയിലിലേയ്ക്ക് മാറികിട്ടിയാലുള്ള അനുഭവം ആണ് റഷ്യയിലുണ്ടായത്. പഴയ അനുഭവങ്ങൾ തികച്ചും മനസ്സിൽനിന്നും മാഞ്ഞുപോകുമ്പോൾ, മററു രാജ്യങ്ങളിലെ ജനങ്ങൾക്കുള്ള കൂടുതൽ സ്വാതന്ത്ര്യവും സ്വാഭാവികവുമായ ജീവിതാനുഭവങ്ങളിലൂടെ പുതിയ ആശയങ്ങൾ കടന്നു ചെല്ലുമ്പോൾ, കമ്യൂണിസ്റ്റ് സർവ്വാധിപത്യത്തിന്നെതിരായ വമ്പിച്ച തിരിച്ചടികൾ ആരംഭിക്കുമെന്നത് ഖണ്ഡിതവും നിർണ്ണായകവുമാണ്.

## ബുദ്ധിശക്തി അവഗണിക്കപ്പെടുന്നു

9. ബുദ്ധിവൈഭവത്തിനും ചിന്താപരമായ കഴിവുകൾക്കും അതിന്റേതായ പ്രാധാന്യം കമ്മ്യൂണിസം നൽകുന്നില്ല. ആകയാൽ, കുറച്ചുകാലം കഴിയുന്നതോടെ വലിയ വലിയ ബുദ്ധിശാലികൾ റഷ്യക്ക് പുറത്തുള്ള വിശാല ലോകത്ത് തങ്ങളുടെ ബുദ്ധിവൈഭവം പ്രകടമാക്കാനുള്ള അവസരം കണ്ടെത്താൻ ശ്രമി

ക്കും. കൈകൊണ്ടുള്ള പ്രവൃത്തിയെ മാത്രമാണ് യഥാർത്ഥ തൊഴിലായി ബോൾഷെവിസം അംഗീകരിക്കുന്നത്. കൈകൊണ്ടുള്ള പ്രവൃത്തി എടുക്കുന്നില്ലെങ്കിൽ ബുദ്ധിവേലക്കാരെ തീററിപ്പോററാൻ അവർ തയ്യാറാകയില്ല. കൈകൊണ്ടുള്ള തൊഴിൽ വളരെ പ്രാധാന്യമുള്ളതുതന്നെ. എന്നാൽ, ബുദ്ധിപരമായ തൊഴിൽ ചില വശങ്ങളിലൂടെ നോക്കുമ്പോൾ കൂടുതൽ പ്രധാനപ്പെട്ടതാണെന്നതും തുല്യസത്യമാണ്. സേവനങ്ങൾ അംഗീകരിക്കപ്പെടണമെന്ന ആഗ്രഹം മനുഷ്യപ്രകൃതിയുടെ ഒരു സവിശേഷഭാവമാകുന്നു. ആകയാൽ, റഷ്യ അവിടത്തെ മഹാബുദ്ധിശാലികളുടെയും ശാസ്ത്രജ്ഞൻമാരുടെയും സേവനങ്ങൾ ഉപയോഗപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ റഷ്യയ്ക്ക് അവരുടെ തത്വശാസ്ത്രത്തിൽ മാററം വരുത്തേണ്ടി വരും. അല്ലാത്തപക്ഷം അവർ അവിടെനിന്നു രക്ഷപ്പെടാൻ ശ്രമിക്കുകയും സ്വന്തം രാജ്യത്ത് നിഷേധിക്കപ്പെട്ട പ്രതിഫലവും തേടി മററു രാജ്യങ്ങളിൽ ചെന്നെത്തുകയും ചെയ്യും. റഷ്യൻ ശാസ്ത്രജ്ഞൻമാരുടെയും സാങ്കേതികവിദഗ്ദ്ധൻമാരുടെയും കണ്ടുപിടുത്തങ്ങളും ഗവേഷണഫലങ്ങളും റഷ്യക്കാരല്ല അമേരിക്കക്കാരായിരിക്കും പ്രയോജനപ്പെടുത്തുക. കടുത്ത നിയന്ത്രണങ്ങൾവഴി സോവ്യററ്റഷ്യ അവിടത്തെ ജനങ്ങളെ പുറത്തേക്കു പോകുന്നതു തടയുന്നുണ്ട്. എന്നാൽ കാലക്രമത്തിൽ പുറം ലോകവുമായുള്ള റഷ്യക്കാരുടെ ബന്ധം കൂടുതൽ കൂടുതൽ വിപുലപ്പെടുന്നതോടെ മറെറാന്നിനുമല്ലെങ്കിലും വിദേശവ്യാപാരങ്ങളുടെ താൽപര്യം മുൻനിർത്തിയെങ്കിലും ഈ നിയന്ത്രണങ്ങളിൽ അയവു വരുത്തേണ്ടിവരും. രാജ്യത്തുനിന്ന് രക്ഷപ്പെടാൻ ആഗ്രഹിക്കുന്നവർക്ക് അപ്പോൾ നല്ല അവസരമായിരിക്കും. ജർമ്മനി ജൂതൻമാരെ ദ്രോഹിച്ചു തുടങ്ങിയപ്പോൾ അനേകംപേർ അമേരിക്കയിൽ രക്ഷ പ്രാപിക്കുകയുണ്ടായി. പ്രയോജന

കരമായ പല അറിവുകളും അവർ കൂടെ കൊണ്ടു പോയി. അതിൻെറ ഫലമായി ജർമ്മനിയിൽ മാത്രം മുമ്പ് ഉൽപാദിപ്പിച്ചിരുന്ന മരുന്നുകളും രാസദ്രവ്യങ്ങളും അമേരിക്കയിലും നിർമ്മിച്ചു തുടങ്ങി. ഇപ്രകാരം ഭാവിയിൽ റഷ്യ പുറംരാജ്യങ്ങളുമായുള്ള ബന്ധത്തിന്നായി വാതിലുകഠം തുറന്നുവെക്കുന്ന പക്ഷം, അതൃപ്തരായ ശാസ്ത്രജ്ഞൻമാർക്ക് അവിടെനിന്ന് ഒളിച്ചോടാൻ അവസരമുണ്ടാക്കും. എന്നാൽ, റഷ്യ അടച്ചുപൂട്ടിക്കഴിയുകയാണ് ചെയ്കയെങ്കിൽ, റഷ്യയുടെ സാംസ്കാരികസമ്പത്ത് ഒരു കെട്ടുനാറിയ കുളംപോലെ ജീർണ്ണിച്ചു തുടങ്ങും. പുറംലോകവുമായുള്ള ബന്ധം മുഖേന മാത്രം ലഭ്യമാകുന്ന പുതിയ പ്രചോദനങ്ങഠംക്ക് വിധേയമായി പ്രവർത്തിക്കാൻ അപ്പോഠം ബുദ്ധിയ്ക്ക് സാധിക്കാതെ വരും.

## വ്യവസായത്തകർച്ച അനിവാര്യം

റഷ്യയിലെ സാമ്പത്തിക സംവിധാനം—വ്യവസായം, കൂലി, കയററുമതി, ഇറക്കുമതി എല്ലാം തന്നെ—നീക്കുപോക്കില്ലാത്തവിധം നിയന്ത്രിതമാണ്. ഉൽപാദനത്തിൽ റഷ്യ എത്രയോ പിന്നണിയിൽ സ്ഥിതിചെയ്തിരുന്ന ഒരു രാജ്യമാകയാൽ, ഈ നിയന്ത്രണത്തിൻെറ പ്രത്യാഘാതങ്ങഠം പെട്ടെന്നു അനുഭവപ്പെട്ടെന്നു വരില്ല. ആകയാൽ, ആ നിയന്ത്രണത്തിൻെറ ജയാപജയങ്ങഠം ഇപ്പോഠം മനസ്സിലാക്കാൻ കഴിയുന്നതല്ല. എന്നാൽ, ഒരു കാര്യം ഇപ്പോഠംതന്നെയും വ്യക്തമാണ്. റഷ്യൻ വ്യാവസായികോല്പന്നങ്ങഠം റഷ്യൻ ഉപഭോക്താക്കളിൽ മാത്രം വിതരണം ചെയ്യപ്പെടുകയും അതവർക്കുതന്നെയും തികയാതെ വരികയും അങ്ങനെ വിദേശമത്സരത്തെ ഒഴിവാക്കിക്കൊണ്ടു ഗൃഹവിപണിയിൽ മാത്രം ഒതുങ്ങികഴിയുകയും

ചെയ്യുന്നേടത്തോളം, ഉല്പാദനച്ചിലവ് എത്രതന്നെ അധികമായാലും ആ ചരക്കുകഠം കുറെയൊക്കെ ലാഭകരമായി വിററഴിക്കുവാൻ കഴിഞ്ഞേക്കും. എന്നാൽ, ദേശീയ മാർക്കററിലെ ആവശ്യങ്ങഠം സംപൂർത്തീകരിക്കപ്പെട്ടാൽ ആ വ്യവസായങ്ങഠംക്കെന്തു പററും? അതിനപ്പുറം ഉല്പാദനം നിയന്ത്രിക്കുമോ? അതോ വികസനം തുടർന്നുപോകുമോ? നിയന്ത്രിക്കുമെങ്കിൽ വ്യവസായത്തിനു ഇന്നല്ലെങ്കിൽ നാളെ അടിപററുമെന്നതു തീർച്ചയാണ്. ഉൽപാദനം പിന്നേയും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമെങ്കിൽ റഷ്യൻ ഉല്പാദകർക്കു ലാഭം കിട്ടത്തക്കവിധം ആ മിച്ചസാധനങ്ങഠം വിററഴിക്കുന്നതിനു വിദേശകമ്പോളങ്ങഠം കണ്ടുപിടിക്കേണ്ടി വരും. ഈ പരിതസ്ഥിതിയിൽ, റഷ്യൻ വ്യവസായത്തിന്നു വിദേശമത്സരങ്ങളെ നേരിടാതെ തരമില്ല. അതിൻെറ ഫലത്തെ ആശ്രയിച്ചിരിക്കും റഷ്യൻ വ്യവസായത്തിൻെറ ജയാപജയങ്ങഠം. എങ്ങിനെ വന്നാലും റഷ്യ ഇവിടുന്നങ്ങോട്ടു ഒരു സാമ്രാജ്യത്വശക്തിയായിത്തീരുകയും റഷ്യൻ ഉല്പാദകർക്ക് ഏററവും വർദ്ധിച്ച ലാഭം ഉറപ്പിക്കത്തക്കവിധം വിദേശവിപണികഠം പിടിച്ചടക്കാനും നിയന്ത്രിക്കാനും ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഈ സ്ഥിതിയിൽ റഷ്യ ലോകത്ത് മേധാവിത്വം പുലർത്തിയേക്കാനുമിടയുണ്ട്. എന്നാൽ, അതോടെ കമ്യൂണിസത്തിലുള്ള സത്യത്തിൻെറ ചെറിയൊരംശവും അപ്രത്യക്ഷമാകുമെന്നതു തീർച്ചയാണ്. എന്തെന്നാൽ, സാമ്രാജ്യത്വവും ദുർബലരുടെ താൽപര്യവും തമ്മിൽ യോജിപ്പിക്കുകവയ്യ. ഒരു വാതിലിലിലൂടെ ഇംപീരിയലിസം കയറിവരുമ്പോഠം, മറുവാതിലിലൂടെ സാധുക്കളുടെ കഷ്ടപ്പാടുകളെക്കുറിച്ചുള്ള അനുഭാവം കടന്നു പോകും. വിദേശമത്സരങ്ങളുടെ കഠിനമായ പ്രഹരങ്ങളേല്ക്കാൻ തുടങ്ങുന്നതോടെ റ

ഷ്യൻ ഉൽപാദനം ആ സമരത്തിൽ അടിപ്പെട്ടുപോകുകയോ അഥവാ റഷ്യ ഒരു രാക്ഷസീയസാമ്രാജ്യത്വശക്തിയായി ലോകരംഗത്തു പ്രത്യക്ഷപ്പെടുകയോ ചെയ്യും. അന്നു ലോകം റഷ്യയുടെ കൈപ്പിടിയിലമരുവാൻ പ്രയാസമുണ്ടാകുകയില്ല.

## രാഷ്ട്രമുതലാളിത്തം

കമ്യൂണിസം ഒരു സാർവ്വലൗകികസിദ്ധാന്തമാണെന്നു കരുതുന്നതു തെററാണ്. അതൊരു സാർവ്വലൗകികസിദ്ധാന്തമേ അല്ല. റഷ്യയുടെ ദേശീയ താല്പര്യം മാത്രമാണ് അതിൻെറ അടിത്തട്ടിലുള്ളതു. സാർവ്വലൗകിക സഹാനുഭൂതിയ്ക്ക് അതിൽ സ്ഥാനമേ ഇല്ല. ബാഹ്യലോകത്തിൽ കാലെടുത്തു വെക്കേണ്ടുന്ന നിലയ്ക്ക് റഷ്യൻ ഉല്പാദനമെത്തിക്കഴിയുമ്പോൾ ലോകമിന്നോളമറിഞ്ഞിട്ടുള്ള സ്വകാര്യ മുതലാളിത്തത്തേക്കാൾ കൂടുതൽ ദ്രോഹകരവും ദുർമ്മോഹപരവും ആയ മറെറാരു മുതലാളിത്തവുമായിട്ടാണ് റഷ്യ രംഗത്ത് വരിക. എന്തെന്നാൽ റഷ്യ വളർത്തിക്കൊണ്ടുവരുന്ന മുതലാളിത്തം ഒന്നിനും തന്നെ എതിരിടാൻ കഴിയാത്ത രാഷ്ട്രമുതലാളിത്തമാണ്. ഈ മഹാവിപത്തിനെകുറിച്ചു ചിന്തിക്കുമ്പോൾ നമ്മുടെ നാട്ടിലെ ഒരു വിഭാഗം ബുദ്ധിജീവികൾക്ക് കമ്യൂണിസത്തെ പിന്താങ്ങുവാൻ സാധിക്കുന്നതെങ്ങനെയെന്ന് ഞാനാശ്ചര്യപ്പെടുകയാണ്! റഷ്യ ഒരുതരം കൂട്ടുമുതലാളിത്തത്തിന്ന് അവസാനരൂപം നൽകിയിരിക്കുകയാണെന്നും ഈ രാക്ഷസൻെറ തണലിൽ മറെറാന്നിന്നും വളരെയൊന്നും തലയുയർത്തുവാൻ സാധിക്കയില്ലെന്നുമുള്ളതാണ് പരമാർത്ഥം. സാധുക്കൾക്ക് ഭക്ഷണത്തിന്നും വസ്ത്രങ്ങൾക്കും ഉറപ്പ് വരുത്താൻ കമ്യൂണിസത്തിന്നു സാധിക്കുമെങ്കിൽ അതു നല്ലതുതന്നെ. എന്നാൽ, അതിന് റഷ്യ ലോകത്തെ പിടിച്ചടക്കാൻ തയ്യാറാക്കിയിട്ടുള്ള പുതിയതരം മു

തലാളിത്തസമ്പ്രദായത്തിന്റെ നേരെ നാം കണ്ണടക്കേണ്ടമെന്നില്ല.

1928നും 1933നുമിടക്ക് റഷ്യയുടെ ഉൽപാദനം 625 ശതമാനംകണ്ട് വർദ്ധിച്ചിട്ടുണ്ടെന്ന് റഷ്യ അവകാശപ്പെടുന്നു. ഇതു നിശ്ചയമായും വലിയൊരു നേട്ടംതന്നെയാണ്. അതേകാലത്തിന്നിടയിൽതന്നെ, റഷ്യയുടെ ഉൽപാദന മൂലധനം 1000 കോടി റൂബിളിൽനിന്ന് 7500 കോടി റൂബിൾ ($7\frac{1}{2}$) മടങ്ങ് ആയി വർദ്ധിച്ചിട്ടുണ്ടെന്നും റഷ്യ അവകാശപ്പെടുന്നുണ്ട്. 1937ൽ ആകെയുള്ള ദേശീയവരുമാനത്തിന്റെ $\frac{1}{3}$ഭാഗം വ്യവസായങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെന്നും പറയുന്നു. ഇവയെല്ലാം നിശ്ചയമായും ഭീമമായ തുകകൾതന്നെ. പക്ഷെ, നമ്മുടെ മുമ്പിലുള്ള പ്രശ്നം ഇതാണ്: അടച്ചു പൂട്ടിയ വാതിലുകൾക്കുള്ളിലിരുന്നുകൊണ്ട് എത്ര കാലം റഷ്യയ്ക്ക് ഈ നില തുടരാൻ കഴിയും? റഷ്യ ഇന്നു സാമ്പത്തികമായി സ്വയം പര്യാപ്തമാണ്. എന്നാൽ, സ്വയം പര്യാപ്തമായിരിക്കുന്നതുകൊണ്ടുമാത്രം ഒരു രാഷ്ട്രത്തിന് നിലനില്ലാൻ സാധിക്കാതെവരുന്ന ചില പരിതസ്ഥിതികൾ സാമൂഹ്യപ്രവർത്തനങ്ങളിൽ സംജാതമാകാറുണ്ട്. റഷ്യയുടെ ഈ സാമ്പത്തിക ഘടനയെ, തന്റെ ചെറിയ കൃഷിനിലത്തിൽ കുറച്ചു കരിമ്പും, കുറച്ചു പച്ചക്കറിയും, അരിയും ഗോതമ്പും, കുറച്ചു എണ്ണവിത്തുകളും കൃഷിചെയ്തുകൊണ്ടു കുടുംബജീവിതം നിലനിർത്തിപ്പോരാൻ പരിശ്രമിക്കുന്ന ഒരു ഇന്ത്യൻ കർഷകന്റെ നിലയോടു ഉപമിക്കാം. കൂടുതൽ പ്രധാനമായ മററു ചില കാര്യങ്ങളെ ബലികഴിച്ചുകൊണ്ടല്ലാതെ ഇത്തരം സാമ്പത്തികഘടനയെ നിലനിർത്താനാകാത്ത ചില പ്രത്യേക പരിതസ്ഥിതികൾ മനുഷ്യന്റെ സാംസ്കാരികപുരോഗതിയിൽ ഉടലെടുക്കാറുണ്ട്. ഇത്തരം സ്വയം പര്യാപ്തതകൊണ്ടുമാത്രം മനുഷ്യജീവിതത്തെ

മുമ്പോട്ടു നയിക്കുവാൻ കഴിയുമായിരുന്നുവെങ്കിൽ, ലോകചരിത്രത്തിലെ ഓരോ പേജിലും ബീഭത്സമായ രക്തപ്രളയങ്ങളുടേയും സമരങ്ങളുടേയും കഥകഠം രേഖപ്പെട്ടുകിടക്കുകയില്ലായിരുന്നു.

അയൽരാജ്യങ്ങളുമായി ബന്ധപ്പെടാതെ ഒററപ്പെട്ടു നിലകൊള്ളുവാൻ ഭൂമുഖത്ത്, ഒരൊററ രാഷ്ട്രത്തിന്നും ഇന്നു സാദ്ധ്യമല്ല എന്നതു പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ലോകം ഇന്നു എത്തിച്ചേർന്നിരിക്കുന്ന ഈ സംസ്ക്കാരികപതനത്തിൽ, കൃത്രിമമായ രാഷ്ട്രീയ അതിരുകളെ മാത്രമല്ല, നദികഠം പർവ്വതങ്ങഠം, സമുദ്രങ്ങഠം തുടങ്ങിയ നൈസർഗ്ഗികമായ അതിർത്തികളെ കൂടിയും അവഗണിച്ചുകൊണ്ട് വിവിധരാഷ്ട്രങ്ങഠം പരസ്പരം സാമ്പത്തിക ബന്ധങ്ങളിലേർപ്പെടാൻ നിർബ്ബന്ധിതങ്ങളായിത്തീർന്നിരിക്കുകയാണ്. ഈ അനുഭവപാഠം മുമ്പിലിരിക്കുമ്പോഠം റഷ്യയുടെ ഉൽപന്നങ്ങഠം റഷ്യൻമാർക്കററിൽ കെട്ടികിടക്കാൻ തുടങ്ങുന്നതോടെ ബാഹ്യലോകവുമായി ബന്ധപ്പെടാതെ ഒററപ്പെട്ട നയം തുടർന്നു പോകുവാൻ റഷ്യയ്ക്ക് സാധിക്കാതെ വരുമെന്നും അപ്പോഠം സോവിയററ് യൂനിയൻെറ അതിർത്തിക്കപ്പുറം അവർക്ക് കമ്പോളങ്ങഠം കണ്ടുപിടിക്കേണ്ടിവരുമെന്നുമുള്ളത് അവിതർക്കിതമാണല്ലൊ. യുദ്ധകാലത്തു ഗത്യന്തരമില്ലാതായപ്പോഠം അമേരിക്കയിൽനിന്നും, ബ്രിട്ടണിൽനിന്നും ധാരാളം സാധനങ്ങഠം ഇറക്കുമതി ചെയ്യിക്കാൻ മോസ്ക്കോ നിർബ്ബന്ധിതമായിത്തീർന്നതിൽനിന്നുതന്നെ ഈ സംഗതി മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ കുറച്ചു കാലത്തിനിടയിൽ റഷ്യയ്ക്ക് ഉൽപാദനരംഗത്ത് സിദ്ധിച്ചിട്ടുള്ള പ്രവൃദ്ധവേഗമായ പുരോഗതി ഇനിയും തുടർന്നു പോകയാണെങ്കിൽ, ദേശീയമായ ആവശ്യങ്ങഠം കഴിച്ചു മിച്ചമാകുന്ന ഉൽപന്നങ്ങഠം ലാഭത്തിന്നു വിററഴിക്കാൻ വിദേശകമ്പോളങ്ങഠം കണ്ടെത്തേണ്ടിവരുമെന്ന

ത് തീർച്ചയാണ്. അപ്പോഠം, മററു സാമ്രാജ്യശക്തി കളുടെ ചരിത്രത്തിൽ നമുക്കു കാണ്മാൻ കഴിഞ്ഞിട്ടുള്ള തുപോലുള്ള അതേ നയങ്ങളും രീതികളുംതന്നെ റഷ്യയും അവലംബിക്കുകയില്ലേ? വെട്ടിത്തുറന്നുപറഞ്ഞാൽ റഷ്യയിലെ തൊഴിലാളികഠക്ക് പണിയില്ലാതാവുകയും റഷ്യയുടെ സാമ്പത്തികവും വൈയവസായികവുമായ പുരോഗതി തടസ്സപ്പെടുകയും ചെയ്യാതിരിക്കുന്നതിനുവേണ്ടി സോവ്യററ്റഷ്യയിൽനിന്നു സാധനങ്ങഠ വാങ്ങുവാൻ ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ ഇതരരാഷ്ട്രങ്ങളെ പ്രേരിപ്പിക്കാൻ റഷ്യ നിർബ്ബന്ധിതയായിത്തീരും. ഇംഗ്ലണ്ടിലെ പാർലിമെൻറിൽ ഇന്ത്യൻസ്വാതന്ത്ര്യത്തെകുറിച്ചുള്ള പ്രസംഗങ്ങഠ ചെയ്യേണ്ടിവരുമ്പോഠ ബഹുമാന്യരായ അംഗങ്ങഠ ഉള്ളിൽ തട്ടുന്ന പ്രസ്താവനകളുമായി മുന്നോട്ട് വരുന്നുവെങ്കിലും ഇന്ത്യയുടെ വ്യാവസായികഭാവിയെ ബാധിക്കുന്ന സജീവമായ പ്രശ്നങ്ങഠ വരുമ്പോഠ ബ്രിട്ടീഷ്സാമ്രാജ്യത്തിൻെറ താൽപര്യങ്ങഠ പരിരക്ഷിക്കാൻ അവർ മുറവിളി കൂട്ടുന്നത് നമുക്ക് അനുഭവമാണല്ലോ. റഷ്യയുടെ നിലയും ഇതിൽനിന്ന വിഭിന്നമായിരിക്കില്ല. പക്ഷെ, ഒരു വ്യത്യാസമുണ്ടാകും. ഗ്രെയിററ് ബ്രിട്ടൻെറയോ, അമേരിക്കയുടെയോ കാര്യത്തിൽ ഇന്ത്യയ്ക്ക് മൽസരിക്കേണ്ടിവരിക ഏറിയ കൂറും സ്വകാര്യവിഭാഗത്തിലുള്ള വ്യവസായസ്ഥാപനങ്ങളോടായിരിക്കും. എന്നാൽ, റഷ്യ രംഗത്ത് പ്രത്യക്ഷപ്പെട്ടുകഴിഞ്ഞാൽ മൽസരം സ്വകാര്യപരിശ്രമത്തെ അടിസ്ഥാനമാക്കിയുള്ള ഒരു വ്യവസായസ്ഥാപനത്തോടായിരിക്കില്ല. പ്രത്യുത, റഷ്യയുടെ രാഷ്ട്ര മുതലാളിത്ത ദുർഭൂതത്തോടായിരിക്കും. തന്ത്രമാർഗ്ഗങ്ങളിൽകൂടിയും ശാക്തികരാഷ്ട്രീയങ്ങഠ മുഖേനയും ആയിരിക്കും റഷ്യ ആ മൽസരം നടത്തുകയെന്നതിനാൽ സ്വാഭാവികമായും അത് വളരെ കടുത്തൊരു മത്സരമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ആ

നിഷ്ക്കരുണമായ മൽസരത്തിൽ ചെറുകിടരാഷ്ട്രങ്ങൾ എങ്ങുമില്ലാത്ത ഒരവസ്ഥയിലായിരിക്കും. അല്ല, ഞാൻ പറയട്ടെ, വൻകിടരാഷ്ട്രങ്ങൾക്ക് പോലും ഈ സ്ഥിതിവിശേഷത്തെ നേരിടാൻ കഴിഞ്ഞില്ലെന്ന് വരാം.!

സോവ്യററ് യൂനിയനിൽ ഒരംഗമായി ചേർന്നുകൊണ്ട് റഷ്യയുടെ സമ്പത്തിൽ ഭാഗഭാക്കാവുകയാണെങ്കിൽ ഈ മൽസരത്തെ ഒഴിവാക്കാമെന്നു ചിലർ പറയാറുണ്ട്. ഇതു ശരിയായ ചിന്താഗതിയല്ലെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. സാമ്പത്തിക നേട്ടങ്ങൾക്ക്വേണ്ടിമാത്രം മറെറല്ലാ വസ്തുതകളും വിസ്മരിച്ചുകൊണ്ട് സോവ്യററ് യൂനിയനുമായി ബന്ധപ്പെടാൻ തയ്യാറുള്ളവർ വളരെയില്ലെന്ന യാഥാർത്ഥ്യം നാമോർക്കണം. ലോകത്തെല്ലായിടങ്ങളിലും സോവ്യററ് വ്യവസ്ഥിതി നടപ്പായി കാണാൻ അവിടങ്ങളിലെയെല്ലാം കമ്മ്യൂണിസ്ററ്കൾ നിശ്ചയമായും ആഗ്രഹിക്കും. ആഭ്യന്തരഭരണകാര്യത്തിൽ റഷ്യൻ കൽപനകൾ പൊറുപ്പിക്കാൻ അവരിൽ അധികവും തയ്യാറാകുമോ എന്ന കാര്യത്തിൽ സംശയിക്കേണ്ടിയിരിക്കുന്നു. ബ്രിട്ടനിലെ കമ്മ്യൂണിസ്ററ്കളെ സംബന്ധിച്ചേടത്തോളം ഇതിങ്ങനെയാണ്. മററു രാജ്യങ്ങളിലെയും സ്ഥിതി പ്രായോഗികമായി ഇതു തന്നെയായിരിക്കും. അവർക്ക്, സോവ്യററ് സമ്പ്രദായത്തോടു ഒരു മമത ഉണ്ടെന്നതു ശരിതന്നെ. പക്ഷെ, തങ്ങളുടെ രാജ്യത്തെ മോസ്കോ ഭരിച്ചുകൊള്ളുന്നതിനു അവർ ബദ്ധത പ്രകടിപ്പിക്കില്ല.

ഇന്ത്യയിലെ കമ്മ്യൂണിസ്ററ്കാരെപററി ഖണ്ഡിതമായി എനിയ്ക്കൊന്നും പറയാനാകില്ല. അവർ വസ്തുതകളുടെ ആഴത്തോളം എത്താൻ ശ്രമിക്കാററില്ലെന്നതു നമ്മുടെ അനുഭവമാണല്ലോ! സമൂഹത്തിന്റെ

ഒരു തട്ടിൽ വർത്തിക്കുന്നവരാണവരിൽ ഭൂരിപക്ഷ വും. പൊതുവെ പറഞ്ഞാൽ വളരെ ഉയർന്ന വിദ്യാഭ്യാസം നേടിയവരോ അസാമാന്യബുദ്ധിശാലികളോ അല്ല താനും. ആവേശം പിടിപ്പിക്കുന്ന മുദ്രാവാക്യങ്ങരം ഉയർത്തുവാൻ അവർക്ക് വലിയ കമ്പമാണ്. അവയുടെ ആന്തരാർത്ഥങ്ങളും ആഴമേറിയ പ്രത്യാഘാതങ്ങളും മനസ്സിലാക്കാൻ ശ്രമിക്കുന്നതിനു അവർ കൂട്ടാക്കുകയില്ല. നിസ്സാരമായ പ്രകോപനങ്ങളിൽ ഇളകിപ്പുറപ്പെടാൻ അവർ തയ്യാറാകും. ഇത്തരക്കാരിൽനിന്നും പാകതമുററിയ തീരുമാനങ്ങരം ഉണ്ടാകുക തീരെ പ്രയാസം. ഇന്ത്യ സോവ്യററ് യൂനിയനിൽ ലയിപ്പിക്കപ്പെടുന്നതിലും അങ്ങനെ ഇന്ത്യയുടെ വ്യക്തിത്വംതന്നെ, ഇന്ത്യയുടെ ആത്മാവ് എന്നതന്നെ ഞാൻ പറയട്ടെ, നഷ്ടപ്പെടുന്നതിലും ഇന്ത്യൻ കമ്മ്യൂണിസ്ററ്കാരം വലിയ ദോഷമൊന്നും കണ്ടില്ലെന്ന് വരാം! എന്നാൽ, മററു രാജ്യങ്ങളിലെ കമ്മ്യൂണിസ്ററ്കാരെ സംബന്ധിച്ചേടത്തോളം ഇത്തരം ഒരു സ്ഥിതിവിശേഷത്തെക്കുറിച്ചു അവർക്ക് ഓർക്കാൻ കൂടി കഴിഞ്ഞെന്നു വരില്ല. എന്തെന്നാൽ, അവർ വിദേശ ഇടപെടലുകളെ പൊറുപ്പിക്കുന്ന പ്രവണതയുള്ളവരല്ല. അതിനെ അവർ മാരകരോഗമായി കാണുന്നു!

## ഏഷ്യൻറഷ്യയും യൂറോപ്യൻറഷ്യയും

യൂറോപ്യൻമാരായ റഷ്യക്കാരുടെയും യൂറോപ്പിനു പുറത്തുള്ള സോവ്യററ്പ്രദേശങ്ങളിലെ ജനങ്ങളുടെയും ജീവിതത്തിൽ മുഴച്ചുകാണാവുന്ന അന്തരവും നാം സ്മരിക്കേണ്ടിയിരിക്കുന്നു. മോസ്കോ നിവാസികളായ സാധാരണക്കാരെപ്പോലെതന്നെയാണ് ബുഖാറായിലെ സാധുജനങ്ങളെയും റഷ്യ സംരക്ഷിച്ചുപോരുന്നതെന്നു, കമ്മ്യൂണിസ്ററ് സുഹൃത്തു

ക്കളിലാരെങ്കിലും എന്റെ ആരംക്കാരിലൊരാളെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കാനൊരുങ്ങുമെങ്കിൽ, അതിന്നാവശ്യമായ യാത്രച്ചെലവുകരം മുഴുവനും വഹിക്കുവാൻ ഞാൻ തയ്യാറാകുന്നതാണ്. ബുഖാറായിലുള്ളവർക്ക് മോസ്കോവിലുള്ളവർക്കെന്നപോലെതന്നെ നല്ല പാർപ്പിടവും നല്ല വസ്ത്രങ്ങളും നല്ല ആഹാരവും ലഭിക്കുന്നുണ്ടെന്നും ഉപരിവിദ്യാഭ്യാസവും മികച്ച വൈദ്യസഹായവും നൽകപ്പെടുന്നുണ്ടെന്നും അവർ കാണിച്ചു കൊടുക്കട്ടെ! എന്നാൽ, രണ്ടു പട്ടണങ്ങളിലെയും ജീവിതനിലവാരത്തെക്കുറിച്ചു അടുത്തുനിന്നു പരിശോധിക്കുമ്പോരം, അവയ്ക്കിടയിൽ വലുതായ അന്തരമുണ്ടെന്നു കാണാനാകുമെന്നു എനിയ്ക്ക് പരിപൂർണ്ണബോദ്ധ്യമുണ്ട്. ഏഷ്യയിലെ മററു റഷ്യൻ പ്രദേശങ്ങളെ സംബന്ധിച്ചേടത്തോളവും സ്ഥിതി ഇതുതന്നെയാണ്. ഈ പ്രദേശങ്ങളുടെ അഭിവൃദ്ധിയെയും വികസനങ്ങളെയും ലക്ഷ്യമാക്കി ക്കൊണ്ടുള്ള ചില പദ്ധതികളെക്കുറിച്ചു വളരെ അടുത്തുമാത്രമാണ് റഷ്യ ഒരു കമ്മ്യൂണിക്കെപുറത്തിറക്കിയത്. സോവ്യററ്റഷ്യ യൂറോപ്യൻപൗരൻമാരോടെന്നപോലെതന്നെയാണ് തങ്ങളുടെ കീഴിലുള്ള ഏഷ്യൻ ജനങ്ങളോടും പെരുമാറുകയെന്ന മിത്ഥ്യാവിചാരം പുലർത്തുന്നവരുടെ കണ്ണ് തുറപ്പിക്കാൻ ഈ കമ്മ്യൂണിക്കെ തന്നെ മതിയാകുന്നതാണ്. അങ്ങനെയായിരുന്നെങ്കിൽ, സോവ്യററ് യൂനിയനിലെ യൂറോപ്യൻ പ്രദേശങ്ങളും ഏഷ്യൻ പ്രദേശങ്ങളും തുല്യനിലയിൽ പുരോഗതിപ്പെടേണ്ടതായിരുന്നു.

കമ്മ്യൂണിസം സാമ്യവാദാധിഷ്ഠിതമായിരിക്കയാൽ, ദുർബ്ബലരുടെ അവകാശങ്ങളെ തട്ടിപ്പറിച്ചുകൊണ്ടു ആ അടിസ്ഥാനതത്വങ്ങളോട് വഞ്ചന പ്രവർത്തിക്കുന്നതല്ലെന്നു ചിലർ വിശ്വസിക്കുന്നതായി കാണുന്നു. ഇതു പക്ഷെ, ഒരു മിത്ഥ്യാവിചാരം

മാത്രമാകുന്നു. സാമ്പത്തികമൽസരത്തെയും മററു രാഷ്ട്രങ്ങളുടെ പ്രദേശങ്ങൾ വെട്ടിപ്പിടിക്കുന്നതിനെയും സംബന്ധിച്ചേടത്തോളം റഷ്യ ഇതഃപര്യന്തം പ്രദർശിപ്പിച്ചിട്ടുള്ള ആത്മനിയന്ത്രണം ശരിയും തെററും സംബന്ധിച്ച ഒരു ധർമ്മശാസ്ത്രധാരണ കാരണമായിട്ടല്ലതന്നെ. സോവ്യററ് റഷ്യയ്ക്ക് അതിൻെറ ശക്തിയെകുറിച്ചു മററുള്ളവരെ ബോദ്ധ്യപ്പെടുത്താൻ കഴിയുമാറായിട്ടില്ലെന്ന പരമാർത്ഥമാണതിന്നു കാരണം. തങ്ങളുടെ ഇംഗിതം നടപ്പിൽ വരുത്താൻതക്ക കരുത്താർജ്ജിച്ചുവെന്നു കാണുന്നതോടെ റഷ്യൻ നയത്തിൽ സമൂലമായ ഒരു മാററം സംഭവിക്കുകതന്നെ ചെയ്യും. എന്നാൽ ഇപ്പോൾ തന്നെയും, ആ മാററം പ്രതികാരവാഞ്ഛയുടെ രൂപത്തിൽ ആരംഭിച്ചു കഴിഞ്ഞിരിക്കയുമാണ്. ഫിൻലണ്ട്, ലാററിവിയ, ലിത്വാനിയ, എസ്റേറാണിയ എന്നീ രാജ്യങ്ങൾ അടുത്ത കാലംവരെ സ്വതന്ത്രരാജ്യങ്ങളായിരുന്നു. തങ്ങളുടെ രാഷ്ട്രീയമായ ആർജ്ജവത്തിനൊരു നിർണ്ണായക സാക്ഷ്യമെന്നോണം, ഈ അതിർത്തിരാഷ്ട്രങ്ങളുടെ നിലനിൽപിനെ ചൂണ്ടി സോവ്യററ്റഷ്യ ഊററം കൊണ്ടിട്ടുള്ളതുമാണ്. റഷ്യയോടു ബന്ധപ്പെട്ടതെന്നു തോന്നിക്കുന്ന അർമേനിയയുടെ ഒരു ഭാഗം തുർക്കിയ്ക്ക് വിട്ടു കൊടുത്തതായും റഷ്യ വീമ്പിളക്കീട്ടുണ്ട്. എന്നാൽ, റഷ്യയിലെ ആഭ്യന്തരക്ഷോഭങ്ങൾ ഒന്നടങ്ങിത്തുടങ്ങുകയും തങ്ങളുടെ വളർന്നുവന്ന ശക്തിയെക്കുറിച്ചു റഷ്യയ്ക്ക് തികച്ചും ബോധം ഉറക്കുകയും ചെയ്തതോടെ ജോർജിയയെ അതുടൻ വിഴുങ്ങിക്കളഞ്ഞു. ഫിൻലണ്ടുമായി അതിർത്തിത്തർക്കങ്ങളുണ്ടായി. ലാററിവിയയും ലിത്വാനിയയും എസ്റേറാണിയയുമെല്ലാം അതിൻെറ വരുതിയിലകപ്പെടുകയും ചെയ്തു. റുമാനിയയുടെ ഭാഗങ്ങൾ തട്ടിപ്പറിച്ചു. പോളണ്ടിൻെറ നല്ലൊരു ഭാഗം

ആരവാരങ്ങളൊന്നും കൂടാതെയും അനാവശ്യമായ ഒച്ചപ്പാടുകൾക്കിടയാക്കാതെയും സ്വന്തമാക്കി. പോളണ്ടിന്റെ ബാക്കിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തെ സംബന്ധിച്ചേടത്തോളം, ബുദ്ധിമാൻമാരായ രാഷ്ട്രീയനിരീക്ഷകൻമാരുടെ മുമ്പിൽ വമ്പിച്ചൊരു ചോദ്യചിഹ്നം ഉയർന്നിരിക്കുകയുമാണ്. എന്നാൽ, അതിന്റെ മറുപടി ഞാൻ ആദ്യമെ പറഞ്ഞുകഴിഞ്ഞിരിക്കുന്നതു തന്നെയാവും. ജർമ്മനിക്കെതിരായുള്ള യുദ്ധത്തിൻ തങ്ങൾക്ക് മേൽക്കൈ ലഭിച്ചുതുടങ്ങിയതോടെ, മോസ്കോവിനോട് അനുഭാവമില്ലാത്ത ഒരു ഗവർമ്മെണ്ടിനെ റഷ്യയുടെ അതിർത്തിയിൽ ഒരിക്കലും പൊറുപ്പിക്കാൻ സാധ്യമാകുന്നതല്ലെന്നു പുരപ്പുറത്തു കയറി പ്രഖ്യാപിക്കാൻ റഷ്യ എല്ലാ അവസരങ്ങളെയും ഉപയോഗപ്പെടുത്തിയിരിക്കുന്നു. മോസ്കോവിന്റെ ശാസനയ്ക്ക് മുട്ടുകുത്തുന്ന ഗവർമ്മെണ്ടുകൾക്ക് മാത്രമെ ഈ രാജ്യങ്ങളിൽ നിലനിൽക്കാൻ ആവുകയുള്ളു. രാജ്യരക്ഷയുടെ പേരും പറഞ്ഞു പോളണ്ടിന്റെയും ചെക്കോസ്ലോവാക്യയുടെയും റുമേന്യയുടെയും ആഭ്യന്തരകാര്യങ്ങളിൽ റഷ്യ കൈകടത്തി. പേർഷ്യയുടെ എണ്ണക്കിണറുകളിൽ കാലുകുത്താൻ അതു പദ്ധതികൾ ആസൂത്രണം ചെയ്തു. തുർക്കിയോടു അൽപകാലം മുമ്പ് കൂട്ടിച്ചേർക്കപ്പെട്ട അർമേന്യയുടെ ഭാഗങ്ങളിൽനിന്നു കയ്യെടുക്കാൻ തുർക്കിയോടു ആവശ്യപ്പെടുകയുണ്ടായി. ബോസ്ഫറസിന്റെയും ഡാർഡനൽസിന്റെയുംമേൽ നിയന്ത്രണം ലഭിക്കാനാണ് റഷ്യ ആഗ്രഹിക്കുന്നതെന്നു ഇപ്പോൾ വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. പഴയ സാമ്രാജ്യത്വകോയ്മകൾ അവയുടെ പ്രതാപകാലങ്ങളിൽ ഇതിലധികമായി വല്ലതും ചെയ്തിട്ടുണ്ടോ? അവർ കൂടുതൽ മയത്തിലും കൂടുതൽ തന്ത്രപരമായും ആണ് പ്രവർത്തിച്ചിട്ടുള്ളതെന്നതു നേരല്ലേ? അവർ ഇവരെക്കാൾ എത്രയോ കുറഞ്ഞ ക്രൂരതയും മൃഗീയതയുമേ കാണി

ച്ചിട്ടുള്ളു എന്നതല്ലേ ശരി? ഡാർഡനൽസിൽ ബ്രിട്ടന്നും കണ്ണുണ്ടെന്നതു വാസ്തവംതന്നെ. നൂററാണ്ടുകളായി ബ്രിട്ടൻ അക്കാര്യത്തിൽ താൽപര്യം കാണിച്ചു പോന്നിട്ടുണ്ട്. എന്നാൽ, അവർ തുർക്കിയുടെ മേൽ ചെലുത്തിയ സമ്മർദ്ദം ഇത്രയും പരിഹാസ്യമാംവിധം നഗ്നവും മൃഗീയവും ലജ്ജാവഹവുമായിരുന്നില്ല. ഈ അനുഭവസാക്ഷ്യം മുമ്പിലുള്ളപ്പോഠം, റഷ്യയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ ലക്ഷ്യങ്ങളിലുള്ള ആർജ്ജവത്തിൽ വലിയ വിശ്വാസമർപ്പിക്കുന്നതു വങ്കത്തമാവും. നാമിതംഗീകരിച്ചാലും ശരി, അംഗീകരിച്ചില്ലെങ്കിലും ശരി, റഷ്യയുടെ നൻമയെയും താൽപര്യത്തെയും ലാക്കാക്കി മാത്രമാണ് റഷ്യ പ്രവർത്തിക്കുന്നതെന്ന പച്ചപ്പരമാർത്ഥം നമ്മുടെ കൺമുമ്പിൽ നഗ്നമായി തുറന്നു കിടക്കുകയാണ്. മററുള്ളവരുടെ നൻമയെ കുറിച്ചേടത്തോളം തരിയിട അവർ ഗൗനിക്കില്ല. ഇതിനെല്ലാം പുറമെ, അവർ ചൈനയിൽ ചെയ്യുന്നതെന്താണെന്നും നോക്കുക. കമ്മ്യൂണിസ്ററ് തത്വശാസ്ത്രത്തിൻെറ മനോമോഹനങ്ങളായ വാഗ്ദാനങ്ങളുടെ മണികിരണങ്ങളിൽ ആകൃഷ്ടരായിട്ടുള്ളവരുടെ എല്ലാ ആവേശകുതൂഹലങ്ങളും കെട്ടടങ്ങുമാറുള്ള ദയനീയകഥകളാണ് ചൈനയിൽനിന്നു കേഠക്കുമാറായിരിക്കുന്നത്.

## രാജ്യാന്തരീയ സൗഹൃദം

മററു രാജ്യങ്ങളുടെ നൻമ റഷ്യയുടെ നൻമയോളം തന്നെ റഷ്യൻ ഭരണാധികാരികഠക്ക് പ്രിയംകരമായിരുന്നവെങ്കിൽ, സോവ്യററ് യൂനിയൻെറ അതിവിസ്തൃതമായ ഭൂഭാഗങ്ങളിൽ ഓരോ അംശം ഫിൻലണ്ടിന്നും, പോളണ്ടിന്നും റുമാന്യയ്ക്കും, തുർക്കിയ്ക്കും, പേർഷ്യയ്ക്കും ഏല്പിച്ചുകൊടുക്കാൻ റഷ്യ തയ്യാറാകേണ്ടതായിരുന്നു. അങ്ങനെയാണെങ്കിൽ, ഈ ദാനം കിട്ടിയ പ്രദേശങ്ങഠം കൂടുതൽ സുശക്തങ്ങളായിത്തീരുന്ന ഈ

ചെറുരാഷ്ട്രങ്ങൾ വഴിയ്ക്ക്, ഈ കർക്കശവും നിഷ്ഠുരവുമായ ലോകത്ത്, തങ്ങളുടെ സ്വതന്ത്രമായ നിലനില്പിനെക്കുറിച്ചു ഉറപ്പുവരുത്താനാകുമല്ലോ! രാജ്യരക്ഷയുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ കൂടുതൽ ശക്തി ലഭിക്കുന്ന വഴികൾ തുറന്നുകിട്ടുകയെന്ന ആവശ്യം റഷ്യയെപ്പോലുള്ള ഒരു വൻകിട രാഷ്ട്രത്തെയപേക്ഷിച്ചു ഈ രാജ്യങ്ങൾക്കാണല്ലോ ഏറെ ന്യായീകരിക്കപ്പെടാവുന്നതു. ആകയാൽ, ആ രാജ്യങ്ങൾക്ക്, ന്യായമായും അവകാശപ്പെട്ട പ്രദേശങ്ങൾ നഷ്ടപ്പെടുത്താൻ ശ്രമിക്കുന്നതിന്നു പകരം റഷ്യ ആ രാജ്യങ്ങൾക്ക് ആ പ്രദേശങ്ങൾ വിട്ടുകൊടുക്കുകയാണ് വേണ്ടതു. വസ്തുതകളെ നാമേതു വീക്ഷണകോണിൽകൂടി നോക്കിയാലും ശരി, സമീപരാഷ്ട്രങ്ങളുടെ കരളിന് പിടിക്കുവാൻ റഷ്യ ഇതുവരെ തുനിയാതിരുന്നിട്ടുള്ളതു, ആത്മബലത്തിലുള്ള വിശ്വാസക്കുറവുകൊണ്ടു മാത്രമായിരുന്നുവെന്നുള്ള പൊള്ളുന്ന പരമാർത്ഥത്തിൻെറനേരെ കണ്ണടച്ചിട്ടു ഫലമില്ല. ഇന്നിപ്പോൾ റഷ്യ ആ ശക്തി നേടിക്കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഇടത്തും വലത്തുമെല്ലാം ശക്തികേന്ദ്രങ്ങൾ ഉറപ്പിക്കാൻ റഷ്യ ബദ്ധപ്പെടുകയുമാണ്. രാജ്യരക്ഷക്ക് വേണ്ടിയാണ് തങ്ങൾ ഇതെല്ലാം ചെയ്യുന്നതെന്നു പറഞ്ഞുകൊണ്ടു റഷ്യ ലോകത്തിൻെറ കണ്ണിൽ മണ്ണിടാൻ ശ്രമിക്കുന്നു. നിർണ്ണായകമായ നിഷ്ഠുരനടപടികൾ സ്വീകരിക്കാൻ നിർബന്ധിക്കുന്ന പ്രശ്നമാണ് രാജ്യരക്ഷ എന്നുമവർ പറയുന്നു. എന്നാൽ, അക്രമത്തിന്നുള്ള ശരിയായ ന്യായീകരണമാകുമോ ഇത്? അങ്ങനെയാണെങ്കിൽ, അമേരിക്കയുടെ ദേശീയരക്ഷയ്ക്ക്, ജാപ്പാൻ ദ്വീപുകളെ കാലാകാലത്തേയ്ക്കും അധീനത്തിൽവെക്കേണ്ടതു അത്യാവശ്യമാണെന്ന അമേരിക്കക്കും നാളെ അവകാശപ്പെടാമല്ലോ! ലോകരാഷ്ട്രീയത്തിലും നിഷ്ഠുരമായ സാമ്പത്തിക മത്സരത്തിലും, 'കയ്യൂക്കുള്ളവൻ

കാര്യക്കാരൻ' എന്ന തത്വത്തിൻെറ സ്വാധീനത്തിൽ നിന്നും രക്ഷ കിട്ടുകയില്ല എന്നുള്ളതത്രെ ഈ പ്രശ്നത്തിൻെറ മർമ്മം. അധികാരം പുലർത്തുന്നവക്ക്, തങ്ങൾ നടത്തുന്ന എതു അത്യാചാരത്തെയും മർദ്ദന മുറയെയും നീതീകരിക്കുന്നതിന്നു എന്തെങ്കിലും കാരണം കണ്ടുപിടിക്കാം. റഷ്യ അതിൻെറ ഹിതം നടപ്പിലാക്കാൻ പാകത്തിലായിട്ടുള്ളപ്പോൾ, സൈബീരിയയുടെയോ ലെനിൻഗ്രാഡിൻെറയോ വൈററ് റഷ്യയുടെയോ ഉക്രൈയിനിൻെറയോ രക്ഷയ്ക്കുവേണ്ടി ആവശ്യമാണെന്നു പറഞ്ഞുകൊണ്ടു, സമീപരാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെ അപകടപ്പെടുത്താൻ മോസ്കോവിന്നു കഴിഞ്ഞേയ്ക്കും. അന്താരാഷ്ട്രീയനയങ്ങളിൽ, റഷ്യയുടെ ആർജ്ജവത്തിൻെറ നിലവാരം ഇതാണെങ്കിൽ, സാമ്പത്തികമത്സരരംഗത്ത് റഷ്യ കൂടുതൽ നീതിയും ന്യായവും പുലർത്തുമെന്നു നമുക്കെങ്ങനെ വിശ്വസിക്കാം? പേർഷ്യയോടുള്ള റഷ്യയുടെ നയവും രീതിയും നോക്കിപ്പാർക്കുന്നവക്ക് സംശയിക്കാനോ ആശിക്കാനോ യാതൊരു പഴുതും ഇല്ല. ഇറാൻെറ ദേശീയാതൃത്തിക്കുള്ളിലുള്ള എണ്ണക്കിണറുകളിൽനിന്നു ലാഭമെടുക്കാൻ ഇറാന്നുള്ള അവകാശത്തെ ഇറാൻ എന്തിന്നു കയ്യൊഴിക്കണം? ഇതു മോസ്കോവുമായി പങ്കുവെക്കാൻ ഇറാനെ എന്തിനു നിർബന്ധിക്കണം? സാമ്പത്തികമായും രാഷ്ട്രീയമായും സൈനികമായും ഇറാൻ ഒരു ദുർബലരാഷ്ട്രമാണ്, കമ്യൂണിസ്ററുകൾ അവകാശപ്പെടുന്നതുപോലെ ദുർബലരുടെ കാര്യങ്ങൾക്കും ക്ഷേമത്തിന്നും റഷ്യയുടെ കണ്ണിൽ എന്തെങ്കിലും വിലയുണ്ടെങ്കിൽ, തെഹ്റാൻ ഇന്നകപ്പെട്ടിട്ടുള്ള വിഷമസാഹചര്യത്തിൽ ബാക്കുവിലെ എണ്ണപ്പാടങ്ങളിലും അതിൽനിന്നുള്ള വരുമാനത്തിലും പങ്കുചേരാൻ റഷ്യ ഇറാനെ ക്ഷണിക്കുകയാണ് വേണ്ടിയിരുന്നതു. അ

ഥവാ, ഇറാൻെറ എണ്ണവിഭവങ്ങളെ പരമാവധി വിക സിപ്പിക്കുന്നതിന്നാവശ്യമായ പണം യാതൊരു പലി ശയും കൂടാതെ ഇറാന്നു കടം കൊടുക്കാൻ മോസ്കോ ഒരുങ്ങേണ്ടതായിരുന്നു.

## ഇറാൻെറ എണ്ണപാടങ്ങൾ

തെക്കൻ ഇറാനിലെ എണ്ണപ്പാടങ്ങളിൽനിന്നുള്ള വ രുമാനം ബ്രിട്ടീഷ്കാരും, ഇറാന്നു വളരെയേറെ ന ഷ്ടപ്പെടുത്തിക്കളഞ്ഞിട്ടുണ്ടെന്നു ചിലർ എതിർന്യാ യം പറഞ്ഞേയ്ക്കാം. ബ്രിട്ടീഷ്കാർ ഇക്കാര്യത്തിൽ കു റ്റമറ്റവരല്ലെന്നു വരുത്തലല്ല എൻെറ ഉദ്ദേശ്യം. ഞാൻ പറയുന്നതെന്തെന്നാൽ, ബ്രിട്ടീഷുകാരെ നിങ്ങൾ പഴിക്കുന്നതെന്തിനോ അതേ അക്രമം റഷ്യ ചെയ്താൽ അത്രയും കാർക്കശ്യത്തോടെ നിങ്ങൾ അവരേയും പ ഴിക്കാൻ തയ്യാറാകണമെന്നു മാത്രമാണ്. റഷ്യയുടെ കാര്യത്തിൽ നിങ്ങൾ ഒഴികഴിവുകൾ കണ്ടുപിടിക്കാൻ ബദ്ധപ്പെടുന്ന ഒരു പ്രവൃത്തി ബ്രിട്ടീഷുകാർ ചെയ്യു മ്പോൾ നിങ്ങൾ പരസ്യമായി കുററപ്പെടുത്താനൊരു ങ്ങുന്നതിൻെറ തീതീകരണമെന്ത്? സഖ്യകോയ്മകൾ ക്ക് വിജയം ഉറപ്പിക്കാവുന്ന ലക്ഷണങ്ങൾ കണ്ടുതു ടങ്ങിയതുമുതൽക്കേയുള്ള റഷ്യൻ വിദേശനയം, റഷ്യ യ്ക്കു മുമ്പു മററു സാമ്രാജ്യമേധാവികൾ സ്വീകരിച്ചു പോന്ന അതേതരത്തിലുള്ള സാമ്രാജ്യത്വനയം തന്നെയാ ണെന്നു വ്യക്തമാണ്. ദുർബലജനവിഭാഗങ്ങളോടും അധീ നവർഗ്ഗക്കാരോടും റഷ്യ കൂടുതൽ നന്നായി പെരു മാറുമെന്നതു വിഡ്ഢിത്തപരവും വ്യർത്ഥവുമായ ഒരാശ മാത്രമാകുന്നു. റഷ്യയ്ക്കു മുമ്പുള്ള സാമ്രാജ്യ ശക്തികൾ ഉപയോഗപ്പെടുത്തിയ ചൂഷണോപാധി സ്വകാര്യമുതലാളിത്തമായിരുന്നെന്നു നാം നല്ലപോലെ ഓർത്തിരിക്കേണ്ടതാണ്. എന്നാൽ, റഷ്യയിൽ ഈ ചൂ ഷണോപാധി നിസ്സീമവും അചിന്ത്യവുമായ അധി

കാരശക്തികൾ കയ്യിലൊതുക്കിയതും ഇന്നോളം അറിയപ്പെട്ടിട്ടില്ലാത്ത തോതിൽ പ്രവർത്തിക്കുന്നതുമായ രാഷ്ട്രമുതലാളിത്തം ആയിരിക്കും. കമ്യൂണിസം സ്വകാര്യമുതലാളിത്തത്തെയാണ് ചതച്ചതു. കൂട്ടുമുതലാളിത്തത്തെ അതു നശിപ്പിച്ചിട്ടില്ല. യഥാർത്ഥത്തിൽ അതു കൂട്ടുമുതലാളിത്തത്തെ സൃഷ്ടിക്കുകയും താലോലിക്കുകയും വളർത്തുകയുമാണ് ചെയ്തിട്ടുള്ളതു. ഒടുവിൽ, അതു ലോകചരിത്രത്തിൽ ഇന്നോളം അറിയപ്പെട്ടിട്ടില്ലാത്ത തരത്തിലുള്ള തടുക്കാനാവാത്ത ഒരു ഭീകര നീരാളിയെപ്പോലെ ശക്തിയും വലിപ്പവും പ്രാപിച്ചു വന്നിരിക്കുകയുമാണ്.

## രാക്ഷസീയശക്തി

വ്യക്തിഗതമായ വ്യാപാരസംരംഭങ്ങൾ കമ്പനി അടിസ്ഥാനത്തിലുള്ള ശ്രമത്തോളം വിജയകരമല്ലെന്നും, കമ്പനികൾ ട്രസ്റ്റുകളോളവും ട്രസ്റ്റുകൾ കാർട്ടലുകളോളവും സുശക്തമല്ലെന്നും മനുഷ്യൻെറ സാമ്പത്തികചരിത്രം തെളിയിച്ചിരിക്കുന്നു. അപ്പോൾ സ്റ്റേററ് കാപ്പിററലിസം എന്ന പുതിയ ഒരു പാധിയെ അവലംബമാക്കി പ്രവർത്തിക്കുന്ന ഒരു രാഷ്ട്രത്തെ മറെറാരു രാജ്യത്തിനും തന്നെ എതിരിടാൻ സാദ്ധ്യമല്ലെന്നു കരുതുന്നത് ന്യായമായിരിക്കുമല്ലോ.

മുമ്പെല്ലാം, ചെറുകിട വ്യവസായ ഉൽപാദകർക്കു പോലും ചെറിയ രാജ്യങ്ങളുടെമേൽ ഒരുതരം സ്വാധീനം നേടുവാൻ കഴിഞ്ഞിരുന്നു. വ്യക്തിമുതലാളിത്തത്തെ സംബന്ധിച്ചേടത്തോളം എത്ര ചെറിയ രാജ്യമായിരുന്നാലും മുതലാളിമാരേ ഇല്ലാതാവുന്ന ഒരവസ്ഥ ഉണ്ടായിക്കൊള്ളണമെന്നില്ല. വ്യക്തികൾ തമ്മിലുള്ള ഒരു കിടമൽസരം ആയിരിക്കയാൽ, താരതമ്യേന വളരെ ചെറിയ രാജ്യങ്ങളിൽപോലും വലുതും സുസംഘടിതവുമായ രാജ്യങ്ങളെത്തന്നെ എതിർത്ത് മത്സരിച്ചുനിന്ന വ്യക്തികളും ഫേമുകളും ഉണ്ടായിരുന്നു. അവർക്ക് ആ രാജ്യങ്ങളുടെ പിടിയിൽപ്പെട്ട പലതും

തട്ടിയെടുക്കാനും കഴിഞ്ഞിരുന്നു. ഗ്രേററ് ബ്രിട്ടൺ വളരെ വലിയ വ്യവസായവൽകൃത രാജ്യങ്ങളിൽ ഒന്നാണെങ്കിലും ഹോളണ്ട്, ബെൽജിയം, സ്വിററ്സർലാണ്ട് എന്നിവിടങ്ങളിലെ ചില ഫേമുകൾതന്നെ ഗ്രേററ് ബ്രിട്ടണിലെ കമ്പനികളുമായി മൽസരിച്ചു വിജയിച്ചുപോന്നിട്ടുണ്ട്. ഇവിടെ ഗ്രേററ് ബ്രിട്ടൺ ഒരു ഭാഗത്തും ഹോളണ്ടോ, ബൽജിയമോ, സ്വിററ്സർലണ്ടോ ഒരു ഭാഗത്തും നിന്നുകൊണ്ട് നടത്തുന്ന ഒരു സാമ്പത്തികമൽസരമല്ല ഇതെന്ന് ഓർക്കേണ്ടതാണ്. ഒരു രാജ്യത്തിലെ വലിയൊരു കമ്പനിയും മറെറാരു ചെറിയ രാജ്യത്തിലെ വലിയൊരു കമ്പനിയും തമ്മിലുള്ള കിടമൽസരമാണിത്. അതുകൊണ്ട്, മൽസരത്തിൽ എപ്പോഴും അനിവാര്യമായും ചെറിയ രാജ്യങ്ങൾക്കെതിരായി പകിട വീണുകൊള്ളുമെന്നില്ല. ചെറിയ രാജ്യങ്ങൾക്കും ഇവിടെ ജയംനേടാൻ അവസരം തുറന്നുകിടക്കുന്നു. ഇപ്രകാരം എത്രയോ ചെറുരാജ്യങ്ങൾ നേട്ടങ്ങൾ കൈവരിച്ചിട്ടുമുണ്ട്. എന്നാൽ, റഷ്യയ്ക്കെതിരിൽ വരാനിരിക്കുന്ന മൽസരത്തിൽ മററു രാജ്യങ്ങളിലെ വ്യക്തിസംരംഭങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വ്യവസായ ഉൽപാദകർക്ക് നിൽക്കക്കളമുണ്ടായിരിക്കുകയില്ലതന്നെ.

ചുരുക്കത്തിൽ, വ്യക്തിമുതലാളിത്തത്തിന്നും അതിൻെറതായ ആപത്തുകളുണ്ടെന്നതു തർക്കമററതാണെങ്കിലും, ദുർബ്ബലർക്കും ഒരതിരോളം പിടിച്ചുനിൽക്കാനുള്ള അവസരം അതു നൽകുന്നുണ്ട്. എന്നാൽ, രാഷ്ട്രമുതലാളിത്തത്തിന്നെതിരിൽ ദുർബ്ബലരും ചെറുരാജ്യങ്ങളും നശിച്ചതുതന്നെ. നിറച്ച മെഷീൻ തോക്കുകളുമായി കാഞ്ചിവലിക്കാൻ കാത്തുനിൽക്കുന്ന ഒരുവനെ ഒരു ഗദ കയ്യിലേന്തി എതിരിടാൻ പുറപ്പെടുന്നതിന്നു തുല്യമായിരിക്കും അവ തമ്മിലുള്ള സമരം. ട്രസ്ററുകളുടെയും കാർട്ടലുകളുടെയും സമ്മർദ്ദങ്ങൾ

ക്കെതിരായുള്ള ശബ്ദങ്ങരം ഇപ്പോരം കേട്ടുതുടങ്ങിട്ടുണ്ടു. എന്നാൽ, രാഷ്ട്രമുതലാളിത്തിലധിഷ്ഠിതമായ റഷ്യൻവ്യവസായത്തെ നേരിടേണ്ടിവരുമ്പോരം ട്രസ്ററ്കളും കാർട്ടലുകളും ഈ രാക്ഷസന്നെതിരിൽ ശിശുക്കളെപ്പോലെ നിസ്സഹായങ്ങളായിരിക്കയെ ഉള്ളൂ. എന്തെന്നാൽ ഒരു ഭാഗത്ത് ഏതാനും ആളുകളുടെ സംഘടിതമായ ശക്തിയാണുള്ളതെങ്കിൽ, മറുഭാഗത്ത് ഒരു രാഷ്ട്രത്തിൻെറ മുഴുവൻ സംഘടിതമായ ശക്തിയാണുള്ളത്. മാത്രമല്ല, തന്ത്രപരമായമാർഗങ്ങളിലും നാവിക–വ്യോമ-കരസൈന്യങ്ങളുടെ ഭീഷണികരം മുഖേനയും റഷ്യയുടെ ആ ശക്തി പ്രകടിപ്പിക്കപ്പെടുകയും ചെയ്യും.

## മത്സരം ഒഴിവാക്കാൻ

രണ്ടു പ്രകാരത്തിൽ മാത്രമെ ഈ രാഷ്ട്രമുതലാളിത്തത്തിൽ നിന്ന് രക്ഷ പ്രാപിക്കാൻ സാദ്ധ്യതയുള്ളു (1) ലോകം മുഴുവൻ റഷ്യയിൽ ലയിച്ച് ഒരു യൂനിയനായി നിലകൊള്ളുക– അപ്പോരം പിന്നെ മൽസരം തന്നെ അനാവശ്യമായിത്തീരും. എന്നാൽ, ഇത്തരമൊരു സംഭവവികാസം പ്രതീക്ഷിക്കപ്പെടാവതാണോ? ബ്രിട്ടനോ, അമേരിക്കയോ ഫ്റാൻസോ സോവ്യററ് യൂനിയനിൽ ലയിച്ചുകൊണ്ട് മത്സരത്തിൽനിന്ന് ഒഴിഞ്ഞു നിൽക്കുവാൻ തയ്യാറാകുമോ? ഇനി അങ്ങിനെയൊരുങ്ങുമെന്നു സമ്മതിച്ചാൽതന്നെയും റഷ്യക്കാർക്കുള്ളത്രതന്നെ അവകാശാധികാരങ്ങരം അവർക്കും സോവ്യററ്യൂനിയനിൽ ലഭിക്കുമെന്നതിന്നെന്താണുറപ്പ്? എൻെറ അഭിപ്രായത്തിൽ ഇതെല്ലാം അസാദ്ധ്യങ്ങളാണ്. ആകയാൽ, ആ വഴിയ്ക്ക് ചിന്തിക്കാനേ നിവൃത്തിയില്ല. അപ്പോരം പിന്നെ ഒരൊററ മാർഗമേ ബാക്കിയുള്ളൂ. അതായത്,

(2) റഷ്യയെപ്പോലെ ഓരോ രാജ്യവും രാഷ്ട്രമുതലാളിത്തത്തിലധിഷ്ഠിതമായ സമ്പൽക്രമം സ്വീകരി

ക്കുക. അതിൻെറ ഫലം എന്തായിരിക്കും? പരസ്പരം കൊല്ലാനും കൊല്ലപ്പെടാനും തയ്യാറായ നിലയിൽ, വിവിധ രാജ്യങ്ങളിൽ രാഷ്ട്രമുതലാളിത്തങ്ങൾ ജൻമമെടുക്കുകയും ലോകം സമരരംഗമായിമാറുകയും ചെയ്യും. അങ്ങിനെ സംഭവിക്കുന്നപക്ഷം, സമാധാന കാലഘട്ടത്തിന്നിടയിൽ ഇടയ്ക്കിടെ യുദ്ധങ്ങളുണ്ടാകുന്നതിനുപകരം ഒരു പ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ യുദ്ധങ്ങളും രക്തച്ചൊരിച്ചിലും നിരന്തരമായി ഭൂഗോളം മുഴുവൻ നടമാടിക്കൊണ്ടിരിക്കും. വ്യോമസൈന്യങ്ങളും നാവികശക്തിയും അകമ്പടി സേവിച്ച കച്ചവടസംഘങ്ങൾ ലോകം മുഴുവൻ അലഞ്ഞുതിരിയും. അന്നു കച്ചവടത്തർക്കങ്ങളും വഴക്കുകളുമുണ്ടാകുന്നത് വ്യക്തികളും കമ്പനികളും തമ്മിലല്ല, രാഷ്ട്രങ്ങൾ പരസ്പരമായിരിക്കും. വ്യാപാര ഇടപാടുകൾ നടത്തുന്നതിന്ന് കമ്പനിമാനേജർമാരുണ്ടായിരിക്കയില്ല. തൽസ്ഥാനത്ത് മന്ത്രിമാരായിരിക്കും ഉണ്ടാവുക. അവർക്ക് പിന്തുണ നൽകാൻ പട്ടാളവും! ഇത്തരമൊരു ലോകത്ത് ദുർബ്ബലരാഷ്ട്രങ്ങൾക്കും ചെറുകിടരാജ്യങ്ങൾക്കും യാതൊരു സ്ഥാനവും ഉണ്ടായിരിക്കില്ല. ശക്തിയില്ലാത്ത രാഷ്ട്രങ്ങൾക്ക് തങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുകതന്നെ ചെയ്യും. ആ പ്രദേശങ്ങൾ വൻകിടശക്തികൾക്ക് വിനോദകരമായ നായാട്ടു കേന്ദ്രങ്ങളായി അവശേഷിക്കും.

അങ്ങനെയൊരു സ്ഥിതിയിലെത്തിയാൽ ജനങ്ങൾ കാലത്തിനൊത്തു വളർന്നിരിക്കുമെന്നു കരുതുന്നത് വെറും വ്യാമോഹമാണ്. വേണ്ടുവോളം ലഭിച്ചു കഴിഞ്ഞാൽ കെട്ടടങ്ങാൻ തുടങ്ങുന്ന ഒന്നല്ല മനുഷ്യൻെറ അത്യാഗ്രഹവും അധികാരദുർമോഹവും. റഷ്യ ഇന്നു അതിനോളം സമ്പന്നമല്ലാത്ത ഇതരരാഷ്ട്രങ്ങൾക്ക് സമ്പത്ത് പങ്കിട്ടുകൊടുക്കാൻ ഒരുക്കമില്ല. നാളെ റഷ്യയ്ക്ക് കൂടുതൽ ശക്തിയും സമ്പത്തും ലഭിക്കു

മ്പോരം റഷ്യ ദയയും അനുകമ്പയും പ്രദർശിപ്പിച്ചുതുടങ്ങുമെന്ന് കരുതാൻ ന്യായമില്ല.

ഇപ്പോരം സുശക്തമായിക്കഴിഞ്ഞിട്ടുള്ള മററെല്ലാ രാജ്യങ്ങളിൽനിന്നും അതുപോലെതന്നെ ഭാവിയിൽ സുശക്തമായിത്തീരാൻ പോകുന്ന രാജ്യങ്ങളിൽനിന്നും ഇതുതന്നെയാണ് പ്രതീക്ഷിക്കേണ്ടിയിരിക്കുന്നത്.

## പ്രത്യേകപദവിയ്ക്കുവേണ്ടി

ത്രിശക്തികളിൽ ഒന്നായി വിലസാൻ റഷ്യ തയ്യാറായിട്ടുള്ളതും സമഭാവനയുടെ ഉദാത്തമായ തത്വങ്ങളെല്ലാം റഷ്യ കയ്യൊഴിച്ചിട്ടുണ്ടെന്നതിലേയ്ക്ക് തെളിവാണ്. ലോകത്തിന്റെ ഭാവി തങ്ങളുടെ ഇഷ്ടവും ഇംഗിതവുംപോലെ നിയന്ത്രിക്കുവാനുള്ള അധികാരം അർപ്പിക്കപ്പെട്ട ശക്തികളാണ് ത്രിശക്തികരം (Big Three) എന്ന പേരിൽ അറിയപ്പെടുന്നതെങ്കിൽ, ദുർബ്ബലങ്ങളായ ചെറുകിട രാഷ്ട്രങ്ങരം എന്തുചെയ്യും? കമ്യൂണിസ്ററ് റഷ്യ കൊട്ടിഘോഷിക്കുന്ന സമത്വതത്വത്തോടു അവർ കൂറു പുലർത്തുന്നു എങ്കിൽ അയൽ സ്റേററുകളേയ്ക്കാരം ഉയർന്നുള്ള പദവി അവർ എന്തിന്നു സ്വീകരിക്കാനൊരുങ്ങണം? വ്യക്തികളെന്ന നിലയ്ക്കുള്ള അവകാശങ്ങളിൽ മനുഷ്യരെല്ലാം തുല്യരാണെങ്കിൽ, വലുതും ചെറുതുമായ എല്ലാ രാഷ്ട്രങ്ങളും അവകാശങ്ങളിൽ തുല്യങ്ങളും മററു രാഷ്ട്രങ്ങളുടെ ഇടപെടലുകളിൽ നിന്നും അവഹേളനങ്ങളിൽ നിന്നും സുരക്ഷിതങ്ങളും ആയി നിലകൊള്ളുമാറാകണം. സാർവ്വദേശീയസഭാതലങ്ങളിൽ റഷ്യയുടെ ശബ്ദത്തിന്, വളരെ ചെറിയ മറെറാരു രാഷ്ട്രത്തിന്റെ, ഉദാഹരണത്തിന്നു സിറിയയുടെയോ തുർക്കിയുടെയോ ഗ്രീസിന്റെയോ, ശബ്ദത്തേയ്ക്കാരം കൂടുതലായുള്ള പ്രത്യേക ആദരവും പ്രാധാന്യവും ഉണ്ടായിരിക്കാൻ പാടില്ലാത്തതാണ്. സ്വന്തം പ്രവൃത്തി കൊ

ണ്ടുതന്നെ റഷ്യ സ്വയം ഇവിടെ തരം താണിരിക്കുന്നു. റഷ്യൻ സിദ്ധാന്തങ്ങളിൽ എന്തെങ്കിലും സത്യം ഉണ്ടെങ്കിൽ ഈ സത്യങ്ങളിൽ അവർ ആത്മാർത്ഥമായി ഉറച്ചു നിൽക്കുന്നു എങ്കിൽ, 'ത്രിശക്തി'കഠം എന്നോ 'പഞ്ചശക്തി'കഠം എന്നോ ഉള്ള പ്രത്യേകകൂട്ടങ്ങളിൽ സ്ഥാനം സ്വീകരിച്ചു കൂടാത്തതാണ്. രാഷ്ട്രങ്ങഠംക്കു തുല്യാവകാശം ഉണ്ടായിരിക്കാവതല്ലെങ്കിൽ വ്യക്തികഠംക്ക് എന്തിനു അതുണ്ടായിരിക്കണം? ധാർമികവും സദാചാരപരവുമായ തത്വങ്ങഠം വ്യക്തികഠംക്കും രാഷ്ട്രങ്ങഠംക്കും വ്യത്യസ്തങ്ങളായി പ്രയോജനപ്പെടുത്താൻ പററില്ല. ഇതെല്ലാം തെളിയിക്കുന്നത് ഇന്ത്യൻചൊല്ല്പോലെ റഷ്യയ്ക്ക് കാണിക്കാൻ ഒരു കൂട്ടം പല്ലും ചവച്ചിറക്കാൻ മറെറാരു കൂട്ടം പല്ലും ആണുള്ളതെന്നാണ്!

ഇന്ത്യൻ നേതാക്കൻമാരുമായി ബന്ധപ്പെട്ട ഒരു സംഭവം ഞാനിവിടെ ഓർക്കുകയാണ്. ഒരിക്കൽ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നത്തിൽ തീരുമാനമെടുക്കുന്നതിന്നു ഇന്ത്യൻനേതാക്കളെല്ലാം ഒരുമിച്ചുകൂടാനിടയായി. സർ സിക്കന്തർ ഹയാത്ത്ഖാൻ, സർ ഫിറോസ്ഖാൻ നൂൻ എന്നിവർ എനിയ്ക്ക് കമ്പിയടിച്ചു. ഞാനും പ്രസ്തുത ചർച്ചയിൽ പങ്കെടുക്കണമെന്നവർ ആവശ്യപ്പെടുകയുണ്ടായി. ശിംലയിൽവച്ചു ചേർന്ന പ്രസ്തുത സമ്മേളനത്തിൽ ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നുള്ള എഴുപതോ എൺപതോ നേതാക്കഠം പങ്കെടുത്തിരുന്നു. ഈ വലിയ സമ്മേളനം കണ്ടപ്പോഠം ആ കൂട്ടത്തിൽ താൻ മററാരെക്കാളും വലിയ ആളാണെന്നു സ്വയം കരുതിപോന്ന ഒരു വ്യക്തി വളരെ അസ്വസ്ഥനായിരുന്നു! പ്രധാന പ്രശ്നങ്ങഠം ഇത്രയും വലിയ സമ്മേളനങ്ങളിൽവെച്ചു സൗകര്യപൂർവ്വം ചർച്ച ചെയ്തു തീരുമാനിക്കാനാവില്ലെന്നു അദ്ദേഹം തൻെറ പ്രസംഗത്തിൽ പറഞ്ഞു. അതു

കൊണ്ട്, അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞാൽ, "നേതാക്കൻമാരുടെ നേതാക്കൻമാരായ ഞങ്ങൾ ഒരു തീരുമാനമെടുത്തു മററുള്ളവരുടെ മുമ്പിൽ അതു പ്രഖ്യാപിക്കുകയാണ് വേണ്ടത്" എന്ന പോംവഴി അദ്ദേഹം നിർദ്ദേശിക്കുകയും ചെയ്തു! ഈ സംഭവത്തിൽ നിഴലിക്കുന്ന ധാർമികനിലവാരം റഷ്യയ്ക്കും ബാധകമായിരിക്കുന്നു വ്യക്തിയും വ്യക്തിയും തമ്മിലുള്ള പ്രശ്നം വരുമ്പോൾ കമ്മ്യൂണിസ്ററുകൾ തുല്യാവകാശത്തിനുവേണ്ടി ശബ്ദമുയർത്തുന്നു. പ്രശ്നം സ്റേററുകൾ തമ്മിൽ സാർവ്വദേശീയതലത്തിലേയ്ക്കുയരുമ്പോൾ എല്ലാം ത്രിശക്തികൾ തീരുമാനിക്കണമെന്നു മോസ്കോ ആവശ്യപ്പെടുന്നു. ഭൂമിയിലെ ശക്തൻമാരുടെ കൗൺസിലിൽ ചെറുകിട സ്റേററുകൾക്ക് അവർ ചെറുതാണെന്ന കാരണത്താൽ സീററു കിട്ടാൻ സാധ്യതയില്ല. റഷ്യയ്ക്ക് അതിന്റെ അഭിപ്രായത്തിന് ബൽജിയത്തെക്കാളും ഫ്രാൻസിനേക്കാളും കൂടുതൽ വില കൽപിക്കപ്പെടണമെന്നു ആവശ്യപ്പെടാൻ എന്തെങ്കിലും ധാർമികാവകാശമുണ്ടോ? ഇല്ലെങ്കിൽ, ചർച്ചാമേശയ്ക്ക് ചുററും ചെറുരാജ്യങ്ങൾക്കും തുല്യസ്ഥാനമനുവദിക്കാൻ റഷ്യ തയ്യാറാകുന്നില്ലെങ്കിൽ, അവർ തങ്ങളുടെ മേധാവിത്വമുറപ്പിക്കാൻ ശ്രമിക്കുന്ന ചെറുകിട രാഷ്ട്രങ്ങൾക്ക് സാമ്പത്തികമേധാവിത്വത്തിന്റെ ഗുണഫലങ്ങൾ അവരിൽനിന്നു ലഭ്യമാകുമെന്നു നമുക്ക് എങ്ങിനെ പ്രതീക്ഷിക്കാം? റഷ്യയുടെ കാലടിക്കുള്ളിൽ ഞെങ്ങിഞെരുങ്ങുന്ന ദുർഭഗരെ തീററിപ്പോററുകയും ഉടുപ്പിക്കുകയും ചെയ്കയല്ല റഷ്യയ്ക്കാവശ്യം. അവരെ ഉയർത്തി ആശ്ലേഷിക്കുകയല്ല റഷ്യയ്ക്കു വേണ്ടത്. 'മാണ്ടേററു'കളും 'പ്രൊട്ടക്ടരേററു'കളും അതുപോലുള്ള അസംബന്ധങ്ങളും അവരുടെ മേൽ ഏർപെടുത്തിക്കിട്ടുകയാണവർക്കു വേണ്ടത്. അതുമുഖേന ആട്ടിൻതോലുടുത്ത ചെന്നായയെപ്പോ

ലെ 'ഔദാര്യ'ത്തിന്റെയും 'ധർമിഷ്ഠത'യുടെയും പുതപ്പിട്ടു അത്യാർത്തിയുടെയും സാമ്രാജ്യത്വ മോഹങ്ങളുടെയും വൻചതികഠം മൂടിവെക്കുവാനാണ് അവരാഗ്രഹിക്കുന്നത്. ചുരുക്കത്തിൽ, മുതലാളിത്തത്തെ നശിപ്പിക്കുവാനല്ല, മററുള്ളവരുടെ മുതലാളിത്തവും സാമ്രാജ്യത്വവും നശിപ്പിച്ചു തൽസ്ഥാനത്ത് റഷ്യൻ മുതലാളിത്തവും സാമ്രാജ്യത്വവും ഉറപ്പിക്കാനുള്ള സാഹചര്യം ആണ് രൂപമെടുക്കുമാറാകുന്നത്.

തങ്ങളടെ നിലപാടിന്റെ ധാർമികദൗർബ്ബല്യകളിൽ റഷ്യൻ അധികാരികഠം ബോധവാൻമാരാണെന്നു കരുതണം. അല്ലെങ്കിൽ, ലോകത്തിന്റെ മററു ഭാഗങ്ങളിൽ നിന്ന് റഷ്യക്കാരെ ഒററപ്പെടുത്തി അകററി നിർത്താൻ അവർ ശ്രമിക്കുന്നതിന് മറെറാരു ന്യായീകരണവും പറയാനില്ല. ബ്രിട്ടീഷ് പാർലമെൻറിലെ ഒരു പ്രശസ്ത അംഗമായ മി. സ്ററീഫൻ കിംഗ് ഹാഠം അടുത്തു മാത്രമാണ് റഷ്യ സന്ദർശിച്ചശേഷം തന്റെ അഭിപ്രായങ്ങഠം 'സോവിയററ് യൂനിയൻ' എന്ന പത്രത്തിന്റെ ജൂൺ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയത്. അദ്ദേഹം എഴുതുകയുണ്ടായി, "റഷ്യൻ ജനത റഷ്യയ്ക്ക് പുറത്തുള്ളവരുമായി ആശയവിനിമയം നടത്തുന്നതു റഷ്യൻ ഗവൺമെണ്ട് തീരെ ഇഷ്ടപ്പെടുന്നില്ല."

അല്പദിവസങ്ങഠംക്കുമുമ്പ് ഏതാനും റഷ്യൻ വിദഗ്ധൻമാർ ഈ നാട്ടിൽ വരികയുണ്ടായി. അവരോടൊപ്പം ചില അമേരിക്കക്കാരും ഉണ്ടായിരുന്നു. ഇന്ത്യയിലെ സ്ഥിതിഗതികഠം കണ്ട് ആ റഷ്യക്കാർ അമ്പരക്കുകയായിരുന്നു. തങ്ങളുടെ രാജ്യത്ത് സ്വന്തം ഇഷ്ടമനുസരിച്ച് യാത്ര നടത്താൻ ആരുടെയും പക്കൽ ഒരു പെനി പോലും അവശേഷിക്കില്ലെന്നിരിക്കെ, ഇവിടെ ഇന്ത്യയിൽ ആർക്കും യഥേഷ്ടം എങ്ങും സഞ്ചരിക്കാവുന്ന അത്ഭുതമാണ് അവർക്ക് അനുഭവപ്പെട്ടത്! തങ്ങഠം തികച്ചും പുതിയ ഒരു ലോകത്താണ് എത്തിപ്പെട്ടതെന്ന്

അവർക്ക് തോന്നുമാററായതരത്തിൽ ഈ കാഴ്ച അവരെ പിടിച്ചുകുലുക്കുകതന്നെ ചെയ്തു. റഷ്യക്കാരെ 'കോറംഡ് സ്റേററാറേ'ജിൽ അടച്ചു പൂട്ടിയതിൻെറ ഫലം ഇതായിരുന്നു. എന്നാൽ, ഈ എല്ലാ കൃത്രിമ അതിർത്തികളും, ലോകം കൂടുതൽ വമ്പിച്ച മറെറാരു മഹാവിപ്ലവത്തിന്ന് സാക്ഷിനിൽക്കേണ്ടി വരുന്ന ആ നാളിൽ പൊട്ടിത്തകരുകതന്നെ ചെയ്യും.

## റഷ്യയിലെ സമഭാവന

റഷ്യയിലെ തുല്യാവകാശതത്വം ദൈനംദിനജീവിതത്തിൽ പൂർണ്ണമായും അനുവർത്തിക്കപ്പെടുന്നുണ്ടോ എന്ന കാര്യത്തിൽ എനിയ്ക്ക് ബലമായ സംശയമുണ്ട്. നിർഭാഗ്യവശാൽ, ഖണ്ഡിതമായ അറിവിൻെറ അഭാവത്തിൽ ഇതെപ്പററി എന്തെങ്കിലും പറയാൻ നമുക്കാവില്ല. എന്നാൽ, എനിയ്ക്കറിയാൻ കഴിഞ്ഞേടത്തോളം ഒരു സാധാരണ റഷ്യൻ പട്ടാളക്കാരൻെറ യൂനിഫോം ചാക്ക്തുണിപോലെ പരുപരുത്തതാണെന്നും വളരെ തരംതാണതാണെന്നും എനിയ്ക്കു ബോദ്ധ്യമായിട്ടുണ്ട്. റഷ്യൻ പട്ടാള ഓഫീസർമാരുമായും സാധാരണ സൈനികരുമായും പലേടത്തും ബന്ധപ്പെടാൻ കഴിഞ്ഞ അഹ്മദിയ്യാ സംഘക്കാരായ പട്ടാളഓഫീസർമാരിൽനിന്നുള്ള വിശ്വസനീയമായ തെളിവുകളെ ആസ്പദമാക്കിയാണ് ഞാനിതു പറയുന്നത്. ഏഷ്യക്കാരായ റഷ്യൻ പട്ടാളക്കാരൻെറ യൂനിഫോം ഇതിലും തരംതാണതാണ്. എന്നാൽ, ഇതിന്നെതിരിൽ, റഷ്യൻ മാർഷലിൻെറ വേഷവിധാനങ്ങൾ മികച്ചതത്രെ. ഇതു പത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ചിത്രങ്ങളിൽ നിന്നുതന്നെ നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളു. വളരെ വിലപിടിച്ചതും തിളങ്ങുന്നതുമായ മെഡലുകളോടുകൂടിയ മികച്ച യൂനിഫോം അവർക്ക് ലഭിക്കുന്നു.

അറുപതിനായിരം ഉറുപ്പികയിലേറെ വില വരുന്ന ഒരൊററ മെഡൽ തന്നെയുണ്ടാകും. ഈ ഒരേ ഒരു വസ്തുതയിൽനിന്നുതന്നെ സമഭാവനയെകുറിച്ചുള്ള റഷ്യൻ ആശയത്തിൻെറ അടിസ്ഥാനയാഥാർത്ഥ്യം സ്പഷ്ടമാകും.

സമത്വത്തെ സംബന്ധിച്ച റഷ്യൻ ആശയത്തിൻെറ വില മറെറാരു സംഭവത്തിൽനിന്നും മനസ്സിലാക്കാൻ കഴിയും. വിൻസ്ററൺ ചർച്ചിൽ മോസ്ക്കോ സന്ദർശിച്ചപ്പോൾ അദ്ദേഹത്തിൻെറ ബഹുമാനാർത്ഥം സ്ററാലിൻ ഒരു ബാൻക്വററ് ഏർപ്പെടുത്തി. ചർച്ചിൽ ഇംഗ്ലണ്ടിൽ മടങ്ങിയെത്തിയപ്പോൾ ഒരു ചടങ്ങിൽ സംസാരിക്കവെ തൊഴിലാളിവർഗ ഗവൺമെണ്ട് ഭരിക്കുന്ന ഒരു രാജ്യത്ത്വച്ച തനിയ്ക്ക് നൽകിയ വിരുന്നിൽ ഒരുക്കിയ ആഹാരവിഭവങ്ങൾ തൻെറ മുതലാളിത്തരാജ്യത്തിനു നൽകാൻ കഴിഞ്ഞെങ്കിൽ എന്നു താൻ ആഗ്രഹിക്കുന്നതായി അദ്ദേഹം പറഞ്ഞു! മോസ്കോവിൽ സമത്വം യഥാർത്ഥത്തിൽ പ്രാവർത്തികമാക്കീട്ടുണ്ടെങ്കിൽ നാം മനസ്സിലാക്കേണ്ടത്, വെൻഡൽവിൽക്കിക്ക് വമ്പിച്ച ഔദ്യോഗികവിരുന്നു നൽകിയ ദിവസം ഏററവും എളിയ റഷ്യയ്ക്കാരന്നും അറുപതു കോർസ് ഡിന്നർ—ആ സ്റെറയിററ് ബാങ്കററിൽ പങ്കെടുത്തവർക്കെല്ലാം നൽകപ്പെട്ട അതേ വിഭവങ്ങൾ—വിളമ്പിയിരുന്നു എന്നാണോ? അല്ലെങ്കിൽ, മനുഷ്യസമൂഹത്തിൽ അനുഭവപ്പെടുന്ന അസമത്വത്തിൻെറ വികൃതഭാവങ്ങൾക്ക് റഷ്യയിൽ ലോകത്തിൻെറ മററു ഭാഗങ്ങളിലെന്ന പോലെ മാററം വന്നിട്ടില്ലെന്നല്ലേ വ്യക്തമാകുന്നത്? റഷ്യയുടെ മഹത്വവും വലിമത്തവും വിൻസ്ററൺ ചർച്ചിലിൽ വലിയ മതിപ്പ് സൃഷ്ടിക്കണമെന്നതായിരുന്നു അത്യുഗ്രൻ സ്റേററ് വിരുന്നിൻെറ പിന്നിലുണ്ടായിരുന്ന ചേതോവികാരമെന്നതു പ്രത്യക്ഷമായിരുന്നു. സാമൂഹ്യപരിഷ്കർത്താക്കൾക്ക് നീക്കം

ചെയ്യാൻ എവിടെയും എത്രയും പ്രയാസപൂർണ്ണമായി അനുഭവപ്പെട്ടുപോന്ന അസമത്വങ്ങളുടെയും അനീതികളുടെയും അടിവേരുകളായി വർത്തിക്കുന്നതു ഈ ചേതോവികാരങ്ങളാണ്താനും! സമത്വാശയത്തിൻെറ പൊരുളം റഷ്യയിൽ അനിവാര്യമായും അനുക്രമമായ പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണെന്നും പാർട്ടിസ്വാധീനത്തിൻെറ അടിത്തറയിൽ നിലകൊള്ളുന്ന ഒരു പുതിയ സവിശേഷാവകാശിവർഗ്ഗം (Privileged Class) അവിടെ രൂപമെടുത്തുവരികയാണെന്നും ഈ സംഭവം ചൂണ്ടിക്കാട്ടുന്നു. ബാഹ്യരൂപം മാത്രമെ മാറിയിട്ടുള്ളു എന്നും വസ്തുതകളുടെ വികൃതരൂപം പഴയനിലയിൽ അതേപടി നിലകൊള്ളുന്നു എന്നും ആണ് ഇതെല്ലാം മനസ്സിലാക്കിത്തരുന്നത്.

## ഉദ്യോഗസ്ഥ സമ്പന്നവർഗം.

ഈ പ്രഭാഷണത്തിൻെറ പുനഃശോധനഘട്ടത്തിൽ റഷ്യയെ സംബന്ധിക്കുന്ന ശ്രദ്ധേയമായ ഒരു വാർത്ത എനിയ്ക്ക് കാണാനിടയായി. ഈ വിഷയത്തിലേയ്ക്ക് അതു വേണ്ടുവോളം വെളിച്ചം വീശുന്നതുകൊണ്ട് ഞാനിവിടെ അതുദ്ധരിക്കാം. ആസ്ത്രേലിയയിലെ സുപ്രസിദ്ധപത്രമായ 'സൺ' (Sun) അതിൻെറ കാൻബറാ ലേഖകനിൽനിന്നുള്ള ഒരു വാർത്ത പ്രസിദ്ധപ്പെടുത്തുകയുണ്ടായി. റഷ്യയിലെ ആസ്ത്രേലിയൻ മിനിസ്ററർ (തന്ത്രപ്രതിനിധി) അദ്ദേഹം ആസ്ത്രേലിയായിൽ ഒരു അവധിവേളയിൽ പാർളിമെൻററി സെൻസർപാർട്ടി മുമ്പാകെ നൽകിയ ഒരു സ്റേററ്മെൻറാണ് പത്രത്തിൽ അച്ചടിച്ചു വന്നിരുന്നത്. അതിൽ പറയുന്നു:

1. പാർട്ടിയിൽ വലിയ സ്വാധീനം പുലർത്തുന്നവരോ സാങ്കേതിക വിദഗ്ദ്ധരെന്നു കരുതപ്പെടുന്ന

വരോ ആയവർക്ക്, സാധാരണക്കാരെ അപേക്ഷിച്ച് കൂടുതൽ മെച്ചപ്പെട്ട പെരുമാററം ഔദ്യോഗികതലത്തിൽ നിന്ന് ലഭിക്കുന്നു എന്നതിനാൽ, റഷ്യയിൽ ഒരു പുതിയസമ്പന്നവർഗ്ഗം ഉടലെടുത്തുവരികയാണ്.

2. റസ്റ്റോറണ്ടുകളിൽ അഞ്ചു ഗ്രേഡുകളാക്കിത്തിരിച്ചാണ് ആഹാരം വിളമ്പുന്നത്. പാർട്ടി സ്വാധീനമനുസരിച്ച്, അഥവാ, ഒരാളുടെ ജോലി സ്വഭാവമനുസരിച്ച് ഇതിനുള്ള വിവിധതരം കൂപ്പണുകൾ ലഭിക്കും.

3. ഈ വ്യവസ്ഥയുടെ അനന്തരഫലമെന്നോണം വ്യക്തികൾ തമ്മിലുള്ള അന്തരം സാറിസ്റ്റ് റഷ്യയിലെന്നപോലെതന്നെ വേദനാജനകമായ നിലയിൽ ഇന്നും തുടർന്നു പോരുന്നു.

4. മററു രാജ്യങ്ങളിൽ കരിഞ്ചന്ത നടത്തുന്നതു സമൂഹത്തിലെ ഏററവും തരംതാണ ഒരു വിഭാഗമാണെങ്കിൽ, റഷ്യയിൽ അതു നടത്തുന്നത് അധികൃതൻമാർ തന്നെയാണ്.

5. ഇതിൻെറ അർത്ഥം, പ്രമുഖൻമാർക്ക് എന്തും യഥേഷ്ടം ലഭിക്കുമ്പോൾ, സാധാരണതൊളിലാളികൾക്ക് പല ആവശ്യങ്ങളും നിർവ്വഹിക്കാൻ സാധ്യമാകുന്നില്ല എന്നാണ്.

6. ഈ വാർത്ത ആസ്ത്രേല്യയിൽ പ്രസിദ്ധപ്പെടുത്തിയതു കാരണം, സോവ്യററ് റഷ്യയുമായുള്ള ആസ്ത്രേലിയയുടെ തന്ത്രബന്ധം അപകടത്തിലാകുമെന്നതുകൊണ്ട് ആസ്ത്രേലിയൻ മിനിസ്ററർ പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയതിൽ ദുഃഖം പ്രകടിപ്പിച്ചിട്ടുണ്ട്.

ഈ റിപ്പോർട്ട് ഒരിക്കലും നിഷേധിക്കപ്പെട്ടിട്ടില്ല എന്നതിനാൽ തികച്ചും വസ്തുതകളിൽ അധിഷ്ഠിതമാണെന്നു വ്യക്തമാകുന്നു.

റഷ്യയുടെ ഭാവിയെപ്പററി ഈ പ്രഭാഷണത്തിനിടയിൽ ഞാൻ വിലയിരുത്തിയതിനെ റിപ്പോർട്ട് സ്ഥിരീകരിക്കുന്നു. കഴിവിലും ബുദ്ധിശക്തിയിലും വ്യക്തികളിലുള്ള പ്രത്യേകതകളെ ഒരിക്കലും അവഗണിക്കാനാവില്ലെന്നതിനാൽ, ഒരു പ്രത്യേകതരം സമ്പന്നരുടെ ഗണം റഷ്യയിൽ രംഗപ്രവേശം ചെയ്യാനിടയുണ്ടെന്ന് എൻെറ പ്രഭാഷണത്തിൽ ഞാൻ നേരത്തെ അഭിപ്രായപ്പെട്ടിരുന്നു. ഈ സവിശേഷാവകാശഗണത്തെ(Privileged class) യഥാസ്ഥാനത്ത് പിടിച്ചുനിറുത്തുന്നതിന്നു ഇസ്ലാമികവ്യവസ്ഥയിൽ നിർദേശിക്കപ്പെട്ടിട്ടുള്ള തടവുകളും തടസ്സങ്ങളുമൊന്നും കമ്മ്യൂണിസ്ററ്വ്യവസ്ഥിതിയിൽ ഇല്ലാത്തതിനാൽ, ഈ വിഭാഗം കമ്മ്യൂണിസ്ററ് ഗവർമ്മെണ്ടിനെ പഴയ തത്വങ്ങളിലേയ്ക്കും രീതികളിലേയ്ക്കും പിന്നോക്കം പിടിച്ചു വലിക്കാൻ സാദ്ധ്യതയുണ്ടായിരുന്നു. ഈ രക്തവിപ്ലവത്തിൻെറ ഒടുപുലർച്ച, റഷ്യക്കാർ മേലിൽ ലോകത്ത് പ്രത്യേകാവകാശമുള്ളവരായി വേർതിരിക്കപ്പെടുന്ന ഒരു പദവി ആർജ്ജിച്ചെടുക്കുമെന്നതല്ലാതെ മററൊന്നുമായിരിക്കില്ല. ഭരണവർഗ്ഗത്തിൻെറ അസൂയാർഹമായ അല്ല, അതിനിന്ദ്യമായ നിലവാരമനുസരിച്ചു ജീവിതത്തിലെ എല്ലാ നല്ല വസ്തുക്കളുടെയും ഉപഭോഗത്തിൽ അവർക്ക് പങ്കാളിത്തം നേടാനാകും. തൊഴിലാളിവർഗ്ഗത്തിൻെറ അഥവാ സാമാന്യജനത്തിൻെറ ഭരണം(Rule of Proletariat) ലോകത്തെങ്ങുംതന്നെ സാവധാനത്തിൽ യാഥാർത്ഥ്യത്തിൻെറ ലോകത്തിൽനിന്നും പുറകോട്ടു മാറി ഒരിക്കലും പൂർത്തിയാകാത്ത സ്വപ്നമായി മാഞ്ഞുപോകയും ചെയ്യും! എന്തെന്നാൽ, കമ്മ്യൂണിസം സാർവ്വത്രികമായ സമസൃഷ്ടിസ്നേഹത്തിൻെറയും സഹാനുഭൂതിയുടെയും അടിസ്ഥാനത്തിൽ ഉറ

പ്പിക്കപ്പെട്ടതല്ല. മറിച്ച്, സാറിസ്ററ് ഭരണത്തോടുള്ള പ്രതികാരബുദ്ധിയിൽനിന്നും ഉടലെടുത്തതും സോവ്യററ് റഷ്യയെ പ്രകീർത്തിക്കാനുള്ളതുമായ ഒരു പ്രസ്ഥാനം മാത്രമാകുന്നു.

റഷ്യയിലെ ഒരു സാധാരണ പട്ടാളക്കാരൻെറ ജീവിതനിലവാരത്തെപ്പററി ചിലതുകൂടി ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഒരിക്കൽ 'ബെൻസോയിൻ' (Benzoin) കയററിയ വാഗണുകളുമായി ഈററാൻ അതിർത്തിയിലൂടെ കടന്നുപോകുകയായിരുന്ന തീവണ്ടിയിലെ ഒരു ഡ്രമ്മിൽനിന്ന് 'ബെൻസോയിൻ' ദ്രാവകം ചോർന്നൊലിക്കുന്നതു കണ്ട ഏതാനും റഷ്യൻ പട്ടാളക്കാർ അത് റമ്മോ, ബീറോ ആണെന്ന് കരുതി തങ്ങളുടെ കോപ്പകളിൽ കോരി നിറക്കുകയുണ്ടായത്രെ. ഒരായിരത്തോളം വരുന്ന റഷ്യൻ സൈനികർ ഈ ബെൻസോയിൻ ദ്രാവകം കുടിച്ച് ഉല്ലസിച്ചു. തുടർന്ന് ഡസൻ കണക്കിൽ പട്ടാളക്കാർ മരണപ്പെടുകയും നൂറുകണക്കിൽ പേർ രോഗഗ്രസ്തരായി ആശുപത്രിയെ ശരണം പ്രാപിക്കുകയും ചെയ്തു. റഷ്യൻ പട്ടാളക്കാരുടെ അച്ചടക്കത്തെയും ഉത്തരവാദിത്തബോധത്തെയും സംബന്ധിച്ച ഒരു ചിത്രം ഇത് നൽകുന്നുണ്ടെങ്കിലും അതോടൊപ്പം റഷ്യയിലെ താഴ്ന്ന വർഗ്ഗങ്ങളുടെ ജീവിതനിലവാരത്തിൻെറ അപകടപൂർണ്ണമായ ഒരു ചിത്രീകരണവുമാണിത്. ബെൻസോയിൻ ദ്രാവകം റമ്മോ, ബീറോ ആയി തെററിദ്ധരിക്കുന്നതെങ്ങനെയെന്ന് മനസ്സിലാക്കാൻ വിഷമമാണെങ്കിലും റഷ്യക്കാരിൽ ഇത്തരമാളുകൾ ഇപ്പോഴും ഉണ്ടെന്ന യാഥാർത്ഥ്യത്തോടൊപ്പം, കമ്യൂണിസം റഷ്യയിലെ ജനജീവിതത്തിൽ അനുഗ്രഹകരമായ ഒരു വലിയ മാററം ഉണ്ടാക്കിയിട്ടുണ്ടെന്ന സോവ്യററ് റഷ്യയുടെ അവകാശവാദം എത്രത്തോളം ശരിയാകുന്നുണ്ടെന്നും ഇത് നമ്മെ ചിന്തിപ്പിക്കുന്നു.

## സ്ഥിതിസമത്വം വ്യവസായത്തിൽ

വ്യവസായത്തെ സംബന്ധിച്ചിടത്തോളം നിരവധി പ്രശ്നങ്ങൾ പൊന്തിവരുന്നു. വ്യത്യസ്ത വ്യവസായങ്ങളിലെ തൊഴിലുകൾ ഒരേ തോതിലുള്ള ബുദ്ധിവൈഭവവും സാങ്കേതികപാടവവും മററും ആവശ്യപ്പെടുമാറ് തുല്യരൂപത്തിലുള്ളതാണോ? അങ്ങിനെയാകാൻ ഒരിക്കലും തരമില്ലെന്നത് പ്രത്യക്ഷമാണ്. ഒരു കൽക്കരിഖനിത്തൊഴിലാളിക്ക് ഒരു തയ്യൽ തൊഴിലാളിയിൽനിന്ന് തികച്ചും ഭിന്നമായ വേലയാണ് ചെയ്യേണ്ടതുള്ളത്. ഒരു ടെയിലറുടെ വ്യാപാരസ്ഥാപനത്തിന് ആവശ്യമായിട്ടുള്ളതല്ല ഒരു പൊൻപണിക്കാരന്ന് സ്വർണ്ണക്കട തുറക്കാനായി ഒരുക്കേണ്ട കാര്യങ്ങൾ. ഇത്തരം പ്രശ്നങ്ങളിൽ കമ്യൂണിസം പരിഹാരം കാണുന്നതെങ്ങനെയാവും? വിവിധങ്ങളായ വ്യാപാരവ്യവസായസ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിന് വ്യത്യസ്തരായ ആളുകൾക്ക് സർക്കാർ മൂലധനം ഇറക്കിക്കൊടുക്കുമോ? രാജ്യത്തെ മുഴുവൻ വ്യാപാരവും സർക്കാറിൻെറ അധീനത്തിലായിരിക്കുമോ? തൻെറ ജോലിയിൽ അതീവ സമർത്ഥനായ ഒരു ഡോക്ടറോ, വക്കീലോ വസൂലാക്കുന്ന ഫീസ്തന്നെ അസമർത്ഥനായ വക്കീലും ഡോക്ടറും വാങ്ങുന്നത് അനുവദനീയമായിരിക്കുമോ? കഴിവിന്നനുസരിച്ചു ഫീസ് വാങ്ങുമെന്നാണെങ്കിൽ ഇവിടെ പ്രാവർത്തികമാക്കുന്നതായി അവകാശപ്പെടുന്ന സ്ഥിതിസമത്വത്തിന്ന് എന്തുപററും? കഴിവില്ലാത്ത ഒരു ഡോക്ടർക്കുള്ള അത്രതന്നെയല്ലാതെ മികച്ച ഒരു ഡോക്ടർക്കും ഫീസ് വാങ്ങാൻ അവകാശമുണ്ടായിരിക്കില്ലെന്നാണെങ്കിൽ തൻെറ തൊഴിലിൽ അതീവസാമർത്ഥ്യം പ്രകടിപ്പിക്കുന്ന ഒരു മികച്ച ഡോക്ടരുടെ സേവനം ആവശ്യപ്പെട്ടു എല്ലാവരും അയാളുടെ അടുക്കൽ തിക്കിത്തിരക്കിച്ചെല്ലുകയില്ലേ? എല്ലാവരേ

യും സേവിക്കാൻ അയാളോടാവശ്യപ്പെടുമ്പോഠം അത്ത രത്തിൽ പ്രവർത്തിക്കേണ്ടിവരുന്ന ഒരു പാവപ്പെട്ട ഡോക്ടർക്കോ, വക്കീലിന്നോ ഈ എണ്ണമററ ആവശ്യ ക്കാരുടെ പ്രശ്നങ്ങഠം പരിഹരിച്ചുകൊടുക്കാൻ സമ യവും കഴിവും ലഭിക്കുന്നതെങ്ങനെ ? എല്ലാവർക്കും സമത്വം എന്ന കമ്യൂണിസ്ററ് തത്വം നടപ്പാക്കിത്തു ടങ്ങുന്നതോടെ ഇത്തരം നൂറുനൂറ് ചോദ്യങ്ങഠം നാലു ഭാഗത്തുനിന്നും ഉതിർക്കപ്പെടും. ഈ പ്രശ്നങ്ങഠം റഷ്യയിൽ എങ്ങനെയാണ് പരിഹരിക്കപ്പെടുന്നതെന്ന് നമുക്കറിയില്ല. ഈ പ്രശ്നങ്ങഠം സ്ഥിതിസമത്വ ത്തിൻെറ അടിസ്ഥാനത്തിൽ പരിഹരിക്കപ്പെട്ടതായി കമ്യൂണിസ്ററുകാർ തെളിയിച്ചുകാട്ടുന്നതുവരെ അവ രുടെ അവകാശവാദങ്ങഠം പൊള്ളയായിത്തന്നെയി രിക്കും.

മതധർമ്മത്തിന്ന് അർഹമായ സ്ഥാനം നൽകുന്ന ഒരു സാമ്പത്തികവ്യവസ്ഥമാത്രമാണ് ശരിയായ സാ മ്പത്തികവ്യവസ്ഥ എന്നു ബുദ്ധിമാനായ ഏതൊരാ ളും സമ്മതിക്കുമെന്നാണ് ഈ എല്ലാ പ്രശ്നങ്ങളും സ മഗ്രമായി പരിശോധിച്ചശേഷം എനിയ്ക്ക് മനസ്സി ലാക്കാൻ കഴിഞ്ഞത്. കുറഞ്ഞ കാലത്തെ മുന്നിൽ ക ണ്ടുകൊണ്ടുള്ള സാമ്പത്തികനേട്ടങ്ങഠംക്ക് വേണ്ടി ദീർഘ കാലാടിസ്ഥാനത്തിലുള്ള സാമ്പത്തിക സംവിധാനങ്ങ ളെ ബലികഴിക്കാവുന്നതല്ലല്ലോ. ഓരോ വ്യക്തിയുടെ യും ആവശ്യങ്ങഠം പരിഹരിക്കപ്പെടുന്ന സാഹചര്യങ്ങ ളും സഹായോപാധികളും ഒരുക്കപ്പെടുന്നതോടൊപ്പം ഒ രതിർത്തിയോളം വ്യക്തിവികാസത്തിന്നുള്ള വഴികഠം തുറന്നിടപ്പെടുകയും, ആരോഗ്യപ്രദമായ മൽസരംഗം അതിൻെറ ഗുണഫലം പൂർണ്ണമായും അനുഭവപ്പെടുക യും ദോഷബാധകഠം അകന്നുപോകയും ചെയ്യുമാറ് ഉ റപ്പ് വരുത്തപ്പെടുകയും ചെയ്യുന്ന സാമ്പത്തിക-വ്യവ സ്ഥിതി മാത്രമാണ് മനുഷ്യസമുദായത്തിന്ന് യഥാർത്ഥത്തിൽ ഗുണകരമായിരിക്കുക.

ദീർഘകാലത്തെ ഭീകരമർദ്ദനങ്ങളുടെയും ദുർഭരണത്തിന്റെയു അക്രമങ്ങളുടെയും തിരിച്ചടിയാണ് കമ്യൂണിസം. അത്തരം മർദ്ദകഭരണങ്ങൾ നിലനിന്നേടങ്ങളിലാണ് കമ്യൂണിസം വിജയിച്ചിട്ടുള്ളതും. അമേരിക്കയിലും ഇംഗ്ലണ്ടിലും മററും അതു വിജയിച്ചില്ല. ദേശീയബോധം ശക്തിപെട്ടേടങ്ങളിലും സോഷ്യലിസ്ററ് ചിന്താഗതികൾ വളർന്നിട്ടുള്ളേടങ്ങളിലും കമ്യൂണിസം വേർപിടിക്കുകയേ ഇല്ല. കുറച്ചുമുമ്പ് ഒരമേരിക്കൻ പത്രം തൊഴിലാളികളുടെ മുമ്പിൽ ശ്രദ്ധേയമായ ഒരു ചോദ്യം ഉന്നയിക്കുകയുണ്ടായി. നിങ്ങൾ മുതലാളിവർഗ്ഗത്തിലോ ഇടത്തരക്കാരുടെ കൂട്ടത്തിലോ അതല്ല, ദരിദ്രവിഭാഗത്തിലോ ഏതിൽപെട്ടവരായിട്ടാണ് സ്വയം കരുതുന്നത്? ഭൂരിപക്ഷം തൊഴിലാളികളും മറുപടി നൽകിയത് തങ്ങൾ ഇത്തരക്കാരുടെ കൂട്ടത്തിൽ (middle class) ഉൾപ്പെടുന്നതായിട്ടാണ് കരുതുന്നതു എന്നായിരുന്നു. അമേരിക്കയിൽ തൊഴിലാളികൾ തങ്ങൾ പാവപ്പെട്ടവരും, നിസ്സഹായരുമാണെന്ന് കരുതുന്നില്ലെന്നും സാഹചര്യത്തിന്റെ കാരുണ്യത്തിന്നു വിധേയരും മുതലാളിമാരുടെ ചാപല്യങ്ങൾക്കു ഇരയായിട്ടുള്ളവരും ആയി അവർക്കനുഭവപ്പെട്ടിട്ടില്ലെന്നും ആണ് ഇതു വ്യക്തമാക്കുന്നത്. ഇംഗ്ലണ്ടിലേക്കാളേറെ അമേരിക്കയിൽ കമ്യൂണിസം പരാജയപ്പെടാൻ കാരണമെന്തെന്ന് ഈ മനോഭാവം വെളിപ്പെടുത്തിത്തരുന്നു. അമേരിക്കയിൽ സമ്പത്തിന്റെ പെരുപ്പം നിമിത്തം തൊഴിലാളിവർഗ്ഗത്തിന്ന് ഒരു ഞെരുക്കവും അനുഭവപ്പെടുന്നില്ല. അക്കാരണത്താൽ അവർ സ്വാതന്ത്ര്യബോധവും, ആത്മാഭിമാനവും, ആത്മവിശ്വാസവും വളർത്തിയെടുത്തിരിക്കുന്നു. ആകയാൽ, സ്വാഭാവികമായും തങ്ങൾക്ക് ശരിയായ ഭക്ഷണവും വസ്ത്രവും ഉറപ്പുവരുത്തുന്നതിന്ന് എന്തെങ്കിലും ഭരണ

പരമായ പ്രത്യേകസംവിധാനം ആവശ്യമാണെന്നു മററു രാജ്യങ്ങളിലെ മർദ്ദിതവിഭാഗങ്ങളെപ്പോലെ അവർ കരുതുന്നില്ല.

## ദുർബലവിഭാഗത്തെ ഉദ്ധരിക്കണം

ചുരുക്കത്തിൽ സാമ്പത്തിക പ്രശ്നങ്ങൾക്കുള്ള യഥാർത്ഥപരിഹാരം ഇതാണ്:

1. ഇസ്ലാമിക പാഠങ്ങൾക്കനുസരിച്ചവിധം പാവങ്ങളുടെ–ദുർബ്ബലവിഭാഗത്തിൻെറ–അവകാശങ്ങൾക്ക് സംരക്ഷണം ഉറപ്പുവരുത്തുക.
2. അവരുടെ പ്രത്യാശകൾക്കും ലക്ഷ്യങ്ങൾക്കും സമർഹമായ പരിഗണന നൽകുകയും പ്രായോഗിക പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്ക.

ജർമനിയും ഇററലിയും തങ്ങളുടെ ജനങ്ങളുടെ മനോവീര്യം ഉയർത്തുന്നതിന്നു ആദ്യമായി സ്വീകരിച്ച നടപടികൾ ഇതായിരുന്നുവെന്നു ഓർക്കേണ്ടതാണ്. ഇതിൻെറ ഫലമായി തങ്ങൾ ആർക്കും കീഴടങ്ങാത്തവരും ജയശാലികളുമാണെന്ന ബോധം അവരിൽ വളർന്നു. പുരോഗതിയ്ക്ക് മനോവീര്യവും പ്രത്യാശയും വളർത്തേണ്ടതു അനുപേക്ഷണീയമത്രെ. മനോവീര്യം നശിച്ച ഒരു ജനതയിൽ പ്രത്യാശയും പ്രതീക്ഷകളും അസ്തമിച്ചുപോകും. അവിടെ വികാരങ്ങളും ആവേശങ്ങളും മരവിച്ചുപോകും. സാധാരണക്കാരൻെറ ക്ഷേമതാൽപര്യങ്ങളുടെനേരെ മേലെക്കിടയിലുള്ളവർ കണ്ണടക്കാൻ തുടങ്ങുന്നേടത്ത് ഒരു ജനതയുടെ മരണമണി മുഴങ്ങികേൾക്കാം!

സമ്പന്നവർഗ്ഗം കാലാനുസൃതമായ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ കണ്ടറിഞ്ഞു ദുർബ്ബലവിഭാഗങ്ങ

ളോടുള്ള തങ്ങളുടെ ബാദ്ധ്യതകഠം നിറവേററാൻ ബദ്ധപ്പെടേണ്ടിയിരിക്കുന്നു. ധനികവർഗ്ഗം പാവങ്ങളോടു കാണിക്കുന്ന ഭീകരതകളുടെ ദുരന്താനുഭവങ്ങഠം ഇല്ലായ്മ ചെയ്യാൻ പ്രകൃതി ഒരു രാജ്യത്തിന്ന് നൽകുന്ന ശിക്ഷയാണ് കമ്യൂണിസത്തിന്റെ വളർച്ച എന്നാണ് ഞാൻ കരുതുന്നത്. ഇന്ത്യയെ സംബന്ധിച്ചേടത്തോളം പരിഷ്കരണത്തിനു വേണ്ടത്ര സമയമുണ്ട്. കഴിഞ്ഞകാലത്തെ അതിക്രമങ്ങഠംക്ക് പ്രായശ്ചിത്തം ചെയ്യാനും അവസരമുണ്ട്. നിർഭാഗ്യരായ തങ്ങളുടെ സഹോദരങ്ങളോടുള്ള കടമ നിർവ്വഹിക്കാനും നീതി പുലർത്താനും ധനികവർഗ്ഗം തയ്യാറാകുന്നില്ലെങ്കിൽ സർവ്വശക്തനായ ദൈവം സമ്പത്ത് അവരുടെ പക്കൽ നിന്ന് പറിച്ചെടുക്കും. പശ്ചാത്താപവും അതോടൊപ്പം നീതിപൂർവ്വമായ നടപടികളും തങ്ങളുടെ തലയ്ക്കുമീതെ അടിഞ്ഞുകൂടുന്ന ആപത്തുകളുടെ കൊടുങ്കാററുകഠംക്കിടയിൽ അവയുടെ ഗതിമാററാൻ ഒരു ചുഴലി പോലെ രക്ഷയ്ക്കായെത്തും. ദൈവം കല്പിച്ചതിൻവണ്ണം അവർ തങ്ങളുടെ സമ്പത്തിന്റെ ഒരംശം ദുർബ്ബലവിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി സ്വമനസ്സാലെ കൈവിടാൻ ഒരുങ്ങട്ടെ! അഥവാ, അവർക്ക് തങ്ങളുടെ ലാഭത്തിൽമാത്രം കണ്ണുവെച്ചു ദുർവ്വാശിയിൽ പററിപ്പിടിച്ചു ചൂഷണം തുടരാം. മർദ്ദനം അതിന്റെ സ്വാഭാവികമായ ഉഗ്രൻ തിരിച്ചടികളെ മാടിവിളിക്കുകയും നിരാശയിൽ വിവേകം നശിച്ച ബഹുജനം നിയമം കയ്യിലെടുത്തു കളിക്കാൻ തുടങ്ങുകയും ചെയ്യുന്നതുവരെ!

# സോവ്യററ് റഷ്യയെപ്പററി പ്രവചനം

എല്ലാററിലുമൊടുവിലായി, കമ്മ്യൂണിസത്തിന്റെ മുന്നേററത്തെയും റഷ്യൻ സമ്പദ്ഘടന ഉയർത്തുന്ന പ്രയത്നങ്ങളെയുംപററി ഇത്രയും പ്രതിപാദിച്ച ശേഷം, റഷ്യയെപററി, സോവ്യററ് റഷ്യയെന്ന പേരിൽ ഇന്നറിയപ്പെടുന്ന പ്രദേശങ്ങരം ഹിമാവൃതമായ മരുഭൂമികളായിക്കിടന്ന കാലത്ത് ചെയ്യപ്പെട്ട അമ്പരപ്പിക്കുന്ന ഒരു പ്രവചനത്തിലേയ്ക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ തിരിക്കട്ടെ.

നാം ഇന്നറിയുന്ന റഷ്യ പ്രാധാന്യത്തിലേയ്ക്കു കടന്നുവന്നിട്ടു മൂന്നോ നാലോ നൂററാണ്ടുകളേ ആയിട്ടുള്ളു. അതിനുമുമ്പ്, അങ്ങിങ്ങായി മാത്രം വളരെ കുറഞ്ഞ ജനങ്ങരം ചിതറിത്താമസിച്ച പ്രദേശമായിരുന്നു. ചെറുചെറു ഖണ്ഡങ്ങരം വിവിധ ഗോത്രവർഗ്ഗങ്ങരം അധീനപ്പെടുത്തി അവിടെ അവർ വസിച്ചുപോന്നു. ഇപ്പോരം നാം റഷ്യ എന്നു വിളിക്കുന്ന പ്രദേശങ്ങരം യാതൊരു പ്രാധാന്യവുമില്ലാതെ തരിശായി കിടന്നിരുന്നു. ഒരായിരം കൊല്ലം മുമ്പ് അതറിയപ്പെടുകയേ ചെയ്തിട്ടില്ല. അതിനു മുമ്പാണെങ്കിൽ ചരിത്രത്തിന്റെ യാതൊരടയാളവും ഇല്ലായിരുന്നു. ഒററതററയായി ഭൂമിശാസ്ത്രജ്ഞർ അവിടെയും ഇവിടെയുമായി ഭൂഭാഗങ്ങരം ഉണ്ടായിരുന്നതായി ധാരണ പുലർത്തിയിരുന്നു എന്നു പറയാൻ ഇത്തരമൊരു സാഹചര്യത്തിൽ ഹെസക്കിയേൽ പ്രവാചകൻചെയ്തിട്ടുള്ള അമ്പരപ്പിക്കുന്ന ഒരു പ്രവചനം ബൈബിരം പഴയനിയമത്തിൽ ഇന്നും രേഖപ്പെട്ടു കിടക്കുന്നു.

ബൈബിളിൽ ഹെസക്കേൽ 38_ാം അദ്ധ്യായത്തിൽ പറയുന്നു:

''പിന്നെയും കർത്താവിൻെറ വചനം എനിക്ക് ഉണ്ടായി പറഞ്ഞതെന്തന്നാൽ: മനുഷ്യൻെറ പുത്രാ,മെശക്കിൻെറയും[1] തൂബാലിൻെറയും[2] പ്രധാനപ്രഭുവായി മാഗോഗിൻെറ ദേശത്തുള്ള ഗോഗിന്നു നേരെ നീ നിൻെറ മുഖത്തെവച്ചു, അവനു വിരോധമായിട്ടു ദീർഘദർശനം പറഞ്ഞു. ചൊല്ലുക: ദൈവമായ കർത്താവ് ഇപ്രകാരം പറയുന്നു: ഇതാ മെശക്കിൻെറയും തൂബാലിൻെറയും പ്രധാന പ്രഭുവായ ഗോഗേ, ഞാൻ നിനയ്ക്ക് വിരോധമായിരിക്കുന്നു. ഞാൻ നിന്നെ പിന്തിരിപ്പിച്ച്, നിൻെറ താടിയെല്ലുകളിൽ കൊളുത്തുകളെ ഇട്ടു, നിന്നെയും നിൻെറ എല്ലാ സൈന്യത്തെയും കുതിരകളെയും സകലവിധ ആയുധങ്ങളെയും ധരിച്ചിരിക്കുന്ന എല്ലാ കുതിരക്കാരെയും വാളിനെ പിടിച്ചിരിന്നവരായി പരിചകളും ഖേടങ്ങളും ഉള്ള എല്ലാ വലികൂട്ടത്തെയും പുറപ്പെടുമാറാക്കം, അവരോടുകൂടെ പാർസിയായും,[3] എത്തിയോപ്പിയായും[4] ലിബിയായും അവർ എല്ലാവരും പരിചയും പടത്തൊപ്പിയുമുള്ളവർ. ഗോമെറും അവൻെറ സകല സൈന്യകൂട്ടങ്ങളും, വടക്ക് ഭാഗങ്ങളിൽ ഉള്ള തൊഗർമായുടെ ഭവനക്കാരും അവൻെറ സകല സൈന്യകൂട്ടങ്ങളും വളരെ ജനങ്ങളും നിന്നോടുകൂടെ ഉണ്ടാകും. നീ ഒരുങ്ങപ്പെടുക. നീയും നിൻെറ അടുക്കൽ കൂടിയിരിക്കുന്ന നിൻെറ എല്ലാ കൂട്ടവും നിനക്ക് ഒരുക്കിക്കൊള്ളുക. നീ അവർക്ക് കാവൽക്കാരനായിരിക്ക. ഏറിയ ദിവസങ്ങളുടെ ശേഷം നീ ദർശിക്കപ്പെടും, വാളിൽനിന്ന് തിരികെ വരുത്തപ്പെട്ടതും ഏറിയ ജനങ്ങളിൽനിന്ന് ചേർത്തുകൊള്ള

1) മോസ്കോ (Moscow) 2) ടോബോംസ്ക് (Tobolsk)
3) പേർഷ്യ (Iran) 4) എത്തിയോപ്യ (Ethiopia)

പ്പെട്ടതുമായ ദേശത്തിലേയ്ക്ക് നീ ഒടുക്കത്തെ വർഷങ്ങളിൽ വരും. എല്ലായ്പോഴും ശൂന്യമായി കിടന്നിരുന്ന ഇസ്രയേലിന്റെ പർവ്വതങ്ങൾക്ക് വിരോധമായിട്ടുതന്നെ. എന്നാൽ, അതു ജാതികളിൽനിന്ന് കൊണ്ടുവരപ്പെട്ടു, അവർ എല്ലാവരും സൗഖ്യമായി വസിക്കയ്യ. ചെയ്യും. നീ പെരുങ്കാററുപോലെ കരേറിവരും. ദേശത്തെ മറക്കേണ്ടതിന്നു നീ മേഘംപോലെ ഇരിക്കും. നീയും നിന്റെ സകല സൈന്യക്കൂട്ടങ്ങളും നിന്നോടു കൂടെയുള്ള വളരെ ജനങ്ങളുംതന്നേ. ദൈവമായ കർത്താവ് ഇപ്രകാരം പറയുന്നു: ആ സമയത്ത് നിന്റെ ഹൃദയത്തിൽ കാര്യങ്ങൾ വരും. നീ ഒരു ദുർവിചാരത്തെ വിചാരിക്കും. നീ പറയും, മതിലില്ലാത്ത ഗ്രാമങ്ങളുള്ള ദേശത്ത് ഞാൻ ചെല്ലും. അപഹരിക്കേണ്ടതിന്നും കവർച്ച ചെയ്യേണ്ടതിന്നും ശൂന്യമായി കിടന്നു ഇപ്പോൾ കുടിയിരിക്കപ്പെടുന്ന സ്ഥലങ്ങളുടെ മേലും ജാതികളിൽനിന്ന് ചേർക്കപ്പെട്ട കന്നുകാലികളെയും സമ്പത്തിനെയും ശേഖരിച്ച ദേശത്തിന്റെ നടുവിൽ കുടിയിരിക്കുന്ന ജനങ്ങളുടെ മേലും നീ നിന്റെ കൈ തിരിക്കേണ്ടതിനും അവർ എല്ലാവരും മതിലുകൾ കൂടാതെയും സാക്ഷകളും വാതിലുകളും കൂടാതെയും സുഖമായി കുടിയിരിക്കുന്ന സുഖമുള്ളവരുടെ അടുക്കലും ഞാൻ ചെല്ലും. ശേബായും ദേദാനും തർശീശിലെ കച്ചവടക്കാരും അതിന്റെ എല്ലാബാലസിംഹങ്ങളോട് കൂടെ; നിന്നോട് നീ കവർച്ചചെയ്യാൻ വന്നുവോ? എന്നും നീ കൊള്ളയിടുന്നതിന്നും വെള്ളിയെയും പൊന്നിനെയും കൊണ്ടുപോകുന്നതിന്നും കന്നുകാലികളെയും സമ്പത്തിനെയും അപഹരിക്കുന്നതിന്നും ഏററവും കൊള്ളയിടുന്നതിന്നും നിന്റെ കൂട്ടത്തെ കൂട്ടിയോ എന്നും പറയും.

''അതുകൊണ്ട് മനുഷ്യന്റെ പുത്രാ, നീ ദീർഘദർശനം പറഞ്ഞു ഗോഗിനോടു ചൊല്ലുക: ദൈവമായ ക

ത്താവ് ഇപ്രകാരം പറയുന്നു: എന്റെ ജനമായ ഇസ്രയേൽ സൗഖ്യമായി കുടിയിരിക്കുന്ന ആ ദിവസത്തിൽ നീ അതിനെ അറികയില്ലയോ? വിശേഷിച്ചും വടക്ക്ഭാഗങ്ങളിൽ നിന്റെ സ്ഥലത്ത്നിന്നു നീ വരും. നീയും നിന്നോടുകൂടെ വളരെ ജനങ്ങളും അവർ എല്ലാവരും കുതിരപ്പുറത്തു കരേറുന്ന ഒരു വലിയ കൂട്ടവും ഒരു ബലമുള്ള സൈന്യവും തന്നെ. പിന്നെയും ദേശത്തെ മറക്കേണ്ടതിന്നു നീ ഒരു മേഘംപോലെ എന്റെ ജനമായ ഇസ്രയേലിന്ന് വിരോധമായി കരേറിവരും. അതു അവസാന ദിവസങ്ങളിൽ സംഭവിക്കും. ഗോഗേ പുറജാതികളുടെ കണ്ണുകൾക്കു മുമ്പായി നിന്നിൽ ഞാൻ ശുദ്ധീകരിക്കപ്പെടുമ്പോൾ അവർ എന്നെ അറിയേണ്ടതിന്നു ഞാൻ നിന്നെ എന്റെ ദേശത്തിന്നു വിരോധമായി വരുത്തും. ദൈവമായ കർത്താവ് ഇപ്രകാരം പറയുന്നു: ഞാൻ നിന്നെ അവർക്ക് വിരോധമായിട്ടു വരുത്തും എന്നു പണ്ടത്തെ കാലത്തു അനേകം സംവൽസരമായി ദീർഘദർശനം പറഞ്ഞവരായി ഇസ്രായേലിന്റെ ദീർഘദർശിമാരായ എന്റെ ശുശ്രൂഷക്കാരെ കൊണ്ടു ഞാൻ ആ ദിവസങ്ങളിൽ പറഞ്ഞിട്ടുള്ളവൻ നീ ആകുന്നുവോ!

"ഇസ്രായേൽ ദേശത്തിന്നു വിരോധമായിട്ടു ഗോഗ് വരുന്ന ആ സമയത്ത് എന്റെ ക്രോധം എന്റെ മുഖത്ത് കരേറും എന്നു ദൈവമായ കർത്താവു പറയുന്നു. എന്തെന്നാൽ, ആ ദിവസത്തിൽ ഇസ്രായേൽ ദേശത്ത് വലിയ ഇളക്കം ഉണ്ടാകും നിശ്ചയം എന്നു ഞാൻ എന്റെ വൈരാഗ്യത്തിലും എന്റെ കോപാഗ്നിയിലും സംസാരിച്ചു. അതുകൊണ്ട് സമുദ്രത്തിലെ മൽസ്യങ്ങളും ആകാശത്തിലെ പക്ഷികളും കാട്ടുമൃഗങ്ങളും ഭൂമിയിൽ ഇഴയുന്ന സകല ഇഴജാതികളും ഭൂമിയുടെ മുഖത്തുള്ള സകലമനുഷ്യരും എന്റെ സന്നിധാനത്തിങ്കൽ ഇളകും. പർവ്വതങ്ങൾ ഇടിയും. ചരിവായുള്ള സ്ഥലങ്ങളും എല്ലാ മതിലുകളും നിലത്ത് വീഴും. ഞാൻ എന്റെ എല്ലാ

പർവ്വതങ്ങളിലും അവനു വിരോധമായിട്ടു വാളിനെ വരുത്തും എന്നു ദൈവമായ കർത്താവ് പറയുന്നു. ഓരോരുത്തൻെറ വാാം അവനവൻെറ സഹോദരന്നു വിരോധമായിരിക്കും. പിന്നെയും ഞാൻ പകരുന്ന വ്യാധി കൊണ്ടും രക്തംകൊണ്ടും അവനോടു ന്യായം വിധിക്കും. ഞാൻ അവൻെറ മേലും അവൻെറ സൈന്യകൂട്ടങ്ങളുടെ മേലും അവനോടുകൂടെയുള്ള അനേകം ജനങ്ങളുടെ മേലും പ്രളയമായി കവിയുന്ന മഴയെയു. വലിയ കൽമഴയെയും അഗ്നിയെയും ഗന്ധകത്തെയും വർഷിപ്പിക്കും. ഇപ്രകാരം ഞാൻ എന്നെ തന്നെ മഹത്വപ്പെടുത്തുകയും എന്നെതന്നെ ശുദ്ധീകരിക്കുകയും ഏറിയ ജാതികളുടെ കണ്ണുകാംക്കു മുമ്പാകെ ഞാൻ അറിറിയപ്പെടുകയും ഞാൻ കർത്താവ് എന്നു അവർ അറിയുകയും ചെയ്യും.''

റഷ്യയെപ്പററി ആർക്കുംതന്നെ അറിഞ്ഞുകൂടായിരുന്ന കാലത്ത്, റഷ്യൻ ഭരണകൂടത്തിൻെറ സ്വാധീനശക്തികാം ലോകത്തെങ്ങും പരക്കുമെന്നു ആരും തന്നെ ഊഹിക്കുകപോലും ചെയ്തിട്ടില്ലാത്ത ഒരു കാലത്ത് ഹെസക്കിയേൽ പ്രവാചകൻ ദീർഘദർശനം ചെയ്തു കൊണ്ടു പറയുന്നത് മോസ്കോവിനെയും (Meshec) ടൊബോാംസ്കിനെയും (Tobol) ദൈവം ഒരുകാലത്ത് ഒരു വലിയ ശക്തിയാക്കി മാററുമെന്നും റഷ്യ അയൽ രാജ്യങ്ങളെ അധീനപ്പെടുത്തുമെന്നും ആ രാജ്യങ്ങളിലെ സമ്പത്ത് തട്ടിയെടുക്കുമെന്നുമാണ്. ഈ പ്രവചനത്തിലെ പദപ്രയോഗങ്ങളനുസരിച്ച് പേർസ്യ (ഇറാൻ) ഒരു കാലത്ത് റഷ്യയുടെ അധീനത്തിലാകുമെന്നാണ് മനസ്സിലാകുന്നത്. എണ്ണ ആനുകൂല്യങ്ങാംക്ക് വേണ്ടിയുള്ള റഷ്യയുടെ ഡിമാൻറിൽ വരാൻപോകുന്ന ആ സംഭവവികാസങ്ങളുടെ അടിസ്ഥാനം ഇട്ടു കഴിഞ്ഞിട്ടുള്ളതായി നമുക്ക് നോക്കിക്കാണാം. റഷ്യൻ സാമ്രാജ്യത്വം മററു ചില രാജ്യങ്ങളുടെ സാമ്രാജ്യത്വത്തെക്കാളും

അപകടകരമായിരിക്കുമെന്നും പ്രവചനത്തിലെ വാചകങ്ങളിൽനിന്നു വ്യക്തമാകുന്നു. അനിരുദ്ധമായ വെട്ടിപ്പിടുത്തങ്ങളുടെ അലകൾ സൃഷ്ടിച്ചുകൊണ്ടു റഷ്യ മുന്നേറുമെന്നും ഒടുവിൽ ജറൂസലം കയ്യടക്കാനുള്ള സ്വപ്നം അവർ കണ്ടുതുടങ്ങുമെന്നും വിജയകരമായ മുന്നേററങ്ങളുടെ വീഥിയിൽ ജറൂസലം അരക്ഷിതാവസ്ഥയിലായിരിക്കുമെന്നും പ്രവചനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആ ഘട്ടത്തിൽ ദൈവത്തിൻെറ കോപം ഉജ്ജ്വലിതമാകുകയും അവരുടെമേൽ അഗ്നിയും ഗന്ധകവും വർഷിച്ചുതുടങ്ങുകയും ഒരുഗ്രജീവിയുടെ രൂപത്തിലുള്ള അതിൻെറ വായകൾ കുത്തിപ്പിളർക്കപ്പെടുകയും അങ്ങനെ അതു നാശമടയുകയും അതിൻെറ ശവം താഴ്വരയിൽ കുന്നുപോലെ കൂടിക്കിടക്കുമെന്നും ആ ശവം മണ്ണിട്ടുമൂടുന്നതിന് മാസങ്ങളോളം പണിപ്പെടേണ്ടിവരുകയും ചെയ്യുമെന്നും എല്ലാം പ്രവചനങ്ങളിൽ പറയുന്നു.

പ്രവചനങ്ങളിൽ വിശ്വാസമില്ലാത്തവരോടു ഞാനിത്തരുണത്തിൽ ഒരു വാക്ക് പറഞ്ഞുകൊള്ളട്ടെ: നൂറുക്കണക്കിൽ കൊല്ലങ്ങൾക്ക് ശേഷം നടക്കുന്ന ശക്തിമത്തായ സംഭവങ്ങളെകുറിച്ച് അവ സംഭവിക്കുന്നതിന്നുമുമ്പേതന്നെ ദീർഘദർശനരൂപത്തിൽ പ്രവാചകൻമാർക്ക് അറിയാൻ കഴിയുന്നതു, ദൈവം ഇല്ലെന്നാണെങ്കിൽ പിന്നെ എങ്ങിനെയാണ്? റഷ്യ ഒരു കാലത്ത് ഒരു മഹാശക്തിയായി മാറുമെന്നും ലോകം ജയിച്ചടക്കാൻ തുടങ്ങുമെന്നും രണ്ടായിരത്തഞ്ഞൂറുകൊല്ലം മുമ്പ് ഹെസക്കിയേൽ പ്രവാചകനോടു പറഞ്ഞതാരാണ്? ദൈവത്തിൻെറ കോപാഗ്നി ജ്വലിക്കുമാററാകുമെന്നും സ്വർഗ്ഗീയമായ ശിക്ഷകളാൽ റഷ്യ നാശമടയുമെന്നും അതിനു കാരണമാകുന്നവിധം അതു അക്രമം അഴിച്ചുവിടുമെന്നും മുൻകൂട്ടി കാണാൻ കഴിഞ്ഞതെങ്ങനെ? ഈ പ്രവചനത്തെകുറിച്ചു, അതു ഇക്കാലത്ത്

പൂർത്തിയായി തുടങ്ങിയ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, നാം ആഴത്തിൽ ചിന്തിക്കുമ്പോഠ, യഥാർത്ഥത്തിൽ ദൈവം ഉണ്ടെന്നും അവൻ തൻെറ വരിഷ്ഠദാസർക്ക് ഇത്തരം സുവിശേഷങ്ങളുടെ താക്കീതുകളും അറിയിക്കുന്നു എന്നും വിശ്വസിക്കാൻ നാം നിർബന്ധിതരാകുന്നു. ദൈവം ഉണ്ടെങ്കിൽ. ഈ സംഭവങ്ങളെകുറിച്ചുള്ള മുന്നറിയിപ്പുകഠ ദൈവം ഹെസക്കിയേൽ പ്രവാചകന്നു നൽകിയിട്ടുണ്ടെങ്കിൽ, കമ്യൂണിസ്ററ് വ്യവസ്ഥിതിയെ ദൈവം ഇഷ്ടപ്പെടുന്നില്ലെന്നും, റഷ്യൻ രാഷ്ട്രീയസാമ്പത്തികഘടനയുടെയും സാമൂഹ്യസംവിധാനത്തിൻെറയും അടിസ്ഥാനങ്ങഠ ലോകത്ത് വേരുറക്കുവാൻ അവൻ അനുവദിക്കില്ലെന്നും അതിൻെറ തകർച്ച് വളരെയൊന്നും അകലെയല്ലെന്നും നാം മനസ്സിലാക്കേണ്ടതാണ്.

## വാഗ്ദത്തമസീഹിൻെറ പ്രവചനം

റഷ്യയെപററി അടുത്തുമാത്രം പുറപ്പെടുവിച്ചതും ഭാഗികമായി പൂർത്തിയായിട്ടുള്ളതുമായ ഒരു പ്രവചനത്തെപററി ഞാനിനി പറയാം: വാഗ്ദത്തമസീഹിന്ന് ദൈവം അറിയിച്ച ഒരു വെളിപാടിൽ ലോകനാശങ്ങളെകുറിച്ചു പറഞ്ഞ കൂട്ടത്തിൽ,

'സാർ ഭീ ഹോഗാ തൊ ഹോഗാ ഉസ് ഘഡീ
ബാ ഹാ ലെ സാർ'

''ആ അവസരത്തിൽ സാർ ചക്രവർത്തിതന്നെയും അസ്വസ്ഥപൂർണമായ ഒരു ദുരിതാവസ്ഥയിലായിരിക്കും'' എന്നും അറിയിച്ചിട്ടുണ്ടായിരുന്നു.

ഒക്ടോബർ വിപ്ലവത്തിനുശേഷം, റഷ്യയിൽ അന്ന് അധികാരത്തിലുണ്ടായിരുന്ന സാർ ചക്രവർത്തിയെ വിപ്ലവകാരികഠ പിടികൂടുകയും വർണനാതീ

തമായ ദുരിതങ്ങൾ ഏല്പ്പിക്കുകയും അതിനീചമായ വിധമുള്ള അവഹേളനങ്ങൾക്ക് ഇരയാക്കുകയും ചെയ്തശേഷം വധിക്കുകയാണുണ്ടായതെന്ന് എല്ലാവർക്കും അറിയാം. മനുഷ്യചരിത്രത്തിൽ അറിയപ്പെട്ട ഏററവും ദാരുണവും അതിദയനീയവുമായ പീഡന സംഭവങ്ങളിൽ മുൻപന്തിയിലുള്ളതത്രെ അത്.

റഷ്യയെകുറിച്ചു വാഗ്ദത്ത മസീഹ് (അ) തന്നെ ചെയ്തിട്ടുള്ള മറെറാരു പ്രവചനം അദ്ദേഹം തന്നെ അറിയിച്ചിട്ടുള്ളതു ഇപ്രകാരമാണ്:

''1903 ജനുവരി 22–ാംതിയ്യതി ഒരു 'കശ്'ഫിൽ (ദിവ്യദർശനം) റഷ്യയിലെ സാറിൻെറ ചെങ്കോൽ എൻെറ കയ്യിൽ വന്നതായി ഞാൻ കണ്ടു. അതു വളരെ നീളമുള്ളതും മനോഹരവും ആയിരുന്നു. സൂക്ഷ്മമായി പരിശോധിച്ചപ്പോൾ, അത് ഒരു തോക്കായിരുന്നു എന്നു കണ്ടു. പ്രത്യക്ഷത്തിൽ അപ്രകാരം തോന്നുമായിരുന്നില്ലെങ്കിലും അതിന്നു രഹസ്യക്കുഴലുകളുണ്ടായിരുന്നുവെന്നും പുറമെയ്ക്ക് ഒരു ഊന്നുവടിയായി കാണപ്പെട്ടിരുന്നുവെങ്കിലും അത് യഥാർത്ഥത്തിൽ ഒരു തോക്ക്തന്നെയായിരുന്നുവെന്നും ബോദ്ധ്യമായി'' (തദ്കിറ, ഭാ. 429) Tadhkira Eng. P. 265

ദർശനത്തിൽ ഒരു ഊന്നുവടിയോ ചെങ്കോലോ നൽകപ്പെടുകയെന്നത് അതു നൽകപ്പെട്ട ആൾക്ക് ആ രാജ്യത്ത് അധികാരശക്തിയോ സ്വാധീനമോ വർദ്ധിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്, കമ്യൂണിസ്ററ് റഷ്യയുടെ അധികാരവാഴ്ചയും സ്വാധീനവുമെല്ലാം നീങ്ങിപ്പോകുന്നതാണെന്നും മററുള്ള രാഷ്ട്രങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടുന്ന റഷ്യൻനയം ദൈവീകമായ ശിക്ഷയ്ക്കിരയായി അവസാനിക്കുമെന്നും അത് സൂചിപ്പിക്കുന്നു. മറുഭാഗത്താകട്ടെ, റഷ്യയുടെ കാര്യാദികളുടെ നിയ

ന്ത്രണവും മേൽനോട്ടവും ഒരു കാലത്ത് അഹ്മദികളു ടെ കൈകളിൽ വന്നുചേരുമെന്നും അവർ കമ്യൂണി സ്ററ് വ്യവസ്ഥിതിയെ, അതിൻെറ എല്ലാ തിൻമക ളെയും ഒഴിവാക്കി ഉടച്ചുവാർക്കുമെന്നുമുളള സുവാർ ർത്തയാണ് വാഗ്ദത്ത മസീഹ് (അ) നൽകിയിരിക്കു ന്നത്. ഈ സംഭവവികാസങ്ങളുടെ എന്തെങ്കിലും ഒരട യാളം കണ്ടറിയാൻ കഴിയുകയോ അടുത്തഭാവിയിൽ അപ്രകാരം സംഭവിക്കുമെന്നു ഊഹിക്കാൻപോലും സാധിക്കുകയോ ചെയ്യാത്ത ഒരു കാലത്ത് ചെയ്തി ട്ടുളള ഈ പ്രവചനത്തിൻെറ ഉറവിടം ദൈവം തന്നെയാ ണെന്ന് മനസ്സിലാകുന്നു. എൻെറ പ്രഭാഷണം ശ്രവിക്കാൻ ഇവിടെ കൂടിയിട്ടുളള ആയിരക്കണക്കി ലുളള ആളുകളുടെ മുമ്പാകെ ഞാനിതാ ഈ പ്രവ ചനത്തെ പ്രഖ്യാപിച്ചുകൊളളുന്നു. ക്രിസ്തുവിന്നു ആറു നൂററാണ്ട് മുമ്പാണ് ഹെസക്കിയേൽ പ്രവാച കൻ ഈ വാക്കുകൾ ഉരുവിട്ടത്; ഇന്നേയ്ക്ക് രണ്ടാ യിരത്തഞ്ഞൂറ് വർഷങ്ങൾക്കുമുമ്പ് റഷ്യയെക്കുറിച്ച് ആർക്കും ഒന്നും അറിഞ്ഞുകൂടായിരുന്ന ഒരു കാലത്ത് അതെ, റഷ്യ കരസ്ഥമാക്കാൻ പോകുന്ന പ്രാധാന്യ ത്തിൻെറ സൂക്ഷ്മമായ ഒരു ലാഞ്ഛനപോലും ആരു ടെയും ഭാവനയിൽപോലും ഇല്ലാതിരുന്നപ്പോഴാണ് ഈ പ്രവചനം പുറപ്പെടുവിക്കപ്പെട്ടത്. ഈ പ്രവചന ത്തെകുറിച്ച് എത്ര കണ്ടു ചിന്തിക്കുന്നുവോ അത്ര ക ണ്ടു അതിൻെറ മഹത്വം വെളിപ്പെട്ടുകൊണ്ടിരിക്കുന്ന താണ്, സാറിൻെറ ദുരന്തത്തെകുറിച്ചുളള വാഗ്ദത്ത മസീഹിൻെറ പ്രവചനവും അത്ര തന്നെ പ്രാധാന്യമർ ഹിക്കുന്നതാണ്. ഈ അത്ഭുതകരമായ പ്രവചനം എ ത്ര പ്രകടമായും എത്ര സത്യപൂർണ്ണമായും ആണ് പൂർത്തിയായിരിക്കുന്നതു എന്നതും അനിതരസാധാ രണം തന്നെ! ഒരു പ്രത്യേക സാർ ചക്രവർത്തിയുടെ ദുരന്തപൂർണ്ണമായ മരണം അല്ല, സാർ ചക്രവർത്തി

പദം തന്നെയും ദുരന്തത്തിൽ കലാശിക്കുകയാണ് ഉണ്ടായത്. രണ്ടാമത്തെ പ്രവചനം— അതായത്, റഷ്യയുടെ ഭരണം ഒടുവിൽ അതിന്റെ എല്ലാ നിയന്ത്രണങ്ങളോടുംകൂടി മസീഹിന്റെ കയ്യിൽ വന്നുചേരുന്ന നിലയിൽ അഹ്മദികളുടെ അധീനത്തിലാവുമെന്ന പ്രവചനം ഇനി പൂർത്തിയാവാനിരിക്കുന്നു. റോമാ പേർഷ്യാസാമ്രാജ്യങ്ങളുടെ ഖജനാവുകളുടെ താക്കോലുകൾ തന്റെ കൈകളിൽ വന്നു ചേർന്നതായി നബി തിരുമേനിയ്ക്ക് ഒരു ദിവ്യദർശനം ഉണ്ടായതും അതു തിരുമേനിയുടെ അനുയായികളുടെ കൈകളിൽ ഹസ്റത്ത് ഉമറിന്റെ കാലത്ത് അക്ഷരാർത്ഥത്തിൽ തന്നെ വന്നു ചേർന്നതുപോലെ, സാറിന്റെ ചെങ്കോൽ വാഗ്ദത്തമസീഹിന്റെ അനുയായികളുടെ കൈകളിൽ ഈ പ്രവചന പ്രകാരം വന്നു ചേരേണ്ടതാകുന്നു. പ്രവാചകൻമാരുടെ പ്രവചനങ്ങൾ അവരുടെ ജീവിതത്തിലും കാലത്തുംതന്നെ പൂർത്തിയാകണമെന്നില്ല. ഇത്തരം പ്രവചനങ്ങളിൽ ചിലത് അവരുടെ അനുയായികളുടെ കൈക്ക് പിൽക്കാലത്ത് പൂർത്തിയായിട്ടുള്ളതായാണ് മതചരിത്രം മനസ്സിലാക്കിത്തരുന്നത്.

റഷ്യയുടെ കാര്യാദികളുടെ നിയന്ത്രണാധികാരം ഒരുകാലത്ത് അഹ്മദികളുടെ കൈകളിൽ വന്നുചേരുമെന്ന് ഞങ്ങളുടെ പ്രത്യാശകൾ നിശ്ചയമായും വെറും സ്വപ്നദർശനങ്ങളാണ്. എന്നാൽ, റഷ്യൻ ഭരണവ്യവസ്ഥിതിയെ ഇന്ന് വിരൂപമാക്കുന്ന ദോഷങ്ങളിൽ നിന്ന് അതിനെ മോചിപ്പിക്കുകയെന്ന ദൌത്യകർത്തവ്യം സർവ്വശക്തനായ ദൈവം അഹ്മദികളായ ഞങ്ങളുടെ കൈകളിലാണ് അർപ്പിച്ചിട്ടുള്ളതെന്ന ദൃഢവിശ്വാസം ഞങ്ങളുടെ അസ്ഥികൾക്കുള്ളിലെ മജ്ജാതന്തുക്കളിലും ആഴത്തിൽ തുളഞ്ഞുകയറി നിൽക്കുന്ന വിശ്വാസമാണെന്നു അറിഞ്ഞുകൊള്ളേണ്ടതാണ്.

റഷ്യൻ ജനങ്ങളിൽ ബഹുഭൂരിഭാഗവും ഏതാകിലു മൊരു നാറം വാഗ്ദത്തമസീഹിൻെറ കൊടിക്കീഴിൽ അ ണിനിരക്കുകയും അങ്ങനെ അവർ വാഗ്ദത്തമസീഹി ൻെറ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ റഷ്യൻ വ്യ വസ്ഥിതി ഉടച്ചുവാർക്കുവാൻ സ്വമേധയാ മുന്നോട്ടു വരികയും ചെയ്യും. ഈ കാഴ്ചപ്പാടിൽകൂടി നോ ക്കുമ്പോറം, കമ്യൂണിസത്തിൻെറ വ്യാപനത്തിലൂടെ ലോകമാകമാനം ഉയർന്നിട്ടുള്ള അപകടങ്ങറം, ഉഗ്രമാ യ കാററിൽ മേഘക്കൂട്ടങ്ങറം ചിതറി നീങ്ങുന്നതുപോ ലെ ഉടൻതന്നെയോ സാവധാനത്തിലോ നീങ്ങിപ്പോ കുക തന്നെ ചെയ്യും. ഏറിയകാലം മനുഷ്യവംശം അനുഭവിച്ചുപോന്ന തിൻമകളുടെയും കഷ്ടപ്പാടുക ളുടെയും ഏകപരിഹാരം ഇസ്ലാമിൻെറ അദ്ധ്യാ പനങ്ങളിലാണ് അടങ്ങിയിരിക്കുന്നതെന്നു അവർ അ റിയുമാറാകയും ചെയ്യും.

## മറെറാരു ദിവ്യസ്വപ്നം

ഇരുപത്തിനാലു കൊല്ലം മുമ്പ് ഞാനൊരു ദിവ്യ ദർശനത്തിൽ ഇപ്രകാരം കാണുകയുണ്ടായി. ഒരു വിശാ ലമായ സമതലത്തിൻെറ നടുവിൽ ഞാൻ നിൽക്കുക യാണ്. അത്യപാരമായ വലിപ്പത്തോടുകൂടിയ ഒരു ഉഗ്ര സർപ്പം അകലത്ത് നിന്നും വന്നടുക്കുന്നതായി ഞാൻ കണ്ടു. അതു 20 വാര നീളമുള്ളതായി തോ ന്നി. ഒരു വലിയ വൃക്ഷത്തിൻെറ തടിയോളം അ തിനു വണ്ണമുണ്ടായിരുന്നു. ഭൂമിയുടെ ഒരററത്ത് നിന്ന് മറേറ അററത്തേയ്ക്കായി ഇഴഞ്ഞുനീങ്ങുന്ന തിനിടയിൽ വഴിയിൽ കണ്ട സകലതിനെയും അതു വിഴുങ്ങിക്കൊണ്ടിരുന്നതായും തോന്നി. ഒടുവിൽ, അ തു ഞാൻ നിൽക്കുന്നിടത്തോളമെത്തി. അവിടെ മററു ചിലരും നിൽക്കുന്നുണ്ടായിരുന്നു. ആ ഇഴജന്തു സ കലരെയും വിഴുങ്ങുകയും വഴിക്കൽ കണ്ട ഒര്യ അഹ്

മദിയുടെ നേരെ തിരിയുകയും ചെയ്തു. ഈ അ
ഹ്മദി ജീവനുംകൊണ്ട് ഓടുന്നതായും വളരെ അടു
ത്തെത്തുമാറ് അതു പിന്നാലെ നീങ്ങുന്നതായും ഞാൻ കണ്ടു.
ഈ സ്നേഹിതനെ സഹായിക്കാനായി ഒരു വടിയുമാ
യി ഞാനും ഓടി. എന്നാൽ ആ ഇഴജന്തു അത്രയും
വേഗത്തിൽ ഓടിത്തുടങ്ങിയതിനാൽ എനിയ്ക്ക് അ
യാളെ കടന്നെത്താൻ കഴിഞ്ഞില്ല. ഞാൻ പിന്നെയും
ഓടി. അപ്പോൾ പ്രസ്തുത അഹ്മദിസഹോദരൻ
ഒരു മരത്തിന്മേൽ കയറുന്നതായി ഞാൻ കണ്ടു. പക്ഷെ
ഉയരത്തിലെത്തുന്നതിനു മുമ്പുതന്നെ പാമ്പ് അയാളെ
പിടിച്ചുകൊണ്ടു തല ഉയർത്തി അതു ഒററയടിക്ക് അ
യാളെ വായിലാക്കിക്കളഞ്ഞു. പിന്നീട് ആ ഉഗ്രജ
ന്തു ഇരയെ പിടിക്കുന്നതിൽ ഞാൻ ഇടപെട്ടതിലുള്ളകോ
പാധിക്യത്തോടെ എന്റെ നേർക്ക് തിരിഞ്ഞു. എ
ന്നെ ആക്രമിക്കാൻ ഓടിവരുന്നതിന്നിടയിൽ ഞാൻ നി
ന്നേടത്ത് ഒരു കട്ടിലിന്റെ ചട്ടക്കൂട് എന്റെ കണ്ണിൽ
പെട്ടു. ഞാൻ ഉടൻ ആ കട്ടിലിൽ തുള്ളിക്കയറി രണ്ടു
തണ്ടുകൾ ചേർന്ന സ്ഥലത്ത് കാൽ കുത്തിനിന്നു.
ആ ഇഴജന്തു എന്നെ സമീപിച്ചപ്പോൾ, നബിതിരു
മേനി (സ) അതിനെ ഒതുക്കുവാൻ ആർക്കും സാ
ദ്ധ്യമല്ലെന്ന് പറഞ്ഞിരിക്കെ അതിനോടു പൊരുതാൻ
കഴിയുമെന്നു പ്രതീക്ഷിക്കാവുന്നതെങ്ങിനെയെന്ന്
ചിലർ വിളിച്ചുചോദിക്കുകയായിരുന്നു. അപ്പോൾ,
ഹദീസിൽ പറയപ്പെട്ട "യഅ്ജൂജ് മഅ്ജൂജ്" തന്നെയാ
ണ് ഈ ഉഗ്രജീവിയെന്നു ഞാനപ്പോൾ മനസ്സിലാക്കി.
ഈ ഭയങ്കര ജന്തുതന്നെയാണ് ദജ്ജാലുമെന്ന് എനി
യ്ക്ക് തോന്നി. അപ്പോൾ ഞാൻ രണ്ടു കൈകളും ഉ
യർത്തി ദൈവത്തിന്റെ സഹായത്തിന്നും രക്ഷയ്ക്കു
മായി പ്രാർത്ഥിച്ചു. ഈ ഉഗ്രജന്തുവിന്നെതിരായി
പൊരുതുന്നത് വിഫലമാണെന്നു എന്നെ നേരത്തെ
ഉപദേശിച്ചിരുന്ന എന്റെ അടുത്തുള്ള അഹ്മദികളോടു
ഞാൻ പറഞ്ഞു, ഞാൻ എന്റെ സ്വന്തം ശക്തികൊ

ണ്ടു അതിനെ നേരിടുകയല്ല, പ്രാർത്ഥനയിലൂടെയാണ് ഞാൻ അതിനോടു പൊരുതുന്നതെന്നും പ്രാർത്ഥനയിലൂടെ അതിനെ കീഴ്പ്പെടുത്താനാവില്ലെന്ന് നബി പറഞ്ഞിട്ടില്ലെന്നും. ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ ആ പന്നഗത്തിൽ എന്തോ ചില മാററങ്ങൾ സംഭവിക്കുന്നതായി ഞാൻ കണ്ടു. ഉഷ്ണകാലത്ത് മലഞ്ചെരിവുകളിലെ ചില കേന്ദ്രങ്ങളിൽ മഴയത്ത് ഒരുതരം കൃമി ഇഴയുന്നതു കണ്ടവരുണ്ടാകാം. ആ കൃമിയുടെ മേൽ അൽപം ഉപ്പ് പാററിയാൽ അത് ഉരുകി ദ്രാവകമാകുന്നതു കാണാം. അൽപനേരം കൊണ്ട് അതു ഒരു തരം ചളിക്കട്ട പോലെയായി മാറും. എന്നെ ആക്രമിക്കാൻ മുതിർന്ന ഇഴജന്തുവിൽ ഏതാണ്ട് ഇതേതരം മാററം സംഭവിക്കുകയായിരുന്നു. അതിൻെറ ചടുലതയും ഉഗ്രതയും എല്ലാം അസ്തമിച്ചതായി തോന്നി. അതു കുഴഞ്ഞുമയങ്ങി. ഞാൻ നിൽക്കുന്ന കട്ടിലിൻെറ അടിയിൽ അതു ഇഴഞ്ഞുതങ്ങി. അതുനന്നേ തളർന്നുകിടന്നു. പിന്നെ അതു ഒരു കുഴമ്പായി മാറുകയും ഒടുവിൽ അലിഞ്ഞു വെള്ളമാകുകയും നാലുപാടും ഒലിച്ചുപോകുകയും പിന്നെ കാണാതാകയും ചെയ്തു. അപ്പോൾ ഞാൻ എൻെറ സ്നേഹിതൻമാരുടെ ഭാഗത്തേയ്ക്ക് തിരിഞ്ഞുകൊണ്ടു പറഞ്ഞു, "ഇതാ, പ്രാർത്ഥനയുടെ ഫലം കണ്ടോ? ഈ ആപത്തിൻെറ മുന്നിൽ ഞാൻ തികച്ചും നിസ്സഹായനായിരുന്നു. എന്നാൽ, അതിനെ നീക്കിക്കളയാൻ അല്ലാഹു കഴിവുള്ളവനത്രെ."

അഹ്മദികളായ ഞങ്ങൾക്ക് ആരോടും ഒരു ശത്രുതയുമില്ല. എല്ലാവരുടേയും ക്ഷേമവും നൻമയുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഞങ്ങളുടെ ഏററവും വലിയ ശത്രുവിൻെറനേരെ പോലും ഞങ്ങളുടെ ഹൃദയത്തിൻെറ ഏതെങ്കിലും ഒരു കോണിലും ദുർഭാവനയുടെ ഒരു കണികകൂടി ഞങ്ങൾ വെച്ചു

പോററുന്നില്ല ലോകത്ത് സമാധാനം നിലനിൽക്കു മാറാകണമെന്നതു മാത്രമാണ് ഞങ്ങളുടെ ആകാംക്ഷ. എല്ലായിടത്തും ഉത്തമസ്വഭാവങ്ങൾ പരിലസിക്കണം. അതോടൊപ്പം ആത്മീയചൈതന്യവും, അച്ചടക്കവും വിരാജിക്കണം. പ്രപഞ്ചത്തിലാകെയും ദൈവത്തിന്റെയും അവന്റെ പ്രവാചകന്റെയും നിയമം വിജയിക്കുമാറാകണം. ഈ ലോകത്ത് ഏതു തരത്തിലുള്ള സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ വ്യവസ്ഥിതി നിലനിന്നാലും ദൈവത്തിന്നും അവന്റെ പ്രവാചകന്നും ന്യായമായി അവകാശപ്പെട്ട ജീവിതമണ്ഡലം അവർക്കുതന്നെ വിട്ടുകൊടുക്കണം. ദൈവത്തിന്റെ നിയമത്തിന്ന് കീഴ്പ്പെട്ട് ജീവിക്കാനാഗ്രഹിക്കുന്നവനെ ആ മാർഗത്തിൽ ചരിക്കാൻ അനുവദിക്കാതെ അവർക്കത് നിഷേധിക്കരുത്. ഞങ്ങൾ റഷ്യയുടെ ശത്രുക്കളല്ല. കമ്യൂണിസത്തിന്റെയും ശത്രുക്കളല്ല. ഈ മഹാരാജ്യത്തോട് എനിയ്ക്ക് വളരെയധികം അനുകമ്പയാണുള്ളത്. നൂററാണ്ടുകളോളം ഭീകരഭരണവിധിക്ക് അടിപ്പെട്ട് കഴിയേണ്ടിവന്ന ഈ ജനതയ്ക്ക് ഭാവിയിൽ ഭാഗ്യോദയങ്ങളുണ്ടാകണം. എന്നാൽ, എനിയ്ക്ക് എന്നല്ല, സ്വാതന്ത്ര്യത്തെ വിലമതിക്കുന്ന ഏതൊരാൾക്കുംതന്നെ തെററായ അടിസ്ഥാനത്തിലുള്ള ഒരു സാമൂഹ്യക്രമവും രാഷ്ട്രീയതത്വശാസ്ത്രവും, മററുള്ള മതങ്ങളെ അടിപ്പെടുത്തുന്നതിന്റെ ഉപകരണങ്ങളാക്കുന്നതിനെ സഹിക്കാൻ കഴിയുന്നതല്ല. അതിനാൽ, ഇക്കാര്യങ്ങളിൽ ഇസ്ലാമികതത്വങ്ങൾ ഉൾക്കൊള്ളാൻ ഏതൊരു സാമൂഹ്യക്രമമാണ് ആദ്യം മുന്നോട്ടുവരുന്നത്, അതിനെ ഞങ്ങൾ ഞങ്ങളുടേതാക്കി കണക്കാക്കി ഞങ്ങളുടെ കഴിവിന്നൊത്ത് പിന്താങ്ങാൻ ശ്രമിക്കും. മനുഷ്യജീവിതത്തിൽ മതത്തിന്ന് അതിന്റെ യഥാർത്ഥ

സ്ഥാനം അനുവദിക്കാതെ അതിനെ തള്ളിമാററുന്ന ഒരു വ്യവസ്ഥിതിയെ എതിർക്കാൻ ഞങ്ങഠം കർത്തവ്യബദ്ധരാകുന്നു. പട്ടിണി അത്യന്തമനുഭവിക്കേണ്ടിവന്നവരെ സംബന്ധിച്ചേടത്തോളം കൊടുംയാതനകഠം ഉഠംവഹിക്കുന്നതുതന്നെയാണെങ്കിലും പട്ടിണിയും പാശ്ചാരവും അകററുവാൻ ശ്രമിക്കുന്നതിന്നിടയിൽപോലും ഞങ്ങളുടെ മതത്തെ പരിത്യജിക്കാൻ ഞങ്ങഠം തയ്യാറാകുന്നതല്ല.

ഈ സായാഹ്നത്തിലെ പ്രഭാഷണം ഞാൻ വളരെ ചുരുക്കിക്കളയുകയും തന്നിമിത്തം വളരെയേറെ കാര്യങ്ങഠം വിട്ടുകളകയും ചെയ്തിട്ടുണ്ട്. അങ്ങനെയാണെങ്കിലും നിങ്ങളുടെ വലിയഭാഗം സമയം ഞാൻ എടുത്തുകഴിഞ്ഞു. ഇസ്ലാമും കമ്യൂണിസവും വിഭാവനം ചെയ്യുന്ന അതിപ്രധാന സാമ്പത്തികതത്വങ്ങളിലേക്ക് ഞാൻ വെളിച്ചം വീശിയതിൻെറ അടിസ്ഥാനത്തിൽ, നിങ്ങഠം കേവലം കേട്ടുകേഠംവികളേയും ഉപരിപ്ലവമായ മുദ്രാവാക്യങ്ങളേയും പിന്തുടർന്ന് വഴിതെററിപ്പോകാതെ ഇക്കാര്യങ്ങഠം നല്ലവണ്ണം ചിന്തിച്ച് വിലയിരുത്തുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഏത് വീക്ഷണം നാം സ്വീകരിക്കുന്നതായാലും വേണ്ടുവോളം വിശകലനം ചെയ്ത് പഠിച്ച് മനസ്സിലാക്കിയ ശേഷം മാത്രമേ നാം അംഗീകരിക്കാവൂ. ഇത് മാനസികവികാസത്തിന്ന് ഒഴിച്ചുകൂടാത്ത ഒരു ഉപാധിയാകുന്നു. ഏതു വഴി നാം തുടരുമ്പോഴും നല്ലവണ്ണം കണ്ണുതുറന്നുകൊണ്ടാവണം അപ്രകാരം ചെയ്യുന്നത്. സത്യത്തിൻെറ വഴി ഇതാണ്. അസ്വാസ്ഥ്യത്തിൻെറയും അതൃപ്തിയുടേയും വാതിലുകഠം ഇതുവഴി അടച്ചുകളയാൻ കഴിയും.

M. F. IBRAHIM



കാരുണ്യവാനായ ദൈവം എനിയ്ക്ക് ദൈവ ത്തിന്റെ മാർഗദർശനത്താലും തൃപ്തിയാലും നട ക്കാൻ അനുഗ്രഹം നൽകട്ടെ. അപ്പോലെതന്നെ നിങ്ങൾ ക്കും നിങ്ങളുടെ കുഞ്ഞുകുട്ടികൾക്കും നേർവഴിയിൽ ചരിക്കാനുള്ള വിവേകവും ശക്തിയും പ്രദാനം ചെ യ്യപ്പെടുന്നതിന്ന് അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ഭൗതികവും ആത്മീയവുമായ വഴികളാലും ഒരു പോലെ നൻമ വിളയുന്ന മാർഗത്തിൽ ചരിക്കുവാൻ ഉതവി ചെയ്യുമാറാകട്ടെ. (ആമീൻ)

M. F. IBRAHIM

# ECONOMIC STRUCTURE OF ISLAMIC SOCIETY & COMMUNISM

*This book entitled 'Islamile Saampathika Vyavasthayum Communisavum' is the Malayalam version of an inspired speech delivered in Urdu by Hazrath Mirza Basheeruddeen Mahmud Ahmad, the second successor of the Promised Messiah, the founder of the Ahmadiya Movement in Islam, at an intellectual gathering in Lahore in 1945.*

*The Book deals with Islamic economic principles in relation to the Communist ideals and values. The lecture predicts the downfall of communism at a time when it would ride high.*

*Thanks are due to Mr. N.Abdurrahim who rendered the work into Malayalam.*

***Publishers***